# പാട്ടുകൾ

ഒന്നാം വാല്യം



THE MANGALODAYAM PRESS, TRICHUR.

കേരള സാഹിത്യ
അക്കാദമി

# പാട്ടുകൾ

## I

1. തിരുവാതിരപ്പാട്ട്
2. കൈകൊട്ടിക്കളിപ്പാട്ട്
3. ഉഴിഞ്ഞാൽ പാട്ട്
4. കുറത്തിപ്പാട്ട

കേരളസാഹിത്യ അക്കാദമി

പ്രസാധകന്മാർ

യോഗക്ഷേമം കമ്പനി ക്ലിപ്തം

തൃശ്ശിവപേരൂർ

കേരള സാഹിത്യ അക്കാദമി തൃശ്ശൂർ

(Copyright)

1103—1927

Printed at
The Mangalodayam Press
Trichur.

Price 1—8—0 വില 1—8—0

# പാട്ടുകൾ—ഒന്നാം വാല്യം

## അനുക്രമണിക


| | | |
|---|---|---|
| 1. | ഗുരുവായൂരപ്പൻ | 1 |
| | നടുവത്തു നമ്പൂതിരി. | |
| 2. | ശകുന്തളാവാക്യം | 19 |
| 3. | ദേവയാനീപരിണയം | 33 |
| 4. | സോമവാരം | 51 |
| 5. | മോഹിനീമഹേശ്വരം | 67 |
| 6. | കാളിയമർദ്ദനം | 105 |
| 7. | ദേവയാനീപരിണയം | 119 |
| 8. | രുദ്രാക്ഷമാഹാത്മ്യം | 149 |
| 9. | ചണ്ഡാലീമോക്ഷം | 159 |
| 10. | സുഭദ്രാഹരണം | 205 |
| 11. | രുഗ്മിണീസ്വയംവരം | 229 |
| 12. | വാമനാവതാരം | 243 |
| 13. | കുചേലവൃത്തം | 277 |
| 14. | കല്യാണസൌഗന്ധികം | 289 |
| 15. | രാമായണം | 303 |
| 16. | ഉത്തരരാമായണം | 313 |
| 17. | പാതാളരാമായണം | 329 |
| 18. | കിരാതം | 351 |
| 19. | ശ്രീകുരുംബയമ്മ | 373 |


കേരളസാഹിത്യ അക്കാദമി

# പ്രസ്താവന.


ഞങ്ങളുടെ ഗ്രന്ഥശേഖരത്തിൽ പെട്ടു കിടക്കുന്നതും പണ്ഡിതപാമരന്മാക്ക് ഒരുപോലെ വിശേഷാവസരങ്ങളിൽ പാടിക്കളിപ്പാനും വായിച്ചുരസിപ്പാനുമായി പ്രസിദ്ധന്മാരും സരസന്മാരുമായ പല കവികളും നിമ്മിച്ചതും ആയ പഴയ പാട്ടുകളാണ് ഈ പുസ്തകത്തിൽ ചേത്തിട്ടുള്ളതു്. കേരളത്തിൽ പണ്ടുകാലം മുതല്ക്കു പ്രചാരത്തിൽ വന്നിട്ടുള്ള പാട്ടുകൾ പല മട്ടിലും ഒട്ടധികമുണ്ടു്. സ്ത്രീകൾ പാടുന്ന പാട്ടുകളെന്നും പുരുഷന്മാർ പാടുന്ന പാട്ടുകളെന്നും പാട്ടുകളെ രണ്ടു തരമാക്കി തിരിച്ചു ഒന്നാംവാല്യത്തിൽ സ്ത്രീകൾ പാടുന്ന പാട്ടുകളും രണ്ടാംവാല്യത്തിൽ പുരുഷന്മാർ പാടുന്ന പാട്ടുകളുമാണു ചേത്തിട്ടുള്ളതു്. പരിഷ്കാരത്തിൻെറ തള്ളിച്ചകൊണ്ടു് ഇത്തരം പാട്ടുകളുംഅതിന്നു യോജിച്ച വിനോദങ്ങളും നാമാവശേഷമായിപ്പോകുന്നുണ്ടെന്നു അനുഭവപ്പെട്ടു കഴിഞ്ഞിട്ടുണ്ടു്. ഓണക്കാലത്തെ കൈകൊട്ടിക്കളിയും തിരുവാതിരക്കാലത്തെ ഊഞ്ഞാൽപ്പാട്ടും വെള്ളം തുടിയും മററും സാധാരണയായിരുന്നതു ഇപ്പോൾ ദുർല്ലഭമായിപ്പോയിട്ടുള്ളതുതന്നെ ഇന്നൊരു ദൃഷ്ടാന്തമാണു്. കുറച്ചു കാലം കഴിഞ്ഞാൽ ഈ പുസ്തകത്തിൽ ചേത്തിട്ടുള്ള ചിത്രങ്ങൾ നോക്കിയാൽ മാത്രമെ ഇങ്ങിനെ ചില വിനോദങ്ങൾ കേരളത്തിൽ പണ്ടുണ്ടായിരുന്നു എന്നു പറവാൻ സാധിക്കയുള്ളൂ. ഇതാണു പ്രത്യേകം ചിത്രങ്ങൾ ഉണ്ടാക്കിച്ച് ഈ പുസ്തകത്തിൽ ചേക്കാൻ കാരണമായതു.

ഞങ്ങളുടെ ആവശ്യപ്രകാരം ഈ പുസ്തകത്തിന്നാവശ്യമായ ചിത്രങ്ങൾ വരച്ചുതന്ന ആൎട്ടിസ്ററ് മിസ്ററർ ജി.കൃഷ്ണവാരിയരുടെ മനോധൎമ്മത്തെപ്പററി ഞങ്ങൾ വിശേഷിച്ചൊന്നും പറയേണ്ടതില്ല. ചിത്രമെഴുത്തിൽ പ്രസിദ്ധി നേടിയ മിസ്ററർ വാരിയർ പുസ്തകങ്ങൾ "ഇല്ലസ്ററേററ്" ചെയ്വാനും പ്രാപ്തനാണെന്നും മലയാള അച്ചുകൂടങ്ങളിൽ ഇത്തരം പുസ്തകങ്ങൾ പുറപ്പെടുന്നതു് ഒന്നാമത്തെ പ്രാവശ്യമാണെന്നും പുസ്തകം വായിക്കുന്നവരെ പറഞ്ഞു മനസ്സിലാക്കേണ്ടതില്ലെന്നും വിശ്വസിക്കുന്നു.

മംഗളോദയം പ്രസ്സുകാർ തുടങ്ങിവെച്ച പുതിയ പ്രസ്ഥാനത്തിലെ നാലാമത്തെ വാല്യമാണ് ഇതു്. ഈ പാട്ടുപുസ്തകത്തിന്റെ രണ്ടാംഭാഗം പുരുഷന്മാൎക്കുള്ളതു് അച്ചടി കഴിയാറായിട്ടുണ്ടു്. പൊതുജനങ്ങളുടെ സഹകരണത്തിന്നു യോജിച്ചവിധം ഈ ഗ്രന്ഥാവലിയിൽ പല പുസ്തകങ്ങളും പെടുത്തുവാൻ ഞങ്ങൾ ഏൎപ്പാടുകൾ ചെയ്തുവരുന്നുമുണ്ടു്.

തൃശ്ശിവപേരൂര്
1—4—'03

മംഗളോദയം പ്രവൎത്തകന്മാർ



തിരുവാതിരപ്പാട്ട് — ജലക്രീഡ.

# ഗുരുവായൂരപ്പൻ.

## പന്ത്രണ്ടാം വൃത്തം.

### തിരുവാതിരപ്പാട്ട്.

"മധുരമൊഴി" എന്നപോലെ.

ഒരുദിവസം നാരിമാരൊത്തുകൂടി
പ്പരഗുരു ഗുരുവായൂരപ്പൻ തന്റെ
ചരിതമതു നന്നായിപ്പാടിക്കേൾപ്പാൻ
ഒരു കിളിയെ മെല്ലെ വിളിച്ചിരുത്തി.
"പരമരസം തത്തേ! വരികരികിൽ
പൊരിയവിലും തേനും തെളിഞ്ഞു ചെമ്മേ
ഒരുപടി നീ തിന്നു സുഖിച്ചശേഷം
പരിചിനൊടു പാട്ടൊന്നു പാടിടേണം.
മുരമഥനൻ, കൃഷ്ണൻ, ജഗന്നിവാസൻ,
അറിക ഗുരുവായൂർ വാണീടും ദേവൻ
കരളുതെളിഞ്ഞിഷ്ടം നൽകുന്നമട്ടായ്
വരണമതു ഞങ്ങൾക്കു കേൾക്കാൻ മോഹം."
അതുപൊഴുതു മെല്ലവേ ചൊല്ലി തത്ത
മതിയിലിതു നിങ്ങൾക്കു തോന്നിയല്ലോ.
അതു സുകൃതം നോക്കിയാൽ നാരിമാരേ!

കഥ പറയാം നിങ്ങളോടിഷ്ടംപോലെ.
പരമസുഖം പാലാഴിമദ്ധ്യത്തിങ്ക-
ലിരുമഹിഷിമാരൊത്തു പാമ്പിൻമീതെ
പരമരുളും മാധവൻ നിങ്ങൾക്കെല്ലാം
വരമരുളിക്കാത്തോർത്തു രക്ഷിച്ചീടും.
വിരവിനൊടു നിങ്ങൾ മനസ്സിരുത്തി-
പ്പുറയുമൊരു സാരം ഗ്രഹിച്ചുകൊൾവിൻ
'ഒരു ചെറിയ പാട്ടാണിതെന്തുസാരം'
കരുതരുതേ! ലേശവുമിപ്രകാരം.
നടുവധരാദേവനാം പുത്രനാര്യൻ
പടുമതിമാൻ തീർത്തതാം പത്തുവൃത്തം
വടിവിനൊടു നിങ്ങൾക്കു ചൊല്ലിത്തരാം;
ഝടിതിയിതു കേട്ടു പഠിച്ചുകൊൾവിൻ.
അതിരസമാണിപ്പാട്ടു കേട്ടുവെന്നാൽ.
മതി കുളിരും മങ്കമാർ നിങ്ങൾക്കെല്ലാം
അതിരസികൻ വിദ്വാനാദ്ദേഹത്തിന്റെ
കൃതിയതു നന്നാകാതെയാകാ നൂനം
ഗുരുപവനാഗാരേശൻ കൃഷ്ണനേയും
ഗുരുവിനെയും വന്ദിച്ചു തത്ത മെല്ലെ
പരിചിനൊടു താളം കുണുങ്ങിക്കൊണ്ടു
കരകവിയും ഭക്തിയാൽ പാടിയേവം.

## വൃത്തം ൨.

"വൃശ്ചികമാസം" എന്നതുപോലെ.

തിരുമുടികെട്ടിച്ചുററും പീലികൾ
തിരുകിബ് ഭംഗിയൊടതിലിടയിൽ
പരിമളമിളകും പൂക്കളണിഞ്ഞെഴ-
കരുതേ വാഴ്ത്താൻ ഗോവിന്ദ!
പഞ്ചമിനാളിലുദിച്ച മൃഗാങ്കനു
നെഞ്ചകമെരിയും ഫാലത്തിൽ
കിഞ്ചിൽ കുറുനിര കുനുകുനെയിളകി-
ത്തഞ്ചിന വടിവിനു കുപ്പുന്നേൻ.
തണ്ടലരമ്പനൊടെത്തു കളിക്കും
രണ്ടുശരാസനമെന്നോണം
കണ്ടവരും തവ ചില്ലിദ്വയമുൽ-
ക്കണ്ഠയൊടടിയൻ കുപ്പുന്നേൻ.
മരുദാവാസം തന്നിൽ വിളങ്ങും
സുരതരു സന്നിഭ! ഗോവിന്ദ!
പരിചിൽ തൊട്ടൊരു ഗോപിക്കുറിയും,
പരചിന്മൂർത്തേ! കുപ്പുന്നേൻ.
ഭക്തിവിശുദ്ധത, പരചിത്തത്വം
മുക്തിവിദഗ്ദ്ധത, വൈരാഗ്യം,
തക്കമൊടീവകയൊക്കെയുമുതകും
തൃക്കണ്ണടിയനിലെറിയേണം.
തൃക്കൺകോണിൻ മഹിമകളാക്കമ-

ശക്യം മാധവ! വണ്ണിപ്പാൻ.
ഭക്തജനപ്രിയ! സകലജനത്തിനു
നിക്കക്കളിയിതൊന്നത്രേ.
മൃക്കും നല്ലൊരു തിലസുമമെപ്പൊഴു-
മൃക്കശമിച്ചു നമിച്ചീടും
മൃക്കിനു താണു വണങ്ങുന്നാടിയനൊ-
യോക്കുന്നമറിടുന്നൊപ്പോഴം.
മകരമഹാമണികുണ്ഡലകാന്തികൾ
സുകരമിണങ്ങും സുകപോലം
അകമതിൽ മല്ലനിഷൂദന! കരുതു-
ന്നഗതിക്കവിടുന്നാലംബം
തൊണ്ടിപ്പഴവും പവിഴവുമതിനെ
കണ്ടു മിരണ്ടു മയങ്ങീടും.
ചുണ്ടിനു താണു വണങ്ങുന്നിവനിൽ
കൊണ്ടു വലമ്പുക കാരുണ്യം.
പിച്ചകമൊട്ടിനു പിച്ചു പിടിക്കും
നൽച്ചെറുപല്ലുകൾ മല്ലാരേ!-
നിച്ചലുമടിയനു കാണുന്നതിനി-
ങ്ങച്യുത! സംഗതിയാക്കേണം.
അഞ്ചുമൊരൊമ്പതുമുലകുകളഖിലം
തഞ്ചത്തിൽ പരിപാലിക്കും
പുഞ്ചിരിയൊരു കുറി കാണണമടിയനു-
മഞ്ചിതകൗതുകം മല്ലാരേ!

—*—

വൃത്തം ൨.

'താമരക്കണ്ണൻ' എന്ന മാതിരി

ജ്ഞാനസാധ്യനാമാകിയ തിരു-
വാനനം സച്ചിദാനന്ദം
കാണിനേരമെന്നാകിലും കൃഷ്ണ!
കാണുവാൻ കഴിയാകേണം.
ശംഖുകൾ തല തല്ലീടും ഗള-
ത്തിങ്കൽ ചാർത്തീടും കൌസ്തുഭം
പങ്കജേക്ഷണ! കാണേണം മമ
സങ്കടങ്ങളൊഴിക്കേണം
വത്സനാമടിയത്തിനു, നൽശ്രീ-
വത്സലാഞ്ഛനമൊത്തോരം
അസ്സലാസ്ഥിതിത്തുള്ളോരു മാറും
മത്സ്യവിഗ്രഹ! കാണേണം
മായയെപ്പരിപാലിക്കും നല്ലോ-
രായതമായ കൈകളാൽ
ആയുസ്സേകിയനുഗ്രഹം ഗുരു-
വായൂരപ്പ! നീ നൽകേണം
കാലി മേയ്ക്കുന്ന പൈതലേ! ആര-
യാലിലപോലെ ശോഭിക്കും
ചേലൊത്ത വയറെന്നുടെ ദുഃഖ-
ജാലമൊക്കെയും പോക്കേണം
കൃഷ്ണസർപ്പത്തെക്കാട്ടിലും, ബാഹു-
കൃഷ്ണവർണ്ണമായ് രാജിക്കും

കൃഷ്ണ! നിൻ്റെ രോമരാജിയും നിത്യം
കൃഷ്ണസാരഥേ! കൂപ്പുന്നേൻ.

കട്ടിയാം കടിദേശവും, ചട-
ച്ചൊട്ടിയ മദ്ധ്യഭാഗവും

പുഷ്ടിയാം നാഭിപത്മവും പച്ച-
ക്കട്ടിയാമെന്നെക്കാട്ടേണം

നഷ്ടയാവല്ലിത്താർമകൾ നിത്യം
തൊട്ടു തലോടും തൃപ്പാദം

മുട്ടിടും പടി ചാർത്തിയ മഞ്ഞ-
പ്പട്ടിനും കൃഷ്ണ! കൂപ്പുന്നേൻ.

മെല്ലവേ മതിബിംബമെടുത്തു
തല്ലിപ്പൊട്ടിച്ചു വച്ചതാം

ചൊല്ലെഴും നഖപങ്ക്തിയുമുള്ളി-
ലെല്ലാനേരവുമോക്കുന്നേൻ

മുക്തരാം മുനിമുഖ്യരും, ദേവ-
സിദ്ധഗന്ധർവ്വസാദ്ധ്യരും,

ഉത്തമാംഗത്തിൽ ചൂടീടും പാദ-
ശുദ്ധപാംസുക്കളാലംബം

മാറേറണമെൻെറ ദീനങ്ങള,ഴ-
ലാറേറണം, തൃക്കൺപാക്കേണം,

ഉററമായുള്ളരാലയം വാഴും
പോററി! നിന്നെന്നെപ്പോറേറണം

വൃത്തം — ൪.

പാന.

പണ്ടു വേദത്തെക്കട്ടോരു ദൈത്യനാം
തണ്ടുതപ്പിയെക്കൊല്ലുവാനായിട്ടു.
ഇണ്ടലെന്നിയേ മത്സ്യവടിവാണ്ടു-
കൊണ്ടതും മധുസൂദന! നീയല്ലോ.
മന്ദരംകടകോലാക്കിപ്പാൽക്കടൽ,
മുന്നം ദേവകൾ നിന്നു കരയുമ്പോൾ,
അന്നു താണൊരു മന്ദരം കൂർമ്മമാ-
യ്യുന്നുപൊക്കിക്കൊടുത്തതും നീയല്ലോ.
ഭൂതലം പണ്ടു പന്നിത്തടിയനാ-
യ്പാതാളം പുക്ക തേററയിൽ താങ്ങുമ്പോൾ
ജാതരോഷമെതിർത്ത ഹിരണ്യാക്ഷ-
യാതുധാനനെക്കൊന്നതും നീയല്ലോ.
നാരസിംഹവടിവാണ്ടു പണ്ടതി-
ക്രൂരനായ ഹിരണ്യകശിപുവേ,
മാറിടത്തെപ്പിളന്നു വധിച്ചതും,
നീരജേക്ഷണ ദേവ! ഭവാനല്ലോ.
പണ്ടു വാമനമൂർത്തിയായ് മൂന്നടി-
കൊണ്ടളന്നു പിടിച്ചു ജഗത്രയം,
അണ്ടർകോനിൽ കനിവാണ്ടു മാബലി-
യ്ക്കിണ്ടൽ ചേർത്തതും ദേവ! ഭവാനല്ലോ.
മുന്നം ഭാർഗ്ഗവരാമനായ്, രാപ്പകൽ
ദുർന്നയത്താൽ തിളയ്ക്കും മഹീശരേ
കൊന്നുകൊന്നു കലുങ്ങാതിരിപത്തി-

യൊന്നുവട്ടം മുടിച്ചതും നീയല്ലോ.
ദുഷ്ടനാകിയ രാവണരാക്ഷസ-
നിട്ടമുപ്പാരു നാട്ടം തിരിയ്ക്കവേ,
ശിഷ്ടരക്ഷണം ചെയ്യുവാൻ രാമനാ-
യിട്ടു വന്നു പിറന്നതും നീയല്ലോ.

ധീരനായ ബലദേവരാമനായ്
ഭൂരിനന്മ ജഗത്തിനു ചേക്കയാൽ
വീരനാം കാമപാലനെന്നുള്ളൊരീ-
പ്പേരിനാസ്പദമായതും നീയല്ലോ.

വിക്രമത്തിനാൽ കംസനാവനിയെ-
പ്പക്രശാസം വലിപ്പിച്ചിഴയ്ക്കവേ,
അക്രമം തീർത്തു കാക്കുവാൻ കൃഷ്ണനാ-
യ് ചക്രപാണേ! പിറന്നതും നീയല്ലോ.

മുഷ്ടുകൊണ്ടു ജനങ്ങളിനിപ്പുര-
ചക്രംകൊണ്ടു തിരിഞ്ഞു വലയുമ്പോൾ
കല്ക്കിയായിപ്പിറപ്പാനിരിപ്പതും
ഭക്തവത്സല! കൃഷ്ണ! ഭവാനല്ലോ.

എന്നു വേണ്ടാ ചരാചരമൊക്കെയും
നിന്നിലല്ലോ ലയിപ്പതും മാധവ!
വന്നു നിത്യവും നിൻകഴൽ കുമ്പിടു-
ന്നെന്നെയെന്തിനു കഷ്ടപ്പെടുത്തുന്നു?

വൃത്തം—൩.

"സുന്ദരിമാർമണി" എന്നപോലെ.

മായാമനോഹര ദേവ! മറി-
മായങ്ങളുള്ള മുകുന്ദ!
ആയുരാരോഗ്യം തരേണം ഗുരു-
വായൂരമരുന്ന കൃഷ്ണാ!
ലോകങ്ങൾക്കൊക്കെയും നിന്റെ ഗതി-
ശോകമൊഴിഞ്ഞു സുഖിപ്പാൻ
ആകയാലെപ്പൊഴും കൃഷ്ണാ! ചത്ത-
പോകിലും വന്നു തുണയ്ക്ക.
മായകൊണ്ടിട്ടുമിരട്ടം പെരു-
തായൊരീസ്സംസാരം നീങ്ങാൻ
ന്യായമോടല്പം തുണപ്പാൻ മന-
സ്സായെങ്കിൽ കാര്യം ജയിച്ചു.
ഇന്നു നാം കാണും പദാർത്ഥം നാളെ-
യ്ക്കൊന്നുമേയില്ലാതെയാകും
എന്നല്ല മററനാൾ കാട്ടും കളി
നന്നു നന്നെന്റെ മുരാരേ!
മാളികകേറിയിരിക്കും പിച്ച-
പ്പാളയെടുത്തു നടക്കും
ആളുകളിങ്ങിനെ ചുററും നിന്റെ
കേളികളെന്തു പറവൂ.
ധൃഷ്ടരായ് തമ്മിൽ ഫലിതം പറ-
ഞ്ഞിഷ്ടമായ്വാഴുന്ന ലോകം

പെട്ടെന്നു വീണു മരിക്കും കളി-
മട്ടൊട്ടു കൊള്ളാം മുകുന്ദ!
ലോകങ്ങൾ നീ താൻ ചമക്കും നല്ല
പാകത്തിലൊക്കെയും കാക്കും;
ആകവേ, പിന്നെ മുടിക്കും പേടി-
യാകാത്തതാക്കി പ്രഭാവം.

താമരപ്പൂമകൾ പുൽകും തവ
കോമളമായൊരു രൂപം
കാണ്മാനെനിക്കു നിദാനം തര-
മാമോ മുകുന്ദ! മുരാരേ!

ശുദ്ധമാം ചിത്തിന്റെ സത്തേ! ലോക-
വൃദ്ധിക്കു വാച്ചൊരു വിത്തേ!
നിത്യവുമാനന്ദമൂർത്തേ! കനി-
വൊത്തു വിളങ്ങുക ചിത്തേ.

ഒന്നിനുമാളല്ല കൃഷ്ണ! മന-
സ്സെന്നിലവിടെക്കില്ലെന്നാൽ,
എന്നും തുണയ്ക്കു നമിക്കാം മുച-
കുന്ദനൊപ്പോന്നിയ പോററി!

---

വൃത്തം—൩.

"അത്രനേരം മന്നവന്മാർ" എന്നപോലെ

ശിഷ്ടനായ നാരായണഭട്ടപാദപ്രിയ! ദേവ!
കഷ്ടകാലമൊഴിച്ചെന്നെക്കടാക്ഷിക്കേണം.

കേരള സാഹിത്യ അക്കാദമി

ജനമേജയനെന്നുള്ള ജനനാഥപ്രിയ കൃഷ്ണ!
ജനിമൃതിയൊഴിച്ചെന്നെ ജയിപ്പിയ്ക്കേണം.
ബലത്താലേ 'കുറൂരമ്മ' കലത്തിലിട്ടടച്ചോനേ!
അലമെന്നിൽ തുണയ്ക്കേണമലിവിനോടേ.
ഭൂസുരനാം 'പൂന്താന'ത്തിൻ ദാസനായ ദാമോദര!
വാസുദേവ! മറക്കൊല്ലേ മനസ്സു വേണം.
സത്തനായ കുചേലൻെറ ഭൃത്യനായ ജഗന്നാഥ!
നിത്യമെന്നെത്തുണയ്ക്കേണം നിഗമവിത്തേ!
അജനായ കൃഷ്ണ! സാക്ഷാലജാമിളപ്രിയ! ദേവ!
ഭജിച്ചീടുമടിയനെ ത്യജിച്ചിടൊല്ലേ.
നന്ദഗോപക്കിടയനായ് നിന്നിരുന്ന മുകിൽവർണ്ണ!
എന്നെയിട്ടു വലയ്ക്കൊല്ലേ ഭുവനനാഥ!
ക്ഷിതിപാലനർജ്ജുനൻെറ കുതിരക്കാരനാം കൃഷ്ണ!
ചിതമോടിങ്ങെനിക്കും സൽഗതി തരേണം.
പുകഴാർന്നാദ്ദേവകിയ്ക്കു മകനായിപ്പിറന്നോനേ!
അഗതിയാമടിയനെപ്പുകപ്പിയ്ക്കൊല്ലേ.
വില്വമംഗലത്തെ സ്വാമിയാക്കു പുഷ്പാഞ്ജലി ചെയ്യാൻ
നല്ല പുഷ്പമരുപ്പോനേ! നമിച്ചിടുന്നേൻ.
ദനുജനാം പ്രഹ്ളാദൻെറ മനസ്സിണങ്ങിയ തോഴ!
കനിവേറും കടൽവർണ്ണ! കടാക്ഷിക്കേണം.
ദിനംതോറും ഗോപനാരീജനമിട്ടുകൊട്ടയാട്ടം
മനുജവിഗ്രഹ! ദേവ! മറന്നിടൊല്ലേ.
മതിയതിൽ ഭീഷ്മക്കതിഹിതനായ മുകിൽവർണ്ണ!
ചേതമുണ്ടോ; കൃപയെന്നിൽ ചെലുത്തിയെന്നാൽ.

കിളിമൊഴി പാഞ്ചാലിതൻ വിളിപ്പുറത്തണവോനേ!
വളരെ നാൾ വലയ്ക്കൊല്ലേ നളിനനാഭ!
ഉരത്തുവന്നമ്മ മുന്നമുരലിന്മേൽ തളച്ചോനേ!
ദുരിതം തീർത്തരം സുഖം തരണം നാഥ!
നിരന്തരം ഭവാനെ വന്ദനം തപം ചെയ്യമെന്നിൽ
തരം തെളിഞ്ഞെന്തേ കൃഷ്ണ! വരം തരാത്തു?

—o—

വൃത്തം—൯.

"കല്യാണിമളവാളി" എന്നപോലെ

പൊന്നിൻ പൂമാതിനുള്ള പുണ്യമേ! തിരുമുടി-
തന്നിലെപ്പൂമം ചൂടാൻ കൃപവേണം.
ഇന്ദിരാമണവാള! ധന്യമാം പാദപാംസു
എന്നുമെൻ നിടിലത്തിൽ ചേർന്നിടേണം.
നേത്രങ്ങൾ രണ്ടും തവ ഗാത്രത്തെക്കണ്ടുംകൊണ്ടു
മാത്രമിരിപ്പാൻ കൃപ ചെയ്തീടേണം.
മൂക്കിനം മുഖഗന്ധമേല്ക്കുവാൻ വഴിയാക്കി-
ത്തീക്കേണം ഗുരുവായൂരപ്പ! ശൌരേ!
നാവിനാ നാമജപമാവട്ടെ ജോലി കണ്ണും
കേവലം "കൃഷ്ണഗാഥ" കേട്ടീടട്ടെ.
കയ്യുകൾ തവ പൂജ ചെയ്യട്ടേ, കണ്ഠത്തിങ്കൽ
മെയ്യണിത്തിരുമാലയണിഞ്ഞിടട്ടേ.
നീരിൽത്താർമകൾ പൂശും മാറത്തെച്ചന്ദനച്ചാർ
ചേരട്ടേ നിത്യമെൻെറ മാറിടത്തിൽ.

വൃത്തിയോടെൻെറയഹോവൃത്തിസ്സു നിവേദിച്ച
സത്താകും പാൽപ്പായസമൊത്തിടട്ടേ.

കാലത്തുമുതൽക്കെൻെറ കാലുകളമ്പലത്തിൽ
മാലാറാൻ പ്രദക്ഷിണം വെച്ചിടട്ടേ.

ചൊല്ലുവാൻകൂടിയും പാടില്ലാത്ത വിഷയങ്ങൾ
ചൊല്ലിപ്പാഞ്ഞലയുന്ന മാനസത്തെ
മല്ലന്മാക്കിടിത്തീയാം മല്ലഹോ ഹാ! കൃഷ്ണ!
നല്ലമാർഗ്ഗത്തിൽക്കൂടിക്കൊണ്ടുപോക.

കേളല്ലി പ്രപഞ്ചം, ഞാനാളല്ലേ ഭഗവാനേ!
നാളെയെന്നോക്കാതെന്നെപ്പാലിക്കേണം
ചെപ്പടിവിദ്യകൊണ്ടീ മുപ്പാരും പകിട്ടുന്ന
കോപ്പെന്നിൽ പയറെറല്ലേ പത്മനാഭ!

പിന്നാലേ പേടിപ്പിച്ചു തിന്നാനായ് കൃതാന്തൻെറ
സന്നാഹം വരും നേരം സാരസാക്ഷ!
വന്നാലു,മട്ടത്തിങ്കു നിന്നാലും, കൃപ വാരി-
ത്തന്നാലും തള്ളിയെന്നെക്കൊല്ലിക്കൊല്ലേ.

ഒന്നിച്ചു കൊണ്ടുപോയിട്ടെന്നേയും വൈകുണ്ഠത്തിൽ
ധന്യനായ്വാഴിക്കേണം വാസുദേവ!
കാൽത്തളിർതന്നിൽ വന്നു കാത്തുകാത്തനുദിനം
പാർത്തീടും ദാസനല്ലേ ഞാനും? കൃഷ്ണാ!

മൂർത്തികൾ മൂവരിലും കീർത്തിമാനായ ദേവ!
ആർത്തിതീർത്തടിയനെക്കാത്തീടേണം.

—:*:—

വൃത്തം—വൃ.

"ഓട്ടം മൃഗങ്ങളെ—എന്നപോലെ"

കാലത്തുണന്നു ഞാൻ കാലും മുഖമതും
കാലേ കഴുകി നിവന്നിരുന്നു്,
കാലുഷ്യം തീക്കുന്ന നാമം ജപിച്ചു ത്വ-
ക്കാലിണയോത്തു വസിച്ചുകൊള്ളാം.
മൂന്നുമണിയ്ക്കുതാൻ മുങ്ങിക്കുളിച്ചുടൻ
വന്നു നിൻ വാക ച്ചാത്തേറുകൊള്ളാം.
പൊന്നിൻപൂമാതിന്റെ പുണ്യത്തിടമ്പിന്മേ-
ലന്നാട്ടുമെണ്ണയും സേവിച്ചീടാം.
നിന്തിരുമുൻപിലെട്ടീപത്തിൽ കേറുന്ന
ചന്തമാം മഷിയാൽ കണ്ണെഴുതാം.
സന്തതം നിമ്മാല്യം സോപാനത്തുള്ളതു-
മെൻ തലമുടിയിൽ ചൂടിക്കൊള്ളാം.
ഭവ്യമാം നിൻ മെയ്യിലാടുന്ന നൽപ്പഞ്ച-
ഗവ്യവും നിത്യവും സേവിച്ചീടാം.
ദിവ്യനവകത്തെയാടുമ്പോളോവിങ്ക-
ലവ്യാജം ഞാൻ തല കാട്ടിക്കൊള്ളാം.
എല്ലാദിവസവും പൂജയടങ്ങുമ്പോൾ
ചൊല്ലേറും നിൻ തിരുനാമം പാടി
മല്ലാരേ! ഇടയ്ക്കു കൊട്ടുന്ന ഘോഷവും
സോല്ലാസം നിന്നു ഞാൻ കേട്ടുകൊള്ളാം.
അന്തരം ഭക്തിയാലാക്കമിളകുന്ന
ചന്തമേറും ദീപാരാധനയും

സന്തോഷത്തോടേ ഞാൻ സന്തതം സേവിയ്ക്കാം
ചെന്താമരേക്ഷണ! പത്മനാഭ!
മദ്ദളം, ചേങ്ങല, ചെണ്ട, യിലത്താളം,
ഹൃദ്യം കുറുങ്കുഴൽ, പാണ്ടിവാദ്യം,
ഇത്തരം വാദ്യങ്ങളുത്തമം ഘോഷിയ്ക്കും
നിത്യശ്ശീവേലിയും സേവിച്ചീടാം.
പിന്നെ പ്രദക്ഷിണം വെച്ചീടാം നിത്യം ഞാൻ
ധന്യമാം നാമം ജപിച്ചുകൊണ്ടു്.
എന്നും നിവേദ്യത്തെ ബ്ഭക്ഷിച്ചുകൊണ്ടിടാ-
മിന്ദിരതന്നുടെ ജീവനാഥ!
ഇത്തരം നിത്യവും പ്രത്യേകം സേവിയ്ക്കും
ഭൃത്യനിൽ കാരുണ്യം കഞ്ജനാഭ!
ഇത്തരിയെങ്കിലും ചിത്തത്തിലില്ലെങ്കിൽ
സത്യമിക്കാര്യ്യം കഷ്ടംതന്നെ.
അങ്ങിനെ വന്നിടാൻ കാരണം നോക്കിയാ-
ലെങ്ങിനെ കാണുന്നു? ഭക്തദാസ!
തിങ്ങിന സന്താപം തീർത്തു മാം രക്ഷിയ്ക്കു-
കങ്ങെനിയ്ക്കാലംബമാചന്ദ്രാർക്കം.

—:*:—

വൃത്തം—൯.

**കാത്തി.**

അട്ട, തോൽ, തേരട്ട, തൊട്ടാരട്ടി, നക്രം, വ്യാഘ്രം
തൊട്ടജന്മമൊക്കെത്തീർന്നീമട്ടിലായി ഞാനും.

മൎത്ത്യനായിപ്പിറന്നീടാനെത്ര് പുണ്യം വേണം!
വ്യൎത്ഥമാക്കിടൊലാ ജന്മം, ചത്തിടുന്നതെന്നോ?
ചിത്തമേ! നീ 'ഗുരുവായൂ'ക്കെത്തിടേണം വേഗം;
തത്ര വാഴുന്നുണ്ടു സാക്ഷാൽ ചിത്തിനുള്ള തത്വം.
വിശ്വമൂൎത്തി, ചിദാനന്ദൻ, വിശ്വസിപ്പാൻ യോഗ്യൻ
വശ്യനായാലേതവൎക്കമാശ്വസിയ്ക്കാമല്ലോ.
ദാഹമുണ്ടോ, വിശപ്പുണ്ടോ, മോഹമുണ്ടോ പാൎത്താൽ
ദേഹമുണ്ടോ, ദേഹിയുണ്ടോ, സ്നേഹമുണ്ടോ പിന്നെ?
ഭാൎയ്യയെന്നും, മക്കളെന്നും, വീരനെന്നും മററും
പാരമോൎത്തു കുത്തിരുന്നാൽ കാൎയ്യമൊക്കെത്തെററും.
ആരിവനാ,രുടെ,യേതു പാരിൽനിന്നു വന്നു,
കാൎയ്യമെന്താണെ,ന്നുപോകുമാററിഞ്ഞു സൂക്ഷ്മം?
നീരിലെപ്പോളപോലെ നിസ്സാരമായ ദേഹം
കാൎയ്യമെന്നു കരുതാത്തോൻ ധീരധീരൻ തന്നെ.
വീടുവിട്ടു 'കൊല്ലം,' 'കോഴിക്കോടു' 'പാലക്കാട്ട്,'
നാട്ടുതോറും നടന്നോരെപ്പാടുപെട്ടു നമ്മൾ.
ഭാൎയ്യയെന്നും, ധനമെന്നും, പാരിതെന്നും മററും
പാരമോൎത്തു ചുററുംപോലേ, സാരമോൎത്താൽ ജീവൻ
കൎമ്മമെന്നും, കാലമെന്നും, തൻമനസ്സിലോൎത്തു
ബ്രഹ്മമായ വീട്ടിൽനിന്നു സമ്മതിച്ചു പോന്നു,
പട്ടി, പൂച്ച, മൎത്ത്യനാ,നക്കുട്ടി, കട്ടുറുമ്പു
തൊട്ടുദേഹം പുക്കു പാടുപെട്ടുഴന്നു ചുററും.
കണ്ടറിഞ്ഞു തത്വമോൎത്തുംകൊണ്ടിരുന്നാൽ പിന്നെ
ഇണ്ടലുണ്ടോ? സത്യം കൎമ്മകണ്ടം വിട്ടയല്ലോ.



കു മ്മി.

മായകൊണ്ടിപ്പരമാൎത്ഥമായ തത്വമുള്ളിൽ
ആയിടുന്നില്ലയ്യോ! ഗുരുവായൂരപ്പ! തോററു.
എന്നിലുള്ള മായാബന്ധം നന്ദസൂനോ! വേഗം
ഒന്നൊഴിച്ചു വെച്ചീടാഞ്ഞാൽ നന്നെ പുറിപ്പോകും.
ചിത്തിൽനിന്നു വേർപിരിഞ്ഞിങ്ങെത്തിയന്നോതൊട്ടു
സത്യമീ ഞാൻ ചെയ്തതായ കൃത്യമെല്ലാമിപ്പോൾ
ത്തുത്തെടുത്തു ചിദാനന്ദമൂൎത്തിയായ നിങ്കൽ
ചേൎത്തിടുന്നേൻ,ടിയത്തെക്കാത്തുകൊൾക നിത്യം.

വൃത്തം—൧൦

കുമ്മി

കെല്പോടിപ്പാട്ടുകളൂററു പരിഞ്ഞുകൊ-
ണ്ടെപ്പൊഴെന്നാകിലും പാടുന്നോൎക്ക്
അപ്പോഴെ സന്താപജാലങ്ങൾ നീങ്ങിപ്പോം,
ചില്പുമാനൊത്തു സുഖിപ്പാനാവും.
അഷ്ടിയ്ക്കുമുട്ടില്ലിപ്പാട്ടുകൾ പാടിക്കൈ-
കൊട്ടിക്കളിയ്ക്കുന്ന കൂട്ടൎക്കൊക്കും.
കുട്ടികളുണ്ടാവും, വീട്ടിലും നല്ലൊരു
പുഷ്ടിയായ്വന്നിടും, കേളി പൊങ്ങും.
ഉന്നതവംശത്തിൽ ജാതരായ് പൂജ്യരാ-
യ്ത്തന്നെത്താൻ പോന്നുള്ള യോഗ്യന്മാരിൽ
ധന്യനായുള്ളവൻ ഭൎത്താവായ്വന്നിടു,-
മെന്നല്ലതിസ്നേഹമായിത്തീരും.
വാതം, ഭഗന്ദരം, കുഷ്ഠം, പനി, നേത്ര-
ജാതങ്കം തൊട്ടുള്ള ദീനമൊന്നും,

ചേതസ്സിലോൎത്താലുമുണ്ടാകയില്ലാക്കം;
ഭേദമാമുണ്ടെങ്കിലപ്പോൾതന്നെ.
ജാതരസം ധനുമാസത്തിലെത്തിരു-
വാതിരനാളിലിപ്പാട്ടുപാടി
പ്രീതിയോടൊത്തു കളിക്കുകിൽ കാഞ്ചുന്നൻ
മോദിച്ചു നൽകീടും ഭൎത്തൃസൌഖ്യം.
അഷ്ടമത്തിൽ ചൊവ്വയുള്ള നതാംഗിമാ-
രൊട്ടൊഴിയാതെയിപ്പാട്ടു പാടി
വട്ടത്തിൽ നിന്നു കളിക്കുകിൽ കാന്തരൊ-
ത്തിഷ്ടമായ്വാഴിക്കാമേറെക്കാലം.
ഇത്തരം ചൊല്ലിഗ്ഗുരുവായൂരപ്പനെ-
ച്ചിത്തത്തിലോൎത്തു പറന്നു തത്ത;
ഉത്തമം പാട്ടിതു പാടിയാപ്പെണ്ണുങ്ങൾ
പത്തനം തോറും സുഖിച്ചു വാണാർ.

സമാപ്തം.

ശുഭം.

# ശകുന്തളവാക്യം

## എട്ടുവൃത്തം പാട്ട്.

---

ഒന്നാം വൃത്തം.

മധുരമൊഴിശാരികേ വന്നാലും നീ
മധുഗുളവും പാലും പഴവും നൽകാം
മനുജപതി ദുഷ്യന്തനായ വീരൻ
മുനിസുതയായീടും ശകുന്തളയെ
കുതുകമൊടേ ഗാന്ധവ്വമായി വേട്ട
കഥ പറകവേണം നീയെന്നൊടിപ്പോൾ
വിരവൊടതു കേട്ടു കിളിമകളും
ഗുരുചരണം ചിന്തിച്ചു ഭക്തിയോടേ
കരുണ കലൎന്നീടുന്ന നെല്ലുവായിൽ
കരിമുകിൽവൎണ്ണൻതന്നെ കൈവണങ്ങി
കരിവദനൻഭാരതീകൃഷ്ണന്മാരെ
കരളിലുറപ്പിച്ചു പറഞ്ഞാളേവം
പുകൾപെരിയ സോമകുലത്തിൽ പണ്ടു
പ്രകൃതിഗുണ ശീലാചാരങ്ങളോടും
പുരുഷമണി ദുഷ്യന്തനെന്നുപേരാ-
മൊരു ധരണീനായകനുണ്ടായ്വന്നു
അഴകൊടവൻ പാരിൽ പ്രജകൾക്കെല്ലാം

അഴലൊഴിയുമാറു പരിപാലിച്ചു
സചിവപരിചാരകവൃന്ദത്തോടും
രുചിരതരകീൎത്ത്യാ വസിക്കുംകാലം
ഒരുദിവസം നായാട്ടിന്നായിക്കൊണ്ടു
പെരിയ രഥംതന്നിൽക്കരേറി ഭൂപൻ
കരമതിലമ്പും നല്ല വില്ലുമായി
കരിതുരഗകാലാൾ പടകളോടും
വലകളോടും വേടന്മാർ നായ്ക്കളോടും
മലയിലകംപുക്കുടൻ കാടിളക്കി
കരടി പുലി പന്നികൾ സിംഹങ്ങളും
കരി കടമാനും നല്ല കാട്ടുപോത്തും
അടവികളിൽനിന്നു പുറപ്പെട്ടപ്പോൾ
ഝടിതി കുലചെയ്തു ശരങ്ങളാലേ.

---

രണ്ടാം വൃത്തം.

ഓട്ടംമൃഗങ്ങളേ തേടി നരപതി
കാടകംപുക്കൊരു നേരത്തിങ്കൽ
പേടിച്ചൊരുമൃഗം ചാടിക്കുതിച്ചോടി
കൂടെ നൃപതിയുംകൂടി പിമ്പേ
മണ്ടുന്ന മാനിനേ കണ്ടുകണ്ടന്തികേ
കുണ്ഠതകൈവിട്ടടുത്തു നേരേ
തേരതിവേഗത്തിൽ പാരാതെയോടിച്ചു
ദൂരത്തൊരുദിക്കിൽ ചെന്നുചാടി
സേനയുംകൂടാതെ താനേ ഹിമവാന്റെ
സാനുപ്രദേശം പ്രവേശിച്ചപ്പോൾ

ദാഹം മുഴക്കയാൽ തണ്ണീർ തിരഞ്ഞതി-
മോഹനമാമ്മാറു മുന്നിൽ കണ്ടു
കണ്വമുനിയുടെ പുണ്യാശ്രമസ്ഥലം
കണ്ണിന്നു കൌതുകമുണ്ടാം കണ്ടാൽ
മാലിനിയാം നദീകൂലേ മനോഹരേ
മൂലഫലം കുസുമാദിപൂർണ്ണം
നാലുവേദങ്ങളുമാറുശാസ്ത്രങ്ങളും
നാലുപായങ്ങളുപവേദങ്ങൾ
എല്ലാം ഗ്രഹിച്ചോരു നല്ല മുനിജനം
കല്യാണമോടു വസിക്കും ദേശേ
ഹോമമധ്യമങ്ങളും സാമഗാനങ്ങളും
നാമസങ്കീർത്തനഭേദങ്ങളും
ശീലഗുണമതിശാലികളാമൃഷി-
ബാലകന്മാരുടെ ലീലകളും
കണ്ടുകണ്ടാനന്ദം പൂണ്ടു മഹീപതി
കൊണ്ടാടിയാശ്രമംതന്നിൽ പുക്കു
പർണ്ണശാലയ്ക്കുള്ളിൽ ചെന്നു കടന്നവൻ
നിന്നപ്പോളാരെയും കാണായ്കയാ-
ലാരുള്ളതീപ്പർണ്ണശാലയിലെന്നതി-
ഗൌരവത്തോടവൻ ചോദിച്ചപ്പോൾ
ലക്ഷണയുക്തമാം വാക്കുകൾ കേട്ടടൻ
ലക്ഷ്മീസമാനമാം രൂപത്തോടെ
മിന്നൽക്കൊടിപോലെ മിന്നുന്ന കന്യക
താപസിതാനുമവിടെച്ചെന്നു
മന്നവനൊക്കണ്ടു മന്ദാക്ഷമുൾക്കൊണ്ടു

മന്ദേതരമവൾ സല്ക്കരിച്ചു
ആരുഭവാനെന്നു ചോദിച്ചു നേരത്തു
നാരിമണിയൊടു ഭൂപൻ ചൊന്നാൻ.

---

## മൂന്നാം വൃത്തം

സോമവംശത്തിലുള്ള നൃപതി ഞാൻ
നാമം ദുഷ്യന്തനെന്നല്ലോ
കാമിനിമണേ കാനനംതന്നിൽ ഞാൻ!
സാമോദം നായാട്ടിന്നായി
കണ്വനാമാമുനിതൻ പാദപങ്കജം
കാണ്മാനിവിടെക്കു വന്നു
താപസോത്തമനെങ്ങോട്ടെഴുന്നെള്ളി
താപമകന്നുരചെയ്ക
ഇത്ഥം ഭൂപതി ചൊന്നതു കേട്ടവ-
ളുത്തരമായുരചെയ്തു
കാഷ്ഠാനികളുപ്പാനായ്പോയിതു
കാശ്യപനൊന്നറിഞ്ഞാലും
ചെറുപാൎത്താലിവിടെക്കെഴുന്നെള്ളും
കുററമററീടും മുനീന്ദ്രൻ
രണ്ടുനാഴിക താമസിച്ചീടുക
കണ്ടുപോകേണമെന്നാകിൽ
ഇങ്ങിനെ ചൊല്ലിനില്ക്കുമവളുടെ
അംഗസൌന്ദൎയ്യങ്ങൾ കണ്ടു
ചൂതബാണനെൻറ ബാണങ്ങളേല്ക്കയാൽ

ചേതസി ചിന്തിച്ചാനേവം
ഇത്രനല്ലൊരു സുന്ദരിയില്ലല്ലൊ
ഇത്രിഭുവനത്തിലെങ്ങും
ആഭരണങ്ങളില്ലിവൾക്കെങ്കിലും
ശോഭയ്ക്കൊരു കുറവില്ല
ഉത്തരീയവുമമ്പോടുടുത്തതും
സത്യം മരവിരിയല്ലൊ
ഭംഗിയുണ്ടിതുകൊണ്ടിന്നിവൾക്കൊരു
ഭംഗം പ്രകാശത്തിനില്ല
വച്ചസ്സുണ്ടു വപുസ്സിലെന്നാകിലും
ചേച്ചയില്ലാതെയില്ലൊന്നും
തിങ്കൾക്കൊത്തോരലങ്കാരമല്ലയോ
തങ്കലുള്ളൊരു സൌന്ദര്യം
ചാരുസുന്ദരിയാമിവളെക്കണ്ടു
പാരം വളരുന്നു മോഹം
ചെല്ലരുതാത്ത മൈക്കണ്ണിമാർകളിൽ
ചെല്ലമാറില്ലെൻറ ചിത്തം
കന്നൽനേർമിഴിയാകുമിവൾമുനി
കന്യകയല്ലെന്നു നൂനം
വല്ലതെന്നാകിലും വൃത്താന്തം ചോദിച്ചാ-
ലെല്ലാമറിഞ്ഞീടാമല്ലൊ
എന്നുറച്ചുടനിന്ദുകുലാധിപൻ
സുന്ദരിയോടരുൾചെയ്തു.

—:*:—

നാലാം വൃത്തം.

കല്യാണി കളവാണി ചൊല്ലനീയാരെന്നതും
കല്യേ നിയ്യാരുടയ പുത്രിയെന്നും
നിൻമൂലമിനിക്കുള്ളിൽ മന്മഥവിവശത
മേന്മേൽവന്നുദിക്കുന്നു നിർമ്മലാംഗി!
കന്യകയതുകേട്ടു മന്ദമഞ്ജുരചെയ്തു
കണ്വമാമുനിയുടെ സുതയല്ലൊ ഞാൻ
മന്നവ ശകുന്തളയെന്നു പേരിനിക്കെടോ
എന്നിലാഗ്രഹം തവ നന്നല്ലേതും
താപസതരുണിയെ ഭൂപന്മ കയ്ക്കൊള്ളാമോ?
പാപമുണ്ടതിനു ചൊന്നറിയുന്നില്ലേ?
ഇത്തരമുരചെയ്തൊരുത്തമസ്ത്രീരത്നത്തോ-
ടുത്തരം നരവരനേവം ചൊന്നാൻ
നിത്യബ്രഹ്മചാരിയാമുത്തമതാപസൻെറ
പുത്രി നീയെന്നു ചൊന്നതസത്യമല്ലൊ
നാരിമാർ തിലകമേ! നേരു നീ പറയേണം
സാരസാക്ഷിയുമതു കേട്ടു ചൊന്നാൾ
മാമുനി ചൊല്ലിക്കേട്ടു മാമകവൃത്താന്തം ഞാൻ
സാരസാക്ഷതേ സത്യം ചൊല്ലീടുന്നേൻ
വിശ്വവിശ്രുതനായ വിശ്വാമിത്രനും പണ്ടു
നിശ്ചലമനസ്സോടും തപസ്സുചെയ്തു
ഇന്ദ്രനും ഭയംപൂണ്ടു കന്ദർപ്പാംഗികളോടും
സുന്ദരി മേനകയെ പറഞ്ഞയച്ചു
മേനകരൂപംകണ്ടു മാനിയാം വിശ്വാമിത്രൻ
മാനസമഴിഞ്ഞവളോടുംകൂടി

കുട്ടനാൾ രമിച്ചപ്പോൾ മട്ടോലുംമൊഴിയെ കൈ-
വിട്ടുപോയിതു തപസ്സിന്നായി
ഗർഭവുമുണ്ടായ്വന്നിതപ്സരസ്ത്രീയാമവൾ
ഇദ്ദേശേ വരുന്നേരമെന്നെപ്പെററു
താപസബീജത്തിന്റെ നാശമില്ലെന്നു കണ്ടു
പേശലാംഗിയുമെന്നെ വെടിഞ്ഞുപോയി
അമ്മയും പിരിഞ്ഞു ഞാനിമ്മഹീതലംതന്നിൽ
നന്മുല കുടിയാതെ കിടക്കുന്നേരം
പക്ഷികളെട്ടുത്തെന്നെ തൽക്ഷണം കൃപയോടെ
രക്ഷിപ്പാൻ മുനിയുടെ കയ്യിൽ നല്കി
ശകുന്തങ്ങളെടുത്തെന്നെ വളപ്പാനായ്ക്കൊടുക്കയാൽ
ശകുന്തളയെന്നു മുനി പേരുമിട്ടു
പരിചോടെ വളർത്തിതു പരമാർത്ഥമിതെന്നവൾ
പറഞ്ഞപ്പോൾ തെളിഞ്ഞു ഭൂപതിയും ചൊന്നാൻ
അനഘമേനകതന്റെ തനയയായെന്നാലും ചേരും
മനുജനാരിമാർക്കേററം പ്രഭയുണ്ടാമോ?
എനിക്കു നീ രമണിയായിരിക്ക നീ മടിക്കൊല്ല
മുനിക്കുമതനുവാദമായ്വരും കേൾ
വിവാഹങ്ങൾ പലവിധം വിധിച്ചിട്ടുണ്ടവററിൽവെ
ച്ചവനീശന്മാർക്കു മുഖ്യമതു ഗാന്ധർവ്വം
അതു നീ സമ്മതിക്കേണം മതിമുഖി മടിക്കൊല്ല
മതിമാനാം നൃപനേവം പറഞ്ഞനേരം
മുഴുത്ത ലജ്ജയാലവൾ മുഖം താഴ്ത്തിയുരചെയ്തു
വിഷമമുണ്ടതിനു ചെററു ചൊല്ലീടാം

എനിക്കു നന്ദനനായി ജനിക്കും ബാലകനെ
മേദിനിക്കു നായകനായി വാഴിക്കേണ-
മതു ഞാൻ ചെയ്തീടുവനെന്നവളോടു സമയം ചെയ്തു-
തുലവിക്രമൻ പാണിഗ്രഹണംചെയ്തു.

---

## അഞ്ചാം വൃത്തം.

ദുഷ്യന്തൻ ശകുന്തളയാം കാന്തയോടും കൂടി
രോഷമെന്നിയെ രമിച്ചു മോദത്തോടെ
ഗർഭവുമുളവായ്വന്നതിപ്പോൾതന്നെ
പിന്നെ സുഭ്രൂവാമവളോടു പറഞ്ഞു ഭൂപൻ
സേനയോടുംകൂടി നിന്നെക്കൊണ്ടുപോവാനായി
മാനിനി ഞാൻ വന്നീടുവൻ വൈകീടാതെ
താപസേന്ദ്രനാകും നിന്റെ താതനെയും കണ്ടു
താമസം കൂടാതെ കൊണ്ടുപോകുന്നുണ്ട്.
ഇത്ഥമവളോടു യാത്രയും പറഞ്ഞു തന്റെ
പത്തനത്തിൽ പുക്കിരുന്നു പാർത്ഥിവനും
രാജീവനയനയാം ശകുന്തളയും ചിത്തേ
രാജാവിനെ ചിന്തിച്ചാശ്രമത്തിൽ പുക്കു
കണ്വനാം മുനീന്ദ്രൻതാനും പൊന്നുവന്നപ്പോൾ
തത്ര കണ്ടു ഭീതിപൂണ്ടു നിന്നാളല്ലോ
ദിവ്യലോചനംകൊണ്ടു വിശേഷമെല്ലാം കണ്ടു
ദിവ്യനാം മുനിവരനരുളിച്ചെയ്തു
പൈതലേ, നീ പേടിക്കേണ്ട ചാരുശീലേ ബാലേ
ചെയ്തതെല്ലാം നല്ലതെന്നൊറിക്കപക്ഷം

ശാന്തനാം ദുഷ്യന്തൻ നിൻെറ കാന്തനെന്നു മുന്നെ
ചിന്തിച്ചിരുന്നതു ദൈവം സാധിപ്പിച്ചു
ഇത്രിഭുവനത്തിങ്കൽ പ്രസിദ്ധനായിട്ടൊരു
പുത്രനുമുണ്ടായ്വരും നിനക്കു ബാലേ
താതൻെറ വചനം കേട്ടു മോദത്തോടെ വാണു
ചേതോമോഹനാംഗിയാം ശകുന്തളയും
ഗർഭ്ഭവും തികഞ്ഞവൾ പ്രസവിച്ചപ്പോൾ
നല്ലൊരർഭ്ഭകനുണ്ടായ്വളൎന്നു മെല്ലെ മെല്ലെ
ഭൂപതിയും ഭാൎയ്യയെ മറന്നുപോയി
പിന്നെ മാരതാപവും മറച്ചു വാണാളപ്പോൾ.

---

### ആറാം വൃത്തം.

മതിമാനാകിയ കാശ്യപനൊരുനാൾ
മതിമുഖിയാമവളോടുരചെയ്തു
മല്ലവിലോചനമാക്കിഹ ബാലേ
വല്ലഭനീശ്വരനെന്നറിയേണം
കണവനെ വേൎപ്പിട്ടിവിടെയിരുന്നാൽ
പ്രണയമവന്നു കുറഞ്ഞിടുമല്ലൊ
എന്നതുകൊണ്ടിനി നീ തവ രമണൻ-
തന്നുടെ സവിധേ നന്ദനനോടും
പോക മടിക്കരുതെന്നുടെ ശിഷ്യക-
ളാകുലമെന്ന്യേ തുണയായ്പ്പോരും
ജനകൻതന്നുടെ വചനമിതിങ്ങിനെ
പ്രണയമിയന്നു ശകുന്തള കേട്ടു

പതിയാം നരകുലപതിയെക്കാണ്മാൻ
കൊതി പെരുത്തുണ്ടെന്നാകിലുമിപ്പോൾ
കനിവേറുന്നൊരു താതനെയുംമുനി-
കന്യകളാം സഖികളെയുമശേഷം
വിരവൊടു വേർപിരിയുന്നതു ചിത്തേ
കരുതുകയാലതിഖിന്നതയോടും
പോ.പതിനായവൾ മാമുനിതന്നുടെ
ഭാവമറിഞ്ഞു വണങ്ങിയനേരം
കണ്ണീരവിരതമൊഴുകിയവർക്കും
കണ്ടനമധികം കരുണ കലൻ
മധുമൊഴിയാളെയുമുണ്ണിയെയും നിജ-
മടിയിലിരുത്തിയനുഗ്രഹമേകി
അനന്യവാക്കുകൾ ചൊല്ലി മുനീന്ദ്രൻ
അനുസരണം ചെയ്യുമ്പൊടയച്ചു
സുതനോടും നിജശിഷ്യകളോടും
സുതനു ശകുന്തള യാത്രതുടങ്ങി
പല പല നാടും മലയൊടു തോടും
ചില പുഴയും പുനരാശു കടന്നു
ഭൂപതിതിലകൻ തൻ പുരിതന്നുടെ
ഗോപുരസീമനി ചെന്നൊരു നേരം
മാമുനിശിഷ്യകളവളൊടു ചൊന്നാർ
സോമകുലാധിപപുരമിതു കാൺക
സഭയിലിതല്ലോ നിന്നുടെ രമണൻ
സുഭഗശരീരൻ വാണീടുന്നു

പുത്രനുമായിട്ടവിടെച്ചെന്നിനി
ഭർത്തൃസമീപേ സുഖമൊടു വാഴ്ക
ഞങ്ങളുമിനി പോകുന്നിതു ഭദ്രേ!
മംഗലമസ്തു നിനക്കു സുശീലേ!
ഇത്തരമുരചെയ്താശു കടന്നവർ
സത്വരമാശ്രമമഴകൊടു പുക്കാർ

---

ഏഴാം വൃത്തം.

ബാലിക ശകുന്തളതാൻ ബാലനോടും കൂടിച്ചെന്നു
ഭൂലോകപതിസമീപേ നീലവേണി നിന്നനേരം
ശ്രീപതിസമാനനായ ഭൂപതി ദുഷ്യന്തൻ ചൊന്നാൻ
താനാംഗി നീയെവിടുന്നു വന്നീടുന്നതുരചെയ്ക
മന്നവൻെറ വാക്കു കേട്ടു താനാംഗിയും ചൊന്നാളേവം
എന്നെപ്പണ്ടു കണ്ടിട്ടുള്ള ഭാവമിന്നു മറന്നിതൊ
നിന്നെപ്പണ്ടു കണ്ടവാറിന്നെന്നുള്ളത്തിൽ തോന്നുന്നില്ല
വന്നതിൻെറ കാരണവുമെന്തെന്നു ചൊല്ക നീയിപ്പോൾ
എന്നുടെ കുമാരനിവൻ നിന്നുടെ തനയനല്ലൊ
ഇന്ദുവംശമൌലേ! ഭവാനിനിയിവനെ കൈക്കൊണ്ടാലും
എങ്ങുമേ നോം തമ്മിൽ പണ്ടു സുന്ദരാംഗി! കണ്ടിട്ടില്ല
നന്ദനനുണ്ടായതോർത്താലെത്രയും വിചിത്രമല്ലൊ
നാരിമാർകളോടിവണ്ണം നേരംപോക്കു ചൊല്ലാമല്ലൊ
നാരകഭയം കൂടാതെ നേരുകേടു ചൊല്ലീടുന്നു
നേരത്രെ ഞാൻ ചൊന്നതിപ്പോൾ ഇന്ദുവംശഭൂപ! കേ
(ൾക്ക

മാരതാപംകൊണ്ടു ബുദ്ധി നേരല്ല നിനക്കു ചെററും
നിരജേക്ഷണേ പോയാലും കാലമേത്തും വൈകീടാതെ
കണ്വമാമുനീന്ദ്രൻ തന്റെ പണ്ണശാലയിങ്കന്നെന്നെ
കണ്ടു കൈ പിടിച്ചതെന്തുകൊണ്ടെന്നു നിനച്ചു കൊൾ
(ക

പണ്ഡിതനാം കാശ്യപൻ നിന്നച്ഛനെന്നു ചൊൽകയാൽ
വണ്ണിച്ചതുമിന്നസത്യം നിണ്ണയം വിഷാദമില്ല
മാനിയാകും വിശ്വാമിത്രൻ മേനകയിലുല്പാദിച്ച
ഞാനുണ്ടായിതെന്നെപ്പിന്നെ മാനിയാം മുനി വളത്തു
മേനകാത്മജയെങ്കിൽ മാനിനി നീ വേശ്യയല്ലോ
മാറിയെന്നതോത്തീടേണ്ട കന്യക കുലസ്ത്രീയെല്ലോ
സ്വവ്വേശ്യസുതന്മാരായി ദിവ്യന്മാർ പലരുണ്ടായി
ഉവ്വശി തനയരല്ലോ സവ്വജ്ഞൻ വസിഷ്ഠൻ താനും
പൂവ്വന്മാരെക്കൊണ്ടീവണ്ണം ദുവ്വചനം ചൊല്ലീടേണ്ട
സവ്വം ഞാനറിഞ്ഞു നിന്റെ ധാർഷ്ട്യമുള്ളവയെല്ലാം
പുത്രനെക്കൊണ്ടേ പിതൃക്കൾക്കുദ്ധ്വലോകപ്രാപ്തിയുള്ളൂ
സത്വരം തനയൻ തവ ഭത്താവേ! പരിഗ്രഹിക്ക
അത്രമാത്രംപോലും നാണം ചിത്തതാരിൽ കൂടാതെ നീ
ശാസ്ത്രങ്ങൾ പറയുന്നതു ചിത്രമെത്രയുമോത്തോളം
വല്ലതും പറഞ്ഞിട്ടെന്നെ വല്ലഭാ നീ വെടിയൊല്ല
ചൊല്ലേറുമെൻ താതൻതന്നെ നല്ലവണ്ണം ചിന്തിക്കേ
(ണം

വല്ലാതെ സഭയിൽനിന്നു വമ്പുകൾ പറയുന്നാകിൽ
തല്ലു കൊള്ളുമെന്നറിക പോക വൈകീടാതെ നീയും

ഇത്തരം പലതും തമ്മിൽ വിസ്തരിച്ചു നില്ക്കുന്നേരം
സത്യമാമശരീരി വാക്കത്തൽതീരുമാറുണ്ടായി
പുത്രനെ ഭരിച്ചുകൊൾക ഭൂപതേ നീ പത്നിയോടും
ഉത്തമനിവനെന്നുള്ളിലോൎത്തുകൊൾക മന്നവ നീ
അതു കേട്ടു ഭൂപതിയും പരമാനന്ദം വളൎന്നു
പാരാതെ പരിഗ്രഹിച്ചു ഭാൎയ്യതന്നെ പുത്രനോടും
രാമനോടു തുല്യനാം കുമാരനു ഭരതനെന്നു പേരുമിട്ടു
കാന്തനോടും സ്വൈരമായ് രമിച്ചു വാണു.

---

എട്ടാം വൃത്തം.

അരികേ മരുവിന സരസിജമുഖിയൊടു
സരസം നരവരനുരചെയ്തു
അരുണാധരി ശൃണു മാമകവചനം
അരുതേ നീരസമകതളിരിൽ
പരമാൎത്ഥം തവ പരിചയമൊടുമേ
പരിചോടുള്ളിലുദിക്കരുതേ
ദയയില്ലാതൊരു ശഠനിവനെന്നു
ദയിതേ നിൻ ഹൃദി കരുതരുതേ
കൃപയാ കേവലമപരാധം മമ
സപദി സഹിക്ക സമസ്തമിദം
സതതം നിന്നുടെ ഹിതമതു നല്കുവൻ
അതിമോദേന വസിച്ചീടു നീ
ഭരതൻ നമ്മുടെ തനയൻ മേദിനി
ഭരണം ചെയ്യതിനെന്നറിക

പെരുകുന്നു മമ മന്മഥവേദന
തരികധരാമൃതമാശു മുദാ
വിരവൊടു നൃപഗിരമിതി കേട്ടവളും
ഉരചെയ്താളതിരഭസതരം
കുലനാരീജനമതിലൊരുവൾക്കിഹ
കലഹം കാന്തനൊടുളവാമോ
പ്രിയമെന്നാകിലുമപ്രിയമാകിലും
അയി നിൻ വചനം മമ മധുരം
ഹൃദയം ചേൎന്നവരനുദിനമിങ്ങിനെ
മദനരസേന വസിച്ചു സുഖം.

—:*:—

# ദേവയാനീപരിണയം.

## പത്തുവൃത്തം.

### പ്രഥമവൃത്തം.

ആരഭി—ചെമ്പട

(മധുരമൊഴി എന്നപോലെ.)

കളവചനേ വന്നാലും കീരബാലേ
കളതരമാം പാലും പഴവും നൽകാം
കവിതിലകനായ യയാതിഭൂപൻ
കവിസുതയാം ദേവയാനിയെ വേട്ടാൻ
കഥ കുതുകമെന്നോടു വൈകിടാതെ
കഥിതതരം ചെയ്യേണം ശാരികേ നീ
കനിവിനോടേ കേട്ടു കിളിമകളും
കനതരമായാചാര്യപാദം കൂപ്പി
കരുണകലർന്നീടുന്ന തായങ്കാവിൽ
കരുണദനാം ശാസ്താവെക്കൈവണങ്ങി
കരിവദനൻ വാണീഗിരീശന്മാരെ–
ക്കരുണതരം ചിത്തേ ചേർത്തേവം ചൊന്നാൾ
കലഹമതായ് ദേവാസുരന്മാർ പണ്ടു
കലശലതു തീർത്തു ജയിപ്പാനായി
കരുതിയവർ ജീവനോ ദേവകളും

കരതാമായാക്കി ഗുരുവിനോയും
കവിയെ ഗുരുവാക്കിനാർ ദൈത്യന്മാരും
കവിശരണർ ദേവകളോടു പോരിനു
കരണനേരം വന്നിടിലപ്പോൾതന്നെ
കരുണവശാൽ ജീവിപ്പിച്ചീടും കാവ്യൻ
കലഹമതിൽ നാശം ദേവന്മാർക്കാകിൽ
കലുഷവിനാ നാശം ജീവനു തീർക്കാ
കരുതിയവരിക്കാലം ഖേദിപ്പോറായ്
കരളില്പടൻ ദേവകൾക്കൊന്നു തോന്നി
കചജനകനൊടുമൊരുമിച്ചിട്ടു
കചനെ വിളിച്ചേവമരുളിച്ചെയ്തു
കവിയെ വണങ്ങി മൃതസഞ്ജീവനി
കവിതരമാം വിദ്യയെപ്പാഠംചെയ്തു
കമലമുഖിയായ കവിസുതയെ-
ക്കമലശരോത്സവാദി മോദിച്ചെന്നാൽ
കരകുതുകമോടെ ഗ്രഹിയ്ക്കാമെന്നു
കരഹൃദയമായമരന്മാരുടെ
കനിയസുധാവാക്യത്തെക്കേട്ടു കചൻ
കനിയെ വൃഷപർവ്വാവിന്റെ രാജ്യം പുക്കാൻ

—:0:—

## ദ്വിതീയവൃത്തം.

കാനക്കുറിഞ്ഞി—ചെമ്പട

(അത്രനേരം മനോവാടാരെന്നപോലെ.)

വിക്രമിയാം കചൻതാനും നിർഗ്ഗമിച്ചു വിരവോടെ
ശുക്രൻതന്റെ പാദത്തെ നമസ്കരിച്ചപ്പോൾ

കൈക്കൊണ്ടസുരാചാര്യനും
ചൊൽക്കൊണ്ടൊരുവിദ്യയെല്ലാം
ഉൾക്കരുത്തോടെ ഗ്രഹിപ്പിച്ച കാലത്തിങ്കൽ
ദേവയാനി കന്യകയ്ക്കുമാവോളം കൗതുകമാക്കി-
ക്കേവലം പരികർമ്മങ്ങളവൻ ചെയ്കയും
അത്യമൂല്യമവളന്നുമുതൽതൊട്ടനുരാഗങ്ങൾ
കൗതുഹലം വർദ്ധിച്ചവർ മദിച്ചവാണാർ
കണ്ട കാനനങ്ങൾ തോറും മണ്ടിമണ്ടി നടന്നവർ
കണ്ട കുസുമാദികളെക്കൊണ്ടുപോന്നിട്ടും
ബ്രഹ്മചാരി കചൻതാനും നിർമ്മലമായതിവേലം
പെണ്മണിയെ ദിനംപ്രതി സമ്മാനിച്ചീടും
ആടുന്നവനിലും പിന്നെപ്പാടുന്നവനിലുമേററം
ഗൂഢമായി വസ്തുവാർത്ത മൂടുന്നോനിലും
ഇഷ്ടമുള്ള വസ്തുക്കളെക്കിട്ടീടുന്നോനിലുമവ-
മിഷ്ടമേകുന്നവനിലും തുഷ്ടിയോടേററം
കണ്ണാഭരണങ്ങളെല്ലാം കൊണ്ടാടീടുന്നവനിലും
കണ്ടാലേറെ നല്ലോനിലുമുണ്ടാകും രതി
ഉല്ലലാക്ഷിമാർക്കിതു സുപ്രസിദ്ധമെന്നറിവു
ചൊൽപ്പൊങ്ങുമീഗുണം കചനൊപ്പൊളുണ്ടല്ലോ
ആഞ്ഞൂറു സംവത്സരം കഴിഞ്ഞു കചനോടുകൂടി
മഞ്ജുളാംഗിയായ്ക്കളിയറിഞ്ഞു ദൈത്യന്മാർ
കചൻതന്റെ പരമാർത്ഥം കേചിൽ കേട്ടു കോപ
(ത്തോടെ
കചൻ പശുക്കളെ കാട്ടിൽ മേച്ചീടുന്നേരം
കൊന്നവനടലുമെല്ലാമന്നോരോരോതിലസമ-

മൊന്നായ് നറുക്കിയവർ ചെന്നാശ്ശൂളെത്തിററി
സന്ധ്യാകാലേ പശുവൃന്ദം ചന്തമോടെ പോന്നുവന്നു
കിന്തു കചം കാണായ്കയാൽ ചിന്തിച്ചുടനെ
ചെന്നു ദേവയാനി കരഞ്ഞന്നേരം താതനോടോതി
വനിലല്ലോ ഗുരുസുതൻ ഖിന്നമാകുന്നു
ഗോക്കളും ഗോശാലതന്നിലൊക്കവേ വന്നിങ്ങുകൂടി
പാർക്കേണ്ടും നേരമല്ലിപ്പോളുൾക്കാന്ത്യമായി
അഗ്നിഹോത്രവും ചെയ്യേണ്ട് വിഘ്നമായികചനെ
(ക്കിൽ
വിഘ്നമെന്ന്യേ മാവയേ ലഭനമാകും ഞാൻ
എന്നു സുത പറഞ്ഞപ്പോൾ ഖിന്നമെന്നുമൃതിവന്നാ
ലിന്നാവനെ ജീവിപ്പിപ്പനെന്നറിഞ്ഞാലും
വിളിച്ചു കാവ്യൻ കചനെ പിളത്തു ചെന്നാശ്ശൂളുടൽ
വെളിച്ചത്തു വന്നു കചൻ കളിച്ചാൻ ചിത്രം.

—:o:—

തൃതീയവൃത്തം.

എരിശ്ശുലക്കാമോദരി—ചെമ്പട

(ദുഷ്ഷന്തൻ ശകുന്തളയാമെന്നപോലെ.)

സുന്ദരിയാം ദേവയാനി ചൊന്നാൾ കചനോട്
വന്നീടുവാൻ താമസമെന്തെന്നു ചൊൽക നീ
പുഞ്ചിരി പൂണ്ടവളോടരുളിച്ചെയ്തു കചൻ
വഞ്ചിച്ചു ദാനവർ ചെയ്ത ചേഷ്ടിതത്തെ
പിന്നെയുമൊരുദിനം പൂവിനാ വനം പുക്കാ-
നന്നവനുടൽ പൊടിച്ചിട്ടബ്ധൌ ചേർത്താർ
ഇന്ദുമുഖി ദേവയാനി താതനോട് ചൊന്നാ-

ളുന്നു മുനി വിളിച്ചു വരുത്തീടിനാൻ
അങ്ങിനെ മൂന്നാമതുമസുരന്മാരാം ദുഷ്ട-
രിങ്ങിനിവൻ വന്നീടായ്കയാലൊന്നോർത്തുടൻ
കൊന്നവനുടൽ വറുത്തു ധൂളിയാക്കിക്കൊണ്ടു
നന്നായ് ശുക്രന്നു കൊടുത്താർ മദ്യേ ചേർത്തു
ദേവയാനി കചൻതന്നെ കാണായ്കയാൽ പരി-
ദേവനം തുടങ്ങീടിനാളച്ഛൻമുമ്പിൽ
നിർജ്ജരഗുരുസുതൻ താനെന്നറിഞ്ഞിട്ടുടൻ
നിർജ്ജരാരികളുടെ ദൂഷണമല്ലോ
ജീവിപ്പിക്ക താത കചനെന്നു കേട്ടു മൃത-
ജീവനികൊണ്ടു വിളിച്ചു ഭാർഗ്ഗവനും
അന്നേരം മുനീന്ദ്രൻ തന്റെയുള്ളിൽനിന്നു കച-
നന്നാതമായുള്ള വിളി കേട്ടീടിനാൻ
എന്തൊരു കാരണമെന്റെയുള്ളിലാവാനെന്നു
ചിന്തിച്ചു നീയുരചെയ്ക ജീവസൂനോ!
എന്നെക്കൊന്നു ദൈത്യന്മാർ വറുത്തു പൊടിച്ചുടൻ
തന്നിതു മദ്യത്തിലാക്കിസ്സേവിപ്പാനായ്
ഇങ്ങിനെ കചന്റെ വാക്കു കേട്ടനേരം മുനി
തിങ്ങീടുന്ന കോപത്തോടരുളിച്ചെയ്തു
ദാനവന്മാരെശ്ശപിച്ചു നാശമാക്കിയിന്നു
ഞാനും സുരരോടുകൂടി വാണീടുവൻ
എന്നതു കേട്ടാശു കചനൊന്നരുളീടിനാ-
നനയനാശമാരേയും ചെയ്കീടൊല്ല
കോപാദികളെല്ലാം ക്ഷമകൊണ്ടു ജയിപ്പവൻ

താപസന്മാരൊന്നു പറഞ്ഞു ചൊല്ലീടുന്നു
എന്നു കചൻതന്റെ വാക്കു കേട്ടനേരം മുനി-
നന്ദിനിയാം ദേവയാനിയോടു ചൊന്നാൻ
ജീവിക്കേണം കചനെങ്കിൽ ഞാൻ മരിച്ചീടേണം
ജീവിച്ചീടുകില്ലവൻ ഞാൻ ചാകാതെന്നും
അച്ഛനും കചനുംകൂടി ജീവിക്കേണമെന്നാ-
ലിച്ഛയാകുമല്ലായ്കിൽ ഞാൻ ചാകും നൂനം
പങ്കജാക്ഷിതന്റെ വാക്യമേവം കേട്ടുടനെ
തിങ്കൾമൌലിസമാനനാം ഭാർഗ്ഗവനും
കെല്പോടുപദേശിപ്പിച്ചു മൃതസഞ്ജീവനി
സൽപുമാനാം കചനു മടിക്കുടാതെ
ദക്ഷിണഭാഗം ഭേദിച്ചു പോന്നിടിനാനവൻ
ദക്ഷിണയായ് ജീവിപ്പിച്ചു ശുക്രനേയും.

—:*:—

## ചതുർത്ഥവൃത്തം.

മദ്ധ്യമാവതി—ചെമ്പട.

(കല്യാണികളവാണി എന്നപോലെ)

ദക്ഷനാം കചൻതാനും തൽക്ഷണം ഗുരുവിനെ
രക്ഷ നൽകമൂലം പരീക്ഷയായി
ദുഷ്ടരാം ദൈത്യരുടെ കഷ്ടത ഫലിച്ചില്ല
പുഷ്ടിയായുള്ള ഗുണം തട്ടുകയാൽ
അന്നേരം സുവിദ്യയെ നന്നായ് ഗ്രഹിച്ചു കചൻ
വന്ദിച്ചു യാത്രയായി നിന്നനേരം
സുന്ദരിയവരോടു ഖിന്നമായുരചെയ്തു
ഇന്നിപ്പോളെന്തു ബന്ധം തോന്നിതെടോ

ഇണ്ടൽക്കൂടാതായിരത്താണ്ടു വസിച്ചു നമ്മൾ
കണ്ടില്ലിഭാവമിപ്പോളുണ്ടാവാനായ്
കാരണമതുൾചെയ്ക വാരിജേക്ഷണ ഭവാൻ
മാരശരമിനിക്ക പാരിക്കുന്നു
നില്ല നീ കല്യാണാംഗി ചൊല്ലീടുന്നൊന്നിനിത്ഥം
ചൊല്ലെഴും ഗുരുസുതയല്ലോ നീയും
സോദരിയതിനാലും മോദമായെന്നെ രക്ഷാൽ
സാദരം മാതാവല്ലോ വേദവിധി
ഏഷണമതുമൂലം ദോഷംനീ ചൊല്ലീടേണ്ട
തോഷമായ്ത്താതനെ ശുശ്രൂഷിച്ചാലും
പണ്ഡിതനായ കചൻ ഖണ്ഡിച്ചുപറഞ്ഞ തീ-
ക്ഷണ്ഡത്തിലാജ്യം വീണവണ്ണമവൾ
കുണ്ഡലമണ്ഡിതമാം ഗണ്ഡമണ്ഡലലസൽ-
തുണ്ഡവും കുചങ്ങളാൽ മണ്ഡനങ്ങൾ
കണ്ണുനീരൊലിപ്പിച്ചു കണ്ണുകൾ ശൈരമാക്കി
ചണ്ഡിക മഹിഷനൊക്കണ്ടപോലെ
ഉൾപ്പരിതാപമോടേ ചൊല്ലൊണും വിദ്യയെല്ലാം
നിഷ്ഫലമാം നിനക്കെന്നിപ്പോളോതി
ദുർമ്മതിയായ നിൻെറ ദുർമ്മാർഗ്ഗശാപമിതു
ധർമ്മതല്പരനായോരെന്നേലേല്ക്കാ
എന്നെ നീ ശപിക്കയാലിന്നു ഞാൻ വിരവോടു
നിന്നേയും ശാപമിപ്പോളേകുന്നുണ്ട്
നിന്നുടെ മനോരഥമിന്നുതൊട്ടൊരുനാളും
വന്നീടുകില്ലയെങ്ങിനൊന്നു കേൾ നീ
ആരണരായും മുനിമാരായുമുള്ളോരും നിനന്ന

യാരുമേ കൈക്കൊള്ളുവാൻ ചേരാതെയാം
എന്നുരചെയ്തുടനേ വിണ്ണവർപുരം പുക്കു
വനിതാനന്ദത്തോടിരുന്നു കചൻ.

—:*:—

പഞ്ചമവൃത്തം.

പുന്നാഗവരാളി—മുറിയടന്ത

(അപ് മണിമയാഞ്ചെന്നു പള്ളിക്കരോ എന്ന മാതിരി)

ഇന്ദ്രാദികളാം വൃന്ദാരകന്മാർക്ക്
മന്ദേതരമാനന്ദമാസ്ഥാനം
വിദ്യകളെല്ലാം സദ്യോ ഗ്രഹിച്ചുട-
നുദ്യോഗം പൂണ്ടു യുദ്ധാർത്ഥം ദേവകൾ
ഗർവ്വിയാം വൃഷപർവ്വാവിൻ രാജ്യത്തിൽ
സർവ്വരും ചെന്നിരുന്നു മഹാരണ്യേ
കണ്ടിതെല്ലാരും കൊണ്ടൽവേണികളെ
കണ്ടോളം രതിയുണ്ടായിതെല്ലാർക്കും
അപ്സരസ്ത്രീകളെക്കാളിപ്സിതം ജ-
ലപ്ലാവികളിലാസ്വാദം തോന്നുന്ന
തണ്ടലർപൊയ്ക കണ്ടു കുളിപ്പാനായ്
കണ്ടിവാർകുഴലികളുണ്ടന്നേരം
വസ്ത്രങ്ങളും തീരത്തഴിച്ചുവെച്ചു
വിസ്രബ്ധയോടങ്ങൊത്തു കുളിക്കുമ്പോൾ
ചൂതാസ്ത്രമേറ്റു ശക്രനതു കണ്ടു
ചൂതേലും മുലമാരിൽ കുതുകമായി
കാറ്റന്നുമിവരുടെ മാരാലയം

നാണിയ്ക്കുമല്ലോ നാമങ്ങു ചെന്നാകിൽ
വായുവേഷമായ് ചെന്നു കരസ്ക്കുവൻ
മായയാൽ പുടവകളെടുത്തൊക്കെ
ധൂളിച്ചതുകണ്ടു കുമാരിക-
ളോളത്തോടൊരുമിച്ചവർ കേറിനാർ
ആരുമില്ലടുത്തെന്നു കല്പിച്ചവർ
ദൂരെപ്പോയൊരു വസ്ത്രമെടുക്കുമ്പോൾ
വണ്ടാർകുഴലിമാരെ കണ്ടാഗ്രഹ-
മണ്ടർനായകനിലുണ്ടായേററം
പുണ്ഡരീകേക്ഷുപാരവശ്യത്തോടാ-
ഖണ്ഡലൻ പരിഖണ്ഡിതധൈര്യമായ്
ഇന്നു യുദ്ധത്തിനൊവ്വായെന്നോർത്തുക-
ണ്ടിന്ദ്രാദികളുമാത്മാലയം പുക്കാർ.

---

ഷഷ്ഠവൃത്തം.

മോഹനം—ചെമ്പട.

(ശ്രീസോമവംശത്തിലെന്നപോലെ)

കാമിനീകുലമൌലിമാലികമാർ
സാമോദം വസ്ത്രമുടുത്താർ
വാമാക്ഷിയായ ദേവയാനിയുടെ
കോമളമായുള്ള വസ്ത്രം
സംഭ്രമംകൊണ്ടറിയാതെ ശർമ്മിഷ്ഠ
സാമ്പ്രതമോടെയുടുത്തു
അന്നേരമതുകൾചെയ്തു ദേവയാനി

തന്നീടുകയെന്നുടെ വസ്ത്രം
നിന്നുടെ പുടവയിതാ വാങ്ങുക
എന്നോതിപ്പിന്നാലേ ചൊന്നാൾ
നിങ്ങടെ വസ്ത്രം ഞങ്ങൾക്കുടുക്കരു-
തിങ്ങു തരികെന്നു കേട്ടു
ശർമ്മിഷ്ഠതാനും ചൊല്ലിനാളന്നേരം
നിന്മഹിമാനമറിയും
എന്നുടെ താതസ്നേഹമുണ്ടാകയാ-
ലിന്നഹംകാരിയായ് നീയും
വേണമെന്നാലുടുത്തുകൊണ്ടാലും നീ
ഞാനിതു വീഴ്ത്തുകയില്ല
ഇത്തരമധിക്ഷേപിച്ചവരേറ്റു
ചിത്തമിവക്കും ചീറി
അന്നേരം മുനിതന്നുടെ പുത്രിയാം
സുന്ദരി ദേവയാനിയേ
ശർമ്മിഷ്ഠയും സഖികളുമായ് കൂപേ
ദുർമ്മാർഗ്ഗം തള്ളിവീഴ്ത്തിനാർ
പുത്രിയെക്കാണാഞ്ഞത്തൽ മുനിക്കുണ്ടായ്
ധാത്രിയെ വിട്ടു തിരവാൻ
അന്നാളല്ലോ യയാതി നായാട്ടിന്നായ്
സന്തോഷമോടങ്ങു ചെന്നാൻ
ഉന്നതമായ ദാഹമുണ്ടാകയാൽ
മന്നവനംബു നോക്കുമ്പോൾ
കൂപം നിർജ്ജലം ചാരത്തു കണ്ടതിൽ

ഭൂപതിക്കാമ്മാറു കാണായി
മിന്നൽപോലൊരു കന്യകാരത്നത്തെ
മന്ദേതരം കരേററിനാൻ
മന്ദാക്ഷവും പ്രലാപവുമുള്ളൊരു
തന്വംഗിയോടരുൾ ചെയ്തു
നിന്നുടെ താതമാതാക്കളാരെന്നും
ഖിന്നമായ് കൂപേ വീഴ്‌വാനും
കാരണമതു ചൊൽക വിരവോടു
നാരീശിരോമണിമാലേ
പൃത്ഥ്വീശനിത്ഥം ചോദിച്ച നേരത്തു-
ത്തരം കന്യക ചൊന്നാൾ.

---

## സപ്തമവൃത്തം.

### ആനന്ദഭൈരവി—ചെമ്പട.

(മുരവൈരിദേവന്റെ എന്നപോലെ)

ധാത്രീശ കേട്ടുകൊൾക
ദൈത്യാചാര്യാത്മജാ ഞാൻ
സത്യമായൂർജ്ജസ്വതി പുത്രിയല്ലോ
ദേവയാനിയെന്നല്ലോ
കേവലമെന്റെ നാമമേവം
കൂപത്തിൽ വീണഹേതും ചൊന്നാൽ
പുഞ്ചിരിപൂണ്ടരുളി സഞ്ചയതാപം തീർത്തൊ-
രഞ്ചിതനായ ഭവാൻ ചൊൽകാരെന്നു്
എന്നതുകേട്ടടനെ മന്ദഹാസവുംചെയ്തു

സുന്ദരിയോടാന്ദം ചൊന്നാനേവം
സാരസരിപുകുലാധിപനായീടുന്ന ഞാൻ
സാരമാം യയാതിയെന്നെന്റെ നാമം
എന്നുകേട്ടുരചെയ്താളിന്നെന്റെ കൈപിടിച്ചി-
തിന്നു നീയൊഴിഞ്ഞാരും വന്നുകൂടാ
ആയതുകൊണ്ടിപ്പോഴേ നീയെന്നെ
വേട്ടുകൊൾക ന്യായമാം വിധിയുണ്ടോ പോയീടുന്നു
എന്നതു കേട്ടവനും കന്യകയോടരുളി
മന്നവക്കു ചിതോ നീ ചൊന്നതേവം
അന്യോന്യമനുരാഗമിന്നുവന്നാലും പിന്നെ
നിന്നുടെ ജനകനെക്കൊണ്ടിപ്പിക്കേണം
പോയാലും മുനികുലനായകനായ ഭൃഗു
മായമൊഴിഞ്ഞു വന്നുകൂടുംമുമ്പെ
എന്നെല്ലാമരുൾചെയ്തു മന്നവൻ പോയനേരം
കന്യക തരുമൂലേ നിന്നു താപാൽ.

---

അഷ്ടമവൃത്താം.

മലഹരി—മുറിയടന്ത.

(കൊണ്ടൽവേണിയാളെ എന്നപോലെ)

വണ്ടാർകേശിയാൾക്കുണ്ടായ താപാ-
ലിണ്ടലങ്ങേററം പൂണ്ടവളെ
മുന്നം തിരവാൻ ചെന്നവൾ കണ്ടു
പോന്നീടുവാൻ പറഞ്ഞനേരം
ദേവയാനിയന്നേരം ചൊല്ലി

കേവലം ദനുജാധിപൻെറ
രാജധാനിയ്ക്കു പോരികില്ല ഞാ-
നോജസ്സിനിയ്ക്കു പോരായല്ലോ
ശർമ്മിഷ്ഠ ചെയ്ത ദുഷ്കർമ്മങ്ങളെ
ധർമ്മിഷ്ഠ ദേവയാനി ചൊന്നാൾ
അക്കഥ ചെന്നു ശുക്രനോടവ-
ളൊക്കവേ ബോധിപ്പിച്ചുടനെ
ശുക്രനമപ്പോൾ ദുഃഖിച്ചുകൊണ്ടു
വിക്രമത്തോടേ വന്നുടൻ താൻ
എന്മകളേ! നീ നാക്കിതെന്തയ്യോ
കന്മഷാദികൾ തോന്നീടുവാൻ
ബന്ധുക്കളോടു വിദ്വേഷം നീക്കി
സന്തോഷത്തോടേ പോന്നുകൊൾക
പണ്ടൊക്കെമുലയാളുമുത്തരം
സന്താപം താതനോടു ചൊന്നാൾ
ബന്ധുശത്രുസമാനഭേദങ്ങൾ
ചന്തമോടത്തും ഞാനറിവൻ
കാമാദിദോഷമുള്ളവരുടെ
ധാമേ ചെന്നങ്ങു വാഴുന്നതിൽ
താമരബന്ധുസൂനവാലയേ
പ്രേമത്തോടങ്ങു വാഴ്ക നല്ലൂ
പാപികളോടുകൂടി വാഴുകിൽ
പാപമല്ലാതെ വന്നുകൂടാ
ഇത്തരം ദേവയാനിതന്നുടെ

വർത്തമാനത്തെക്കേട്ട ശേഷം
എന്മകളോടുകൂടി ഞാനൊന്നാ-
ങ്ങമ്മുനിവൃഷപർവ്വാവോടു
യാത്രചൊൽകയാൽ വാർത്തകേട്ടവൻ
ഭീത്യാ ചെന്നു ദേവയാനിതൻ
കാക്കൽ വീണടനിന്ദ്രാരി ചൊന്നാൻ
തീക്ക നിൻ ശാപം ചാരുശീലേ
നിന്നുടെ കാംക്ഷ ചൊൽക നീയെന്നാ
ലിന്നു ഞാനതും സാധിപ്പിക്കാം
എങ്കിൽ നിൻസുത ശർമ്മിഷ്ഠയോടു
മങ്കമാരായിരവുമായി
ഇന്നുതൊട്ടെൻെറ ദാസികളായി
വന്നുവെങ്കിൽ ഞാൻ പോന്നുകൊള്ളാം
അങ്ങിനെയവൻ സമ്മതിച്ചപ്പോൾ
മംഗലാംഗിയും സന്തോഷിച്ചാൾ
ശുക്രാത്മജേന്ദ്രാരികളുംകൂടി-
ട്ടൊക്കനിവോടു രാജ്യം പുക്കാർ.

---

നാ ഖ മ വൃ ത്തം.

കുമ്മി.

ഉശാനി—ചെമ്പട.

(പാർത്ഥൻെറ വാക്കുകളെന്നപോലെ)

മംഗലാപാംഗിയാം ദേവയാനി
തുംഗമാം ദാസികളോടുകൂടി

തിങ്കിന മോദേന വാഴുമൊരുകാല-
മിംഗിതമായുള്ളൊരാരാമേ പോയ്
കോമളമായ പൂന്തേൻ കുടിച്ചും
കാമമാസ്സുകപമനുഭവിച്ചും
പ്രേമമോടങ്ങു നടന്നു ചില ഗീത
മാമോദമാസ്സാടി വാഴും കാലം
മോഹം പെരുതേറെ നായാട്ടിനായ്
ദോഹളമോടുടൻ പോയ നേരം
ദാഹം മുഴുത്താശു തണ്ണീർ തിരഞ്ഞാശു
നാഹുഷിയായ നൃപതി ചെന്നു
കണ്ടു കുമാരി ജനത്തിലതി-
ലുണ്ടു പ്രധാനിയൊരുത്തി തന്നെ
കണ്ടാൽ മണിദീപംപോലെ വിളങ്ങുക-
കൊണ്ടുടനിണ്ടലഞ്ഞേററമുണ്ടായ്
കേശാദിപാദാന്തമീക്ഷണത്താ-
ലാശ മുഴുത്തു ചമഞ്ഞുകൊണ്ടു
പേശലഗാത്രിയോടേവമരുൾചെയ്തു
കൂസാതെ വാരിധിമേഖലേശൻ
അംബുജവൈരിസമാനമുഖി
കന്മഷശാലിനി ചാരുശീലേ
നന്മയാലെന്നോടു ചൊൽക നീയാരെന്നു
നിർമ്മലഭാഷിണി പത്മനേത്രേ
എന്നതു കേട്ടൊരു നേരമവ-
ളുന്നത മോദേന ചൊല്ലീടിനാ-

ളിന്ദ്രാദികൾക്കു ഗുരുവാം മുനിയുടെ
നന്ദിതയായുള്ള നന്ദനാ ഞാൻ
ദേവയാനിയെന്നു നാമമെന്റെ
ചൊവ്വാൎക്കാണുന്നിതെൻ ദാസിവൎഗ്ഗം
കേവലം ഞങ്ങൾ കളിപ്പതിന്നായ്വന്നു
പൂവാടികയിൽ മനോഹരമായ്
ആരു ഭവാനെന്നറിവതിന്നായ്
പാരമുണ്ടാഗ്രഹിച്ചീടുന്നു ഞാൻ
നേരോടതുൾ ചെയ്കവേണമെന്നോടത്ര
കാരുണ്യവാരിധേ ചാരുനേത്രാ!
എന്നതു കേട്ടരുൾ ചെയ്താനവ-
ന്ദുകുലേശനാം ഭൂപതി ഞാ-
നന്നതമെന്നുടെ നാമം യയാതിയാ-
മെന്നു ധരിക്കുക മേചലവേണി!
എങ്കിലിന്നെന്നെ നീ വേട്ടുകൊൾക
സങ്കടമുണ്ടാകയില്ല മേലിൽ
പങ്കജാക്ഷിതന്റെ വാക്കു കേട്ടന്നേരം
പങ്കജബാണമേറേറവമൂചേ.

---

ദേവവൃത്തം.

സൌരാഷ്ട്ര—മുറിയടന്ത.

(ദ്വാരകാമന്ദിരമെന്നപോലെ)

ദേവയാനി നിന്റെ വാക്യം കേവലമിനിയ്ക്കു മതം
എങ്കിൽ നിന്റെ താതനോയും ശങ്കേതരം വരുത്തുക

എന്നു ഭൂപൻ ചൊന്ന നേരം മന്ദഭാവം തീൎത്തു തന്റെ
അച്ഛനെ വരുത്തീടിനാളച്ഛാംഗിയാം ദേവയാനി
കാവ്യനാം മുനിയെക്കണ്ടു ദിവ്യനാം യയാതി ഭൂപൻ
സാമഭാവത്തോടെ വന്ദിച്ചാമോദമായ് നിന്നനേരം
വിശ്ലേഷവിശേഷങ്ങളെയച്ഛനോടറിയിച്ചവൾ
തച്ചരിതം കേട്ടു മുനി സച്ഛഭാവത്തോടരുളി
കന്യകാജനങ്ങളുമായന്യോന്യം മോദിച്ചു കൊണ്ടാൽ
ബ്രാഹ്മണരും ക്ഷത്രിയരും തമ്മിൽ ചേൎത്തു കൊള്ളാമെ
(ന്നു

തന്റെ മകളിൽ പ്രേമമുന്നതമായുണ്ടാകയാൽ
നല്ലൊരു ഘോഷത്തോടപ്പോൾ കല്യാണമുഹൂൎത്തകാലേ
പൃത്ഥ്വീശനാം യയാതിക്കു പുത്രിയെക്കൊടുത്തു മുനി
ആജീവനാകാലം നിങ്ങൾ യോജിച്ചു സുഖിച്ചുവാഴ്ക
എന്നുള്ളൊരനുഗ്രഹത്തെ അന്നേരമേകി മുനീന്ദ്രൻ
അന്നേരം ദേവയാനിയാം സുന്ദരാംഗിയോടുകൂടി
ആയിരം ദാസികളോടും ന്യായമാം ശൎമ്മിഷ്ഠയോടും
രാജേന്ദ്രനാം യയാതിതൻ രാജധാനിതന്നിൽ പുക്കു
കാരുണ്യം കലൎന്നുകൊണ്ടു സ്വൈരമായ് സുഖിച്ചുവാണു.

---

കുറത്തിപ്പാട്ടു.

ഇക്ഷിതി ജനങ്ങൾക്കെല്ലാം രക്ഷചെയ്തീടുവാ
ദക്ഷനാം ദക്ഷാരിസൂനോ രക്ഷ മാം ദയാലോ
അക്ഷതഗുണനിധേ വിചക്ഷണ പരാരേ
ലക്ഷ്യമോടന്തകദൂതർ ശിക്ഷ ചെയ്യുന്നേരം

തീക്ഷ്ണമാം നിൻ ചുരികയാൽ വക്ഷസ്സിനെ ത്തേനാം
സൂക്ഷണം ഭേദിച്ചു എന്നെ രക്ഷചെയ്ക നാഥ!
ലക്ഷണമാം തായങ്കാവിൽ ലക്ഷചന്ദ്രപ്രഭാ
പക്ഷഭേദമെന്ന്യേ മേവും ത്ര്യക്ഷപുത്രസ്വാമിൻ
കാൽക്ഷണം നിന്നുടെ കൃപാവീക്ഷണമുണ്ടാവാൻ
സാക്ഷിയോടെ നിൻ പാദത്തെ ശിക്ഷയിൽ വന്ദേഹം.

കേരള സാഹിത്യ അക്കാദമി

# സോമവാരം.

## തിരുവാതിരപ്പാട്ട്.

ചെമ്പകപ്പൂഞ്ചോല തന്നിലന്നു
ചെമ്മേ സുഖിച്ചു തൻ കാന്തനോടും
ഒന്നിച്ചു തന്നെ മരുവീടുന്ന
സുന്ദരി പൈങ്കിളിപ്പെൺകിടാവേ
തേനും കദളി പഴവും പാലും
വേണ്ടുന്നതെല്ലാം തരുന്നതുണ്ട്
ഒന്നുണ്ടു നിന്നോടു ചോദിക്കുന്നു
നന്നായിട്ടെന്നോടു ചൊല്ലീടേണം
സോമവാരത്തിന്റെ നന്മയെല്ലാം
സാമോദമെന്നോടു ചൊല്ലീടേണം
ആരെല്ലാം പണ്ടിതു സേവിച്ചിട്ടു
ആർക്കെല്ലാം നന്മകളുണ്ടായ്വന്നു
മംഗലം നൽകുന്ന സോമവാരം
എങ്ങിനെ സേവിക്ക, വേണ്ടുവെന്നും
വിസ്തരിച്ചെന്നോടു ചൊല്ലീടേണം
സത്യമായുള്ളതു സതാരം നീ
എങ്കിലോ കേൾപ്പിൻ മനസ്സിലുള്ള
ശങ്കകൾ പോവാൻ പറയുന്നു ഞാൻ

ശ്രീഗണനാഥനും വാണിമാതും
ശ്രീകൃഷ്ണൻതാനും ഗുരിക്കന്മാരും
തുണയായിരിക്കേണമെപ്പൊഴുതും
കനിവിനോടെന്നെയനുഗ്രഹിക്ക
സോമകുലത്തിൽ പിറന്നു പണ്ടു
കോമളനായോരു ഭൂമിപാലൻ
ചിത്രവമ്മാവെന്ന നാമത്തോടും
ശക്തനായുള്ളന്നു ഭുവനത്തിങ്കൽ
കീത്തി വളത്തി മരുവുംകാലം
ഇന്ദുലേകറവുവാൻ തക്കവണ്ണം
ഉണ്ടായി വന്നൊരു കന്യകയും
സീമന്തശേഷം ജനിക്കകൊണ്ടു
സീമന്തിനിയെന്നു പേരുമിട്ടു
ചിത്രവമ്മാവുമന്നേരത്തിങ്കൽ
ഉത്തമന്മാരാകുമന്തണരെ
ഒക്കെ വരുത്തി നിമിഷംകൊണ്ടു
സല്ക്കരിച്ചമ്പോടിരുത്തി നന്നാ...
യ്യോദിച്ചു ഭൂപാലവീരനപ്പോൾ
ചോദിച്ചു ഭൂദേവന്മാരോടേവം
പുത്രി പിറന്നോരു നേരത്തിങ്കൽ
നല്ല ഗുണങ്ങളും ദോഷങ്ങളും
ഒക്കെത്തിരിച്ചു പറഞ്ഞീടേണം
ഒക്കെയറിഞ്ഞവരല്ലോ നിങ്ങൾ
എന്നു നരപതി ചോദിച്ചപ്പോൾ

മന്നവൻ തന്നോട ചൊന്നാരല്ലോ
പുത്രി പിറന്നൊരു നേരമിപ്പോൾ
എത്രയും നന്മ നിനസ്സുംതോറും
ഉത്തമനായൊരു രാജപുത്രൻ
ഭർത്താവായ്വന്നിതുമിന്നു നൂനം
നിന്മകൾതന്റെ ചരിതമോർത്താൽ
നന്മകൾ തന്നേ പറവാനുള്ളു
ഭർത്താവിനോട സുഖിച്ചുകൊണ്ടു
പത്തായിരത്താണ്ടിരിക്കുമല്ലോ
അഷ്ടവസുക്കളോടൊത്തു തന്നെ
എട്ടു സുതന്മാരുമുണ്ടായ്വരും
എന്നതു കേട്ടപ്പോൾ മറ്റൊരുത്തൻ
മന്നവൻതന്നോട ചൊന്നാനല്ലോ
നാഴികക്കിന്നുതുടങ്ങി മേലിൽ
കാലം പതിന്നാലു ചെല്ലുന്നേരം
ഭർത്തവില്ലാതെ ചമഞ്ഞു പോകും
സത്യമിതെന്നങ്ങുരച്ചാലും നീ
എന്നവൻ ചൊന്നതു കേട്ടനേരം
മന്നവൻ താനും പരവശനാ-
യ്ച്ചിന്തമുഴുത്തു മനസ്സിൽ പാരം
സന്താപം പൂണ്ടു പറഞ്ഞാനല്ലോ
ദൈവം വരുത്തുന്ന ആപത്തിനാ
ആവതില്ലല്ലോ നിനച്ചു കണ്ടാൽ
എന്നു മനസ്സിൽ നിനച്ചടങ്ങി

മന്നവൻ തന്നുടെ ധൈര്യംകൊണ്ടു
സുന്ദരിയായോരു കന്യകയും
മന്ദം വളൎന്നു തുടങ്ങീതല്ലോ
ആളിജനത്തോടൊരുമിച്ചിട്ടു
കേളിയുമാടി നടക്കും കാലം
അന്നവർ തമ്മിൽ പറയുന്നതു
കന്യകാ കേട്ടു വിശേഷമെല്ലാം
തന്നുടെ വൈധവ്യകാരണത്താൽ
ഖിന്നത പൂണ്ടു ചമഞ്ഞാളേറ്റം
അന്നൊരു താപസി തന്നെക്കണ്ടു
തന്നുടെ സങ്കടമുള്ളതെല്ലാം
കേൾപ്പിച്ചനേരമത്താപസിയും
താല്പര്യമോടെ പറഞ്ഞാളപ്പോൾ
ഖേദിക്കവേണ്ട നീയൊന്നുകൊണ്ടും
മോദിച്ചുകൊൾക നീ സുന്ദരാംഗി
നല്ലതു മേലിൽ വരുവതിന്നായ്
ച്ചൊല്ലുവൻ നല്ലൊരുപായമിപ്പോൾ
സോമവാരത്തിൻനാളീശനേയും
വാമാംഗിമാമലർമാതിനേയും
പൂജിച്ചു തന്നുടെ മാനസത്തിൽ
യോജിപ്പിച്ചീടുക ഭക്തിയോടെ
കാലേ കുളിചെയ്തു നിൎമ്മലമാം
ചേലയും പൂണ്ടഞ്ചു മൌനമായി
പാൎവ്വതിതന്നോടും കൂടി മേവും
ദേവദേവൻ തന്നെ സേവചെയ്തു

പൂജിതന്മാരാകുമന്തണൎക്കു
ഭോജനദാനവും ചെയ്തുകൊണ്ടു
അന്നുപവാസവും ചെയ്തീടേണം
പന്നഗഭൂഷണൻ പാദത്തെയും
തന്വംഗി പാൎവ്വതീപാദത്തെയും
നന്നായ്ത്തൊഴുതു നമസ്കരിച്ചു
ശാശ്വതനായുള്ളോരീശ്വരനെ
വിശ്വസിച്ചീടുന്നോൎന്നു നാഥ
ആധാരമില്ലാത്തോരില്ല നിങ്ങൾ
മാതാപിതാക്കന്മാരെന്നു നൂനം
രക്ഷിച്ചുകൊള്ളണമംബികേ നീ
ഇവണ്ണം ചൊല്ലി സ്തുതിച്ചുകൊൾക
പാൎവ്വതീശങ്കരന്മാരെ നിത്യം
എന്നാൽ നിനക്കു നിനച്ചവണ്ണം
വന്നീടുമെന്നുറച്ചുകൊൾക
താപസിതാനമീവണ്ണം ചൊല്ലി
താപമകററിയനുഗ്രഹിച്ചു
അന്നുതൊട്ടീശനെസ്സേവചെയ്തു
സുന്ദരി കന്യക ഭക്തിയോടേ
വന്നിതു യൌവനം മെല്ലെമെല്ലേ
മന്നവൻ താനതറിഞ്ഞനേരം
പണ്ടു നളന്റെ തനയനായി-
ട്ടുണ്ടായി വന്നിതു ചന്ദ്രസേനൻ
ചന്ദ്രസേനന്റെ തനയനായി

ചന്ദ്രാംഗദനെന്ന നാമത്തോടും
ഉണ്ടായിവന്നിതൊരു നരേന്ദ്രൻ
കണ്ടാൽ മനോഹരമെന്നേ വേണ്ടു
തണ്ടാർശരനാമവനെക്കണ്ടാൽ
കൊണ്ടാടിക്കൊണ്ടു തല കുലുക്കം
ഇങ്ങിനെയുള്ളൊരു മന്നവനു
മംഗലഗാത്രിയാം കന്യകയെ
ചിത്രവർമ്മാവു കൊടുത്താനല്ലോ
എത്രയും നല്ലൊരു നേരംകൊണ്ടു
ചന്ദ്രാംഗദനായ രാജപുത്രൻ
സുന്ദരി തന്നുടെ കൈപിടിച്ചു
പുത്രിതൻ കാന്തനായുള്ളവനെ
ചിത്രവർമ്മാവിൻ ഭവനത്തിങ്കൽ
ബന്ധുക്കളായവരൊക്കെക്കൂടി
ബന്ധം വരുത്തി ചമച്ചുകൊണ്ടു
ചന്ദ്രനും ചന്ദ്രികയെന്നപോലെ
ചന്ദ്രാംഗദനുമക്കന്യകയും
ഒന്നിച്ചുകൊണ്ടങ്ങൊരു ദിവസം
നന്നായ് സുഖിച്ചു വസിക്കുംകാലം
കാലം പതിന്നാലു ചെന്നശേഷം
ബാലകൻ താനങ്ങൊരുദിവസം
കാളിന്ദിതന്നിൽ കളിപ്പതിന്നായ്
ബാലന്മാർ മററും പലരും കൂടി
തോണി കരേറി തിരിച്ചശേഷം

താണിതു തോണി നിമിഷംകൊണ്ടു
വട്ടം ചുഴലും കൊടുങ്കയത്തിൽ
വട്ടത്തിൽ നിന്നു തിരിഞ്ഞു തോണി
പെട്ടന്നവിടെ മറിഞ്ഞുപോയി
കഷ്ടമതിലുള്ള ബാലന്മാർക്ക-
പ്പെട്ട മരണമവിടെത്തന്നെ
ഒട്ട മുതലകൾ കൊണ്ടുപോയി
കണ്ടവരൊക്കെ നിലവിളിച്ചു
മണ്ടിവരുന്നേരം ബാലകരെ
കണ്ടീലൊരേടത്തുമയ്യോ പാപം
കുന്ദുത കൈക്കൊണ്ടവരും ചെന്നു
മന്നവൻ തന്നോടു ചൊന്നാനപ്പോൾ
കാളിന്ദിതന്നിൽ കുളിപ്പതിന്നായ്
ബാലന്മാർ മററും ചിലരുമായി
തോണി കരേറി തിരിച്ചശേഷം
താണിതു തോണി നിമിഷംകൊണ്ടു
വട്ടം ചുഴലും കൊടുങ്കയത്തി-
ല്പെട്ടന്നവിടെ മറിഞ്ഞുപോയി
ചന്ദ്രാംഗദൻതാനും മററുള്ളോരും
ഒന്നിച്ചു താഴുന്ന നേരത്തിങ്കൽ
തീരത്തു നില്ക്കുന്ന ഞങ്ങളെല്ലാം
ആരേയും പോയ്ക്കേട്ടുകണ്ടതില്ല
ഇത്തരമുണ്ടായ വാൎത്തയെല്ലാം
ചിത്രവൎമ്മാവോടു കേൾപ്പിച്ചപ്പോൾ

രാജകുമാരൻ മരിച്ചുവെന്നു
രാജാവുമുള്ളിലുറച്ചുവല്ലോ
ധീരനെന്നാകിലുമന്നേരത്തു
പാരം പരവശനായി വന്നു
എന്തെനിക്കീവണ്ണം വന്നിതെന്നു
ചിന്തിച്ചു പാരം വിഷാദം പൂണ്ടു
മാതാപിതാക്കന്മാരെല്ലാവക്കും
ആധി മുഴുത്തുടൻ ദുഃഖം പൂണ്ടു
സീമന്തിനിതാനുമന്നേരത്തു
ഭൂമിയിൽ മോഹിച്ചു വീണാളല്ലോ
മാറത്തടിച്ചും തലയ്ക്കടിച്ചും
മാറാതെ ദുഃഖം കലന്നുകൊണ്ടു
രോദനം ചെയ്തവളായവണ്ണം
ഖേദം കലന്നു പറഞ്ഞാളേററം
വൃദ്ധന്മാർ മററുള്ള ബ്രാഹ്മണരും
ബുദ്ധി തെളിഞ്ഞങ്ങരികിൽ വന്നു
ദുഃഖങ്ങൾ തീരുവാൻ തക്കവണ്ണം
ഒക്കെപ്പറഞ്ഞുടനാശ്വസിച്ചു
ഖേദം കലന്നവരൊക്കെക്കൂടി
ശേഷക്രിയകൾ കഴിച്ചു പിന്നെ
ഭത്താവു തന്റെ വിരഹംകൊണ്ടു
ചിത്തത്തിലത്തൽ പെരുതായീടും
സീമന്തിനീതാനുമൊന്നുകൊണ്ടും
സോമവാരാച്ചനം മുട്ടിച്ചീല

ദുഃഖങ്ങളൊക്കെ മനസ്സിൽ വെച്ച
നീക്കം വരുത്താതെ ചെയ്താളല്ലോ
വെള്ളത്തിൽ വീണോരു രാജപുത്രൻ
മെല്ലവേ കീഴ്പട്ട ചെല്ലുന്നേരം
സുന്ദരിയായൊരു നാഗപുത്രീ
ചന്ദ്രാംഗദൻതന്നെക്കണ്ടനേരം
കൂട്ടികൊണ്ടങ്ങോട്ടു പോയശേഷം
പെട്ടന്നു പാതാളലോകത്തിങ്കൽ
തക്ഷകൻതന്റെ ഭവനത്തിങ്കൽ
തൽക്ഷണം ബാലനെക്കൊണ്ടുചെന്നു
മോദേന പന്നഗരാജനപ്പോൾ
ചോദിച്ചു രാജകുമാരനോട്ട
ആരെന്നറിഞ്ഞീല നിന്നെ ഞാനും
നേരു പറക ഭയപ്പെടാതെ
എന്നതു കേട്ടപ്പോൾ മോദത്തോടേ
ചന്ദ്രാംഗദന്താൻ പറഞ്ഞാനല്ലോ
മുന്നം നളന്റെ തനയനായി
വന്നുപിറന്നിതു ചന്ദ്രസേനൻ
ചന്ദ്രസേനന്റെ തനയൻ ഞാനോ
ചന്ദ്രാംഗദനെന്നു പേരെനിക്കു
ചിത്രവർമ്മാവെന്ന രാജാവിന്റെ
പുത്രിയായുള്ളോരു കന്യകയെ
വേട്ടു സുഖിച്ചങ്ങവിടെത്തന്നെ
വാട്ടംകൂടാതെ വസിക്കും കാലം

കാളിന്ദിതന്നിൽ കുളിപ്പതിന്നായ്
ബാലന്മാർ മററും ചിലരുംകൂടി
തോണി കരേറി തിരിച്ചനേരം
താണിതു കാളിന്ദിതന്നിൽ തോണി
മററുള്ളവരും മരിച്ചുപോയി
പെട്ടന്നു കീഴ്പട്ടു പോന്നു ഞാനും
ദൈവവിധിയാലിവിടെ വന്നു
കേവലം ബന്ധുവായുള്ള നിന്നെ
കാണ്മാനവകാശം വന്നിതല്ലോ
ജന്മമൊടുങ്ങീലയെന്നോ വേണ്ടു
അച്ഛനുമമ്മയും ബന്ധുക്കളും
എൻമൂലം ദുഃഖിച്ചിരിക്കുമല്ലോ
വൈധവ്യത്തോടെൻെറ ഭാര്യതാനും
ആധി മുഴുത്തു വസിക്കുമല്ലോ
എന്നു പറഞ്ഞൊരു ബാലനോടു
പന്നഗരാജൻ പറഞ്ഞാനല്ലോ
ഖേദിക്കവേണ്ടാ നീയൊന്നുകൊണ്ടും
ഖേദം കളഞ്ഞങ്ങയക്കുന്നുണ്ടു
ആടൽ കൂടാതെ വഴിയറിവാൻ
കൂടപ്പോന്നീടുവാനിങ്ങുനിന്നു
കല്പിച്ചയക്കാം ചിലരെക്കൂടെ
അല്പമിവിടെ വസിച്ചാലും നീ
സർപ്പേന്ദ്രൻതന്നുടെ വാക്കു കേട്ടു
തൽപ്പുരം തന്നിൽ വസിച്ചാനല്ലോ

ബാലകൻതാനും സുഖിച്ചുകൊണ്ടു
കാലവും മൂന്നു കഴിഞ്ഞശേഷം
തെററന്നൊരു നാഗബാലനേയും
മറെറാരു രാക്ഷസബാലനേയും
നാഴികക്കായിരം കാതമോടും
വായുവേഗംപൂണ്ട വാജിയേയും
പാൎത്ഥിവരാജനെ യാത്രയാക്കി
തീൎത്തുകല്പിച്ചു ഭുജംഗരാജൻ
ദിവ്യരത്നങ്ങൾ പലതരത്തിൽ
ദ്രവ്യങ്ങളററമില്ലാതവണ്ണം
നല്കിക്കനിവോടു ബാലനേയും
പുല്കിപ്പറഞ്ഞു നീ പോകയെന്നും
ചന്ദ്രാംഗദനതു വാങ്ങിക്കൊണ്ടു
വന്ദിച്ചു യാത്രയും ചൊല്ലിക്കൊണ്ടു
നാഗകുമാരനും രാക്ഷസനും
ഒന്നിച്ചുതന്നെ കുതിരയേറി
മന്ദേതരം ചെന്നു കാളിന്ദിയിൽ
അത്തലകന്നവർ മൂവരുമാ-
യ്യെല്ലേ കളിച്ചു നടക്കുന്നേരം
സുന്ദരി കന്യക ഭക്തിയോടെ
വന്നു കുളിപ്പതിന്നായിക്കൊണ്ടു
ആളിജനങ്ങളുമൊന്നിച്ചിട്ടു
കാളിന്ദിതന്നിലിറങ്ങിയപ്പോൾ
ചന്ദ്രാംഗദനായ രാജപുത്രൻ

കേരള സാഹിത്യ അക്കാദമി

മംഗല്യസൂത്രം കളഞ്ഞുകൊണ്ടു
ദുഃഖമുണ്ടായൊരു ഭാവത്തോടും
നില്ക്കുന്ന കന്യകയോടു മോദാൽ
ചാരത്തുതന്നെ വിളിച്ചുകൊണ്ടു
സാരസ്യവാക്കു പറഞ്ഞാനേവം
ആരുനീയായതു ബാലേ നിൻെറ
പേരും കുലവും ചരിതങ്ങളും
ഉത്തമയാകിയ നിന്നുടെയ
ഭത്താവായുള്ളവനേവനൊന്നും
ദുഃഖം കളഞ്ഞു പറക നീയും
ദുഃഖമുണ്ടായൊരു ഭാവത്തോടും
നില്ക്കുന്നതു കണ്ടെനിക്കുമെൻെറ
ഉൾക്കാമ്പിൽ ഖേദം വളരെയുണ്ടു
ആദികാലത്തു നിനക്കിവണ്ണം
വൈധവ്യദുഃഖം ഭവിച്ചതെന്തേ
ദേഹം മെലിഞ്ഞു കറുത്തുകൊണ്ടു
മോഹം വെടിഞ്ഞു വസിച്ചതെന്തേ
എന്നതു കേട്ടോരു കന്യകയും
ഒന്നും പറഞ്ഞുകൂടാതെ നിന്നു
നാണവും ഖേദവും പൂണ്ടുകൊണ്ടു
ആനനം കുമ്പിട്ടു നിന്നാളപ്പോൾ
കന്യകതൻെറ സഖികളായ
കന്യകമാരും പറഞ്ഞാരല്ലോ
ചിത്രവമ്മാവെന്ന രാജാവിൻെറ
പുത്രിയിവളെന്നറിഞ്ഞുകൊൾക

സീമന്തിനിയെന്നു പേരിവൾക്കു
കോമളരൂപം ധരിച്ചുകൊൾക
ചന്ദ്രസേനന്റെ തനയനായ
ചന്ദ്രാംഗദൻ തന്റെ ഭാൎയ്യയിവൾ
ഇപ്പോളിവളുടെ കാന്തൻതന്നെ
ഇപ്പുഴതന്നിൽ മരിച്ചുപോയി
ഇങ്ങിനെ വൈധവ്യം വന്നമൂലം
മംഗലഗാത്രിയാം കന്യകയ്ക്കു
സോമവാരാച്ചനം പണ്ടേയുണ്ടു
വാമാംഗിക്കന്നുതൊട്ടിന്നയോളം
വന്നു കുളിപ്പതിന്നായിക്കൊണ്ടു
വന്നിതു ഞങ്ങളിരുവരുമായ്
എന്നു സഖിയും പറഞ്ഞനേരം
കന്യകതാനും പറഞ്ഞാളല്ലോ
എന്നുടെ വൃത്താന്തം ചോദിപ്പാനായ്
നിന്നുള്ളിൽ തോന്നുവാനൊന്നുമൂലം
ഇത്ര കൃപയുള്ള നിന്നുടയ
വൃത്താന്തം കേൾക്കേണമിന്നെനിക്കു
എന്നു പറഞ്ഞവൾ മന്നവനെ
നന്നായി സൂക്ഷിച്ചു നോക്കുന്നേരം
രൂപഗുണംകൊണ്ടും വാക്കുകൊണ്ടും
ഭത്താവെന്നുള്ളൊരു ശങ്കതന്റെ
ചിത്തത്തിലുണ്ടായി കന്യകയ്ക്കു
രാജകുമാരനുമന്നേരത്തു

വ്യാജമോടേവം പറഞ്ഞാനല്ലോ
ഭർത്താവുതന്റെ സഖികളായ
സിദ്ധന്മാരായതു ഞങ്ങളല്ലോ
മൃത്യു ഭവിക്കാതെ വാണുകൊണ്ടു
സ്വസ്ഥനായ്വാഴുന്നു കാന്തനിപ്പോൾ
സുന്ദരീ നിന്നോടിവണ്ണം ചൊൽവാൻ
ചന്ദ്രാംഗദൻതാൻ പറഞ്ഞയച്ചു
ഞാൻ മരിച്ചീടുകകൊണ്ടു ഖേദം
തേന്മൊഴിക്കേതുമേയുണ്ടാകേണ്ട
ഭാനുലോകത്തു സുഖിച്ചുകൊണ്ടു
വാണീടുന്നുണ്ടു ഞാനിന്നായോളം
സോമവാരത്തിന്റെ നിഷ്ഠയോടെ
വാമാംഗിതാനിങ്ങിരിക്കമെന്നും
കേട്ടു ഞാനിങ്ങു വസിച്ചീടുന്നു
മട്ടോലുംവാണിയെ കാണ്മതിന്നാ-
യൊട്ടും വൈകാതെ വരുന്നതുണ്ടു
ഇങ്ങിനെ നിന്നോടു ചൊൽവതിന്നായ്
ഞങ്ങളെച്ചൊല്ലിയയച്ചതിപ്പോൾ
മുമ്പിൽ നടന്നിതു ഞങ്ങളെല്ലാം
പിമ്പേ വരുന്നുണ്ടു രാജപുത്രൻ
നീ കളിച്ചങ്ങോട്ടു ചെല്ലുംമുമ്പേ
നിന്നുടെ കാന്തൻ വരുമവിടെ.
വ്യാകുലമേതുമേയുണ്ടാകേണ്ട
എന്നു പറഞ്ഞവർ മൂവരുമായ്-

കന്യകതന്നോട്ട യാത്രചൊല്ലി
ചിത്രവമ്മാവിൻ ഭവനത്തിങ്കൽ
സത്വരം ചെന്നു നമസ്കരിച്ചു
വന്ദിച്ചുനിന്നോരു ബാലരോട്ട
നന്നായിച്ചോദിച്ചു ഭൂമിപാലൻ
ആരെന്നറിഞ്ഞീല നിങ്ങളെ ഞാൻ
നേരു പറഞ്ഞാലുമെന്നോടിപ്പോൾ
ചന്ദ്രാംഗദൻ താനുമന്നേരത്തു
നന്നായിക്കേൾപ്പിച്ചാനുള്ളവണ്ണം
നന്മകൾതന്നേ വിവാഹംചെയ്തു
നന്മകലന്നു വസിക്കുംകാലം
കാളിന്ദിതന്നിൽ കുളിപ്പതിന്നായ്
തോണി കരേറി തിരിച്ചനേരം
തോണി മറിഞ്ഞു മുഴകിപ്പോയി
മെല്ലവേ താണങ്ങു ചെല്ലുന്നേരം
നല്ലൊരു നാഗസ്ത്രീതന്നെക്കണ്ടു
കല്യാണത്തോടങ്ങു നാഗനാരി
എന്നെയുംകൊണ്ടങ്ങു പാതാളത്തിൽ
പന്നാഗരാജനാം തക്ഷകൻെറ
മുമ്പിലാമ്മാറങ്ങു കൊണ്ടുചെന്നു
പന്നാഗരാജനുമെന്നെക്കണ്ടു
വൃത്താന്തമെന്നോട്ട ചോദിച്ചപ്പോൾ
നേരായിട്ടൊക്ക പറഞ്ഞു ഞാനും
കെല്പോടെനിക്കു സഹായമായി
ഇക്കുമാരന്മാരിരുവരേയും

വേഗേന പോവതിനായിക്കൊണ്ടു
തന്നെ കുതിരയിതെന്നറിക
മാമകവാക്യമതെല്ലാം സത്യം
ആമോദമോടെ ധരിച്ചീടേണം
അച്ഛനുമമ്മയും ബന്ധുക്കൾക്കും
സമ്മതന്മാരായ മററുള്ളോക്കും
ചിത്തസന്തോഷമിതെന്തു ചൊൽവാൻ
നിർദ്ധനന്മാർ നിധി കണ്ടപോലെ
മിത്രനെക്കണ്ടൊരു പത്മംപോലെ
വെള്ളത്തിനാത്തി മുഴുത്തുകൊണ്ടു
അല്ലൽകൈക്കൊണ്ട പശുക്കളെല്ലാം
പാരം തളന്നു നടക്കുന്നേരം
നേരേ ജലാശയം കണ്ടപോലെ
വേഴാമ്പൽ മേഘത്തെക്കണ്ടപോലെ
കൊണ്ടാടി മേവുന്നു ലോകരെല്ലാം
നന്നായ് സുഖിച്ചങ്ങു വാണവരും.
ഇങ്ങിനെ ചൊല്ലിക്കിളിമകളും
സന്തോഷമോടു പറന്നുപോയി.

സോമവാരം തിരുവാതിരപ്പാട്ടു
സമാപ്തം.

# മോഹിനീമഹേശ്വരം

## തിരുവാതിരപ്പാട്ട്.

---

### വന്ദനശ്ലോകം

നീലക്കാർമുകിൽ വേണിമാരൊടു രസിച്ചാനന്ദപൂരത്തൊടും
ലീലയ്ക്കൊത്തസുഖം കളിന്ദസുതതൻ തീരേ നിശായാം മധ്യേ
ബോധാൎക്കപ്രഭതേടിടുംപടി പരം ശോഭിക്കുമാ ബാലകൻ
മാലൊക്കെ പ്രതിസംഹരിച്ചു സതതം മേലോട്ടു പാലിക്കണം.

### വൃത്തം—൧.

**മധുരമൊഴി എന്നപോലെ.**

കിളിമകളെ വന്നാലുമെന്നരികിൽ
തെളിവിനൊടു പാലും പഴവും നൽകാം
ഭുജഗവരപര്യങ്കേ വാണരുളും
അജനമലനാംബുജനാഭൻ മുന്നം
ഭുജഗധരനീശ്വരൻ കാംക്ഷിക്കയാൽ
നിജകപടാൽ മോഹിനിവേഷം പൂണ്ട
ചരിതമിതുനേരം നീ ചൊല്ലീടേണം
കരുണയെഴും പെൺകിളിത്തങ്കമാലേ
ഇതി മൊഴികൾ കേട്ടു കിളിമകളും
മതിതെളിയുമാറു പറഞ്ഞാളേവം
കരിവദനനാകും ഗണപതിയും
സരസിജപത്രാക്ഷിയാം ഭാരതിയും
മുരഹരനാം വൃഷ്ണികുലേശ്വരനും

പുരമെരിചെയ്തൊരു പരമീശനും
ഗിരിസുതയായീടും ശ്രീപാൎവ്വതിയും
പെരികെ ഗുണമാൎന്നൊരെന്നാചാൎയ്യനും
ധരണിതലവാസികൾ മററുള്ളോരും
വരമരുളീടേണം മേ വേണ്ടപോലെ
തരുണിമണിമാൎക്കു രസിക്കുവാറായ്
ഒരു കഥയേതെന്നു തിരഞ്ഞെടുത്തു
മധുരിപുതാൻ മോഹനിവേഷം പൂണ്ട
കഥയതു ഞാൻ ചൊല്ലുന്നോറല്ലലെന്യേ

---

വൃത്തം—൫.

ക.മാശി—ചെമ്പട.

ഗോപീപതേ ഗോപതേ പാഹി മാമിധേ
ഗോപീപതേ ഗോപതേ
കാരണപൂരുഷ വാരിജദളനയനാ (ഗോപീ)
താപസസേവിത താപതിമിരശമനാ (ഗോപീ)
യാദവവംശജ പീതരുചിരവസനാ (ഗോപീ)
മാധവ ഞാൻ തവ പാദതളിർ പണിയുന്നേൻ
ഗോപീപതേ ഗോപതേ പാഹി മാമിധേ.

---

വൃത്തം—൬.

മതിമുഖി എന്ന മട്ടിൽ.

സാരസാക്ഷിമാരായിടുമപ്സരസ്ത്രീവൃന്ദം പണ്ടു
ഭാരതഖണ്ഡത്തെക്കണ്ടു സഞ്ചരിക്കുമ്പോൾ
ദുൎവ്വാസാവാം മുനീന്ദ്രനെക്കണ്ടു മാൎഗ്ഗമദ്ധ്യത്തിങ്കൽ

നിവ്വ്യാജകാമിനിമാരും വന്ദനം ചെയ്തു
ദിവ്യമായിട്ടൊരു മാല കാഴ്ചവെച്ചു നേരം മുനി
ഭവ്യവും ഭവിക്കയെന്നങ്ങനുഗ്രഹിച്ചു
മാലയും കൊടുത്തു നാരിമാർ മറഞ്ഞ നേരത്തിങ്കൽ
ആലോചിച്ചു മുനിവരൻ മാനസതാരിൽ
യോഗവും ധരിച്ചു ജടാവല്ക്കലവും പൂണ്ടിരിക്കും
യോഗിയാമെനിക്കു മാലയെന്തിനു പാത്താൽ
സവ്വലോകത്തിനുമൊരു കാരണാത്മാവായീടുന്ന
നിവ്വികാരനല്ലോ നമുക്കാശ്രയമിപ്പോൾ
ആയതുകൊണ്ടായതവിലോചനനു നൽകീടേണം
മായാഹീനമെന്നാൽപരം ചിന്തിച്ചാൽ
കാമശീലൻ കാമദൻ കാമിനിമാക്കു ദാസനവൻ
ഭൂമിയും രമയും രണ്ടു ജായമാരുണ്ടു
രണ്ടുപേക്കുമൊരുപോലെ പകുത്തു നൽകിടും വേഗം
ഉണ്ടാകയില്ലിതിനൊരു വികല്പമല്പം
ധന്യനായിരിപ്പോരു പുരുഷനവനൊന്നാകിലും
ഇന്നിതോക്കിൽ കൊടുപ്പതു ശരിയല്ലല്ലൊ.

## വൃത്തം ൪.

### കാന്തി.

ചന്ദ്രശേഖരനു നൽകീടുന്നതാകിലെന്നെ
സാന്ദ്രമോദമെടുത്തീശൻ ചൂടുവാൻ ഭാവിച്ചാൽ
ഉല്പലാക്ഷിയായൊരു ഗിരിസുതയാം ദേവി
അപ്പൊഴേ പകുത്തുവാങ്ങുമപ്പുകുതിമാല

കാമദാഹത്തിന്റെ പ്രതിഹാരമായിപ്പണ്ടു
സോമചൂഡനായിടുന്ന തന്നുടെ കാന്തന്റെ
പാതിദേഹം പകുത്തു കൈക്കൊണ്ടതു നിനക്കിൽ
പാതിമാല കിട്ടിടാതെയേതും മടങ്ങില്ലാ
എന്നതോക്കിൽ കൃത്തിവാസസ്സിന്നു നൽകീടൊല്ലാ
പിന്നെയാക്കായിന്നീമാല നൽകീടേണ്ടതിപ്പോൾ
നാന്മുഖനു കൊടുത്തീടിലേററമുണ്ടനത്ഥം
നാന്മുഖത്തിലും പകുത്തണിഞ്ഞീടും വിരിഞ്ചൻ
യാതൊരു കേടും വരാതീ മാലയെ ധരിപ്പാൻ
ഏതൊരു പുരുഷനെന്നു ചിന്തചെയ്തു പിന്നെ
വിക്രമജലധിയാകും ശക്രനിന്നീമാല
തൽക്രമംപോൽ ചൂടീടുവാനുത്തമൻ നിനക്കിൽ
എന്നുറച്ചു വാസവനെ ചിത്തതാരിലോർത്തു
നിന്നനേരമൈരാവതം തന്മുകളിലേറി
വന്നിറങ്ങീ പുരുഹൂതൻ മാമുനീന്ദ്രം കണ്ടു
വന്ദനവും ചെയ്തു ദൂരേ മാറി നിന്നശേഷം
സാദരം കൊടുത്തു മലർമാല മാമുനീന്ദ്രൻ
മോദപൂർവ്വം പുരന്ദരൻ കൈത്തലേ ഗ്രഹിച്ചു.

---

വൃത്തം—൭.

ഓട്ടംമൃഗങ്ങൾ എന്നപോലെ.

മാലയും കൈക്കൊണ്ടു ദേവരാജാധിപൻ
ചേലോടെ ഹസ്തിഗളത്തിൽ കേറി
ചിത്തേ വളന്ന കുതൂഹലത്തോടുട-
നിത്തിരിനേരമിരുന്നശേഷം

സപത്മന്ദമാലയെ മൌലിയിൽ ചേൎക്കുവാൻ
ഇച്ഛവളന്നു ദിവസ്പതിയും
ഹസ്തിവീരൻ തന്റെ മസ്തകമദ്ധ്യത്തിൽ
അത്ത്യരാമാലയും വെച്ചു പിന്നെ
കുന്തളം കൈകൊണ്ടഴിച്ചു പതുക്കവേ
സന്തോഷമോടെ വിട്ടുന്നേരം
ഭംഗി കലൎന്നോരു മാലതൻ സൌരഭ്യം
എങ്ങും നിറഞ്ഞു ചമഞ്ഞതുലം
കല്പകത്തേനുണ്ണും ഷൾപ്പദവ്രാതങ്ങൾ
അപ്പോഴേ വന്നു നിറഞ്ഞു തത്ര
ഹസ്തീന്ദ്രൻ തന്നുടെ മസ്തകസീമനി
മത്തഭൃംഗങ്ങൾ നിറകയാലേ
പാരമുപദ്രവമെന്നുറച്ചു കരി-
വീരനാമാലയെടുത്തുടനെ
പാരിലിട്ടാശു ചവിട്ടിക്കളഞ്ഞതു-
നേരം വിറച്ചു മഹേന്ദ്രൻതാനും
വൃത്താന്തമാഹന്ത കണ്ടു ദുൎവ്വാസാവും
ക്രുദ്ധനായിട്ടു ശപിച്ചു ശക്രം
വൃത്രാരേ നിന്നുടെ ചേഷ്ടിതമെത്രയും
ഉത്തമമല്ലോ നിനച്ചുകണ്ടാൽ
നിന്ദപെരുത്ത നിനക്കും നിൻ ഭാഗ്യസ്ഥം
പിന്നെ ദിവത്തിലുള്ളെല്ലാവൎക്കും
ഇന്നുതുടങ്ങി ജരാനരയും വന്നു
ഖിന്നതയോടെ വസിപ്പിൻ നിങ്ങൾ.

വൃത്തം—൩.

**ഇങ്ങിനെയുള്ള മംഗലങ്ങൾ എന്ന മട്ടിൽ.**

ഇത്തരം മുനിതന്റെ ശാപത്തെ
സത്വരമിന്ദ്രൻ കേട്ടുടൻ
ചിത്തതാപം കലൎന്നു പാരമാ-
യത്ത്യരം വിവശപ്പെട്ടു മന്ദം
മാമുനിതൻ നികടത്തിൽ
ചെന്നു വന്ദിച്ചു ചൊല്ലിനാൻ
മാമുനിശ്രേഷ്ഠാ ത്വല്പാദപത്മേ
സാമോദം നമിക്കുന്നു ഞാൻ
കുററമിങ്ങല്പം ചെയ്തെന്നാകിലും
മററാരുണ്ടെന്നെ രക്ഷിപ്പാൻ
ആധാരമിജ്ജനങ്ങൾക്കു പാൎക്കിൽ
നാഥാ നിയ്യൊഴിഞ്ഞാരഹോ
ആമയം തീൎത്തു രക്ഷിച്ചീടേണം
മാമുനീന്ദ്രാ നമസ്കാരം
വൃത്രാരിതന്റെ വാക്കുകൾ കേട്ടു
ചിത്തേ സന്തോഷം വഹിച്ചു
ഉത്തരമുരചെയ്തു മാമുനി-
സത്തമൻ താനുമപ്പൊഴേ
ക്ഷീരവാരിധിയെക്കടയുകിൽ
സാരമാമമൃതുണ്ടാകും
പാരാതെയതു സേവിക്കിലുടൻ
തീരും ശാപവുമപ്പൊഴേ

എന്നതു കേട്ടു മാമുനീന്ദ്രനെ
വന്ദിച്ചു ചൊന്നാർ പിന്നെയും
പീയൂഷമെന്നു ചിന്തിക്കാ-
തിയ്യുള്ളോരെന്തു ചെയ്യുന്നു
ഖേദിക്കേണ്ടാ നിയ്യൊന്നുകൊണ്ടും
സാധിച്ചീടുമുദ്യോഗിച്ചാൽ
എല്ലാംകൊണ്ടും ഭവിക്കും സൌഖ്യവും
സ്വർല്ലോകേശ്വര പോയാലും
ഇത്തരം മുനിതാനരുൾ ചെയ്തു
സത്വരമെഴുന്നെള്ളി താൻ.

---

വൃത്തം—൧.

ഘോടകക്കാർമുകിൽവർണ്ണൻ എന്ന മട്ട്.

ദേവരാജനാം ശക്രനന്നേരം
ദേവലോകമകം ചെന്നുപുക്കു
വൃത്താന്തങ്ങളശേഷം സുരന്മാ-
ർക്കുൾത്താപത്തോടറിയിച്ചുരച്ചു
കഷ്ടം നമ്മുടെ കർമ്മദോഷത്താൽ
കഷ്ടപ്പാടുകളേറ്റമുണ്ടായി
പീയൂഷത്തെയെടുപ്പതിനായി-
ട്ടിയ്യുള്ളോരെന്തുചെയ്യുന്നതിപ്പോൾ
ഏതായാലും നാം വൈകാതെ തന്നെ
വേധാവിൻ നികടത്തിൽ ഗമിക്കാം
എന്നാൽ വേണ്ടുന്ന കാര്യമെല്ലാം

റന്നായിട്ടരുൾചെയ്യും സ്വയംഭൂ
പോകാമെന്നു പുറപ്പെട്ടു വേഗം
പാകശാസനാദിദ്ദേവകളോടും
ചെന്നുചേർന്നുടൻ സത്യലോകത്തിൽ
മന്ദം കണ്ടു വണങ്ങി വിരിഞ്ചം
സുത്രാമാവിനെ കണ്ടു സഹസ്ര-
പത്രസംഭവൻ താനരുൾചെയ്തു
വൃത്രാരേ വിചിത്രാകൃതിയിത്ഥം
കുത്രനിന്നു ലഭിച്ചു കഥിക്ക
ഗീർവ്വാണേന്ദ്രനരുൾചെയ്തിതപ്പോൾ
ദുർവ്വാസാമുനിതന്നുടെ ശാപാൽ
ഈവിധത്തിലെല്ലാമകപ്പെട്ടു
കേവലം ബന്ധു നീയൊഴിഞ്ഞില്ല
ക്ഷീരസാഗരത്തെക്കടഞ്ഞിപ്പോൾ
സാരമായൊരമൃതെടുത്തെന്നാൽ
ശാപമോക്ഷം ഭവിക്കുമതിനാൽ
താപശാന്തിയും നേരിടുമല്ലൊ
അബ്ജ്ജോജാസനാ നിയ്യൊഴിഞ്ഞിന്നീ
ദണ്ഡം തീർപ്പതിനാരുവാനിപ്പോൾ
ദേവരാജന്റെ വാക്കുകൾ കേട്ടി
ട്ടേവം നാന്മുഖൻ താനരുൾചെയ്തു.

—*—

വൃത്തം വൃ.

**മതിമാനാകിയ കാശ്യപൻ എന്ന മട്ടിൽ**

സുരനായക പുരുഹൂതപാലാരേ
ഗിരമിന്നെന്നുടെ കേൾക്ക ജവത്തിൽ

ഇതിനൊന്നാലൊരു കഴിവുമതില്ലാ
കളിയല്ലിഹ ഞാൻ ചൊല്ലീടുന്നു
മതികലധരനെക്കണ്ടെന്നാകിൽ
പൊതുവെ താപനിവൃത്തി വരുത്തും
കാലാരാതിയെ വന്ദിപ്പാനായ്
കാലം വൈകീടാതെ പോകാം
എന്നുരചെയ്തു തിരിച്ചു മരാളം-
തന്നുടെ മുകളിൽ കേറി വിരിഞ്ചൻ
നിർജ്ജരരോടു സമേതം ചെന്നു
ധൂർജ്ജടിതന്നെക്കണ്ടു വണങ്ങി
ചരിതമതെല്ലാമറിയിച്ചപ്പോ-
ളുരചെയ്താൻ ഗിരിജാപതി മന്ദം
നമ്മാലേറ്റമസാദ്ധ്യമിതിന്നോ
ചെമ്മേ പാൽക്കടൽതീരം പുക്കു
ലക്ഷ്മീകാന്തനൊടൊക്കെച്ചൊന്നാൻ
തൽക്ഷണമൊക്കെ ലഭിക്കും കാര്യം
സരസിജനേത്രൻ കരുണയുദിച്ചാൽ
പരമെന്തൊന്നു ലഭിച്ചീടേണ്ടു
വന്നീടാം ഞാനെന്നരുൾചെയ്തു
മന്ദം ഗിരിസുതതന്നൊടുകൂടി
നന്ദിഗളത്തിൽ കേറി ഗിരീശൻ
ഖിന്നതയെന്യേ യാത്രയുമായി
അമരന്മാരൊടുമൊരുമിച്ചപ്പോൾ
കമലദളാക്ഷനിരുന്നരുളീടും

അണ്ണവതിരേ ചെന്നു മുരാരിം
തിണ്ണം കണ്ടഥ വീണു വണങ്ങി.

---

വൃത്തം—൯.

പുന്നാഗവരാളി—ചെമ്പട

ശരണം ശരണം പത്മനാഭാ മേ ശരണം ശരണം
അരുണപങ്കജനാഭാ പരിപാഹി വിഭോ-ശരണം
ഭുജഗശയ്യയിൽ വാസമരുളും ഭൂപതേ വിഷ്ണോ
ഭുജഗഭൂഷണവന്ദ്യ ഭുവനനായകാ പോററി-ശരണം
അമരന്മാർ ഭവല്പദകമലവന്ദനം ചെയ്യാൻ
സമുദ്രിതമതികളായി കമനീയാകൃതെ വന്നു-ശരണം
ഉരുതരകുപിതനായൊ മുനിവരൻ തന്റെ
പെരുതാകിയൊരു ശാപം അരുതയ്യോ വഹിപ്പാനായി-
(ശരണം
സരസിജദളനേത്ര കരുണാപീയൂഷപാത്ര
അരുണശോഭനവക്ത്ര പരിപാഹി വിധിമിത്ര
അരുണശോഭനവക്ത്ര പരിപാഹി പാഹി വിധിമിത്ര
ശരണം ശരണം പത്മനാഭാ ശരണം.

---

വൃത്തം—൧൦.

ഹിന്തുസ്ഥാനി കാപ്പി

താപംപോക്കുക ദേവഗണങ്ങളെ താപം
ഖേദശമനത്തിനു നീതികളാമെ-താപം
കൊപമുൾക്കൊണ്ടു മുനിശാപമരുളിയതും
ആകവെയറിഞ്ഞിതു മാനസതാരിൽ മുന്നം-താപം

മായമെന്നിയെ സുധാപാനം ചെയ്യതിനായി ന്യായമോ
(തിടാം

ദേവനായകശിരോമണേ-താപം
ദാനവരൊടു നിങ്ങൾ ധീനതകളഞ്ഞിനി
മാനമുൾക്കൊണ്ടു യോജിക്കേണമീസമയത്തിൽ-താപം
മന്ദരപൎവ്വതത്തെ ഇന്നിഹ വരുത്തേണം
പന്നഗവാസുകിയും വന്നീടണമിപ്പോഴെ—താപം
കാരിയമിതിനെല്ലാം നേരിനോടൊരുങ്ങുവാൻ
ധീരതകലൎന്നീടും മാരരിപുവുണ്ടല്ലൊ-താപം.

---

വൃത്തം—ഫ.

മാധവൻതന്റെ വാക്യമീദൃശം കേട്ടനേരം
സാദരം പുരാരാതിമോദമോടെ
തങ്ങളിൽ കുറഞ്ഞൊന്നു തിങ്ങിന രസംകൊണ്ടു
മംഗലശീലന്മുഖം നോക്കി മെല്ലെ
അസുരജാതികളെ കൊണ്ടുവന്നീടുവാനായ്
ഭാസുരമനസ്സോടെ പോകുന്നതാർ
നമ്മുടെ ഭടജ്ജനം ചെന്നു വൈകാതെ
കൊണ്ടുവന്നീടവേണമിപ്പോൾ ദാനവരെ
എന്നുരചെയ്തു നാഥനിന്ദിരദേവിയോടും
മന്ദമിരുന്നതുളിമോദം
വിഷ്ണുഭൂതന്മാരെല്ലാം തൃഷ്ണകൈക്കൊണ്ടുവേഗം
ഉഷ്ണമകന്നു ദനുജാലയത്തിൽ പുക്കു വൃത്താന്തമൊക്കെ
തക്കംപോലറിയിച്ചാരക്കാലമസുരരുമോത്തു ചൊന്നാർ

ദുർവ്വിധമീയന്നൊരു ഗീർവ്വാണന്മാർമേലിൽ
ഗർവ്വമകന്നുകൊണ്ടു വാണുകൊള്ളാം
ഉള്ളിലുള്ളഹമ്മതി തള്ളലിനുടെ നല്ല
തുള്ളലുകൊണ്ടീവിധമായിത്തീർന്നു
ഞങ്ങളോ പണ്ടേതന്നെ നിന്ദ്യന്മാരല്ലോ
പിന്നെ ഞങ്ങളെ വിളിക്കുവാൻ കാര്യമുണ്ടോ
വേണ്ടാതെയുപേക്ഷിച്ച ഞങ്ങളിനിവിടത്തിൽ
കുണ്ഠരായ്വരുന്നതും യോഗ്യമല്ലാ
ശത്രുക്കളോടുകൂടെ മിത്രത ചേരുന്നതിൽ
മൃത്യു ഭവിക്ക നല്ലതോർത്തുകണ്ടാൽ
പോകുവിൻ നിങ്ങൾ ചെന്നങ്ങാകവേ വർത്തമാനം
പാകശാസനസഖിയോടു ചൊൽവിൻ
എന്നതു കേട്ടു ദൂതവൃന്ദവും പുറപ്പെട്ടു
ചെന്നു പാലാഴിതന്നിൽ വേഗമോടെ
ദാനവാരാതിയോടു ദാനവന്മാർ പറഞ്ഞ
ദീനവാർത്തകളോതിയാനന്ദത്താൽ.

—*—

വൃത്തം—൫൨.

മാറുള്ള ഗോപിമാർ എന്നപോലെ

നന്നൊന്നു ഭൂതേശൻ തന്നുടെ ഭൂത-
വൃന്ദത്തിൽ മുമ്പനോടാശു പറഞ്ഞു
ചെന്നു വരുത്തുക ദാനവരെ നീ
എന്നതു കേട്ടൊരു ഭൂതവുമപ്പോൾ
നന്നായ്ക്കൊഴുത്തു പോയാശരവംശം
വാഴും സഭതൻ നടുവിലമന്ദം

കോഴ കളഞ്ഞു തെളിഞ്ഞു വിളങ്ങി
കാലാരി താനരുൾ ചെയ്യൊരുദന്തം
കാലേ പറഞ്ഞറിയിച്ചോരു ശേഷം
കോലാഹലത്തൊടു കൌണപവൃന്ദം
നീലകണ്ഠനെ വണങ്ങുവതിന്നായ്
ആർത്തുകളിച്ചു പുളച്ചു മദത്താൽ
ചീർത്ത സന്തോഷമൊടൊത്തവരെല്ലാം
പാൽക്കടൽതീരത്തിൽ ചെന്നതിവേഗം
മുക്കണ്ണനെക്കണ്ടു താണു വണങ്ങി
ദേവകൾ ദേവനാമംബുജനാഭൻ
ദേവാരികൾക്കു പിറന്നൊരു കാലൻ
തന്നെയശേഷവുമാദരിയാതെ
വൃന്ദാകരന്മാരെക്കണ്ടു ഹസിച്ചു
കാര്യലാഭത്തെ വരുത്തുവതിന്നായ്
സ്വൈരമായ്പാണിതു ദാനവരെല്ലാം
അന്നേരം തന്നുടെ ഭൂതഗണത്തോ-
ടൊന്നുര ചെയ്യിതു കുന്ദശരാരി
മന്ദരമായ പർവ്വതമിപ്പോൾ
മന്ദേതരം പറഞ്ഞീടുക നിങ്ങൾ
ഏവം മൊഴി കേട്ടു ദേവഗണങ്ങൾ
ദേവനെ വന്ദിച്ചു ചെന്നു വലത്തെ
കൊണ്ടുവന്നൊട്ടു വഴിക്കുടനിട്ടു
മണ്ടിയാർ ഭൂതേശൻ തൻ തിരുമുമ്പിൽ
തിങ്ങിന ഗർവ്വമകന്നവരെല്ലാം

ഞങ്ങളാൽ സാദ്ധ്യമല്ലെന്നു് പറഞ്ഞു
ആദിപുരുഷനാം താമരസാക്ഷൻ
ആദിശേഷൻ തന്നെ ചൊല്ലിയയച്ചു
മന്ദത കൂടാതെ ചെന്നതിവേഗം
മന്ദരപർവ്വതം തന്റെ ഫണത്തിൽ
ഒന്നിന്മേലാക്കിക്ഷണത്തിലനന്തൻ
നന്ദിച്ചുകൊണ്ടന്നു വെച്ചു വണങ്ങി
തൽക്ഷണം വാസുകി തന്നെ വരുത്താൻ
താർക്ഷ്യനോടായരുൾ ചെയ്തു മുകുന്ദൻ

---

വൃത്തം—ഘന.

കുറത്തി ഇരട്ടി.

അമർത്ത്യനാഥനാം പെരുത്ത മോദമോ-
ടുരത്ത വാക്കിനെക്കേട്ടു
കരുത്തനുത്തമൻ പവിത്രനായകൻ
ധരിത്രി തന്നിലെക്കപ്പോൾ
അലക്ഷ്യപക്ഷനായ്പ്പറന്നുടൻ ചക്ഷുഃ-
ശ്രവണവസ്ത്രനെക്കണ്ടു
അരക്ഷണം സാക്ഷാൽ മുകുന്ദപക്ഷങ്ങൾ
പറഞ്ഞു ശിക്ഷയോടെല്ലാം
സ്മരഹരൻ തന്റെ തിരുമെയ്യിലൊരാ-
ഭരണമായി വിളങ്ങീടും
അററിവരനവനൊരുതരമ്മുദാ
ഗരുഡനോടിദമൂചേ
കരുണാവാരിധേ മുരരിപുതിരുവടി-

തന്നാശതെപോലിപ്പോൾ
വരുവതിനൊരുകുറവുമില്ലിനി
കരുണ സോദര കേൾക്ക
നടപ്പതിനരുതെനിക്കതുകൊണ്ടു
കിടക്കുമാറായി ഞാനും
പടുതപമോടെന്നെ എടുത്തുകൊണ്ടു നീ
നിനക്കിലില്ല വൈഷമ്യം
വിനതാനന്ദനനതു കേട്ടങ്ങതി-
കുതുകമുൾക്കൊണ്ടു ചൊന്നാൻ
അനുവാദം ചെറുതുടനെ കിട്ടുകിൽ
ഇതിനാളായീടും ഞാനും
ഒരുങ്ങിക്കൊൾകെന്നു പറഞ്ഞു പന്നഗ-
വരനിരുന്നൊരു ശേഷം
ഭുജഗവീരനെ നടുവേ കൊത്തിയ-
ങ്ങുയർത്തിതംബരമാർഗ്ഗേ
ഗഗനേ പൊങ്ങിയ ഖഗപതി കീഴോ-
ട്ടുടനേ നോക്കും ദശായാം
കൊടിയ വീരനാമവൻ ധരണിയിൽ
നെടുതായ്ക്കണ്ടൊരു ശേഷം
മടക്കി രണ്ടായി പിടിച്ചു കൊത്തിയ-
ങ്ങെടുത്തുയർന്നിതാകാശേ
പറന്നുപോകാമെന്നുറച്ചുകൊണ്ടവൻ
ധരിത്രിതന്നിൽ നോക്കുമ്പോൾ
അറിയരുതുകൂടാതെ നെടുതായി കിടപ്പതു

കണ്ടാകുലപ്പെട്ടു അടുത്തു പിന്നെയും
മടക്കി അങ്ങൊട്ടായ് തൻത്തിൽ കൊത്തിയെ-
ടുത്തു അവനി തന്നിലൊരവസാനം
നാറിയററിവരന പിന്നെയും
മുത്തുന്നു ഗർവ്വുമമന്നു മനസിലു-
ള്ളൊഴിഞ്ഞു പന്നഗാരാതി
നിറഞ്ഞു താപവും മറഞ്ഞു മോദവും
തളൎന്നു ഖിന്നത പൂണ്ടു
ഇവനെ വിട്ടിനി ഗമിപ്പതിന്നായി
കഴിവു കണ്ടീലൊ ഞാനും
ശിവനെ ശങ്കര ഇനി എന്തു ചെയ്യുന്നി-
വിടെ ഞാനിപ്പൊഴെന്നു
മതിയിൽ ചിന്തിച്ചു പരവശനായി-
ട്ടുഴന്നു വാഴുന്ന നേരം
അററിവരൻ പുരാ നടന്നതുപോലെ
ചമഞ്ഞു നേരം താൎക്ഷ്യൻ
ഒരുവിധത്തിലങ്ങെഴുന്നേററു വേഗം
പറന്നു മന്ദത പൂണ്ടു
മുരരിപു തന്റെ സവിധേ ചെന്നുടൻ
പരമാൎത്ഥങ്ങളെയോതി
ഉദന്തം കേട്ടുടൻ മദനവൈരിതാൻ
കരതാർ നീട്ടിയ നേരം
അഹിവരനഴകടകമായിട്ടു
വളഞ്ഞു തൃക്കരത്തിന്മേൽ

പുരഹര ശിവ ദുരിതനാശന
ഗിരിശ ശങ്കര ശംഭോ
ഗിരിജാവല്ലഭ പാഹിമാമധുനാ
ശ്രീപുരാരാതെയെന്നിത്ഥം
ചരണതാരിണ വണങ്ങിനിന്നിതു-
ങ്ങമരവൃന്ദവുമപ്പോൾ.

---

വൃത്തം — ൫൪

പങ്കജാക്ഷൻ കടൽവർണ്ണൻ എന്ന മട്ട്

ഇപ്രകാരമമ്പുധി മഥിപ്പതിന്നു കോപ്പുകളെ
ക്ഷിപ്രമങ്ങു കണ്ടനേരം ഭഗവാനുചേ
ഏതുമേ മടിച്ചീടാതെ വാസുകിയെക്കൊണ്ടു ശൈലം
സാദരം ബന്ധിച്ചുടനെ കടലിലിട്ടാൻ
ആദിതേയന്മാരും യാതുധാനരുമായൊരുമിച്ചു
മോദമോടെ മഥിക്കുവിൻ താമസിക്കൊലാ
പങ്കജാക്ഷൻ തന്റെ വാക്യമീദൃശം ശ്രവിച്ചനേരം
ശങ്കകൈവിട്ടസുരരും സുരരുമൊത്തു
വാസുകിയെക്കൊണ്ടു ശൈലം ഭാസുരമായ് ബന്ധിച്ചിതു
വാസുദേവൻ തന്റെയാജ്ഞയനുസരിച്ചു
ചന്ദ്രചൂഡനതുനേരമിന്ദ്രാദികളെയും കൂട്ടി
സാന്ദ്രമോദം ഭുജഗത്തിൻ തലക്കൽക്കൂടി
ദാനവാരിയതുനേരം ദീനത കൈവിട്ടുടനെ
ദാനവന്മാരൊരുമിച്ചു പറഞ്ഞാനേവം
നന്നു നന്നു നിങ്ങളിതു ചെയ്യുന്നതോർക്കിലെത്ര ചിത്രം

ഇന്നു ഞാങ്ങളറിഞ്ഞാൽ വാൽ തൊടുകയില്ലാ
എന്നതു കേട്ടസുരന്മാർ ചെന്നു വാലും പിടിച്ചിതു
മന്ദത വിട്ടസുരരും തല പിടിച്ചു
രണ്ടു ഭാഗക്കാരും കൂടിക്കൊണ്ടു മോദചിത്തരായി
വേണ്ടപോലെ മഥനവും തുടങ്ങി വേഗം
വാരിധിയിൽനിന്നു ബഹുഘോരമായി ജനിക്കുന്നൊ-
രാരവങ്ങൾകൊണ്ടു പാരം വിറച്ചു ലോകം
ബന്ധുരംവിട്ടചലേന്ദ്രൻ സിന്ധുതന്നിലെത്തുമ്പോൾ
ഹന്ത കീഴ്പോട്ടേയ്ക്കു താണുതുടങ്ങി മെല്ലെ
വാനവരും മുനിമാരും നാനാലോകജനങ്ങളും
ദീനരായി മാധവനെ സ്തുതിതുടങ്ങി
പാഹി പാഹി മുരാന്തക പാഹി പാഹി ജഗന്നാഥാ!
പാഹി പാഹി ദാമോദരാ പാഹി ഗോവിന്ദാ!
സർവ്വലോകങ്ങളും കാത്തു നിർവ്വികല്പം വാണീടുന്ന
ദർവ്വീകരശയനനേ നീ പാഹി ഞങ്ങളെ
നിന്തിരുവടിയല്ലാതെയെന്തൊരു ശരണം നാഥ
ബന്ധുവത്സലാ ഞങ്ങൾക്കു ഹന്ത ദൈവമേ
ദേവകൾ തങ്ങടെ വാക്യമീവിധം കേട്ടസുരാരി
ദേവദേവനടനൊരു കമഠമായി
അർണ്ണവത്തിൽ മുഴുകിയ മന്ദരഗിരിവരത്തെ
തിണ്ണമങ്ങുയർത്തി നാഥനെന്തൊരു ചിത്രം
മുന്നമിരുന്നതിലേറമുയരത്തുകൊണ്ടു നാഥൻ
വന്നിരുന്നു പത്രിയായിട്ടതിന്റെ മീതേ
അംബുജദളനയനൻ തൻ കളികളെന്തെന്നോതും
നിർണ്ണയിച്ചുകൂടാവതല്ലൊരുത്തർക്കും.

—*—

വൃത്തം—കുറ.

സുന്ദരിമാർമണി എന്നതുപോലെ.

മുന്നമിരുന്നതുപോലെ മല
വന്നു ഭവിച്ചൊരു ശേഷം
ഉന്നതമോദം സുരാസുരന്മാർ
നിന്നു മഥിച്ചു തുടങ്ങി.
പന്നഗവീരനുമേറ്റം തള
ർന്നുന്നത ഗർവ്വും വിട്ടു
വഹ്നിസമാനമായുള്ള വിഷം
തന്നെ വമിച്ചുതുടങ്ങി
ദൈതേയന്മാരെല്ലാം ദീനരായി
ഭൂതേശൻ തൻപാദം കൂപ്പി
എന്തു കോലാഹലമെന്നറിവാൻ
ചെന്താമരക്കണ്ണനപ്പോൾ
ചിന്തിച്ചെഴുന്നെള്ളുന്നേരം കണ്ടു
വെന്തുരുകും വിഷജ്വാലാ
മാരാരേ എന്തു കല്പിച്ചിതിപ്പോൾ
പാരെല്ലാം ഭസ്മമാമല്ലോ
എന്നരുൾ ചെയ്തതു കേട്ടു നാഥ-
നൊന്നുകൊണ്ടും ഖേദിക്കേണ്ടാ
ഇന്ദിരേശ കാൺക ഞാനീവിഷം
തിന്നൊടുക്കീടുവനിപ്പോൾ
എന്നു പറഞ്ഞുടൻ തൃക്കൈകൊണ്ടു
ചെന്നെടുത്തു വിഷമെല്ലാം

ഈശ്വരൻ കാകോളം ഭക്ഷിപ്പാനായ്
നിശ്ചയിച്ചോരു സമയം
ദൃശ്യവനാദികളെല്ലാം ഞെട്ടി
നിശ്ചലമാനസരായി
ഹാ ഹാ പുരാരാതേയെന്നങ്ങവ-
രാലോകനം ചെയ്തും ദശായാം
കാലാരിയാം ബ്രഹ്മതേജോമൂർത്തി-
ഹാലാഹലം വായിലിട്ടാൻ
മാമലമങ്കയാളാകും ദേവി-
ക്കാമയം പാരമുണ്ടായി
പ്രാണനാഥൻ തൻ സവിധേ ചെന്നു
താനേ പറഞ്ഞു തുടങ്ങി.

---

വൃത്തം—ഹനു.

കണ്ടാലെത്രയും എന്ന മട്ടിൽ.

അയ്യയ്യോ മൽ കാന്തയെന്നെ വഞ്ചിക്കയോ താപ-
ത്തിയ്യതിങ്കൽ ചാടിക്കയോ പ്രാണനാഥാ
മാരദാഹത്തിൻെറ പ്രതികാരമായിട്ടിന്നു
മാരാരെയെന്നോടിന്നോർത്തിട്ടാണോ
വൈധവ്യം തീയേപ്പോലെ പാർവ്വതിക്കും വന്നു
ബാധിക്കേണമെന്നുറച്ചു കോപ്പിട്ടന്നോ
എന്തു ബന്ധമെന്നോടീത്ഥം ചെയ്തീടുവാൻ നാഥാ
ചെന്തിക്കണ്ണാ പാഹി പാഹി സന്തതം മാം
ഇത്തരം തപിച്ചു കൃത്തിവാസസ്സിൻെറ കണ്ഠേ
ഹസ്തതലമൊത്തു ചേർത്തു മൃത്യുകരം

എന്തൊരു വിസ്മയം വിഷ്ണു തിന്നുപോയി.
തത്ര ബന്ധുരാംഗി തന്റെ മന്ത്രവൈഭവത്താൽ
അങ്ങോട്ടു ഭുജിച്ചവിഷ്ണമിങ്ങുവീഴാത്തെന്നു
തിങ്ങും മോദാൽ വാ പിടിച്ചു പങ്കജാക്ഷൻ
എങ്ങുമേ ഗമിപ്പാൻ വഴി കണ്ടിടാതെ വിഷം
അംഗജാരി തന്റെ കണ്ഠേ ഭംഗിയോടേ
ശ്യാമളാഭയോടു മൂന്നു ശോഭയായി നിന്നിതാമയം
കുറഞ്ഞു ദേവതാപസന്മാർ നീലകണ്ഠനെന്നു നാമമപ്പോ (ഴ

വിളിച്ചുകാലകാലനെ സ്തുതിച്ചിതക്കാലമേ

—*—

വൃത്തം—പദി

പന്തുവരാടി—ചെമ്പട

ത്ര്യംബകനീ ചെയ്ത കൌശലമിത്തരം
നന്മയേ കാമരിപോ
നിന്മഹിമയെന്തെന്നു കണ്ടവരെങ്ങുമുണ്ടോ
ധർമ്മനിലയമെന്നു സാദരം കരുതിടാം
ത്ര്യംബക നീ ചെയ്ത കൌശലമിത്തരം
സർവ്വസുഖത്തിനൊരു നിർവ്വിഘ്നമതെന്നതും
സർവ്വലോകൈകനാഥ നിസ്തുലമല്ലോ
ഇപ്പോഴ്‌ വിഷത്തിനെ നീ സന്താപം
തീർന്നതെ നന്നല്ലയോ
തെറിയാലിന്നൊരാക്ഷേപം ഭാഗ്യമല്ലോ
ത്ര്യംബകനീ ചെയ്ത കൌശലമിത്തരം
നന്മയേ കാമരിപോ.

...

വൃത്തം ൧൪.

പാനപോലെ.

പാൎവ്വതിശരൊ വാഴ്ത്തി സ്തുതിച്ചുടൻ
ഗീൎവ്വാണാദികളെല്ലാമൊരുമിച്ചു
പാരമായി വളൎന്ന സന്തോഷമോ-
ടാരംഭിച്ചു മഥനം വഴിപോലെ
അക്കാലം ക്ഷീരവാരിധിയിൽനിന്നു
ചൊൽക്കൊള്ളുന്ന സുരഭിയുമുണ്ടായി
ഹസ്തിവീരനും വാജിയും ചന്ദ്രനും
കൌസ്തുഭംമണി പാരിജാതദ്രുമം
അപ്സരസ്ത്രീകളും പിന്നെ ജ്യേഷ്ഠയും
ക്ഷിപ്രമങ്ങു ജനിച്ചിതബ്ധിയിൽ
എന്നതിൽ താപസന്മാർ സുരഭിയെ
വന്നമോദം പരിഗ്രഹിച്ചീടിനാർ
ഇന്ദ്രനും വാജിയേയും ഗജത്തേയും
സാന്ദ്രമോദമെടുത്താനതുകാലം
മുപ്പുരാരാദിദപ്പകവൈരിതാ-
നപ്പോഴേ മൌലൌ ചന്ദ്രകല ചൂടി
ചിൽപുരുഷൻ പരൻ പുമാൻ കൌസ്തുഭം
സുപ്രസന്നമണിഞ്ഞു വഴിപോലെ
പാരിജാതവുമപ്സരസ്സും പിന്നെ
ഭൂരിമോദം സുരന്മാരെടുത്തിതും
ആരുമേതും സഹായവുമില്ലാതെ
പാരമാൎത്തിലാപിക്കുന്ന ജ്യേഷ്ഠയെ

നാരദാദിമുനിവൃന്ദവന്ദിതൻ
കാരണപ്പൂരുഷൻ പരനച്യുതൻ
സാരസാക്ഷൻ സനാതനനീശ്വരൻ
സാരസനാഭൻ കണ്ടരുളിച്ചെയ്തു
ഇന്നു നിൻെറ ഇരിപ്പടത്തിന്നായി-
ട്ടൊന്നു ഞാനുണ്ടു ചൊല്ലുന്നു കേൾക്ക നീ
പ്രത്യുഷസ്സിലടിതെളിയില്ലാത്ത
ദിക്കിലും മദ്യപാനരതങ്കലും
രജസ്വലകളായിരിക്കുന്ന സ്ത്രീകളിലും
ഘോരവനത്തിലും ചൂതുകളിയിക്കലും
സന്തതം കലചെയ്യുന്നവങ്കലും
ചിന്തയില്ലാതെ കോപിപ്പവങ്കലും
ഇത്ഥമോരോ സ്ഥലങ്ങളിൽ ചെന്നു നീ
യത്ത്രരം വസിക്കുന്നു തൊട്ടിന്നിമേൽ
ദേവദേവൻെറ യാജ്ഞയും കൈക്കൊണ്ടി-
ട്ടേവം ചെന്നു വസിച്ചിതു ജ്യേഷ്ഠയും
പാരാവാരമതിൽനിന്നു പിന്നെയും
വാരുണിയും വിധുന്തുദനുമുണ്ടായി
കൈക്കൊണ്ടാരതു ദാനവവീരരും
ഉൾക്കൊണ്ട മോദത്തോടെയതുനേരം.

—:*:—

വൃത്തം ൧൯.

കൊണ്ടൽവേണിയാൾ എന്നതുപോലെ.

ഇങ്ങിനെ ക്ഷീരസാഗരത്തിന്നു

മങ്ങാതെകണ്ടുണ്ടായതെല്ലാം
തിങ്ങിനമോദംകൊണ്ടവരവർ
ഭംഗിയോടെ പരിഗ്രഹിച്ചാർ
അന്നേരത്തതിശോഭപൂണ്ടൊരു
പൊൻനിറമായ താമരയിൽ
കല്പകവാടിമദ്ധ്യദേശത്തിൽ
ശില്പമാം മിന്നലെന്നപോലെ
ദിക്കുകളൊക്കെയുജ്ജ്വലിക്കുന്നോ-
രർക്കസന്നിഭകാന്തിയോടെ
ദിവ്യസുന്ദരിമാർ ചുഴലവേ
ദിവ്യദീപമെടുപ്പിച്ചപ്പോൾ
വൈഷ്ണവബ്രഹ്മശക്തികൾ ചേർന്നി-
ട്ടുഷ്ണം വിട്ടു ജനിച്ചതായ
യോഗ്യമോഹനാകാരത്തോടെ സൌ-
ഭാഗ്യലക്ഷ്മീയവതരിച്ചു
സർവ്വലോകേശൻ നിർവ്വികാരാത്മാ
സർവ്വദേവനിഷേവ്യൻ ദേവൻ
സർവ്വമോഹനീതന്നെക്കണ്ടഥ
നിർവ്യാജം വിഭ്രമിച്ചുപോയി
സർവ്വലോകർക്കുമാനന്ദമായി
സർവലോകജനനിതന്നെ
ഗർവ്വം വിട്ടു വാഴ്ത്തി നിന്നിതു
ഗീർവ്വാണമുനിവൃന്ദമെല്ലാം
ചിൽപുമാൻതന്നെ മാലയിട്ടിതു

അപ്പോഴേ ലക്ഷ്മി മന്ദമന്ദം
ചെന്താമരാക്ഷനൾത്തളിരിങ്കൽ
സന്തോഷം സരസം വളന്നു
ആയുൎവ്വേദമുപദേശിക്കുവാൻ
ആയതനേത്രൻ കൈടഭാരി
പിയൂഷാകരാൽ ധന്വന്തരിയായി
മായം വിട്ടവതീൎണ്ണനായി
ആദിതേയന്മാരും മുനിമാരും
മോദമോടേ വസിക്കുന്നോരം
കണ്ടമൃതുമെടുത്തു ദാനവർ
കൊണ്ടുമണ്ടിനാർ തൽക്ഷണത്തിൽ
കണ്ടുനിന്നീടും നിൎജ്ജരാദികൾ
കൊണ്ടൽവൎണ്ണനെപ്പാൎത്തു മന്ദം
കുണ്ഠതയോടെ നിന്നു ചൊല്ലിനാർ
മിണ്ടരുതാത ലജ്ജയോടും
ബുദ്ധിമുട്ടെല്ലാമിങ്ങകപ്പെട്ടു
സിദ്ധിച്ചു ലാഭം ദാനവൎക്കും
എന്തു ചെയ്തീടാം നമ്മുടെ കൎമ്മം
ഹന്ത ചിന്തിച്ചിട്ടെന്തു കാൎയ്യം
ഇത്തരം വിബുധന്മാർ ചൊല്ലുമ്പോ-
ളുത്തരമുചേ ദാമോദരൻ
ഖേദിക്കേണ്ട ഞാനിന്നു പീയൂഷം
സാധിച്ചുകൊണ്ടു പോരാമല്ലോ
മോദിച്ചെല്ലാരുമിന്നുലോകേ

ചെന്നാദിതേയരെ വാണുകൊൾവിൻ
എന്നു ചൊല്ലി പുറപ്പെട്ടു നാഥൻ
ഖിന്നത തീൎന്നു ദേവകൾക്കും
ദൈത്യരമ്പോടു പിയൂഷംകൊണ്ടു
സത്വരം സഭ പുക്കുടനേ
ഇത്യാസ്ഥയോടെ മെഴുകി ദിക്ക
ളിട്ടമൃതുമെടുത്തുവെച്ചു
തൽക്ഷണമവരെല്ലാരുംകൂടി
ശിക്ഷയായി കുളിച്ചുവന്നു
ഉന്നമൃതു വിളമ്പുന്നതാരെ-
ന്നങ്ങിനെയവർ വാദമായി.

—:*:—

## വൃത്തം ൨൦.

**ശാരദശശി എന്നപോലെ.**

പങ്കജശരരിപുകുതുകമോടടിമലർ വന്ദിച്ചീടും ദേവൻ
പങ്കജമുഖികുലമഴകൊടു തൊഴുമൊരു കാമിനിയായ്
പങ്കജശരനുടെ തഴകളിലഴലുടനേകീടും കാർകുന്തൽ
തങ്കിന രസമൊടു ശങ്ക വെടിഞ്ഞഥ ചാച്ചുകെട്ടി
സുരഭിലവികസിതരുചിരതപെരുകിന പുഷ്പങ്ങളുംനന്നായ്
തരമൊടു തിരുകിയ രസികത കണ്ടാലെത്ര ചിത്രം
ഷൾപ്പദതതിയുടെ ദർപ്പമതമരുമളകങ്ങളും ചന്ദ്രൻ
അത്ഭുതമാസ്ഥിലസുന്നൊരു ലസിതലലാടദേശം
അംബുധിതന്നിലെത്തുത്തകത്തുതിമക്കും കല്ലോലങ്ങൾ-
ക്കനുമദമഖിലവുമരുതിവരുന്നൊരു ചില്ലികളും

നളിനദളത്തിനോടടർപൊരുതഞ്ജനമേചകം നേത്രങ്ങളും
തെളുതെളെ വിലസിന നാസികയതിൽ നാസാമണിയും
കുറുമൊഴിതന്മുകുളദ്യുതിപൂണ്ടൊരു ദന്തങ്ങളും ചന്തം
വിരവൊടു ചിതറിന മൃദുലാധരവും പുഞ്ചിരിയും
ശാരദശശധരസദൃശമതായ്വിലസീടും വക്ത്രപത്മം
മാരരസം സരസം വളരുന്ന വികാരങ്ങളും
കാഞ്ചനമണിമയമണിയുമൊരണിയായ് കണ്ഠദേശം കാമ
നാഞ്ചിതതരമൊരു നിലയമാകിന മാറിടവും
കങ്കണനികരമണിഞ്ഞൊരു കരകമലങ്ങൾ രണ്ടും തിങ്ങി
പൊൻകലശത്തൊടെതൃത്തുതുളുമ്പിന കൊങ്കകളും
അരയാലിലകളൊടെതിരിട്ട മണിവയർ രോമാവലികളും
തരളിതകാമവികാരമെഴും ലസിതനിതംബം
കരിയുടെ കരമതിനൊടെതിരിട്ടൊരുതുടരണ്ടും ഭംഗിചേരും
തളിതളയതിനുടെ നിനദമതിളകിയ പാദങ്ങളും
കനൽനിറമിളകിയ കനകമണിത്തുകിലും ഞൊറിവും നല്ല
മനസിജരതിയുടെ വിവിധവിലാസവുമെത്ര ചിത്രം
തിങ്ങിനഭംഗികലർന്നിടനിങ്ങിന മംഗലാംഗി ദൈത്യ-
രങ്ങമതൊന്നൊരു രംഗമതിൽ തരമൊത്തു ചെന്നാൾ.

വൃത്തം ൨൫.

ശുകപുരി എന്നപോലെ.

സരസിജനയനനാമസുരാരി മായയാലെ
സരസിജമുഖിവേഷംധരിച്ചു ചെന്നൊരു നേരം
സരസയാമവളുടെ സരസവിലാസങ്ങളും
അരുണപങ്കജംപോലെ ലളിതമുഖാംബുജവും
കനകമാമലക്കൊത്ത ഘനകുചഭാരമതും

മനസിജനിളകുന്ന ചടുലകടാക്ഷങ്ങളും
അരയന്നത്തോടൊത്ത വരവിൻഭംഗിയുമിത്ഥം
പരിതോഷത്തോടെ ദൈത്യവരരെല്ലാം
കണ്ടുടനെ നളിനവിശിഖൻ
തന്റെ കണകളേററുഴന്നേററം
ഇളകുന്ന കാമാർത്തിയാൽ
നളിനാക്ഷിയോടു ചൊന്നാർ
മധുവാണി കേൾക്ക നിയിങ്ങിനെവിടുന്നുവരുന്നതും
മധുരകോമളഗാത്രി പരമാർത്ഥം പറഞ്ഞാലും
അതുകേട്ടു കമലാക്ഷി കൃപയോടുമേവം ചൊന്നാൾ
മതിയിൽ സംശയംവേണ്ട
കുതുകാൽ കേട്ടുകൊണ്ടാലും
മഹിത പാൽക്കടലിൽനി-
ന്നഹമിപ്പോളുളവായി
മഹിമപെരുത്ത ധന്വന്തരി
തന്റെ നിയോഗത്താൽ
ഒരു പുരുഷനെ കണ്ടെൻ വരനായി വരിക്കുവാൻ
ഒരുവഴി ലഭിയാതെയുഴന്നു ഞാനിഹ വന്നേൻ
ഗുണവാന്മാരായ നിങ്ങളൊരുവഴി പറഞ്ഞാകിൽ
ഗുണമുണ്ടാമ്പരും മേലിൽ അതിനിന്നില്ലൊരുവാദം
ചതുരതകലരുന്ന വചനങ്ങളിതി കേട്ടു
മതിതെളിവോടെ ദനുതനയന്മാർ ചൊന്നാരിത്ഥം.

—:*:—

വൃത്തം ൨൨.

അത്തുകാലമിന്ദ്രനെന്നപോലെ.

മതിമുഖിയാളെനിൻ മതിയതിലേതുമിന്നിതിനു

പരിതപിക്കേണ്ട പുരമതിലിപ്പൊഴെ
പുറഭാഗെനിന്നിടമരുളുന്നതെന്തിനു ബാലേ
പരിതോഷമൊടു നീയരമകത്തേക്കിപ്പോൾ
വരിക സരസിജനേത്രേ വിധുരതപോക്കി നീ
സുധയിതു ഞങ്ങൾക്കിന്നധുനാ വിളമ്പിത്തരേണം
അപരം നിന്നിഷ്ടംപോൽ വരനായൊരുത്തനെ
വിരവിൽ വരിക്ക സുശീലേ ഇത്രമൊഴികേട്ടൊരു
മധുമൊഴിതാനതിമതിതളിരിൽതെളിവോടെ
പെരികെ വളനൊരു ലജ്ജയുമവളഥ
കരുതിനിന്നേവമുരച്ചാൾ
ബഹുജനാരംഗത്തിലഹമൊരുവൾ തനി-
ച്ചമൃതു വിളമ്പുന്നതോർത്താൽ
സഹിയാത നാണമാമതുകൊണ്ടു നിങ്ങളും
സപദി നേത്രങ്ങളടപ്പിൻ
വിരവോടെ ഞാനൊന്നായൊരുപോലെ
യെല്ലാക്കും സുധയതു നൽകുവനിപ്പോൾ
അരയന്നഗാമിനി വചനങ്ങളിങ്ങിനെ
സരസമായി കേട്ടൊരു നേരം
കുസുമശരാസ്ത്രത്താലസുരന്മാ-
രന്നേരമഴലോടനന്തരം
തന്നെ മനസി വളന്നൊരു കൗതുകവും
കൈക്കൊണ്ടു നയനമടച്ചു വസിച്ചാർ
അമരാരിഘാതകനമരന്മാക്കി-
ഷ്ടദനമൃതുമെടുത്തു വേഗം

സുരരുടെ വാസമാം സുരലോകംതന്നിലു-
മരാതിമിഷംകൊണ്ടുചെന്നു
സുമനാസരന്മാരം സുമനാസരായിട്ടു
കമലാക്ഷൻതന്നെ സ്തുതിച്ചു
സുധയുമെടുത്തു വിളമ്പുവാനായിട്ടു
മധുകൈടഭാരി തുനിഞ്ഞു
ദിതിജക്ക് പാറിയ ജളതകളൊ-
ക്കയും പറയാം ഞാൻ കേൾപ്പിൻ
വഴിയെ ബ്രാഹ്മണനായ്വന്നോരിൽ ദാനവർ
നിർണ്ണയം കണ്ടുകൊൾക ദംഷ്ട്രങ്ങളും
ക്രൂരമാം ഭാവവും ചക്രപാണിയതു
നേരമേററവും കോപിച്ചു
ചക്രമെറിഞ്ഞവൻ തന്റെ കണ്ഠവും മുറിച്ചു
വേർപ്പിട്ടിടാതെയതു സപ്പരൂപമായി
വായിൽനിന്നമൃതുദരെ താണതില്ലാകയാൽ
വേറുപെട്ടുപോയി പാതിയപ്പൊഴത്ത്യത്ഭുതം
സൂര്യചന്ദ്രന്മാരോടുള്ള വൈരകാരണത്താൽ
വാവുതിക്കവരെ നോക്കുന്നിതതികോപാൽ
ഭൂമിയിൽ ഗ്രഹണമെന്നുചൊൽവതുതന്നെ
ആമയമുണ്ടാക്കമതു മാനുഷക്ക് നൂനം.

വൃത്തം ൨൩.

കുറത്തി

അത്തരുണി തന്നൊക്കാത്തദൈത്യസംഘമെല്ലാം
... മാഴ്കുന്നു തത്ര കാണാസ്സുമയാൽ

തങ്ങളിൽ തങ്ങളിലവർ മന്ദമന്ദം ചൊന്നാർ
എന്തുകൊണ്ടമൃതുവിളമ്പീടുവാൻവൈകീടുന്നു
പന്തണിമുലയാളെങ്ങു കാണ്മതുമില്ലല്ലൊ
എന്നതു കേട്ടനൃപനരചെയ്തടനെയപ്പോൾ
മന്ദമായടങ്ങിപ്പാർപ്പിൻ മിണ്ടരുതെയാരും
മിണ്ടിയാലവൾ വരികയില്ല നമ്മെ നൂനം
അപ്പൊഴൊരുത്തൻ പറഞ്ഞാനിപ്രകാരം നമ്മൾ
എത്ര നേരമിരുന്നീടമത്തരുണിപാർത്തു
കണ്ണുമാത്ര തുറക്കേണ്ടാ തപ്പിനോക്കാമിപ്പോൾ
എന്നുരച്ചെല്ലാരുംകൂടി തപ്പി നോക്കുന്നേരം
എങ്ങുമേ കാണാനുമില്ല കന്നൽനേർമിഴിയെ
നേത്രവും തുറന്നങ്ങവർ നോക്കീട്ടപ്പോഴുള്ള
വാർത്ത എന്തു പറയുന്നു ചിത്രമെത്ര ചിത്രം
കാമിനിയെ കണ്ടതില്ല വല്ലതുമാകട്ടെ
ജീവനായൊരമൃതമോ കണ്ടതില്ല കഷ്ടം
ദേവദേവൻ തന്റെ മായാവൈഭവമിതെന്നു
ആകവേ ചിന്തിച്ചു ബഹുലജ്ജയോടുംകൂടി
ചിത്തശോകത്തോടെ പാർത്തിരിപ്പൊരു സമയം
സത്വരം വിധുന്തുദനുമുത്തരം പറഞ്ഞാൻ
നിങ്ങളിങ്ങു വാണീടുവിനാങ്ങു പോയി ഞാനും
മന്ദതകൂടാതമൃതുകൊണ്ടു പോരാമിപ്പോൾ
എന്നുരചെയ്തവൻ ദേവമന്ദിരത്തിലേക്കായ്
വൃദ്ധനായൊരു ഭൂദേവസത്തമന്റെ വേഷം
ബദ്ധമോദാൽ കൈക്കൊണ്ടവൻ പുക്കു സുരലോകം
ഞാനൊരു ഗതിയില്ലാത്ത വൃദ്ധനായ വിപ്രൻ

വാനവരെ നിങ്ങൾ പാനം ചെയ്യുതീരും മുമ്പെ
അല്പമെന്നാലുമമൃതീവിപ്രനു തരുവിൻ
തൽക്ഷണമൊരു ഭാഗവുമക്ഷിതിദേവനു
ഭക്ഷണത്തിനായി ദേവന്മാർ കൊടുത്തനേരം
കോരിയങ്ങു കുടിക്കുമ്പോൾ കാവലായി വാഴും
ചന്ദ്രസൂര്യന്മാരും കണ്ടു സാന്ദ്രകോപത്തോടെ
ഇന്ദിരാരമണൻതന്നൊടങ്ങറിയിച്ചിതു
ബ്രാഹ്മണനായുന്നൊരിവൻ ദാനവൻ നിര്ണ്ണയം
കണ്ടുകൊൾക ദംഷ്ട്രങ്ങളും ക്രൂരമാം ഭാവവും
ചക്രപാണിയതുനേരമേററവും കോപിച്ചു
ചക്രമെറിഞ്ഞവൻതന്റെ കണ്ഠവും മുറിച്ചു
വേറുപെട്ടീടാതെയതു സപ്പരൂപമായി
വായിൽ നിന്നമൃതുദരെ താണതില്ലായ്കയാൽ
വേറുപെട്ടുപോയി പാതിയപ്പൊഴതൃത്തുതം
സൂര്യചന്ദ്രന്മാരോടുള്ള വൈരകാരണത്താൽ
വാവറുതിക്കവരെ നോക്കുന്നിതതികോപാൽ
ഭൂമിയിൽ ഗ്രഹണമെന്നു ചൊൽവതതുതന്നെ
ആമയമുണ്ടാക്കുമതുമാനുഷക്കു നൂനം.

—:✻:—

വൃത്തം—൨൪.

സാ:വരി–മുറ്യടന്ത

മാധവാ മധുസൂദനാ
താവകകൃപകൊണ്ടു സകലം ശുഭമായി—
മാധവാ മധു സൂദനാ—

ജലനിധിമഥിപ്പാനായ വഴിയെല്ലാം പറഞ്ഞു
അതിനൊരുവരുമില്ലാ പാരം നി തുനിഞ്ഞു
അടിയങ്ങൾക്കതിനൊന്നും
തുണചെയ്യാനാരുതാഞ്ഞു
അകമേമോദം കലന്നു
തവചരണം പണിഞ്ഞ—മാധവാ—
ദിതിജന്മാരൊടു ചെന്നി-
ട്ടമൃതു നീ കവന്നു സുധയിന്നിങ്ങതിവേഗം
രസമായിനുകന്നു അതുകൊണ്ടു ജരപോയി
ബതബാല്യം കലന്നു ഇന്നതിരേകമൊരു
ഭക്തി തവപദേ പടന്നു—മാധവമധു—

---

വൃത്തം—൨൫.

ദനുജകുലനാശനാ മനുകുലേശ്വര
ദേവദീനം കലന്നു ഞാനൊ —
സാരസ വിലോചന ദീനം ദീനം—
ദൈത്യരെ മോഹിപ്പിച്ച
ശ്രേഷ്ഠമായൊരുരൂപം കാട്ടേണമിനിക്കിന്നു—
സാരസവിലോചനാ കാട്ടെ കാട്ടെ—
കരളിൽ പെരുതായിങ്ങു
പെരുകുന്നാഗ്രഹം നിൻെറ
കാമിനിവേഷത്തിങ്കൽ—സാരസവിലോചന
കാമി കാമി—കരുണചെയ്യീടേണമേ
കമലാകാമുക നാഥാ കള്ളം പറകയല്ലാ—
സാരസവിലോചന കള്ളം കള്ളം—

—∗∗∗—

വൃത്തം—വന്ദ്യ.

അമ്പാടി തന്നിലൊരുണ്ണിക്കണ്ണൻ എന്നപോലെ.

പീയൂഷവും നകന്നാത്തമോദം
മായവും കൈവിട്ടമരലോകേ
ഗോവിന്ദനൊത്തന്നെ ചിന്തചെയ്തു
ദേവകൾ വാഴുന്ന കാലമപ്പോൾ
ദൈത്യാധിരാജൻ പടയുമായി
പാൎത്തു വന്നാൻ സുരലോകത്തിങ്കൽ
യുദ്ധംചെയ്യതിനായ് വിളിച്ചു ശേഷം
വൃദ്ധശ്രവാദികളെല്ലാവരും
ആൎത്തു വിളിച്ചു പുറപ്പെട്ടതി-
കൂൎത്തമൂൎത്തുള്ള ശരങ്ങളോടും
ചെന്നസുരന്മാരൊടൊത്തുകൊണ്ടു
നന്നായി പോർചെയ്തോരായവണ്ണം
ദൈത്യന്മാർ മായയെടുത്തുടനെ
ദൈത്യാരികളെ വിമോഹിപ്പിച്ചു
പ്രത്യക്ഷനായി മധുമഥനൻ
സത്വരം മായയെ സംഹരിച്ചു
താമസനേയും സുമാലിയേയും
നേമിയെയുമുടൻ കൊന്നൊടുക്കി
വിക്രമിയാകും നമുചി തന്നെ
ശക്രനടനാശരീരിവാക്യം
കൈക്കൊണ്ടു കൊന്നിതു പിന്നെയുള്ള
മുഖ്യന്മാരെയും വധിച്ചനേകം

അന്നേരം ധാതാവിന്നാജ്ഞയാലെ
വന്നൊരു നാരദൻ യുദ്ധമെല്ലാം
തീൎത്തീടണമെന്നു ചൊന്നശേഷം
ആൎത്തസുരന്മാരും വിട്ടകന്നു
ശുക്രശിഷ്യന്മാരെയെല്ലാരെയും
ശുക്രനുടൻതന്നെ ജീവിപ്പിച്ചു
തങ്ങളുടെ പുരി പുക്കു വാണാർ
മംഗലമുൾക്കൊണ്ടു ദേവകളും.

—:*:—

വൃത്തം—൨൭.

ശങ്കരാഭരണം ചെമ്പട.

കാമദനിപുണൻവേഷം—
എത്രയും ബഹുകാമദഭംഗിവിശേഷം
സോമചൂഡനുമാകാന്തൻ
നീലകണ്ഠൻ മനതാരിൽ
ആമയം തീൎപ്പതിനായി
താമസമെന്നിയെടുത്ത—
കാമദനിപുണൻ അഞ്ചിതഭാസുരവദനം
വിധുഭംഗം കാൎമ്മുടി തന്റെ സഞ്ചയമത്ര
സുമതതിയോടെഴും—സംഗം
സൌന്ദൎയ്യംകൊണ്ടു പഞ്ചശരനു പരം തളരുന്നംഗം
കാമിനിയുടെ നല്ല സരസഭംഗീ
ആമയമകന്നുടനധികം പൊങ്ങീ
കാമുകജനങ്ങളുമഴൽ തുടങ്ങീ

സോമശേഖരൻതാനും പരംമയങ്ങി
പങ്കജബാണനൊരങ്കിതശരനിര-
ശങ്കവെടിഞ്ഞു പൊഴിഞ്ഞു തുടങ്ങി
കാമദനിപുണൻ-
പാടിയതിങ്കലിണങ്ങിയ പന്താടീ—
സംഗീതത്താലെവാടി
വിയത്ത്മയക്കവുമതി
മൊടിധാടികലന്നതി
സുന്ദരിയഥ തേടി—
ശൃംഗാരഭാവം കൂടി വളന്നൊരു
നിത്ത്വവുമവളാടി
മാരുതൻ വസനാവും ഹരിച്ചങ്ങോടി
മാരമന്ദിരം കണ്ടു ശിവനും ചാടി
മാരാരിദയിതക്കു മുഖവും വാടി
തിങ്ങിന മോദമൊടംഗജശരരിപു-
വംഗനതന്നൊടു ചെന്നിടക്കൂടി-കാമദനിപുണൻ-
മന്മഥനാശനനതിനാലൊരുദോഷം
ഇല്ലെന്നുറച്ച തന്നകതളിരിലുയന്നിതുപരിതോഷം-
ധമ്മമതെന്നൊരു മതിയിൽ
ബാഹ്ലരോഷം ഹന്ത നിറച്ച
ചിന്മയനൊത്തു ലഭിച്ചന്തഭിലാഷം
അമരന്മാർ ഗഗനെ വന്നുടൻ നിറഞ്ഞു
സമുചിതം കുസുമങ്ങളവർപൊഴിഞ്ഞു-
കമനീയൻ സുരവൃന്ദെ പരം കനിഞ്ഞു

പ്രമഥാധിപനമേററം മതിതെളിഞ്ഞു
ശങ്കരമോഹമതൊക്കയുമരുളിന
പങ്കജനാഭനമവിടെമറഞ്ഞു
കാമദനിപുണൻ വേഷം-

—:*:—

വൃത്തം—വവ്വ.

കുമ്മി എന്നപോലെ.

ഇന്ദ്രനന്നേരം മതിമോദത്താൽ
ഇന്ദ്രാണിയെ വിളിച്ചേവമൂചേ
ചന്ദ്രവദനെ—മനോഹര
കുന്ദരദനെ-രസിച്ചരയന്നഗമനെ സമീപത്തു
വന്നാലുമമന്ദം മമ ധന്യേ
ബഹുമാന്യേയഹമൊന്നുണ്ടു
ചൊല്ലുന്നു സുന്ദരാംഗി മകരന്ദ-
സുഭാഷിണീ കേട്ടാലും നീ-
ആളിമാരെല്ലാരുമൊത്തിദാനീം
മേളം കലന്നു സഭനടുവിൽ
നാളീകനേത്രനെ വിലസിത
കോമളഗാത്രെ-മധുരസൽ-
ഗാനാദിപാത്രെ ലളിതമായി
നാളികദളാക്ഷൻ കളകാ-
ളാംബുദഭാസൻ പദ നാളീകം
ചിത്തെ നിനച്ചീടേണം പാരം
മേളിച്ചു നൃത്തനം ചെയ്യീടേണം-
പ്രത്യേകമേററവും ശക്തിയോടും

മത്തദ്വിപേന്ദ്രഗമനാശിലെ
ഖേദംകളഞ്ഞു-മതിതളിർ
പാരം തെളിഞ്ഞു-മധുരിപു
പാദം പണിഞ്ഞു-മനോഹരി
ചിത്തത്തിലമർത്ത്യേന്ദ്രനെയത്യാദരമോർത്തും നിജ
കീർത്തിവളർത്തുവാൻ നോക്കീടേണംകൃഷ്ണ-
മൂർത്തിയെ വാഴ്ത്തിക്കളിച്ചീടേണം-
മങ്കമാരെല്ലാരുമൊത്തുകൂടി
പങ്കജനേത്രനെ വാഴ്ത്തിനന്നായ്
ശങ്കവെടിഞ്ഞു-സഭയതിൽ
വന്നുനിറഞ്ഞു വിബുധരെയെല്ലാ-
മറിഞ്ഞു—വിധുമുഖി
തങ്കക്കുടതുല്യം കുളുർകൊങ്കദ്വയപങ്കേരുഹ-
മെങ്കാമിനീതുളുമ്പീടത്തന്നെ
കുമ്മിശ്ശിങ്കാരമായടിച്ചീടു ധന്യേ

ഹേമലതാംഗിമണിമാർ പാടിയി-
ന്നാശ്രമത്തിലധുനാ രസിക്കുന്നോൻ
ക്ലേശഹീനമതിമോഹനീശപുരാ
കേശവന്റെ കൃപയാ രമിച്ചു ഞാൻ.

—:*:—



കൈകൊട്ടിക്കളി.

# കാളിയമർദ്ദനം.

## കൈകൊട്ടികളിപ്പാട്ട്.

"സുന്ദരിമാർമണി" എന്നപോലെ.

മാമുനിമാരെന്നപോലെ—ഹരി
നാമങ്ങൾ രാപ്പകൽ പാടി
ഭൂമിയിൽ പുണ്യസ്ഥലങ്ങൾ—തോറും
സാമോദം സഞ്ചരിച്ചീടും
ഓമനത്തത്തക്കിടാവേ!—തവ
കോമളമായൊരു രൂപം
കാണ്മാൻകൊതിച്ചൊരുനാളി—ന്നൊരു
സീമയില്ലല്ലൊ നിനച്ചാൽ
താമസിക്കാതുരച്ചാലു—മിന്നി
ത്താമരക്കണ്ണൻ ചരിതം
കാമിനിമാർ ഞങ്ങൾ കേൾപ്പാ—നേറേ
ക്കാമിച്ചിരിക്കുന്നവല്ലൊ
മാനിനീമാരേവം ചൊല്ലി—ബ്രഹ്മ
മാനിച്ചു പാലും പഴവും
തേനും തെളിഞ്ഞു ഗുളവും—കൊട്ട
ത്താനന്ദിപ്പിച്ചങ്ങിരുത്തി
മാനസമേററം തെളിഞ്ഞു—ഗുരു
ധ്യാനവും ചെയ്തതിവേഗം

മൌനം വെടിഞ്ഞുടനപ്പോൾ—കിളി
താനേവമോതിത്തുടങ്ങി
ഇന്ദുമുഖിമാരേ!കേൾപ്പിൻ—നിങ്ങൾ
ക്കിന്ദിരനായകൻതന്നിൽ
ചെന്നുമനസ്സു ലയിച്ചു—തോത്താൽ
നന്നുനന്നെന്നു പറയാം
സുന്ദരിമാരെ മനസ്സിൽ—മുചു
കുന്ദപ്രിയൻ തന്റെ രൂപം
നന്നായ് നിരൂപിച്ചുകൊൾവിൻ—ക്ഷണം
കുനിച്ചു വന്നീടുമെന്നാൽ
തന്നീടും നിങ്ങൾക്കഭയ—മത്രം
പൊന്നുംപൂമാതിൻ മണാളൻ
എന്നല്ല മോക്ഷമതിന്നു—മിതു
തന്നെ മതിയാകുമല്ലോ
എന്നാലൊ കേട്ടുകൊണ്ടാലും—നന്ദ
നന്ദനൻ തന്റെ ചരിതം
എന്നാലറിഞ്ഞതുപോലെ—കുറ
ഞ്ഞൊന്നു ഞാനിപ്പോൾ പറയാം
കാളിയമൎദ്ദനം പണ്ടു—ചെയ്ത
കാളാംബുദാഭൻ മുകുന്ദൻ
ആളും മുദാ കനിഞ്ഞന്നെ—യിതി
നാളാക്കിത്തീൎത്തരുളീടും.

..... ..... ..... നടുവത്തച്ഛൻ നമ്പൂരി.

൨

"താമരക്കണ്ണൻ"— എന്നരീതി.

നന്ദ്യനാം കൃഷ്ണൻ ഗോപന്മാരൊത്തു
രമ്യമാകുന്ന കാനനേ
കാമ്യകേളിയിൽ കൌതുകത്തോടെ
സൌമ്യഭാവേന വാഴുമ്പോൾ
കാളാബ്ദശ്യാമതോയയാകുന്ന
കാളിന്ദിതന്നിലേററവും
കേളിചെയ്യുവാനാഗ്രഹമുള്ളിൽ
മേളിച്ചു നന്നായേകദാ
ചൊല്ലേറും ബലിയെങ്കിലുമവ-
നല്ലാസാൽ ബലഹീനനായ്
നല്ലോരു ഗോവൃന്ദമോടൊത്തു
മെല്ലവേ നടകൊണ്ടുടൻ
കാനനം മഹാ തോടുകൾ ഗിരി
സാനുക്കളിവയൊക്കെയും
ദീനത ചെററും കൂടാതെ പരം
ദാനവാരി കടന്നുതേ
അപ്പോൾ കാണായി കാളിന്ദിനദി
തല്പരിസരദേശത്തു
ഉല്പലംപോലെ സൂര്യന്റെ വഹ്നി
കല്പപാദങ്ങളേല്ക്കയാൽ
ക്ലാന്തമാം ഗോപഗോവൃന്ദം ചെന്നി-
ട്ടന്തമ്മോദേന തജ്ജലം
ഹന്ത വരിച്ചവന്നൊരു തൃഷ്ണ

ശാന്തമാകുവാനായിട്ടു
നന്നായിപ്പാനംചെയ്തുനേര-
ത്തൊന്നായിച്ചത്തുവീണുപോയ്
അന്നേരം കണ്ണനായതു കണ്ടു
ഖിന്നബാന്ധവൻ വേഗേന
ഉൾക്കാമ്പിൽ കൂടും കാരുണ്യത്താൽ തൻ
തൃക്കണ്ണേറത്താൽ നോക്കീട്ട്
ചിക്കെന്നമ്പോടു ഗോപഗോക്കളെ-
യൊക്കെയും ജീവിപ്പിച്ചതേ.

പോട്ടയിൽ രാമപ്പൊതുവാൾ.

---

൯

“ഗോപാലകമാരെ” – എന്നമട്ടിലെ.

അക്കടൽവർണ്ണനക്കടൽവാരത്തി-
ലുൾക്കടകോപത്തോടും — തന്റെ
തിക്കട്ടദൃഷ്ടിയാൽ ഗോക്കടെ ശല്യത്തെ
നോക്കീടും നേരത്തിങ്കൽ
കാളസർപ്പപ്പെരുമാളായി വാഴുന്ന
കാളിയനെന്നവന്റെ — പാരം
കാളും വിഷത്താലെ കാളിന്ദിയിൽജലം
നീളെത്തിളച്ചിടുന്നു
മീനാദിയായൊരു നാനാജലജന്തു
ദീനത മൂക്കയാലെ — ശിവ
മാനമകന്നു മരിച്ചൊലിച്ചിടുന്നു

ഹേമനാഭികളോടും
മാറാത്തുകൂടിപ്പറന്നു നടക്കുന്ന
ശ്യേനാദിപക്ഷികളും—കൂടി
താനേ ചിറകു കരിഞ്ഞു പതിക്കുന്നി-
താനദീതോയം തന്നിൽ
ആയതിൽ തട്ടിയ വായു കരകേറി
പോരയോരു മാൎഗ്ഗംതോറും—ഞാഹ
കായും കുസുമവും ചേരും മരങ്ങൾ നൂ-
റായിരം കുററിയായി
തീരങ്ങളിലുള്ളാരാരാമജാലത്തിൽ
ചേരുന്ന വല്ലികളും—കടു
സാരങ്ങളേറുന്ന വൃക്ഷങ്ങളും കൂടി
പാരം കരിഞ്ഞുപോയി
ഏറിയ ജീവജാലങ്ങളെ രക്ഷിക്കു-
മാറുള്ളോരിപ്പുഴയിൽ—പെരു-
മാററുതിന്നുമുതൽക്കിവരൊന്നക-
താരിലുറച്ചു കൃഷ്ണൻ
പൊക്കമോടായതിൻ വക്കിൽ
കുഴിഞ്ഞങ്ങുനില്ക്കും കടമ്പു തന്റെ—കൊമ്പിൽ
ചിക്കന്നു കേറിക്കുലുക്കിക്കുതിച്ചു ക-
നക്കവേ ചാടീടിനാൻ
കുന്നിനൊക്കാളും ഗുരുത്വമേറുന്ന മു-
കുന്ദന്റെ കായമതി—ലുടൻ
ചെന്നങ്ങു വീണൊരു നേരത്തു തീരത്തു
ചെന്നങ്ങു കേറി വെള്ളം

രണ്ടാമത്തുമത്തുപോലെ മരത്തിൻെറ
മണ്ടയിലേറിച്ചെന്നു--പൂത്തു
കൊണ്ടലണിനിറംകൊണ്ടു പിടിച്ചായം
കൊണ്ടു കുതിച്ചുചാടി
പിന്നെയും പിന്നെയുമുന്നതമാം മരം
തന്നിൽ കരേറിയുടൻ--നന്ദ-
നന്ദനൻ മാത്താണ്ഡനന്ദിനീതോയത്തിൽ
ചെന്നാശു ചാടീടിനാൻ
ആറു കലങ്ങി മറിഞ്ഞു കരകളിൽ
കേറിയലഞ്ഞീടുന്ന--തണ്ണി-
നീരിൽ മറിഞ്ഞും തുഴഞ്ഞും തുടിച്ചുമാ-
ധീരൻ കളിച്ചു പാരം.

ഒറവങ്കരെ നീലകണ്ഠൻനമ്പൂരി. (രാജാ)

൪

“കല്യാണി കളവാണി”—എന്നപോലെ.

കല്യാണമൂത്തി കൃഷ്ണൻ കല്ലോലജാലമെല്ലാം
തല്ലിത്തകൎത്തും ജലം പാറാം ചെയ്തും
മേളത്തിൽ കളിക്കയുമോളത്തിലൊളിക്കയും
താളത്തിൽ കുതിച്ചുകൊണ്ടേററുനിന്നും
ഉൗളിയിട്ടടിപററി നീളെപ്പോയൊരു ദിക്കി-
ലാളിജനങ്ങൾ കാണ്മാൻ പൊങ്ങുകയും
നീന്തിയും തിരകളിലേന്തിയുമടിമണൽ
മാന്തിയും കരംതന്നിൽ കാണിക്കയും
ഉള്ളത്തിൽ തെളിവോടാവെള്ളത്തെക്കോരിയൂത്തും

കള്ളത്തം പൂണ്ടു പാരം തള്ളലോടും
പെട്ടെന്നു കൈകൾ രണ്ടും കൊട്ടിച്ചിരിച്ചു നന്നാ-
യട്ടഹാസവും ചെയ്തു വാഴും നേരം
കാളിന്ദിയകത്തിൽ ചീളന്നു കിടക്കുന്ന
കാളിയൻ കേട്ടു നന്നായ് ഞെട്ടി പാരം
എന്തുവാനിതു നല്ല പന്തിയല്ലെന്നോർത്തുംകൊ-
ണ്ടന്ധനാമുരഗേന്ദ്രൻ വന്നു കോപാൽ
ഈറപ്പുലിയെപ്പോലങ്ങേറുകൊണ്ടുരഗേന്ദ്രൻ
കററമാം ഫണങ്ങളും പൊക്കിക്കൊണ്ടു
ഊക്കനാമുരഗേന്ദ്രൻ നോക്കിനാനെല്ലാടവും
പാക്കാതെ കണ്ടാനപ്പോൾ കൃഷ്ണനേയും
ഏറിയ കോപത്തോടും ചീറിയലറിക്കൊണ്ടാ-
ക്കാറോടുംവർണ്ണൻനേരെ നേരിടാനായ്
ഓടിയും നീരിൽക്കൂടിച്ചാടിത്തത്തിയും രോഷം-
കൂടിയും കടൽവർണ്ണൻ ചാരത്തായി
ജിഷ്ണുതൻ പ്രിയനാകും കൃഷ്ണനെ പിടിപെട്ടു
തൃഷ്ണയോടുടൽ തന്നിൽ ചേർത്തു ധൂർത്തൻ
കൊത്തിയും മർമ്മംതോറും മുത്തിയും ഫണങ്ങളാൽ
കുത്തിയും കോപത്തോടാദ്ദേഹമെല്ലാം
പന്നഗകുലവരനന്നതകോപത്തോടാ-
സ്സന്നതാംഗത്തെച്ചുററി ഗാഢമായി
ചണ്ഡതരമാം വിഷമണ്ഡലം പൊഴിയുന്ന
തുണ്ഡങ്ങൾ ശിരസ്സിങ്കൽ വെച്ചു നിന്നു
ഈരേഴുലോകത്തിന്നും കാരണാത്മാവായീടും
നാരായണനെൻറ കളി ചിത്രമോർത്താൽ

കോടശ്ശേരി കുഞ്ഞൻതമ്പാൻ.

൪൧

“. ഒന്” — രീതിയെ.

അന്നേരത്തിലാ വൃന്ദാവനാന്തത്തിൽ
ദുൎന്നിമിത്തങ്ങളോരോന്നു കാൺകയാൽ
നന്ദഗോപനും ബന്ധുജനത്തിനും
വന്നുകൂടി വിഷാദമതിങ്ങനെ
കാലിമേക്കുവാൻ ബാലരോടൊത്തിന്നു
കാലത്തേററു ഗമിച്ചു മുകുന്ദൻ
ചാലേ കാട്ടിൽനിന്നിങ്ങോട്ടു പോരുവാൻ
മേലാതെന്തോ പിണഞ്ഞെന്നു തോന്നുന്നു
നീലവൎണ്ണൻ നിദാനവുമിങ്ങിനെ
ലീലക്കായിട്ടു പോകുമന്നൊക്കയും
ബാലരോടൊത്തിങ്ങെത്തുമാറുള്ളൊരു
കാലമല്ലതിലപ്പുറമായല്ലോ
കേളിയുള്ള മുരളിസ്വനം കേട്ടു
ലാളിച്ചീടണമൊന്നതിന്നായിപ്പോൾ
കാളിടുന്നു പരിഭ്രമമമുള്ളിലി-
ന്നാളിലോൎത്താലെന്താവതെൻ ദൈവമേ
നാളെയെന്നുള്ളതോൎക്കാതെ കണ്ടുടൻ
നാളികാക്ഷനെയന്വേഷിച്ചീടണം
നാളിന്നസ്തമിച്ചീടുമാറായല്ലോ
കോളല്ലീവിധം താമസമേതുമേ
എന്നിവണ്ണം വിചാരിച്ചു വല്ലാതെ
വന്നശോകം വളൎന്നു വളൎന്നുടൻ

നന്ദഗോപനും ഗോപാലവൃന്ദവും
മന്ദമെന്ന്യേ യശോദയും രാമനും
ഒന്നിച്ചങ്ങു പുറപ്പെട്ടു കാനനാം-
തന്നിലെല്ലാം തിരഞ്ഞു തിരഞ്ഞവർ
കുന്നിച്ചീടുന്ന സംഭ്രമത്തോടുടൻ
ചെന്നു കാളിന്ദീതീരത്തണഞ്ഞുതേ
അന്നേരത്തങ്ങു കാളിന്ദിയാം രവി-
നന്ദിനീനദിതൻ നടുബ് ഭാഗത്ത്
പന്നഗാധിപനായൊരു കാളിയൻ
വന്നു ചുറ്റിപ്പിടിച്ചു മുകുന്ദനെ
തിന്നുവാനൊ നിനച്ചാൽ മറ്റെന്തിനൊ
നന്നെ യത്നപ്പെടുന്നതു കാണായി
സുന്ദരാംഗനാം ഗോപാലനെപ്പേരും
പന്നഗം ചുറ്റി ചുറ്റിത്തിരകളിൽ
നിന്നിടയ്ക്കിടെക്കണ്ടവർക്കര-
തന്നിൽനിന്നു വിലാപം തുടങ്ങിനാർ
നന്ദനന്ദന! നിന്നുടലൊന്നിച്ചി-
ന്നൊന്നു കാണുവാൻ മേലാതെയായല്ലൊ
വന്നു നിന്നെപ്പിടിച്ചു പാമ്പിജ്ജലം-
തന്നിലിട്ടു വലിച്ചു വലച്ചല്ലൊ
ഇന്നു ബാലനാം നിന്നുടലങ്ങിവൻ
തിന്നീടുമോ വിടുമോ കുമാരക!
നന്ദനാ നിന്റെ താതനാം നന്ദനും
നിന്നുകാണുന്നിതമ്മ യശോദയും
വന്നു കത്തുന്നനത്തിയ്ക്കുകതലാ

തന്നിലിന്നയ്യോ വയ്യാ സഹിക്കുവാൻ
എന്നീവണ്ണം വിലാപിച്ചു കാളിന്ദി
തന്നിൽ ചാടുവാനായവരൊക്കെയും
നിന്നീടാതുടനോടിത്തുടങ്ങിനാർ
അന്നേരത്തു തടുത്തു ഹലായുധൻ
ഇന്നു സാഹസമൊന്നുമരുതിതു
നന്ദസൂനുതൻ കേളികളല്ലയോ
മൂന്നുലകിനും നായകനാം കൃഷ്ണ-
ന്നിന്നു ലേശം വശക്കേടിലാകുമൊ
നന്ദ്യാ ലോകൈകനാഥന്റെ വിക്രമം
നിന്നു ലാളിച്ചു കണ്ടു രസിക്കുവിൻ
എന്നേവം ബലദേവൻ പറഞ്ഞുള-
വൊന്നു വിശ്വസിച്ചാശ്വസിച്ചാരവർ

ആററുപുറത്തു് ശങ്കുണ്ണിമേനോൻ.

൯൭

"അത്തുനാം മന്നവന്മാർ"—എന്നപോലെ.

ബലദേവവചനങ്ങളലസാതെ കേട്ടു കണ്ണ-
നലകുകൾ കലുങ്ങുമാറുടൻ കുടഞ്ഞു
നാലമോടങ്ങതുനേരം ബലമേറും സർപ്പരാജൻ
മലപോലെ ജലംതന്നിൽ മലച്ചു വീണു
ഉടൻകോപാലെഴുന്നേററിട്ടോടിവരും കാളിയന്റെ
വടിവേറും ഫണങ്ങളിൽ പിടിച്ചു കേറി
പാടുവാകും കാളിയന്റെ പടുമദം കളയുവാൻ

തുടങ്ങിനാനൊരുനൃത്തം മടിച്ചീടാതെ
ചെടുചെടെ ഫണങ്ങളിലടികൊണ്ടു ചവിട്ടിയു-
മുടനുടനോടക്കുഴൽ വിളിക്കുകയും
അടവല്ലുങ്ങതു നേരം പടുഘോഷന്തനിക്കുള്ളി-
ലുടയ ഗർവ്വിനുമല്ലം വികല്പം വന്നു
അതു കേട്ടിട്ടമരന്മാരതിവേഗം പുറപ്പെട്ടു
ചിതമോടു ഗഗനത്തിലണഞ്ഞു മോദാൽ
അതിശയമിതെന്നോർത്തിട്ടതുലമായ് നവസുമ-
തതിയതു പതിവുപോലവർ പൊഴിച്ചാർ
പെരുമ്പറയടിക്കയും തെരുതെരെ നമിക്കയും
പെരിയൊരു ഭക്തി മൂത്തു കരയുകയും
മുരഹരനുടെ രൂപം വിരവോടു കണ്ടു തമ്മി-
ലുരച്ചിതു സുരവരരതിശയത്താൽ
കരികുഴൽ കെട്ടിവെച്ചു നിറമേറും പീലി കുത്തി
കുറുനിരകളും ചേർത്തു കുരുത്ത മോദാൽ
തരിവളകളും കണ്ഠേ നരിനഖമോതിരവും
പരിമൃദുവസനവുമണിഞ്ഞുകൊണ്ടു
ബാലകൃഷ്ണൻ പാമ്പിനുള്ള വാലും കോലും മുരളിയും
മാലകന്നു കരത്തിന്നിൽ വഹിച്ചു മന്ദം
ബലമേറും ഫണിഫണതലമതിൽ നൃത്തം ചെയ്യും
ജലജാക്ഷൻ തന്നെക്കണ്ടുള്ളലിയുമാക്കും
രതിപതിതന്നെപ്പണ്ടു മതികലചൂഡൻ ദേവൻ
ചതിവോർത്തു ദഹിപ്പിച്ചതുചിതമായി
സതിപതിയിതു ചെയ്യാനതുനേരം മടിച്ചെങ്കിൽ
ചതുരമിക്കാമദേവനിളിച്ചു പോകും

വിണ്ണിലുള്ള പെണ്ണുങ്ങളിക്കണ്ണനുള്ള രൂപം കണ്ടാൽ
തിണ്ണമന്നി നാട്ടവിട്ടിട്ടുഴിയിൽ പോകും
വണ്ണപ്രനാകും കൃഷ്ണനൊത്തു നിണ്ണയം രമിക്കുംവര-
വണ്ണിനിമാക്കെഴും പുണ്യം ഗണിക്ക വയ്യാ
മുരഹര ജയിച്ചാലും പരിതാപം കളഞ്ഞാലും
കരുത്തേറും കാളിയനെയമത്തിയാലും
ഗരളാഗ്നികൊണ്ടു പാരം കരിഞ്ഞുള്ള വനങ്ങളെ
പരിചോടു കടാക്ഷിച്ചു തളപ്പിച്ചാലും
അമരന്മാരേവം സ്തുതിച്ചമരുന്ന സമയത്തിൽ
കുമതിയാം കാളിയന്റെ വദനചക്രം
കിമപി തളന്നു കളകമലദളാക്ഷൻ ദേവ-
നാമന്ദമായൊരു നൃത്തം തുടങ്ങിയപ്പോൾ
തലമുടിയഴികയും നലമോടു വിയക്കയും
ചിലുചിലെച്ചിലമ്പുകൾ കിലുങ്ങുകയും
അരയിൽനിന്നുടപുട പരിചോടു കിഴികയും
കരികരമൊത്ത തുട തുളുമ്പുകയും
ഇപ്രകാരം കാളിയന്റെ കെല്പുകന്ന ഫണങ്ങളിൽ
സപ്രമോദം നൃത്തംവെക്കും സമയത്തിങ്കൽ
ക്ഷിപ്രമേറെഗ്ഗരളത്തെ സപ്പരാജൻ വമിച്ചാശു
ദപ്പം വിട്ടാപ്പുഴതന്നിൽ മലന്നു വീണു

നടുവത്തു മഹൻനമ്പൂരി.

—*—

൭

ശാരദശശിയുടെ — എന്ന പോലെ.

അന്നേരംഞാത ദൃശ്യകുനാങ്ങളനേകം കണ്ടു — ചിത്തെ
വന്നൊരല്ലലൊട്ടടനെ കാളിയ കാന്താമാരും

ചെന്നാരതു സമയത്തങ്ങായവർ കണ്ടോരല്ലൊ-തള്ളൽ
താന്നേറുന്നഴലാന്നിയലുന്നൊരഹീന്ദ്രൻ തന്നെ
ചോര വമിച്ചു വലച്ചീലുവാച്ചോരുവരനെക്കണ്ടു-കാന്ത
മാരവർ മാറിലടിച്ചു തദാ മുറയിട്ടുംകൊണ്ടു
നാരായണ! നീ നളിനവിലോചനനെന്നറിഞ്ഞു-ചിത്തേ
നാരായണയുമൊരതിശയഭക്തി മുഴുത്തു മന്ദം
അത്തലുമിങ്ങിനെ ഭക്തിയുമുരുതരമുത്തുമൊത്തീ-ട്ടന്നോ
രുഠംത്തളിരൊട്ടടനാരികെ ചെന്നു മുകുന്ദൻതൻെറ
നൽത്തളിരൊത്ത പദത്തെപ്പുരിചൊട്ട താണുകൂപ്പി-നി
മുത്തണിമുലമാർ മുരഹരനെ സ്തുതി ചെയ്തോരേവം (നാ
നാരായണ! ജയ നീരജനയന! നിലിമ്പവൃന്ദ-വന്ദ്യ!
ഘോരാസുരവര വനദവദഹന! ജയായതാക്ഷ!
നാരകതാരക! നരകാന്തക! ജയ ചക്രപാണേ!-കൃഷ്ണ!
നാരദസേവിത! നീരദനിർമ്മലഗാത്ര! ദേവ!
മീന! മഹാബലകൂർമ്മ! വരാഹ! നൃസിംഹമൂർത്തേ!-ദേവ!
മേനവടോ! ഭൃഗുരാമ! വിഭോ! രഘുരാമ! രാമ!
മാനുഷവേഷമൊടിങ്ങുടനിന്നവതിർണ്ണനായ-കൃഷ്ണ!
ദീനത തീർത്തു തുണപ്പതിനായിത കൈതൊഴന്നേൻ
കഷ്ടം ഞങ്ങടെ കണവനതാമീക്കാളിയൻ നീ-ഗോവിൻ
കൂട്ടം മേച്ചു നടക്കും പശുപകിശോരനെന്നു
പെട്ടന്നോർത്തിഹ പരമപരാധം ചെയ്തു ദേവ-ദേഷ്യ
പ്പെട്ടീടാതെ പൊറുക്കണമതു നീ ദീനബന്ധോ!
എന്നതിഭക്തികലർന്നഥ പന്നഗനാരിമാരും-ചൊല്ലി
നിന്നതു കണ്ടുടനനാത മോദമിയന്നു കൃഷ്ണൻ
അന്നഥ പന്നഗപരിവൃഢ ഫണമതിന്നിറങ്ങി. തിങ്ങും

ഖിന്നത കളവാനവനെത്തൊട്ടു തലോടീ മന്ദം
മന്ദസ്മിതമൊടുമന്ദം പിന്നെ മുകുന്ദൻ മോദാൽ_ചൊന്നാ
പന്നഗവര നീ പോകണമിവിടം വിട്ടു വേഗം (ൻ
നിന്നെക്കൊണ്ടൊരുപൊറുതിയതില്ലെന്നാവലാധി_പാരം
ഇന്നുണ്ടെന്നതു കേട്ടു പറഞ്ഞിതു പന്നഗേന്ദ്രൻ
"വന്നീടും മമ വലിയ വിപത്തൊന്നീ സ്ഥലത്തെ_വിട്ടാ
കൊന്നീടും ഖഗകുലപതി മാമതിനെന്തു വേണ്ടു (ൽ
ഇന്നീടെഴുമൻപൊടു പറകെ"ന്നതു കേട്ടു നാഗ_നാഥൻ
തന്നോടിങ്ങിനെ താമരസാക്ഷൻതാനും ചൊന്നാൻ
വിനതാഖിലഫണി നിവഹഫണങ്ങളിലെൻപദങ്ങൾ_
(കണ്ടാൽ
വിനതാസുതനായി തൊടുകില്ലഴകൊടു പോകവേഗം
മനതാരതിലറികഴകൊടകത്തണമാത്തമോദം_സാധു
ജനതാപം ബത നീയ്യതിനംബുധിമദ്ധ്യത്തിങ്കൽ
രമണീയതപരമിയലും ദ്വീപുണ്ടൊന്നതിന്നു_പേരും
'രമണക'മെന്നറികവിടെസ്സുഖമായ്വാഴ്ക! യേ നീ
രമണീമണികളൊടൊത്തെന്നോതും കൃഷ്ണനതന്നെ_ക്കൂപ്പി
കമനീയാംഗികളൊത്തു നടന്നിതു നാഗനാഥൻ
കാളും നലമൊടു കാലാന്തകവിധി മുഖ്യദേവ_ന്മാരെ_
ക്കാളും നിർമ്മലകീർത്തി കലൎന്ന മുകുന്ദൻ പിന്നെ
കാളിന്ദീജലമതു നന്നാക്കിബ്ബന്ധുലോക_മൊത്തു
കേളന്നഴലതകന്നവിടുന്നു നടന്നു മന്ദം

കുണ്ടൂർ നാരായണമേനോൻ ബി. എ.

സമാപ്തം.

—*—

# ദേവയാനീപരിണയം

———

കേദാരഗൌഡം — ചെമ്പട.

(അമ്പാടിതന്നിലൊരുണ്ണിക്കിടാവായ്‌നാൾ പോലെ)

കല്യാണഭാഷിണി ശാരികപ്പൈതലേ
കല്യേ വരികെടോ ചാരുശീലേ
നല്ല മധുവുള്ളം പാലും പഴമിവ-
യെല്ലാം ഭുജിച്ചു കഴിഞ്ഞശേഷം
ഉല്ലാസം മേന്മേലുദിക്കുവാറാവോളം
ചൊല്ലീടുകിന്നിയും സൽക്കഥയെ
നല്ലാരിൽ മൌലിയാം നിന്റെ വശം കഥാ
കില്ലെന്നിയേ പലതുണ്ടെന്നാലും
ചൊല്ലാമിന്നേരം ദേവയാനീപരിണയ-
മല്ലൊ കഥനീയമിന്നധുനാ
എന്നുള്ള ഭാഷിതം കേട്ടു കിളിമക-
ളുന്നതകൌതുകം പൂണ്ടടനെ
പിന്നെയുമിംഗിതവേദിനി തത്സഭാ
വന്ദനം ചെയ്തു പറഞ്ഞാളേവം
എങ്കിലൊ കേട്ടുകൊണ്ടാലും വഴിപോലെ
ശങ്കാവിഹീനം പുരാണശേഷം
ദേവാസുരാഹവേ പാരം പരാജിത-
ദേവാധിരാജാനുശാസനേന
ദിവ്യമാകും മൃതസഞ്ജീവിനീമന്ത്രം

നിവ്യാജമാശു ഗ്രഹിപ്പാനായി
കാവ്യമഹാമുനി വാണീടുമാശ്രമേ
സാദരം കാലം ഗുരുശുശ്രൂഷയാ
ശിഷ്യഭാവേന വസിച്ചീടുന്നിതഹോ
നിസ്സംശയം കചനൊന്നിങ്ങിനെ
ദൈത്യന്മാരാകവേ ബോധിക്കയാലതി-
മാത്രം വിഷണ്ണരായെല്ലാവരും
സത്യപരായണനായ കചനുടെ
മൃത്യുവരുത്തുവാനാത്യാശയാ
പ്രത്യഹമന്നാട്ടിലോരോ ദിശി ശുദ്ധം
ചിത്തരസം വിനാ വാഴും കാലം.

---

൨

മോഹനം—മുറിയടന്ത.

(ഒ മനത്തിങ്കൾകിടാവോ എന്നപോലെ)

ഏകദാ സാധുമതിയാം—കച-
നേകനായുദ്യാനദേശേ
ദേവയാനീവചനേന—ചെന്നു
പൂവറുത്തീടും ദശായാം
തക്കമറിഞ്ഞ സുരന്മാ—രവ-
രൊക്കെയുമൊന്നിച്ചു കൂടി
ചീളെന്നടുത്തു കചൻെറ—ഗള-
നാളമറുത്തു നിശ്ശബ്ദം
ഏണീസമാന മിഴിയാം—ദേവ-
യാനീകചാഗമനത്തെ
കാണാഞ്ഞു താതപദാംഭോ—രുഹേ

വീണ്ടു വിലാപം തുടങ്ങി
പ്രാണനൊക്കാളും പ്രണയ—മെഴും
വാനവക്കാചാര്യ്യജനെ
ഞാനും തിരഞ്ഞേനതീവ—നൂനം
കാണ്മവാനില്ലാ പിതാവേ
കാനനസീമനിനീളേ—വിര-
യെണം വിട്ടകതിനാളെ
മാനനീയഗുണശാലി—ഗുരു
സൂനു സദാ സുഖദായി
എങ്ങാനുമാരെയും കാണാ—തുട
നൊഞുപോയെന്നറിയേണം
സജ്ജനമാനിതനായ—കച-
ന്നിജ്ജനമല്ലൊ സഹായം
രക്ഷിപ്പതിന്നാരുമില്ലാ—ഞതഹോ
പക്ഷേ മൃതനാം കചനെ
കാണാതെ കാൽക്ഷണം പോലും—നാഹി
വാസമിനി മുനിമെഃലേ
സാധുജനാവനമല്ലൊ—ഗുണ
ഹേതു സദാ വിബുധാനാം
മന്ദംസവിനായശിഷ്ടാ—നിജ
നന്ദിനി ചൊന്നതശേഷം
സംജാതവിസ്മയം കേട്ടു—മൃത
സഞ്ജീവിനീമന്ത്രശക്ത്യാ
മൃത്യുവശനാം കചനെ—മുനി
സത്തമനാശു വരുത്തി

ചന്ദ്രികാ തട്ടം ദശായാം—വിരി
യുന്ന കുമുദസമാനം
ആനന്ദവാരിധിതൊയേ—ദേവ
യാനിയും നീന്തിവശായി
വാനവക്കാചാൎയ്യജനം—കവി
താനുമവൻെറ മകളും
കേടകന്നാന്ന്യോന്ന്യരാഗാ—നന്ദിതം
കൂടിവസിച്ചു തദാനീം
ഗൂഢപരിശ്രമമേത്തും—ഫലി
ച്ചീടാഞ്ഞയാലരിശോന
കാപട്യമുൾക്കൊണ്ടസുര—ജനം
പ്രാപിച്ചു വേഗം കചനെ
കെട്ടിമുറുക്കിയശേഷം—തന്ന
വെട്ടിനുറുക്കിയ ശേഷം
പെട്ടന്നെറിഞ്ഞു സലിലേ—പരി
തുഷ്ടികലൎന്നു കാലം
തൽപ്രദേശം വെടിഞ്ഞെല്ലാ—വരും
ക്ഷിപ്രമോരോ വഴിയായി
കെൽപ്പോടു തങ്ങടെ വാസ—സ്ഥല-
മുൾപ്പുക്കു വാണു യഥേഷ്ടം

——

൩

ഏരിക്കലക്കാമോദരി—ചെമ്പട.

(മധുരമൊഴിശാരികേ എന്നപോലെ)

വരതനുവായീടും കചനുടയ
വരവതിനൊക്കാണാഞ്ഞു ദേവയാനി

വിരസതയും ഭാവിച്ചുടജാങ്കണേ
നിരവധി കേണീടും ദശാന്തരാളേ
ഗുരുസുതനിലത്യന്താനുരാഗേണ
ഹരിണമിഴി ചൊന്ന മൊഴി കാരണം
അപിനിഹതം ശിഷ്യനെ ഭാൎഗ്ഗവനും
സപദി നിജവിദ്യയാ ജീവിപ്പിച്ചു
വിശദഗുണാംഭോരാശി പുണ്യവാനാ-
മസുരകുലദേശികശാസനേന
തരുവഴിയോരോന്നേ കചനുമേവം
പറവതിനായാരംഭിച്ചാനന്നേരം
സുരനിലയഭൂപാതാളങ്ങളിലും
ശരണമെനിക്കില്ലാ ഭവാനെന്നിയേ
ഒരു കഴിവുമില്ലാതുഴലുമ്പോഴും
വരമരുളീടേണമേ ദീനബന്ധോ
അവികലവാത്സല്യം ഭവാനെക്കാളും
ശിവ ശിവ മറ്റാൎക്കാനുമെന്നിലുണ്ടോ
തവ കരുണാലേശമിങ്ങുണ്ടാകയാ-
ലവിരതമുണ്ടഹോ പൂൎവ്വസ്മരണാ
വലമഥനാരാതികളായീടുന്ന
ഖലമുടയ ദാനവന്മാരിപ്പോഴും
വടുവടിവാമെന്നെ ഹനിച്ചു കായം
ഝടിതി കലക്കിടിനാരങ്ങുതോയേ
കരളിലിയന്നുള്ളൊരു സന്താപേന
ഗുരുസുതനീവണ്ണം പറഞ്ഞശേഷം

കവിമകളും മൂവ്വരുമായവിടെ
വിവശതയെന്നിയേ വസിക്കുംകാലം
കഠിനമഹോ കഷ്ടം ദൈത്യന്മാരി-
ലടിമകളായീടും ദാനവന്മാരുടെ ദേഹം
അരിശമൊടങ്ങീടാഞ്ഞാശു കചനെ
സരസതരം കൊന്നഥ മൂന്നാമതും
അധികരുഷാ പേഷണം ചെയ്തു മാംസം
മദിരസവുംകൂട്ടിക്കലർന്നുടനെ
മുനിവരനു സേവിപ്പതിന്നു നൽകി
ദനുജകുലാചാര്യനുമുള്ളിലാക്കി.

---

ആരഭ—ചെമ്പട.

(ദ്വാരകാമന്ദിരം എന്നമട്ട)

താപസകുലാവതംസ താത നിശമയ വാചം
കാരുണ്യകാരണസിന്ധോ കരണീയമെന്തിന്നധുനാ
പ്രാണസഖിയാം കചനെക്കാണുവാനില്ലൊരേടത്തും
ദാനവാധമന്മാരെക്കൊണ്ടാണുപദ്രവമിക്കാലം
തോഴനാണയത്തില്ലാഞ്ഞിട്ടുഴറീടുന്നിതെന്മാനസം
ആവതുണ്ടെന്നാകിലിഹ താവകസുതയാമെന്നെ
കാണിനേരം കളയാതെ കാത്തുകൊണ്ടാലും പിതാവേ
സാധുവാം കചനും നീയും ഭേദമില്ലെനിക്കു ലേശം
ഖേദമെന്തിനെന്നോടോ ബാലേ കദനഹേതുഭൂതനായ
നമ്മുടെ ഗുരുസുതനെ വെണ്മയിലിങ്ങു വരുത്താം
ഇംഗിതനക്കുലമപ്പൊളിങ്ങിനെ പറഞ്ഞു കവി

ഹന്ത മൃതസഞ്ജീവിനിമന്ത്രശക്തികൊണ്ടുടനേ
ശിക്ഷയിലൊന്നുരണ്ടുരു ശിഷ്യനെ വിളിച്ചനേരം
കാവ്യജംരേനിന്നഥ കചനും വിളികേട്ടിതാശു
ദേവാചാൎയ്യനന്ദനാ ഭോ കേവലം ഞാനറിയാതെ
സ്വൈരമുള്ളിലാകുവാനും കാരണമെന്തു ബാലക!
ആരെയും പേടികൂടാതെ ആരുവാനീവിധമഹോ
ക്രൂരകൎമ്മം ചെയ്തതെന്നും പാരാതെ പറഞ്ഞീടുക
എങ്കിലോ കേട്ടാലും മമ സങ്കടം താപസോത്തമ
ഇപ്പൊഴും ദൈത്യന്മാരെന്നെ സപദി കൊന്നാസ്ഥയാ (ഗ്ഗൂഢം
ഗാത്രമാസകലമതിമാത്രമണു പൊടിയാക്കി
ഭക്തവത്സലനാം തവ പ്രത്യേകം സേവിപ്പാനായി
മദ്യവും കലൎന്നിതിനെ സത്വരം നൽകിനാരെല്ലോ
തെറ്റെന്നു ഭവാനൊന്നിയെ മറെറാരാശ്രയമില്ലിനി
ആൎത്തനാമടിയത്തിനെ കാത്തുകൊണ്ടീടുക വിഭോ.

—*—

൭

ആനന്ദഭൈരവി—ചെമ്പട.

(മാടുംമൃഗങ്ങളെത്തേടി എന്നതുപോലെ)

സുരകുലദേശികസുതനാം കചനുടെ
ഗിരമിദമഞ്ചാതെ കേട്ടനേരം
കരുണാപയോനിധി ദനുജാചാൎയ്യനഥ
നിരവധി കേണീടും നിജമകളെ
അരികെ വിളിച്ചുടനരുളിച്ചെയ്താനേവം
അരുതരുതാത്മജേ പരിദേവനം
കരുതാമലെന്നുള്ളിലടിപെട്ടുഴന്നീടും

കചനെ വരുത്തുവാനിന്നസാദ്ധ്യം
തരസാ മരിക്കേണമൊരുവനാതാരിനി
ശരണാഗതനായ കചനോ ഞാനോ
നിരുപിക്കയുണ്ടായീലൊരുനാളുമിങ്ങിനെ
വരുമെന്നഹോ വിധിമതമെന്നാലും
തരളാംബുജദളനയനേ ദേവയാനി
കരവാണി കിം തവ ഹിതമധുനാ
അഹിതകലാമിതവിപിനഹുതാശന
അഹഹാ പറയരുതെന്നോടേവം
സഹസാ ഭവാനെ മത്സഖിയാം കചനോടും
സഹ കാണാകേണമെന്നതിനാഗ്രഹം
കവിയും മകളുടെ വിവശതകാരണം
കവിയും വിഷാദേന ഗുരുസുതനോ
ബഹുമാനിച്ചമ്പൊടു മൃതസഞ്ജീവിനിയെ
കചനായ്ക്കൊടുത്തിതു കഴിയുംവേഗം
അസുരാചാര്യനുടെ ജഠരം പിളർന്നാശു
വസുധാതലേ കചനവതരിച്ചു
ഗുരുവരനെ നിജമനസാ വിചാരിച്ചു
വിരവിലവനെയും ജീവിപ്പിച്ചു
നികടേ നമിച്ചീടും കചനെ മഹാമുനി
മകനെന്നനുഗ്രഹിച്ചകലെ വാങ്ങി
ദിതിജാധമന്മാരെ നിഖിലം ശപിച്ചഥ
പതിതന്മാരാക്കിയെന്നതിലും ഭേദം
വിനയനയഗുണനിചയനിലയനാം

മുനിയും വെറുത്തിതു മദിരാപാനം
മറയവരിന്നിമേലൊരു നാളും മദ്യത്തെ
അറിയാതാരും കുടിക്കരുതെന്നോകി
ചിരകാലം പിന്നെയുമവിടെ യഥാസുഖം
ഒരുമിച്ചെല്ലാവരും വാണശേഷം.

---

(11)

സൌരാഷ്ട്രം—മുറിയടന്ത.

ദേശികനാം ശുക്രനുടെ
ശാസനത്താലൊരുദിനം
വാസവമന്ദിരംപ്രതി
ആശുഗന്തുകാമനായ.

നാഥനാമക്രി—ചെമ്പട.

ചിത്രശിഖണ്ഡിതനായ-
പുത്രനൊടത്യാദരേണ
യാത്രാമുഖേ ദേവയാനി
സത്വരം പറഞ്ഞാളേവം.

നീലാംബരി—ചെമ്പട.

ഉണ്ണിയാം ഭവാനെന്നിയേ
നിർണ്ണയമഗതിയാകും
എന്നെയും കൈവെടിഞ്ഞാശു
ധന്യശീല പോകുന്നിതോ?

ദ്വിജാവന്തി—മുറിയടന്ത.

കാണിനേരംപോലും തവ
ചേണാർന്നീടിന വദനം

കേരള സാഹിത്യ അക്കാദമി

കാണാതെകണ്ടിനിക്കഹോ
വാണിടുവാനില്ലാ ധൈര്യം
കല്യാണി—മുറിയടന്ത.

ദേവയാനിയുടെ പരി-
വേദനസൂചകഗിരം
സാദരം ശ്രവിച്ചനേരം
സാധുമതി കചനൂചേ. (൩)

കാനക്കുറിഞ്ഞി—ചെമ്പട.
(ചഞ്ചലാക്ഷി തവമണിഃയാടെന്നപോലെ)

കാതരാക്ഷീകുലമൌലിമാലേ ദേവയാനി
സാദരം ശൃണു ഭാഷിതം ബാലേ
ദൈതേയാചാര്യശാസനായാലെ-
യാമിയാമിബോധയ ചൂതണിമുലയാളേ.

എരിക്കല--ചെമ്പട.

ഏതാനും വിശേഷവിധി കാര്യമുണ്ടാകയോ
ചേതസി തോന്നുവാനെന്താണിപ്രകാരം
സാധുജനാവതംസ വിബുധാചാര്യസൂനോ
താതനിയോഗമാദരണീയമേവ.

കാനക്കുറിഞ്ഞി--ചെമ്പട.

ദൂരദേശവാസിയാമെന്നുടെ
താതനേയും നീരദവാഹനാദികളേയും
പാരാതെ കണ്ടു പൊരുവനിഹ കീരവാണി
പാരമുണ്ടെനിക്കധുനാ മോഹം

എരിക്കില--ചെമ്പട.

സാരസനയനാ തവ താതസന്ദർശനേ

പാരമുണ്ടെനിക്കും പൊയ്യല്ലിന്നാഗ്രഹം
വൈരസ്യമെന്നിയേ ഭവാനൊന്നെയും കൂടവേ
പോരികയെന്നാജ്ഞാപിച്ചീടേണം താനും.

കാനക്കുറിഞ്ഞി--ചെമ്പട.

ശാരദസുധാകരവദനേ വല്ലതും
വിചാരിയാതെ പോയാലും സദനേ
പേശലാംഗിമാരാമവർക്കെല്ലാം താരതമ്യ-
കൌശലമുണ്ടാമെന്നതു ചൊല്ലാം.

എരിക്കില--ചെമ്പട.

സംശയം ജനിക്കുവാനെന്തിപ്രകാരം നാഥ
കൌശലമല്ലിച്ചൊന്നതാവശ്യമല്ലോ
ആശ്രിതവത്സല ഭവദാശ്രിതയാമെന്നെ
ആശുകൈക്കൊണ്ടാലും ദേവാചാര്യസൂനോ.

കാനക്കുറിഞ്ഞി--ചെമ്പട.

സുന്ദരി മുന്നമേ കനിവെറും താവകീന
സന്ദേശവാക്കുകളെല്ലാം പോരും
അന്നുമിന്നും വടുവാം കചനോടിപ്രകാരം
നന്നല്ലാ ദേവയാനി വചനം.

എരിക്കില--ചെമ്പട.

ഇന്നിന്നുകഴിയും വ്രതമെന്നുള്ള ചിന്തയാ
ധന്യശീല കാത്തിരുന്നേനിത്രനാളും
സന്ദേഹം കൈവെടിഞ്ഞുടനിന്നെനി വൈകാതെ
മന്ദഭാഗ്യയാകുമെന്നെ വേട്ടീടേണം.

കാനക്കുറിഞ്ഞി--ചെമ്പട.

ധന്യമോഹനരൂപസൌജന്യേ

കിഞ്ചനാപി നിന്നഭീഷ്ടം വരാ കവികന്യേ
മൽഗുരുസുതയാം ഭവതിയെ വേട്ടീടുക
യോഗ്യമല്ലിന്നെനിക്കൊന്നുകൊണ്ടും.

---

൨

കാനക്കുറിഞ്ഞി— ചെമ്പട.

(അദ്ദ്യനേരംമന്നവന്മാരെന്നപോലെ)

പണ്ഡിതശ്രേഷ്ഠനാം ഗുരുനന്ദനാഗ്രജനിങ്ങിനെ
ഖണ്ഡിച്ചു കിഞ്ചന കാര്യം പറഞ്ഞനേരം
കന്യകാരത്നമാം ദേവയാനിയുമാത്തകോപേന
പുണ്യവാനായിരിപ്പോരു കചനെ നോക്കി
സന്ദേഹമെന്നിയേ ചൊന്നാളിന്നേരമെന്തെടോ കച
തോന്നീടുവാനഭിപ്രായമിതിപ്രകാരം
ഒന്നിച്ചിരുന്നകാലം ഞാനൊട്ടേറെ ബുദ്ധിമുട്ടിയും
അന്നന്നു ചെയ്തുപകാരം മറന്നുപോയോ?
അച്ഛന്റെ കാരുണ്യമെന്നിലല്പമുണ്ടെന്നിരിക്കിലോ
നിശ്ചയം തോൽക്കയില്ല ഞാനിതൊന്നുകൊണ്ടും
ശോഭനമാകിയ മൃതസഞ്ജീവനീമൂലമന്ത്ര-
ലാഭേന കേവലം കൃതാത്ഥനായിതോ നീ
മാനമററ പാപികളിലഗ്രഗണ്യനെന്നുള്ളതും
മേനി ചൊല്ലുന്നവനെന്നും മാനസ്സിലായി
മേലാലുതകേണ്ടും തവ സഞ്ജീവിനീമന്ത്രസാരം
ഫലിക്കയില്ലെന്നിങ്ങിനെ ശപിച്ചനേരം
ഉണ്ടായ സന്താപമുള്ളിലൊതുങ്ങാഞ്ഞിട്ടൊരു ജാതി
രണ്ടെന്ന ഭാവേന കചനവളെ നോക്കി
അല്പാപി കാമാതുരയാം താവകനിസ്സാരശാപം

നിദ്ദോഷിയാമെനിക്കുണ്ടോ ഫലിച്ചീടുന്നു
ആരണനരായുള്ളവരും താപസജനവുമിനി
ആരുമാരും ഭവതിയെ പരിഗ്രഹിക്കാ
കരുനാളുമെന്നിങ്ങിനെ പകരം ശാപവുമേകി
ഉരിയാടാതരിശേന ഗമിച്ചുടനെ
അതുവരെക്കുമുണ്ടായ കഥകളൊക്കയും ഗുരു
സുതനാമരസന്നിധൌ പറഞ്ഞശേഷം
ത്രിദിശനാഥനും മററുള്ളവർമാദരപൂർവ്വം
തദനു വിദ്യയുമുപദേശിച്ചു ഗുരവം
ഉത്തനബുദ്ധിയാം നിജതാതനോടുമൊത്തുകൂടി
പത്തനസീമനി മുദാ വസിക്കും കാലം. (൫)

പന്തുവരാടി—ചെമ്പട.
(സൂര്യസാരഥി പണ്ടൊരു കാലമെന്ന രീതി.)

അന്നൊരുനാളരികളെ ജയി—
ച്ചെന്നീടുവതിന്നാശയാ
വൃന്ദാരകാധിനാഥനും സുര—
വൃന്ദവുമൊത്തിടകൂടി
കൂററനാം വൃഷപവ്വാവിനുടെ
കോട്ടക്കരികെ ചെന്നഥ
പാളയമുറപ്പിച്ചു തദ്ദിശി
പാകശാസനനാജ്ഞയാ
ക്ഷീണതവെടിഞ്ഞേകഭാവേന
വാണീടുംപൊഴുതന്തികേ
ശുദ്ധിയാതൊരു വാപിയിലസി—

താമ്രവേണികളേ മുദാ
മുഗ്ദ്ധഭാവേന കാണുമാറായി
നഗ്നരൂപികളായഹോ
പുഷ്പസായകപീഡിതനായി-
ട്ടപ്പൊഴേ സുരനാഥനും
പേശലമിഴിമാരുടെ ഗുഹ്യ-
ദേശദർശനകാംക്ഷയാ
മന്ദമന്ദം ചുഴലിക്കാററായി
ചെന്നടിച്ചംശുകങ്ങളെ
അങ്ങുമിങ്ങുമകററിയശേഷം
വാങ്ങിനിന്നിതു കിഞ്ചന
പാടലാധരിമാരുടൻ ജല-
ക്രീഡയും കഴിഞ്ഞാസ്ഥയാ
ആടകളെടുത്തിടുവാനവ-
രോടി വന്നീടുമന്തരേ
കാണേണ്ടുന്നവയൊക്കെയും വജ്ര
പാണി കണ്ടു രസിച്ചഹോ
തത്ര സേനകളോടുമൊന്നിച്ചു
യാത്രയായി പതുക്കവേ
ദാനവഗുരുനന്ദിനിയുടെ
ചേണാർന്നീടിന ക്കൂറയെ
താനറിയാതെടുത്തുടുത്തിതു
മാനിനീമണി ശർമ്മിഷ്ഠാ
വേണമെന്നതുകണ്ടൊരു ദേവ-
യാനി ചൊന്നതിനുത്തരം

ക്രോധേന കഥിച്ചീടിനാളസുരാ-
ധിപസുതയിങ്ങിനെ
മജ്ജനകാശ്രയം കൊണ്ടല്ലയോ
പൂജ്യത നിണക്കിത്രയും
കുററമുള്ള നിന്നാഭിജാത്യങ്ങ-
ളാരാനു മറിയാത്തതോ?
വസ്ത്രമാരുടെയാണിതെന്നുള്ള
വാസ്തവമറിഞ്ഞീടാതെ
വല്ലതും പറഞ്ഞിടുകിലൊരു
പുല്ലിനും ബഹുമാനിയാ
ഇല്ലെന്നാകിലിരന്നാലും തവ
നല്ലതാശു ഞാനേകിടാം
പിന്നെയുമധിക്ഷേപവാക്കുക-
ളന്യോന്യം പറഞ്ഞീൎഷ്യയാ
ചെന്നു കൈപിടിപെട്ടു ശൎമ്മിഷ്ഠാ
നാരിയാം കവിപുത്രിയെ
വെള്ളവുമില്ലാതുള്ളൊരു കൂപേ
തള്ളിയിട്ടതിവേഗേന
ദാസികളോടുമൊന്നിച്ചാത്മ-
സദനം പുക്കിതനന്തരം.

൫൦

നാഥനാമഗ്രി—ചെമ്പട.

(അഞ്ചിതകേളി എന്നതുപോലെ)

കാന്താരസീമനി ദുഷ്ടമൃഗങ്ങളെ
പിന്തുടൎന്നേകനായുള്ള

നാഹുഷനാതപംകൊണ്ടുടനെത്രയും
ദാഹിക്കുകയാലന്നഹോ
നല്ല ജലാശയമാരാഞ്ഞൊരു
കഴിവില്ലാതുഴലും സമയേ
വള്ളിപ്പിണരുകളാച്ഛാദനമായി-
ട്ടുള്ളൊരു നിർജ്ജലകൂപം
തത്ര യദൃച്ഛയാ കണ്ടവനി-
ധവസത്തമനുത്സാഹശാലി
സത്വരം ചെന്നതി-
ലെത്തി നോക്കുംവിധൌ
നാസ്തി പാനീയമെങ്കിലും
ഉത്തമസ്ത്രീകുലസത്തമയാമൊരു
മത്തേഭഗാമിനിയാളെ
പ്രത്യക്ഷഭാവേന ദർശിക്കയാലതി-
മാത്രം ദയാലു യയാതി
അത്യത്ഭുതാകുലനായിട്ടവസിത-
ഭീത്യാ കിണററിലിറങ്ങി
മയ്ക്കണ്ണിയെ നിജദക്ഷിണഹസ്തേന
ശീഘ്രം കരേററിയശേഷം
ശുക്രതനൂജയോടുകഥവാനിങ്ങിനെ
തൽക്കാലോചിതമസാരം
കഞ്ജദളായതമഞ്ജുളലോചനേ-
രഞ്ജിതലോകഹൃദയേ
കുഞ്ജരഗാമിനി ധന്യേ മനോഹര-
കുന്ദവിശിഖനിലയേ

(കഞ്ജദളാ)

മന്നിലെഴുന്നൊരു വെണ്ണിലാവാം
തവ ഖിന്നതക്കെന്തവകാശം
ഒന്നുകൊണ്ടും വ്യസനിക്കേണ്ടുന്നവ-
ളല്ലെന്നാകിലും ഭവതിയെ (കഞ്ജദളാ)
നിർജ്ജലകൂപത്തിലാരുവാനിങ്ങിനെ
നിർബ്ബന്ധിച്ചാക്കിയതെന്നും
വിശ്വസിച്ചെന്നോടു പേരെന്തെന്നുള്ളതും
നിസ്സംശയം ചാരുതരോ
ഏതൊരു വംശേ ജനനം നിണക്കെന്നും
താതനാരെന്നും കഥയ (കഞ്ജദളാ)
എന്നുള്ള ഭാഷിതംകേട്ടോരനന്തരം
മാന്ദ്യം വിനാ ദേവയാനി
ആസന്നമിത്രമാനാഹ്ലഷരോടിദം-
മൂചേ സഗൽഗദവാചം.

---

൧൧
മലഹരി—ചെമ്പട.
(കൊണ്ടൽവേണിയാളെന്നരീപോലെ)

ആശ്രിതജനവത്സല ശൃണു
വിശ്രുതാനഘ യശോധന
വിഖ്യാതാസുരവംശാചാര്യനാം
ശുക്രതാപസപുത്രിയായ
വാത്സല്യനവരത്നനിക്ഷേപവസ്തു
ഞാനല്ലോ ദേവയാനി (ആശ്രിത)
ദുഷ്ടബുദ്ധിയാം ശർമ്മിഷ്ഠയൊരു
കുററമുണ്ടാക്കി ലജ്ജാവഹം
നിഷ്ക്കർഷിച്ചഹോ കഷ്ടമെന്നെയും

നിർജ്ജരേന്ദ്രപദംതന്നിലാക്കി (ആശ്രിത)
ശാശ്വതധർമ്മചിന്തയാ സമ-
ചിത്തനാം ഭവാനാരെന്നുള്ള
വാസ്തവമറിയിക്കേണ്ടുന്നൊരു
ബാദ്ധ്യതക്കൂടിയുണ്ടധുനാ (ആശ്രിത)
പ്രത്യഹം രിപുകൾനാ തവ
പ്രത്യേകമിതിനൊത്തവണ്ണം
പ്രത്യുപകാരം ചെയ്യുവാനിഹ
ശക്തിയില്ലിനിക്കൊന്നുകൊണ്ടും (ആശ്രിത)
ശ്രീമദമൃതകിരണാന്വയ-
ഭീമാലങ്കാരമുകുടാമണി
സമ്യഗധുനാ സ്വർഗ്ഗവാസിയാം
ക്ഷ്മാപതി നഹുഷാഖ്യനുടെ
സീമന്തപുത്രനാകും യയാതി
കമ്രതനോ ഞാനെന്നറിക
അങ്ങുനിന്നിഹ വന്നിട്ടുവാനും
സംഗതി മമ നായാട്ടല്ലോ
വിദ്യുല്ലതാംഗി നിസ്തുലമദ-
നസ്ത്രീന്ദ്രയാനോ ദേവയാനി
മേദിനീപാലനേവമരുളി
സാദരം നടകൊണ്ടശേഷം
താപസേശ്വരബാലികാ പരി-
താപം സഹിയാഞ്ഞാലോചിച്ചും
തുമ്പില്ലാതാധിപൂണ്ടൊരുദിശി
കുമ്പിട്ടിരിക്കും ദശാന്തരേ.

൫൨

കാനാക്കുറിഞ്ഞി ചെമ്പട.

(മാറുള്ള ഗോപിമാരെന്ന പോലെ)

ധാത്രീമടങ്ങിവന്നിട്ടും നിജ-
പുത്രി വന്നീടാഞ്ഞുടനെ കവി
കണ്ടു കാവുകളിലങ്ങുമിങ്ങും
മണ്ടിമണ്ടി വിരഞ്ഞാത്മജയെ
കണ്ടീടാഞ്ഞാധിപൂണ്ടന്വേഷിച്ചും
കൊണ്ടായാസേന നടക്കുംവിധൌ
കുണ്ഠിതം ഭാവിച്ചു ദേവയാനി
കുമ്പിട്ടിരിക്കുന്നതെങ്ങിനെയോ
സൂക്ഷിച്ചു കണ്ടറിഞ്ഞിത്യുക്തവാ-
നക്ഷീണാവേശിതസന്താപേന
സ്വച്ഛമാനസയായീടും നിണ-
ക്കിച്ഛക്കു ചേരുംപ്രകാരമെല്ലാം
കൃച്ഛ്രസാദ്ധ്യമപി യതിക്കുന്നോ-
രച്ഛനായുള്ള ഞാനുള്ളകാലം
പശ്ചാത്താപത്തിനിടയാമോരോ
തുച്ഛവിഷയം പ്രബലമാക്കി
ഉണ്ണി മകളെ നീയിപ്രകാരം
ദണ്ഡിക്കുവാനവകാശമുണ്ടോ
ആരും സഹായത്തിനില്ലാതിഹ
ഘോരകാനനസ്ഥിതയാം തവ
പാരവശ്യാതിരേകത്തിനുള്ള
കാരണമെന്നോടറിയിച്ചാലും
ദൈത്യാചാര്യ ദയാജലധേ

താത മഹാമുനിവര്യ വിഭോ
മൂഢധാ ദുർമ്മതി ശർമ്മിഷ്ഠാ വിഴ-
ത്താടയെടുത്തിടാഞ്ഞൊത്തരുഷാ
വന്യമാം നിർജ്ജലകൂപംതന്നി-
ലെന്നേയുമുന്തി മറിച്ചുടനെ
തന്നിഷ്ടതോഴിമാരോടുംകൂടി
സന്നദ്ധയായി നടന്നാളല്ലോ (ദൈതേയാ)
അന്യായമീവക ചിന്തിച്ചോട്ടും
ഖിന്നതയില്ലിനിക്കെന്നാകിലും (ദൈതേയാ)
സംശയം കൈവെടിഞ്ഞായസുര-
വംശഗുരുവായിരുന്നരുളും
ധർമ്മിഷ്ഠനായ ഭവാനെ വൃഥാ
ശർമ്മിഷ്ഠ നിന്ദിച്ചതോർക്കും വിധൌ
കോപവുമിങ്ങതിമാത്രം പരി-
താപവും മേന്മേലുദിച്ചീടുന്നു (ദൈതേയാ)
മാനിക്കേണ്ടുന്ന ജനങ്ങളവ-
മാനിക്കുന്ന കാലത്തുണ്ടോ സുഖം (ദൈതേയാ)
അന്നാട്ടിലേക്കു ചവിട്ടേണം ഞാ-
നൊന്നുള്ള താല്പര്യമുണ്ടെങ്കിലോ
ചെന്നിനി വൈകാതെ സുരാധിപ
നന്ദിനിയേയും സഖിമാരേയും
തുമകലന്നു പദവി നീക്കി
മാമകദാസികളാക്കീടേണം (ദൈതേയാ)

—:*:—

൧൩

## നാഗവരാളി ചെമ്പട.

(ചൂതുകളിച്ചീടേണമെന്നപോലെ)

ആശാഗ്രഹഗ്രസ്തയാം ദേവയാനി കാൎയ്യം
വാശിപിടിച്ചിങ്ങിനെ ചൊല്ലിയതും
ഭൂരികല്യാണാനന്ദകീൎത്തനീയഗുണ-
സാരനിലയമുനിതല്ലജനാം
പീയൂഷാശനാചാൎയ്യദേശികജാഗ്രജനായ
കചനെ മൂന്നുടീഷ്യതയാ
ഊഢപ്രയത്നം പുരാ വാസവാരിവ്രജം
ഗൂഢം യമരാട്ടിന്നൂണാക്കിയതും
കുന്നിക്കുമഞ്ഞൊനികളായതു കാരണം
കുന്നിക്കും ബ്രഹ്മമറിയാതേകണ്ടാ
മാനുഷാമിഷം കലൎന്നുള്ള വാരുണിയെ
ധ്യാനശീലനാം തനിക്കേകിയതും
മറ്റുള്ള സാഹസപ്രവൃത്തികളൊക്കെയും
തെറ്റന്നാശയേ നിരൂപിക്ക മൂലം
ദേഷ്യം സഹിയാഞ്ഞസുരാചാൎയ്യനാം നിജ-
ശിഷ്യരായീടുന്ന മൂഢാത്മക്കളെ
തസ്മിന്നവസരേ ശപിച്ചാബാലവൃദ്ധം
ഭസ്മീകരിക്കുവാനാരച്ചുടനെ
വാത്സല്യവിത്താമോമനാമകളെ പറ-
ഞ്ഞാശ്വസിപ്പിച്ചുവിടുന്നാമ്മാറഹോ
ജാത്യാ ഗുരുഭക്തനാം നിൎദ്ദോഷിയാം സമ-
ചിത്തനുമായ വൃഷപൎവ്വാവിനെ

അത്യുന്നതാമഷ്ടദന്തിരിക്ഷനാം കവി
ന്ദിദ്ദ്വയം വിളിച്ചിപ്രകാരമൂചേ.

—:*:—

൧൮

വേകട മുറിയടന്ത.

(ഗോപകുമാരക എന്ന പോലെ)

ധാരാധരവാഹനാരിജനപ്രഭോ
ഘോരദുരിതാശയഹൃദി
പോരുമഹമ്മതി പോരുമഹമ്മതി
ദൂരീകരോത്തമയെ
സ്വൈരം തവ നാട്ടിനൊരാവക ബുദ്ധി-
പൂർവ്വമഴിമതികളന-
വാരം പ്രജകളസാരം തവഹിത
മോരാതുണ്ടാക്കീടുമോ
നേരായമാർഗ്ഗമനുസരിയാതപ-
കാരികളെ വിധിയാംവണ്ണം
ആരാഞ്ഞൊതുക്കേണ്ട ഭാരമെന്നല്ല-
ധികാരവുമാർക്കാണിഹ (ധാരാധര)
വീതവിശങ്കമസുരകളത്താന-
മേധാവിയാം കചനൊ രവി-
ജാതപുരത്തിലേക്കനൊന്നായച്ചവാ-
റേതുമറിഞ്ഞീലയോ
അത്യന്തവിശ്വാസഭക്തി നടിച്ചാശു
മർത്ത്യമാംസം കലക്കിയുള്ള
മദ്യമിനിക്കവരേകിയതും പുന
രെത്രകഠിനമഹോ (ധാരാധര)

കേരള സാഹിത്യ അക്കാദമി

കഷ്ടമനീതികളത്ര്യയുമല്ലീന്ന-
ലൊട്ടും വിനാ ശർമ്മിഷ്ഠാ നിജ-
ദുഷ്ടപരിജനചിത്താനുസാരിണീ
പെട്ടന്നുണ്ടായ രുഷാ
ഉററവളാം മമ നന്ദിനിയെ വൃഥാ
കാട്ടിലാരുമറിയാതൊരു
പൊട്ടക്കിണററിലേക്കായവളെന്നും
തള്ളിവിട്ടീടിനാളധുനാ (ധാരാധര)
ആവലാധികളനവധിയുണ്ടാക്കി
മേവീടുന്ന നിങ്ങളുടയ
ജീവഹാനി വരുത്തീടുവാനാണിഹ
ഭാവിച്ചതല്ലാഴ്കിലോ
പാഴിയാകും തവ ബാലികയുമവ-
ളായിരം ദാസികളും
ദേവയാനിയുടെ ദാസ്യഭാവമിയന്നിനി
വാഴേണമെല്ലാനാളും (ധാരാധര)
മാനനീയഗുണശാലി ഭൃഗുസുതമാ-
മുനിചൊന്ന ഗിരം ബത
മാനിച്ചഖിലം ശ്രവിക്കയാലാകുല-
മാനസനായി തദാ
നിർദ്ദോഷിയാമസുരാധിപനാചാര്യ-
പാദസരോരുഹേ സാഷ്ടാംഗം
ഭക്ത്യാ നമസ്കരിച്ചാശു പര-
മാത്മമുകരുവാനിപ്രകാരം.

—:*:—

൫൭

### പുന്നാഗവരാളി — മുറിയടന്ത.

(ഢഗ് മണിയോടു ചെന്നുവെന്നാലെ)

പാഹിമാം കരുണാലയകന്ധര–
വാഹന പരിപന്ഥിവംശഗുരോ
കേവലമനന്യാശ്രയനാമെന്നോ–
ടീവിധം വൃഥാ മത്സരം യോഗ്യമോ (പാഹി)
ഉള്ളിലെ ദിവ്യചക്ഷുസ്സിനാലങ്ങു–
ന്നെല്ലാമും പിഴയാതെ പരമാർത്ഥം
ഉള്ളപോലറിഞ്ഞല്ലോ പരിഹാസ
കൊള്ളിവാക്കുരചെയ്യുന്നതന്യഥാ (പാഹി)
കൃത്യാകൃത്യവിചാരവും സജ്ജന–
വൃത്തിയും ലോകരഞ്ജനാസക്തിയും
ഉത്തമഗുരുവിശ്വാസഭക്തിയും
ബുദ്ധിയുമില്ലാതുള്ള പാപികളാം
ദൈത്യന്മാരുടെ താന്തോന്നിവാസങ്ങ–
ളിത്രനാളുമറിഞ്ഞീല ഞാനഹോ (പാഹി)
വീതവിശങ്കമെല്ലാനാളും വൈരി
ബാധകളകന്നാസ്ഥയാ സതമനി
നാഥനാം ഭവൽക്കാരുണ്യംകൊണ്ടൊരു
ജാതിവാഴമടിയങ്ങളെ സ്വൈരം
പ്രീതിപൂണ്ടാശു കാത്തരുളേണമേ
സാധുജനാവനൈകതാനവിഭോ
സാദരം ത്വയാ നിർവ്വന്ധിതകാര്യം
സാധിതപ്രായമേവ മുനിശ്വര (പാഹി)

൧൬

എരിക്കലക്കാമോദരി_ ചെമ്പട.

**(സുന്ദരിമാർമണിബാണെ എന്നപോലെ)**

അംബുദവാഹനാരാതിരാജദുഹിതാവാം
ശർമ്മിഷ്ഠയുമായിരം വിഷളികളും
കാവ്യനന്ദിനിയാം ദേവയാനിയുടെ ദാസ്യ
ഭാവമിയന്നങ്ങിനെ വസിക്കുംകാലം
ശ്യാമളസുരുചിരകുന്തളഭരജിതധൂമയോനികളാം
കാമിനിമാരഖിലരുമൊരുമിച്ചാമോദേന
സമ്യഗുഷസിപരിമിളിതരസംവനക്രീഡാത്ഥമേകദാ
രുമകലരുമൊരു കാനനസീമനി ചെന്നിറങ്ങി
വിശ്രുതമിഹിരവംശാലങ്കാരഭൂതനാം
വിശ്വംഭരാനാഥനത്യുത്സാഹശാലി
വിസ്തരിച്ചന്നുമുണ്ടായ നായാട്ടിനാലതി
വിശ്രാന്തമാനസനായടവീമദ്ധ്യേ
ഉച്ഛൃംഖളതരകല്പിതായതകരബലശാലികളാം നിജ_
സേനകളോടുമൊരുമിച്ചു യയാതി മന്ദംമന്ദം
ഇക്ഷുശരാസനസന്നിഭനരികുലരുക്ഷകിരണജനാ_
ശ്രിതജനപരിപാലനലോലുപനാത്തബന്ധു
ക്ഷുൽപ്പിപാസാദികളാലുമല്ലേതരം പരി
തപ്തനായദ്ദേഹം സ്നിഗ്ദ്ധച്ഛായാദ്രുവാം
തൽപ്രദേശത്തല്പമിരുന്നാശ്വസിച്ചീടുവാ_
നല്പനാകൌതുകം ചെന്നണയും വിധൌ
സുഭ്രൂസദയമസിതോല്പലദളമിഴിയാളാം ദേവയാനി
കേളിയോടു കളിമതിയാക്കിയെന്നിനാദരേണ

ക്ഷിപ്രം നൃപകുലവരനെ യഥാവിധി സല്ക്കരിച്ചിരു
ത്തീട്ടാത്മഗതം മൃഗമതിമുഖി ചൊന്നാളിപ്രകാരം

—:*:—

൧൫

കാപി ചെമ്പട.

പൂമാതിനൊത്ത എന്നപോലെ

പല്ലവി.

സ്വാഗതം ഭവതേ കിമയേ
ശ്ലാഘനീയ ശ്രീഭാഗധേയാദിഗുണനിലയ.

അനുപല്ലവി.

സാകംസേനയാഭവദാഗമനംകിമർത്ഥം — സ്വാഗതം.

ചരണം.

കാമാഭിരാമനായ ഭവാനാരെന്നുള്ള
പരമാർത്ഥമധുനാ കഥനീയം.
സോമനോ സവിഗ്രഹ—
കാമനോ കിമുവദ സോമനോ വാസവനോ
ഭ്രമണാളനോ നരനോ സ്വാഗതം.

മലഹരി— അടന്ത.

പല്ലവി.

തരുണീജനമൌലികാഭരണമേ നിശമയ
ഹരിണീശാബ രുചിരനയനേ മാമകഗിരം.

അനുപല്ലവി.

ഭരിതകൌതുകമാശു മൃഗയാ സക്തനായിഹ
ഖരികയാലതിമാത്രം സുകൃതിഞാനിന്നും വന്നു—

(തരുണീ.)

൧.

തരണിവംശജനൃപവരനഹുഷസുതനാം
ധരണീപാലകനാഹമരുണാധരി സുതനോ
തരസാ നിങ്ങളാരെന്നും
പരഭൃതമൊഴിയാളെ പിറവിയെന്തെന്നുമുള്ള
പരമാൎത്ഥം പറയാമോ—തരുണീ.

കാപി—ചെമ്പട.

൨.

ഷ്യഷാങ്കാനസുരാചാൎയ്യജാ
മററവരെൻെറ വിഷളികളാം നൃപതല്ലജ.
രഹസി മുന്നം ഭവതാ
കലിതമെന്നുടെ പാണിഗ്രഹണമിന്നതുമൂലം
സഹസാ പരിപാഹി മാം—സ്വാഗതം.

മലഹരി—അടന്ത.

൩.

ശിവശിവ ബ്രാഹ്മണിയാം ഭവതീരതിസംഗമം
അവനീനാഥനാമിനിക്കുചിതമെന്നാകിലും
ദനുജാചാൎയ്യനാദ്ദേഹമനുവദിക്കുന്നു പക്ഷം
പനിമതിമുഖിതവപരിണയം കരവാണി—തരുണി

—:*:—

൧൮

കുമ്മിയടി:

വാസവാരാതിവംശാചാൎയ്യനെ
ആശു വരുത്തിനാളംബുജാക്ഷി
കാൎയ്യവിവരണം താപസപാദക-

ശേശയേ വീണു വണങ്ങി തദാ
നന്ദായനനുഗ്രഹിച്ചാത്മജയെ
നാഹുഷനേകിയശേഷം കവി
മന്ദഹാസംപൂണ്ടിവണ്ണം ദയാലുവാം
മന്നവനോടഭിപ്രായമൂചേ
ഭൂമീപുരന്ദര സുന്ദര ഹേ
താമരബന്ധുകുലാവതംസ
മാമകനന്ദിനിയാമിവളൊന്നിച്ചു
ഭൂമൌ യഥാസുഖം വാഴ്ക ചിരം (ഭൂമീ)
കന്യകാരത്നമാം ശർമ്മിഷ്ഠയോ-
ടന്യായമായുരിയാടുകയും
ഒന്നിച്ചിരുന്നീടുകെന്നുള്ളതുമത-
തിന്നിയവളെ സ്പർശിക്കുകയും (ഭൂമീ)
അത്രയുമല്ല സുരാധിനാഥ
പുത്രിയെ വീതവിശങ്കം തവ
പത്തനസീമനി വാഴിക്കാതന്യഗൃ-
ഹത്തിലിരുത്തീടുകെല്ലാനാളും (ഭൂമീ)
ഇത്ഥം പറഞ്ഞു മറഞ്ഞു മുനി-
സത്തമനുള്ളം തെളിഞ്ഞുടനെ.

---

൫൪

ശൌരിപന്തു—ചെമ്പട.

പാർത്ഥലത്തിൽ കീർത്തിയുള്ള—എന്നതുപോലെ.

വിഖ്യാതമിഹിരവംശമുഖ്യനാം യയാതി
ഭാഗ്യവാനാജാനുബാഹു ദയാനിധി

വിദ്രുതമാനന്ദമാം സമുദ്രാമഗ്നനായി
വിദ്രുമാധരിയാം ദേവയാനിയോടും
ശർമ്മിഷ്ഠതുടങ്ങിയുള്ള തദ്ദാസികളോടും
സന്മാർഗ്ഗികളാം സൈന്യങ്ങളോടുംകൂടി
സീമയില്ലാതോളം ധനധാന്യസമൃദ്ധമാം
ശ്രീമന്നിജാവാസദേശം പുക്കടനെ
കാവ്യമാമുനി സാദരം കല്പിച്ചപ്രകാരം
അവ്യാജമമിതബലശാലീ രാജാ
ഭാസുതരമുദ്യാനസീമനി നല്ലൊരു
പ്രാസാദം നിർമ്മിച്ചു തത്ര യഥാസൈരം
പാർവ്വണശീതാംശുമുഖിയാളാം ശർമ്മിഷ്ഠയെ
നിർവ്വിശങ്കം വസിപ്പിച്ചശേഷം പിന്നെ (വിഖ്യാത)
ആത്മരമണിയോടൊന്നിച്ചെല്ലാനാളും നിജ-
സത്മനി സുഖമാംവണ്ണം വാണു ചിരം
തിങ്ങിനോരിശപരഭക്ത്യാ മംഗലമിക്കഥ
ഇങ്ങിനെ പറഞ്ഞടങ്ങി ശാരികയും.

സമാപ്തം.

# രുദ്രാക്ഷമാഹാത്മ്യം.

---

എരിക്കലകാമോദരി—ചെമ്പട.

(കളമൊഴിമാർമൌലേ എന്നപോലെ)

വരമൊഴിയാം ശാരികേ ചാരുശീലേ
വരികരികിലോമനം കുതുകമോടെ
തരുവനിഹ പാലും പഴവും തേനും
വിരവൊടവയെല്ലാം ഭുജിച്ചിരുന്നു
പരമശിവൻതന്റെ ചരിതങ്ങളി-
ലൊരു കഥയെ ചൊൽക നീ വൈകിടാതെ
സരസിരുഹലോചനമാരുടയ
സരസഗിരമിങ്ങിനെ കേട്ടനേരം
കരിമുഖനാകും ശ്രീഗണേശനേയും
ഗുരുവിനേയും ഭാരതീദേവിയേയും
പുരമഥനപാദവും ഭക്തിയോടെ
തെരുതെരെ വന്ദിച്ചു ചൊന്നാളേവം.

---

൨

സൌരാഷ്ട്രം—ചെമ്പട.

(മതിമാനാകിയ കാശ്യപനെന്നപോലെ)

മുന്നമനഘമാം കാശ്മീരദേശേ
പുരന്ദരതുല്യനാം ഭദ്രസേനാഖ്യൻ
മന്നവനേകനുളവായി വന്നിത-
മന്ദഗുണോദയവാരിധി ശൂരൻ

നന്ദനനും പുനരുണ്ടായിവന്നി-
വന്നു ഗുണാഢ്യൻ സുധർമ്മാവെന്നേകൻ
തന്നുടെ മന്ത്രിസുതനാകും താരക-
നൊന്നിച്ചു വിദ്യകളെല്ലാം ഗ്രഹിച്ചു
എന്നല്പധികമൊരിഷ്ടസഖിത്വവും
വന്നു ഭവിച്ചിതവർക്കിഹ തമ്മിൽ
പന്നഗഭൂഷണപാദപത്മങ്ങളി-
ലുന്നതഭക്തി വളൎന്നു ചമഞ്ഞു
മന്ദം കുളിച്ചു വിഭൂതി രുദ്രാക്ഷങ്ങ-
ളൊന്നിച്ചു നന്നായ് ധരിച്ചവൻ നിത്യം
ചെന്നു ശിവാലയം പുക്കു ഗിരീശനെ
നന്നായ് ഭജിച്ചു സുഖിച്ചു വസിക്കും
മന്ദിരം പുക്കൊരുനേരം ഭുജിച്ചാശു
പിന്നെയും വാമദേവാലയേ വാഴും
അന്യസുഖങ്ങളിലില്ലവൎക്കാഗ്രഹ-
മെന്നും പുരഹരപൂജനമെന്യെ
പൊന്നും പണവും ശുഭാലയവും നല്ല
സുന്ദരിയും തൃണതുല്യവിചാരം
അന്നൊരുനാൾ മുനി വ്യാസതാതൻ തത്ര
വന്നാനവനൊടു ചൊല്ലിനാൻ ഭൂപൻ.

---

൩

മലഹരി—ചെമ്പട.

**കൊണ്ടൽവേണിയാളെന്നപോലെ.**

ഉത്തമമുനി പുംഗവ തവ
കാൽത്തളിരിണ വന്ദിക്കുന്നേൻ

എത്രയും കൊതിച്ചുണ്ടായ മമ
പുത്രനായ സുധർമ്മാവഹോ
പൃത്ഥ്വീപാലക ധർമ്മമാകയി-
ന്നെത്ര കഷ്ടം വെടിഞ്ഞീടുന്നു
അത്രയുമല്ല താരകമന്ത്രി-
പുത്രനുമിവർ രണ്ടുപേക്കും
ചിത്തജാന്തകസേവയല്ലാതെ
ചിത്തതാരിലൊരിച്ഛയില്ലാ
മാർത്താണ്ഡോദയത്തിന്നു മുമ്പവ-
രൊത്തു നിത്യം കുളിച്ചീടുന്നു
കോർത്തുകെട്ടുന്നു രുദ്രാക്ഷദാമം
ചേർത്തിടുന്നു വിഭൂതിയംഗേ
ക്ഷേത്രം തന്നിലകം പുക്കു നാമ-
കീർത്തനം ചെയ്തു വാണീടുന്നു
പുത്രനിങ്ങിനെ തീർന്നാലിനിമേൽ
പൃത്ഥ്വീപാലനം നാസ്തിയല്ലൊ.

---

ആരഭി—ചെമ്പട.
(ഭോരകാമന്ദിരം—എന്നപോലെ)

ഭൂമിപാലശിഖാമണേ മാമകഭാഷിതം കേൾക്ക
കോമളമാം നന്ദികാഖ്യഗ്രാമമദ്ധ്യേ മഹാനന്ദാ-
നാമമുടയൊരു വേശ്യാകാമിനിയുണ്ടായ്വന്നു
കാമവൈരിഭക്തികൊണ്ടു വാമയും നിർമ്മലയല്ലോ
കാർമ്മേഘം തോററിടും കേശം സോമനൊ ജയിക്കും മുഖം
താമരസദളംപോലെ കോമളനയനങ്ങളും

ഹേമകുംഭസ്തനങ്ങളും പ്രേമപൂർവ്വസ്മിതങ്ങളും
ഹേമഭൂഷണാദിയാൽ നികാമശോഭനയാമവൾ
സൌമ്യമാം കടാക്ഷംകൊണ്ടു കാമുകരെ വരിക്കുന്നു
കാമുകജനങ്ങൾ നിജകാമമെല്ലാം ലഭിച്ചുടൻ
സാമമായി നൽകും ധനം സീമയില്ലാ ചൊല്ലുന്നാകിൽ
ഹേമരത്നഖചിതമാം ധാമശോഭ ചിത്രം ചിത്രം. (൪)

---

കാമോദരി—ചെമ്പട.

(നളന്ദരിമാർമണി —എന്നമട്ടപോലെ)

അംഗനാമാർകുലമൌലി കുലടാംഗനാ ചാരുസുശീലാ
അംഗജവൈരിചരിതങ്ങളെ ഭംഗിയിൽ ചൊല്ലി രസി
(ച്ചും
ഗംഗാധരനാം ശിവനെ നിനച്ചങ്ങു സുഖിച്ചങ്ങിരുന്നും
മംഗലമാം കളിത്തോട്ടം തന്നിലംഗനാമാരോടുകൂടെ
മങ്ങാതെ ചെന്നു കളിച്ചും നല്ല സംഗീതം കേട്ടു രസി
(ച്ചും
തിങ്ങിനമോദം വളർത്തിടും പ്ലവംഗമകുക്കുടകണ്ഠേ
മംഗലമായുള്ള രുദ്രാക്ഷങ്ങൾ ഭംഗിയിൽ കോർത്തഥ കെ
(ട്ടി
തങ്ങളിലൊത്തു കളിപ്പിച്ചവളങ്ങതു കണ്ടു രസിച്ചും
ഇംഗിതവേദി കിളി തൻ വചനങ്ങളെക്കേട്ടു രസിച്ചും
തങ്ങളിൽ മേളിച്ചു നിത്യം നകലങ്ങു സുഖേന നയിക്കും
അംഗജനാടകമാടി ബഹുഭംഗ്യാ ശയിക്കും നിശായാം
അംഗജവൈരി കൃപയാലവളിങ്ങിനെ വാണു ചിരായ.

---

൧൧

## കാനക്കുറിഞ്ഞി—ചെമ്പട.

(താരമക്കണ്ണുനെന്നപോലെ)

അക്കാലത്തൊരു വൈശ്യനീശാന-
ഭക്തനംഗജസന്നിഭൻ
പുഷ്കരാക്ഷിതന്നാലയമകം-
പുക്കിതങ്ങവനേകദാ
ഉൾക്കുരുന്നിങ്കൽ ഭക്തിയോടവൾ
സൽക്കരിച്ചിരുത്തീടിനാൾ
വെക്കമത്ഭുതതാലവൃന്തത്താ-
ലാക്കമോടഥ വീശിനാൾ
മൈക്കണ്ണിയാളും തന്റെ
ശക്തിക്കതക്കവണ്ണം സുഖിപ്പിച്ചു
അർക്കസന്നിഭം തല്കരത്തിൽ കി-
ടക്കും കങ്കണം കാൺകയാൽ
ഉൾക്കമലത്തിലിച്ഛപൂണ്ടു വ-
ണക്കമോടവൾ ചോദിച്ചു
ദിക്കിലെല്ലാം വിളങ്ങുന്ന തവ
കൈക്കലേ മണികങ്കണം
ഒക്കിലിന്നതു നല്ല സുന്ദരി-
മാൎക്കു യോഗ്യതയേറുമേ
നൽക്കുലടതൻ വാക്കു കേട്ടവ-
നൽക്കടാനന്ദം ചൊല്ലിനാൻ
ചൊല്ലേണ്ടീടുമിക്കങ്കണേ നി-
ണക്കാഗ്രഹമുണ്ടെന്നാകിലൊ
പാക്കാതിന്നിതിൻ മൂല്യം
നൽകിൽ നിണക്കു നൽകുവനാദരാൽ.

---

൭)

## ഏരിക്കലക്കാമോദരി—ചെമ്പട.

(സുന്ദരിമാർമണിബാണ—എന്നപോലെ)

മല്ലലോചനായും ശിവയോഗി തന്റെ നല്ല
ചൊല്ലുകളിങ്ങിനെ കേട്ടനേരം മുദാ
ചില്ലിയൊന്നിളക്കി നല്ല പുഞ്ചിരിയും തൂകി
മെല്ലവേ കടാക്ഷിച്ചവനോടു ചൊന്നാൾ
മുല്ലശരോപമമൂല്യഗിരത്തെ ചൊല്ലേണ്ടാ ഞാനൊ
(രു
ചില്ലികൊടുത്തൊരു വസ്തു ലഭിച്ചീലിത്രനാളും
നല്ല വേശ്യാംഗനാകുലധർമ്മമൊന്നുമിന്നു
നല്ല വൈശ്യോത്തമ ഭവാൻ കേട്ടിട്ടില്ലേ
നല്ല കടക്കണ്ണിലുളവായിടുന്നു ധന-
മെല്ലാമെന്നറിക ഗുണശീലമൌലേ
മെല്ലവെ ഞാനൊരുജാതി ഭവാനോടർത്ഥിച്ചീടാം
(പുന-
രല്ലലൊഴിഞ്ഞിഹ തന്നുവതെങ്കിൽ മേടിച്ചീടാം
തെല്ലും മടിയാതെ നിജചിത്തമാശു നൽകി
നല്ലവണ്ണം സുഖിക്കുന്നു മർത്ത്യരെല്ലാം
സല്ലീലം മൂന്നഹോരാത്രമിച്ഛപോലെ തവ
വല്ലഭയായിരുന്നീടാമെന്നറിക
ഇല്ലതിനന്തരമന്തകശാസനപാദത്താണ തവ
ചൊല്ലിയനാളിലൊരന്യവിനോദവുമിച്ഛിച്ചീടാ
വല്ലവീവചനമേവം കേട്ടവനും നിജ
നല്ലമണിക്കങ്കണത്തെ സമ്മാനിച്ചു
നല്ല ശിവലിംഗമേകമംഗേ കാൺകയിതു

മല്ലബാണകേളികാലേ യോഗ്യമല്ലാ
ചൊല്ലിയിവണ്ണമതംബുജനേത്രയുടെ കയ്യിലേകി
നല്ല കളിപ്പൂരയുള്ളതിലവളും വാങ്ങിവെച്ചു.

---

വു
മോഹനം — മുറിയടന്ത.

(ഓമനത്തിങ്കൾക്കിടാവോ — എന്നപോലെ)

ഏണവിലോചന താനും - നിജ
പ്രാണനാഥനൊടും ചെന്നു
ക്ഷീണമകന്നവരംഭോ - രുഹ
ബാണവിനോദം തുടന്നു
ബാണങ്ങളഞ്ചും തൊടുത്തു - സുമ
ബാണനുമെയ്യങ്ങടുത്തു
ബാണങ്ങളില്ലാഞ്ഞുഴന്നു - കഞ്ജ -
ബാണന്റെ ചാപം മുറിഞ്ഞു
നാണം വെടിഞ്ഞവരോരോ - തരം
വാണികൾ ചൊല്ലി രസിച്ചും
ശോണാധരീകുചകുംഭം - മൃദു
പാണികൾകൊണ്ടു രസിച്ചും
പൂണവാൻ മൂത്തികൾ ചേത്തും - ഘന -
വേണി കിഴിഞ്ഞങ്ങിഴഞ്ഞും
ശോണാധരങ്ങൾ നുകന്നും - പരി -
മാണമില്ലാതെ സുഖിച്ചും
നാണമിയന്നങ്ങിരുന്നും - പുന -
രേണാക്ഷിയോടഥ ചേന്നും
ക്ഷീണേന കേശപാദാന്തം - ബാഹു

സോദം പൊഴിഞ്ഞുമിവണ്ണം
ഏണാങ്കശേഖരഭക്തൻ-വര-
വാണി മഹാനന്ദയോടും
ചേണാൎന്ന മോദം രമിച്ചു-ങ്ങഥ
വാണു യഥേഷ്ടം നിശായാം.

---

൯

കാനാക്കുറിഞ്ഞി—ചെമ്പട.

മാറാള ഗോപിമാരെന്നപോലെ.

ശിഷ്ടനാം വൈശ്യനാക്കാമിനിയോടും
തുഷ്ടികലൎന്നുറങ്ങിടുമപ്പോൾ
കാട്ടുതീ വന്നു പിടിച്ചിതു ശീഘ്രം
ഞെട്ടിയുണൎന്നവർ നോക്കിയനേരം
പെട്ടെന്നു കണ്ടിതു ദാവകൃശാനും
പുഷ്ടിയേറും കളിപ്പട്ടമശേഷം
പെട്ടെന്നു കത്തിദ്ദഹിച്ചുതുകുന്നു
പൊട്ടിത്തെറിക്കുന്നു തൂണുകളെല്ലാം
കട്ടിലും മെത്തയും ഭസ്മമതായി!
നിൎമ്മരമിങ്ങിനെ കണ്ടദശായാം
മൎക്കടത്താനെയും കുക്കുടത്തെയും
കെട്ടു കിഴിച്ചഥ വിട്ടിതു വേശ്യാ.

---

൧൦

ദ്വിജാവന്തി—മുറിയടന്ത.

രുഗ്മിണിയോടു ചെന്നുവെന്നപോലെ.

ഉത്തമശിവലിംഗമതിപ്രഭം
കത്തിടുന്നതു കണ്ടഥ വൈശ്യനും

അത്തലോടുംചെയ്തിതു വേശ്യയാ-
ടെത്ര കഷ്ടം മമ പ്രാണസന്നിഭം
ഉത്തമോത്തമരത്നലിംഗമഹോ
കത്തീടുന്നതു കാൺകെടൊ വല്ലഭേ
സത്വരമതിൻ നാശവും കണ്ടിഹ
പൃത്ഥ്വിയിലിനി വാഴുന്നതില്ലഹം
ഇത്തരമുരചെയ്തവൻ വഹ്നിയിൽ
സത്വരം പതിച്ചീടിനാനപ്പൊഴേ
മത്തകാശിനിതാനുമതുനേരം
മിത്രവർഗ്ഗത്തൊടീവണ്ണം ചൊല്ലിനാൾ
പാർത്തുകാണ്കിലെനിക്കിനിജ്ജീവനം.
കീർത്തിഹാനിയെന്നല്ലൊ ബുധമതം
രാത്രി മൂന്നു കഴിഞ്ഞീലതിൻമുമ്പെ
ഭർത്തൃനാശം വരികയാലെന്നുടെ
സത്യഭംഗം ഭവിച്ചിതിന്നാകയാൽ
കത്തുമഗ്നിയിൽ ചാടിമരിക്കുവൻ
ഇത്തരമുരചെയ്തു ധനമെല്ലാം
പൃത്ഥ്വീദേവന്മാർക്കൻപൊടു നൽകിനാൾ
കത്തുമഗ്നിയെ മൂന്നു വലംവെച്ചു
ഭക്തിയോടെ ഗണികയുമായതിൽ
സത്വരം കുതിച്ചങ്ങു ചാടുംവി
മൃത്യുശാസനദേവനരുൾചെയ്

കേരള സാഹിത്യ അക്കാദമി
തൃശൂർ

൧൧

മദ്ധ്യമാവതി—ചെമ്പട.

കല്യാണി കളവാണി എന്നപോലെ.

ഘോരപാവകന്തന്നിൽ ചാടൊല്ലാചാടൊല്ലാ നീ
സാരസനയനേ ഗിരീശനഹം
വാരനാരിയാം തവ ഭക്തിവിശ്വാസമെല്ലാം
നേരോടിങ്ങറിവാനായിപ്രകാരം
പാരാതെ വൈശ്യവേഷം കൈക്കൊണ്ടുപരീക്ഷിച്ചു
പാരം പ്രസാദിച്ചു ഞാനംബുജാക്ഷി
നേരേ പറക തവ വാഞ്ഛിതമെല്ലാ-
മെന്നാലാത്രുഢാനന്ദമിഹ നൽകീടുവൻ
നീരജാക്ഷിയുമുരചെയ്തു ഗിരിജാപതേ
സാരബന്ധുക്കളോടുംകൂടി മമ
ഘോരമാം ഭവദുഃഖംതീൎന്നിനി ഭവൽപ്പദ-
താരിണ സേവിച്ചു വസിച്ചീടുവാൻ
പാരമാഗ്രഹം വളൎന്നീടുന്നു പരമീശ
വേറെയില്ലിനിക്കഭിലാഷമൊന്നും
ഗീരുകളേവം കേട്ടു ദേവനും പ്രസാദിച്ചു
സാരസാക്ഷിയെ ബന്ധുവൎഗ്ഗത്തോടും
തേരതിൽക്കരയേററി ചാരുകൈലാസം പുക്കു
ആൎയ്യയോടൊത്തു തത്ര വാണരുളി
പാരിടപതെ മഹാനന്ദതാറന്നു മുദാ
പാരാതെ വളൎത്തോരു കുക്കുടവും
സാരനാം വാനരനുമിന്നിഹ വന്നു ബത
ചാരുമൂൎത്തികളായവതരിച്ചു
പാരാതേവം പറഞ്ഞു താപസനെഴുന്നെള്ളി
സൈ്വരം വാണിതു നൃപനാത്തമോദം

രുദ്രാക്ഷമാഹാത്മ്യം

സമാപ്തം.

# ചണ്ഡാലീമോക്ഷം.

ഏരിക്കലക്കാമോദരി — ചെമ്പട.

ഗുരുപവനാഗാര എന്നപോലെ:—

സുകവിതാപീയൂഷപാനൈകതാനേ
ശുകതരുണി ബാലേ വരികരികെ
പൊരിയവിലും പാലും പഴം ശക്കര
പരമധുനാ തേനും മലപ്പൊടിയും
തരുവനഹം വേണ്ടുന്നതെങ്കിലോ നീ
പരമസുഖം നന്നായ് ഭുജിച്ചുടനെ
ഗിരിതനയാനാഥ കഥാവിശേഷം
പറക പറകിന്നു കിളിക്കിടാവേ
തെളിവൊടിദം കേട്ടു മിനക്കെടാതെ
കിളിമകളും ചൊന്നാളതിസരസം
സരസിജബാണാരാതിസൂനുവായ
കരിമുഖനും മൽഗുരുനാഥന്മാരും
മുരമഥനൻതാനും സരസ്വതിയും
നിരവധി മുററുള്ള ഭൂദേവന്മാരും
ദുരിതഹരം ശൈവപുരാണശേഷം
പറവതിനാവോളം തുണച്ചീടേണം

൨

നാഥനാമക്രി—ചെമ്പട.

(അഞ്ചിതകേളി എന്നപോലെ)

എങ്കിലോ ശൈവപുരാണവിശേഷത്തെ
ശൃണുത സമയം കളയാതെ
ചൊല്ലിടാം ശിവഭക്ത്യാ വല്ലവനെങ്കിലും
സുലഭം കാമിതമനുവേലം
കൈവല്യമായുസ്സും ശ്രീബലമെന്നിവ
ശിവപൂജാഫലമെന്നറിക
വ്യാധിയകന്നുപോമീശപ്രസാദേന
വ്യഥയും മാഞ്ഞീടുമഞ്ജസാ
ശങ്കരസേവയാ സംഭവിക്കും ഗതി
ശരണം നമുക്കില്ലന്യഥാ
കുംഭമാസം തന്നിലസിതചതുർദ്ദശി
ശുഭദിനമെന്നു പ്രസിദ്ധം
രാത്രിയിലുറക്കമിളച്ചു ശിവരാത്രി
ദിവസമുപവസിക്കേണം
മുഖ്യം ശിവരാത്രി നോല്ക്കുന്നവർക്കഹോ
നഹി ജനനമരണദുഃഖം
വില്വപത്രംകൊണ്ടു ശിവലിംഗാരാധനം
കലിമലനാശനമേവ
ഏണീധരസമാരാധനമഹിമയെ
പണിയുണ്ടു പറവതിനേറ്റം
എന്നതു കാരണമിന്നൊരു കഥയെ
മന്ദേതരം കഥയാമി.

പണ്ടു മിത്രാസഹനെന്നൊരു മാനവ-
നുണ്ടായി ദിവാകരവംശേ
വിദ്യാവിശാരദനദ്ദേഹം
തേജസാ കതിരവനേയും ജയിക്കും
സൌമ്യത നിനയ്ക്കുമ്പോളമ്പിളി കുമ്പിടും
സൌന്ദൎയ്യത്താലംഗജനും
ചാപകൌശലം ഭാൎഗ്ഗവനില്ല-
വനോളം കപടം കൈവെടിഞ്ഞൊരുനാളും
സമ്പദാ നിലിമ്പരാജാവിനെ ലവലേശം
മുമ്പിലെണ്ണുവാനില്ലവകാശം
സ്ഥൈൎയ്യവിഷയേ കൈലാസാചലംപോലും
ശരിയല്ലെന്നവനോടകലും
എണ്മണിക്കും നൃപനില്ലാ ബഹുമാനം
ധൎമ്മംകൊണ്ടന്തകനേയും
സൎവ്വകലാനിധി മിത്രാസഹൻനിജ
പരിജനാമാത്യസമേതം
ദമയന്തിയെക്കാളും സുന്ദരിയായെഴും
മദയന്തിയാം രമണിയെ
ലാളിച്ചുരമന തന്നിലനാരതം
മേളിച്ചു വാഴും ദശായാം
നായാട്ടിന്നൊരുമ്പെട്ടു നായകനേകദാ
നയമുടയ ഭടന്മാരും
ബാണം ശരാസനം ശല്യാക്കളനവധി
ചേണാൎന്ന വേലു കൃപാണം
മററുള്ളതൊക്കെയും യോഗമുറപ്പിച്ചു

തെററന്നൊരു ഹയമേറി
കാടകം പുക്കഥ രാജാധിരാജനും
ഝടിതി നടന്നു തുടങ്ങി

൩
(പന്തുവരാടി—ചെമ്പട.)

വിഷ്ടപചക്രവാളം ഞെട്ടിവിറയ്ക്കുമാറു—
ള്ളട്ടഹാസേന ഭയപ്പെട്ടോടിയും
കൂട്ടം പിരിഞ്ഞുള്ളൊരു ദുഷ്ടജന്തുക്കളുടെ
റാഷ്ടിവരുത്തുവാനരിഷ്ടിച്ചഹോ
ചട്ടറ്റെഴുന്ന മലമൂട്ടിലുത്സാഹവശാ—
ലൊട്ടുംകുറയാതൊരുമ്പെട്ടങ്ങിനെ
ദൃഷ്ടിവെച്ചുരചനും മററുള്ളവരും മുദാ
പെട്ടന്നടനംചെയ്യം മദ്ധ്യേമാർഗ്ഗം
ചീളെന്നെരിഞ്ഞു കത്തിക്കാളും ദവാനലനെ—
ക്കാളും കരാളനാമൊരാശരനെ
മേരുമാമലപോലെ ചാരത്താമ്മാറുകണ്ടു
നേരം കരണീയവിചാരം വിനാ
രക്ഷോനാഥനുടയ വക്ഷോദേശമക്ഷീണം
ലക്ഷീകരിച്ചധികരൂക്ഷതയാ
ക്ഷോണീപാലകനൊരു ബാണം പ്രയോഗിച്ചു—
ചിരേണ ഹനിച്ചിതവനെയും തദാ
ബന്ധുവാം സഹോദരാന്തരിക്കുകയാ—
ലനന്തചിന്താകുലിത സന്താപേന
വമ്പനാകുമവൻെറ തമ്പി മാനുഷവേഷ—

മന്ദോട്ടടന്മായയാ നിഗ്രഹിച്ച
ആശ്രിതവത്സല സന്ത്രാസിതാരാതിയാം
മിത്രാസഹനോടഭീഷ്ടമാസകലം
തെറെറന്നറിയിച്ചഴലററ പാചകസ്ഥാനെ
കൊററിനുള്ളവകാശമേററുവാങ്ങി
ക്കൂടെച്ചരിക്കുന്നൊരു കൌടില്യസ്വഭാവിയാം
മൂഢധാശരനുടെ കപടം ചെററും
ആരാഞ്ഞറിയാതവനീശനും നിജപരി-
വാരസമേതം പുരിപുക്കടനെ
താരിൽത്തേന്മൊഴിയാളാം ഭാൎയ്യയോടൊത്തുകൂടി
സ്വൈരം വാണിതാത്മസൌധസീമനി.

൪

ആരഭി—ചെമ്പട.

(ചോരശാമന്ദിരമെന്നപോലെ.)

അക്കാലമത്തൃപനുടയ
മുഖ്യമാം ശ്രാദ്ധവാസരേ
നീക്കം വരാതാളയച്ചു
സല്ക്കരിച്ചു വസിഷ്ഠനെ
പാദപത്മം കഴുകിച്ചു
സാദരം മിത്രാസഹനും
പീഠേ വസിപ്പിച്ചനേരം
മൂഢധാശരകിങ്കരനായ
സൂദനും വിളമ്പിനാനാ-
പദാൎത്ഥങ്ങളത്യാദരം
മാനുഷമാംസത്തെ കൂട്ടി-

വാനായെടുത്തുള്ളനേരം
ഘ്രാണംകൊണ്ടറിഞ്ഞു
മുനി മാനവരൊശ്ശപിച്ചിതു
ഘോരദുരിതാശയ ഞാ-
നാരെന്നു വിചാരിയാതെ
രേ രേ മാനുഷാധമ ധി-
ക്കാരം ചെയ്യാനെന്തിന്നേവം
കീകസാത്മജസ്വഭാവി-
യാകയാൽ രാക്ഷസനായി
പോകുമെടാ മൂഢമതേ
പോക നീ ദൂരവേ ശാ
കാന്താരേ കർബ്ബുരനായി
പന്തിരാണ്ടു വാണശേഷം
സ്വന്തവേഷം പൂണ്ടീടാമെ-
ന്നന്തേവാസിയാകമൂലം
ഭൂപതിയുമനന്തരം
കോപതാമ്രാക്ഷനായിഹ
താപസനോടേവം പരി-
താപവശാലൂചേ ഗിരം
ധ്യാനശീലതപോധന
ഭാനുവംശോത്ഭവന്മാരാം
മാനവന്മാരേവമുള്ള
ഹീനകാര്യം പ്രവൃത്തിക്കാ
സാഹസമായല്ലോ തവ

മോഹമിന്നു മഹാമതേ
ഹാ ഹാ വൈരൂപ്യത്തേക്കാളും
ദേഹിനാം കിന്തു ഗർഹിതം
എങ്കിലിനിക്കാലുഷ്യത്തെ
നിങ്കലുമരുന്ധതീശ
സങ്കടമുളവാകുമാ-
റംകുരിപ്പിക്കുവനഹം
എന്നരുളിച്ചെയ്തു ഭൂപ-
നന്നിച്ചെഴുമരിശോ
ചെന്നുടൻ ശാപോദകത്തെ
തന്നുടെ പാണിയിലേന്തി

---

൭

ദ്വിജാവന്തി--മുറിയടന്ത.

ഭാനുവംശാവതംസമേ
ദീനബന്ധോ ജീവനാഥ
മാനനീയഗുണാംബുധേ
മാനവ കോപം വൃഥൈവ
വല്ലതെന്നാകിലും ദൈവ-
മല്ലയോ നമുക്കും ഗതി
തെല്ലുനേരം ക്ഷമിക്കേണം
വല്ലഭ കോപം വൃഥൈവ
ബുദ്ധിപൂർവ്വം മാമുനിയെ
നിർദ്ദയം ശപിച്ചീടൊല്ല
മർത്ത്യമാംസം വിളമ്പിയ

ഭൃത്യനെക്കൊല്ലരുതായോ
സാരവേദിയെന്നിങ്ങിനെ
ഭൂരി നിന്നെ വാഴ്ത്തീടുന്നു
സാരസവിലോചനാ നീ
ധീരനായി ഭവിച്ചാലും
കർമ്മദോഷം കൊണ്ടിപ്പോഴേ
ധാർമ്മിക നിന്നുടെ കായം
നിർഭരം കറുത്തിരുണ്ട-
തത്ഭുതമല്ലെന്തു ചെയ്യാം
ജന്മജന്മാന്തരാർജ്ജിത
കന്മഷത്താലോരോ വക
തിന്മകളുണ്ടാമേ നല്ല
നിർമ്മലമാനസന്മാക്കും
പാപിയാമെന്നെയും വെടി-
ഞ്ഞാറ്റപ്പെടി പോകുന്നൊണ്ടയ്യോ
ഭൂപതേ കാനനവാസം
ശോഭനമെനിക്കും തനയാ
പ്രാണനായികയിങ്ങിനെ
കേണനേരം മാനവനും
താണു താപസനെ ബഹു-
മാനപൂർവ്വം കൈവണങ്ങി.

മലമ—ചെമ്പട.

൬൩

മാറുള്ള ഗോപിമാരെന്നപോലെ.

യോഗശാപോദകം തന്നുടെ പാദൌ
ത്തുകിയ നേരം ഭൂപാലനു നാമം
കന്മഷാംഘ്രിയെന്നായ്വന്നു നിതാന്തം
വന്മലപോലെ കനത്തു ശരീരം
ദൃഷ്ടികളൊന്നു കലങ്ങി മറിഞ്ഞു
വിഷ്ടപം ഞെട്ടുമാറട്ടഹസിച്ചു
ദംഷ്ട്രം കടിച്ചുവിട്ടന്നു കുതിച്ചു
ദുഷ്ടാശരനൊപ്പിടിച്ചു വിഴുങ്ങി
കാടകം പുക്കു നടന്നു തുടങ്ങി
പേടി കലൎന്നു മൃഗങ്ങളടങ്ങി
കാണുന്നവരെ ഹനിച്ചു വിടുങ്ങി
ശോണിതം കോരിക്കുടിച്ചു തുടങ്ങി
താപസന്മാരുടെ നിഷ്ഠ മുടങ്ങി
ഭൂപതിമാരും ശ്രമിച്ചു മടങ്ങി
പൊട്ടിച്ചിരിക്കയും ശൃംഖലബന്ധം
പൊട്ടിച്ചിരിക്കും മദിച്ചു ഗജത്തെ
തട്ടിയുരുട്ടിപ്പിരട്ടി വധിച്ചും
പെട്ടന്നടിച്ചു കപാലമുടച്ചും
ഘോരമാം കാനനസീമനി നീളെ
പാരം മദിച്ചു പുളച്ചു നടക്കും
മാനവൻ കണ്ടിതു മറെറാരു ഭാഗേ
മാനേലും കണ്ണിയാം താപസിയോടും

ധ്യാനം കലന്നടജാകണദേശേ
വാണരുളും മുനിബാലകനേയും
വെക്കം പിടിപെട്ടിടുക്കിയനേരം
നിക്കെന്നു ഭാമിനി ദുഃഖിതയായി
തൽക്കാലോചിതം നിനച്ചു ഭയേന
ഗൽഗദാക്ഷരം പറഞ്ഞുതുടങ്ങി.

---

൫

ആനന്ദഭൈരവി—ചെമ്പട.

ഓട്ടം മൃഗങ്ങളെ തേടി എന്നപോലെ

മദയന്തിമാനസ കുമുദസുധാകര
സദയം വിമോചയ മുനിവരനെ
അപരാധം ചെയ്യാത്തുള്ളവരെ നിരാകുലം
നിപുണമതേ ഹനിക്കുവതില്ലാരും
രവികുലസംഭവധവനെ നീ സാമ്പ്രതം
വിവശനാക്കാതെ കണ്ടവനം ചെയ്ക
തരുണിയാമെന്നസുരമണനൊന്നോക്കേണം
കരുണാലയ ഹേ മാം പരിപാലയ
കനിവൊടു താപസി കരയും ദശാന്തരേ
മുനിയെ ഹനിച്ചിതു വനചരനും
മുഹുരപി കാന്തനെ മനസാ വിചാരിച്ചു
സഹസാ കരഞ്ഞവളരികെ നല്ല
ചിതയും ചമച്ചു തീയ്യധികം ജ്വലിപ്പിച്ചു
നൃപനെശ്ശപിച്ചിതു കഴിയുംവണ്ണം
കുമതേ നിശാചരയിനി നീയൊരുത്തിയെ
സപദി തൊടുന്നാകിലുളവാം നാശം

ജഗദീശൻ സാക്ഷിയാണതിനെന്നു താപസി
ദേഹേ പതിച്ചുടൻ ത്രിദിവം പുക്കാൾ
നൃപനും പന്തീരാണ്ടു രജനീചരനായി
വിപിനേ നടന്നിതു പകലിരവും
വിഗതാമയം പിന്നെ നിജവേഷം
കൈക്കൊണ്ടു നഗരപ്രവേശനം ചെയ്താസ്ഥയാ
കളവാണി കാന്തയെപ്പുണരുവാനാഗ്രഹം
വളരുകയാലെ ചെന്നണയും നേരം
മദയന്തി ചൊല്ലിനാളരുതിന്നു സാഹസം
വിദിതം മയാ തവ പരമാം ശാപം
നരവര തൊട്ടുപോകരുതേ നീ നാരിയെ
പരമാർത്ഥം ചൊല്ലി ഞാനസ്തു നായക.

---

൨

കുറിഞ്ഞി—ഏകതാളം

ശുകപുരി വാണരുളുമെന്നപോലെ

മധുരവാക്കും വാണിയാളാം മദയന്തി സാന്ത്വനേന
ഋതുകാലം മിത്രാസഹനതിമാത്രം ശാന്തനായി
മതിയിൽ വൃഥാ വസുമതിയിലുള്ള വിലാസം
ഗതിയില്ലിതുകൊണ്ടെന്നും മതിയിലുറച്ചുടനെ
ജിതസർവ്വേന്ദ്രിയനായി ക്ഷിതിപാലാധിരാജനും
ബഹുമതിയേറും നിജസഹധർമ്മിണീവചസാ
ഗഹനദേശം പ്രാപിച്ചു സഹസാ തപം തുടങ്ങി
വിശദമിഹിരവംശം നശിക്കുമെന്നുള്ള ഭീത്യാ
നുദയം ശ്രൌതധർമ്മേണ മദയന്തിയിലോരത്തെ

ഗുണമിയലും സുതരാം ക്ഷണസമയംകൊണ്ടഥോ
തദനു വസിഷ്ഠമഹാമുനിനാ സമുല്പാദിതം
പരമശിവദ്ധ്യാനേന മരുവും കന്മഷാംഹ്രിയെ
സരസം വിഴുങ്ങീടുവാനൊരുങ്ങിയ ബ്രഹ്മഹത്യാ
അരികെ വന്നഹോരാത്രം പൊറുതി കെടുക്കയാലെ
ഒരു കഴിവില്ലാഞ്ഞഥ പരിതാപാധികനായി
ഗുരുജനോപദേശേന നരപതി പുറപ്പെട്ടു
പലദിശി പുണ്യതീർത്ഥജലവുമാടിയങ്ങിനെ
ക്ഷമയാ സഞ്ചരിക്കുന്ന സമയേ വിദ്ദേവന്റെ
മണിമയകോവിലകം അണയത്താശു കണ്ടിതു
അനവധി ശിഷ്യരുമായവിടെക്കെഴുന്നരുളും
വിനതജനാശിഷ്ഷമുനിവരഗൌതമനെ
ബഹുമാനപുരസ്സരം ബത കൈവണങ്ങി രാജാ.

---

൯

മദ്ധ്യമാവതി—ചെമ്പട.

കല്യാണി കളവാണി എന്നപോലെ

സ്വാഗതമധുനാ കിം പാകാരിസമധീര
പോകുന്നേനവിടേക്കു താനേകനായി
അക്കവംശജ ഭവാനിക്കാലമെല്ലാംകൊണ്ടും
സൌഖ്യമല്ലയോ വിചാരിക്കുന്തോറും
ശ്രേഷ്ഠനായെഴുന്ന വസിഷ്ഠനും നിജതപോ-
നിഷ്ഠയാ വാഴുന്നോ വിശിഷ്ടമതേ
പാരിടം കൈവെടിഞ്ഞു മററാരേയും ചിന്തിയാതെ
പാരാതിങ്ങെത്തു ബന്ധം പോരുവാനും

ഭീരുവായിതോ മുഖപാരവശ്യത്തിനുള്ള
കാരണം പറയാമോ നേരാംവണ്ണം
മിത്രാസഹനും മുനിസത്തമനുടെ വച-
നത്തെ ശ്രവിച്ചു പുനരിതമൂചേ
ശാന്തമാനസനായ നിന്തിരുവടിയുടെ
ചെന്തളിരടിയിണ സന്തതവും
ചിന്തയിലിളകാതെ ബന്ധിച്ചു വാണീടുന്ന
ജന്തുക്കളുടെ പരിപന്ഥികളെ
അന്തകപുരത്തിലേക്കുന്തിവിടുന്ന കാലം
സന്തപിക്കുമാറായതെന്തിങ്ങിനെ
കർമ്മദോഷംകൊണ്ടൊരു ബ്രഹ്മഹത്യാ വന്നെന്നെ
തിന്മാനായിട്ടൊരുമ്പെട്ടീടുന്നിതാ
നിർഭരം ഭയമെനിക്കുത്ഭവിക്കയാലഹോ
രാപ്പകലീവിധം നടക്കാറായി
നാടകം പരിപാലിച്ചീടുകതന്നെ മൂലം
നാടകമല്ലാ പരമാത്ഥമേവ.

---

൧൦
പുന്നാഗവരാളി—ചെമ്പട
രുഗ്മിണിയോടു ചെന്നുവെന്നു പോലെ

ഗൌതമ തവ പാദസരോരുഹം
കൈതവം വിനാ കൈതൊഴുന്നേനഹം
ചെയ്ത പുണ്യങ്ങളേതാനും ചൊല്ലിടാം
പ്രീതനായതു കേട്ടരുളേണമേ
ലോകപാലനം കൈവിടുന്നാളോളം
യാഗവും പല ചെയ്തു ഞാനാവോളം (ഗൌതമ)

പുണ്യതീർത്ഥങ്ങളാടി നടന്നു
സ്വർണ്ണദാനവും ചെയ്തേനവകളും
വല്ലാതെ വന്നിട്ടും പിശാചിയെ
വെല്ലുവാനതകീടാഞ്ഞതത്ഭുതം
ചൊല്ലെഴും ദേവാലയങ്ങളിലെല്ലാം
ചെന്നു തപസ്സു ചെയ്തേനല്ലോ (ഗൌതമ)
നില്ല നില്ലെന്നിട്ടും പിശാചിയെ
തെല്ലുമേ ഭയം തീരുന്നതില്ലഹോ
നിൻ കരുണാലവംകൊണ്ടു സാദ്ധ്യസം
നീങ്ങുമെങ്കിലേയുള്ളൂ മഹാമുനേ
സാദരം മുനിസന്ദർശനോ തവ
മോദമെത്രയും കാണുന്നിതാതവനി
ശങ്ക തീർത്തരുളേണം ഗുണാലയ
സങ്കടം കളഞ്ഞാശു മാം പാലയ (ഗൌതമ)
മേദിനീപതേ ഖേദം കളകെടൊ
സാദരം ശൃണു നോരായവസ്ഥയെ
വേദവേദ്യനാം മാരാരിതന്നുടെ
പാദപങ്കജം ചിന്തിക്ക സർവ്വദാ (മേദിനീ)
ഗോകർണ്ണാലയേ വാഴും ഗിരീശനോ
ശോകനാശനമൂർത്തിയെന്നോർക്കണം
ഘോരസംസാരസാഗരമഗാരേ
തീരമേറീടുമീശനസംശയം (മേദിനീ)
സാരസപ്രിയനല്ലാതെ മന്നിലെ
ക്ഷുരിയട്ടിനെ നീക്കാവതോ സഖേ
മറ്റു ദേവാലയങ്ങളിൽ സേവയാ
ചെറ്റു പാപം നശിക്കുമെന്നാകിലും

കർമ്മദോഷാദ്ഭൂലനാശം വരുത്തുവാ-
നമ്മഹാദേവനോയുള്ളു ഭൂതലേ (മേദിനി)

---

൫൫

എരിക്കല — ചെമ്പട

അംബുജദളനയന എന്നപോലെ

കേശവനും കീശധ്വജലോകേശാദികളും
വിശ്വദേവാഖ്യന്മാരും നിശാകരനും
സർവ്വദാ വസുക്കളും നാസത്യാദിത്യന്മാരും
ശർവ്വനെ ഭജിച്ചീടുന്നു പൂർവ്വദ്വാരി
ചിത്രഭാനു സമവർത്തി ചിത്രഗുപ്തന്മാരും
പ്രത്യഹം രുദ്രന്മാരും ദക്ഷിണദ്വാരേ
ഗംഗയാ പശ്ചിമദ്വാരി പാശിയും കാളിന്ദി
തുംഗനർമ്മദയിരതം ഗോകർണ്ണാലയേ
യക്ഷനും വായുദേവഷ്ഠിമാതൃക്കളും ഹത-
ദക്ഷപ്രജാപതിയാം വിഷമാക്ഷനോ
വന്ദിപ്പതിന്നായുത്തരദ്വാരി വാണീടുന്നു
സാന്ദ്രകൌതുഹലം ദേവനാരിമാരും
അത്ര മുഖ്യമായ ഗോകർണ്ണാഖ്യാലയേ മുന്നം
വൃത്രവൈരി വൈനതേയാദിത്യന്മാരും
മിത്രസൂനു ദണ്ഡധാരി മാമുനികളാമ-
ഗസ്ത്യാദിവിശിഷ്ടന്മാരും ചണ്ഡികയും
നക്തഞ്ചരപ്രവരനാം രാവണനും ബാഹു-
ശക്തനാം കുംഭകർണ്ണനും നിർവ്വിശങ്കം
തത്ര പുരാ സാധുവാം വിഭീഷണനും
പ്രതിപത്തിപൂർവ്വം ഘോരമാം തപസ്സുചെയ്തി
ഭക്തവത്സലനാം ത്രിപുരാന്തകനെ

ഹൃദി ഭക്തിയോടനന്തനും ത്രിപുരന്മാരും
ശൂരവൎമ്മാവും കൃശാനു സാരസബാണനും
താരകഹിരണ്യന്മാരും ദുന്ദുഭിയും
മാരവൈരിയെത്തപസ്സു ചെയ്ത മുഖ്യക്ഷേത്രം
പാരിടേ ഗോകൎണ്ണാലയം രാജമൌലേ
ഏകവാസരോപവാസം തത്രാനേകോപമം
ശ്രീകൈലാസേശപ്രാധാന്യം ചിന്തനീയം

---

൫൨

മോഹനം—മുറിയടന്ത.

സുന്ദരിമാർമണി തന്റെ എന്നപോലെ

കേട്ടീടുകിന്നിയും ശേഷം-പരി-
തുഷ്ടി കലൎന്നു വിശേഷം
നാട്ടിലശേഷം വലിയ-ധ്വനി
പെട്ടെഴും ഗോകൎണ്ണാലയേ
പൊങ്ങുന്ന കല്ലുകളെല്ലാം-ശിവ-
ലിംഗം തദ്ദൈവാംബു തീൎത്ഥം (കേട്ടീടു)
പാരം വെളുത്തും ചുകന്നും-പിന്നെ
ഗൌരം ക്രമേണ കറുത്തും
പാരാതെ നാലു യുഗങ്ങ-ളിലും
മാറും മഹാബലകാരം
പശ്ചിമസാഗരതീരേ-കാണാം
നിശ്ചലം ഗോകൎണ്ണാലയം (കേട്ടീടു)
തത്ര ചെന്നഞ്ജസാ മുക്ക-ണ്ണനെ
പ്രത്യഹം സേവിച്ചീടുക
മൃത്യുഞ്ജയനെ ഭജിച്ചാലപ-മൃത്യു-
വെപ്പേടിയൊഴിക്കാം

തന്നസുധാംശു ചതുർദ്ദശിക്കു
സ്നാനം കഴിച്ചു സമുദ്രേ
തർപ്പണം ചെയ്തു ശിവൻെറ ഭജ-
നാർപ്പണം ചെയ്കിലവൻെറ
കന്മഷം നീങ്ങുമതിന്നായിററി-
ച്ചെമ്മേ ഗമിക്ക നൃപതേ (കേട്ടിട)
മുഖ്യം വ്യതീപാതമെന്നും ശുഭ-
സംക്രമം സാധു പ്രദോഷം
ശംഭുപ്രസാദത്തിനത്യുത്തമം
ജംഭാരിസന്നിഭധീര (കേട്ടിട)
കുംഭമാസത്തിലസിത-
ശിവരാത്രിയും സമ്മതമല്ലോ
ഗോകർണ്ണംകൂവളപത്രം ശിവ-
ലിംഗം സദാശിവരാത്രി
ഇച്ചൊന്ന നാലും വിശേഷാലൊരു-
മിച്ചീടവാനും പ്രയാസം (കേട്ടിട)
എന്തഹോ മാലോകരേവം ത്രിപു-
രാന്തകനെ ഭജിക്കാതെ
എന്തുന്നു സംസാരവാരാന്നിധൌ
നിന്തുന്നതൌചിത്യരാശേ
മായാമയനാം ഗിരീശൻറി-
മായമിതിന്നും നിദാനം
നോററു ഞാനിന്നലെ രാത്രി പുന-
രേററം മുദാ ശിവരാത്രി

തൊറന്ന ശിഷ്യരുമായിട്ടിഹ
മുററും കിടന്നുറങ്ങാതെ
ശങ്കരപൂജയും ചെയ്തൊവി-
ശങ്കം നിരന്തരഭക്ത്യാ.

൫൨

സൌരാഷ്ട്രം—മുറിയടന്ത.

(യാദവകലാവതംസ—എന്നപോലെ.)

ഗോകർണ്ണാലയപ്രാധാന്യം
ശ്ലാഘനീയാകൃതേ മാന്യം
പാകശാസന കേശവലോകേശന്മാരും തട്ടിശി
താർക്ഷ്യനും വസുക്കളെട്ടും യക്ഷകിംപുരുഷന്മാരും
സിദ്ധചാരണഗന്ധർവ്വസാദ്ധ്യവിദ്യാധരന്മാരും
യോഗികളും നിശാകരഭോഗിശാഹസ്കരന്മാരും
സ്ത്രീകളും പുരുഷന്മാരും ഏകഭാവേന സാദരം
ദേവകളേവരും ശചീദേവിതാനും തോഴിമാരും
എന്നുവേണ്ടാ നാനാജനം വന്നുചേരുന്നതുമൂലം
മിശ്രമായിട്ടുള്ളയോഗം വിസ്മയം ഗോകർണ്ണാലയേ
നാമസങ്കീർത്തനം ജപഹോമതർപ്പണങ്ങളാലും
ആമയദ്ധ്വംസിയാകുന്ന കാമസൂദനസ്വാമിയെ
സാദരം ഭജിച്ചുനിശിജാഗരണംചെയ്തങ്ങിനെ
മിത്രോദയം കണ്ടനേരം യാത്രയായിതെല്ലാവരും.

൫൩

നീലാംബരി—മുറിയടന്ത.

കാമവൈരിയെ വന്ദിച്ചു
യാമിനി കഴിഞ്ഞ ശേഷം

ഞാനുമെൻെറ ശിഷ്യന്മാരും
മാനസം തെളിഞ്ഞിറങ്ങി
മദ്ധ്യാഹ്നമായപ്പോളിഹ
വൎദ്ധിച്ചു ദാഹവും വെയ്ലും
യോഗമായിജ്ജനമൊരു
പൊയ്കയെ പ്രാപിച്ചുടനെ
പാനീയപാനവും ചെയ്തു
ദീനതകൈവിട്ടാസ്ഥയാ
കാററുമേററിരിക്കുംനേരം
മുററുമത്ഭുതം കാണായി
തെററന്നവിടേക്കു ചെന്നു
പററിയപൊഴുതന്തികേ
ബദ്ധസങ്കടമതീവ
വൃദ്ധയാകും ചണ്ഡാലിയെ
കണ്ടിതു കൈകളും കാലും
വിണ്ടു കീറിപ്പുഴുത്തേററം
ചണ്ടിയാമവളെ വല്ലാ-
തുണ്ടു ദുൎഗ്ഗന്ധമെന്നല്ലാ
കുഷ്ഠവും രാജയക്ഷ്മാവും
പെട്ടുധരോഷ്ഠം ദ്രവിച്ചും
ഗാത്രവും മെലിഞ്ഞു മല-
മൂത്രമെന്നിവ പുരണ്ടും
പ്രത്യഹം വാവിട്ടലറി
ധാത്രിയിലിഴഞ്ഞുരുണ്ടും

ചാകാതെ കിടന്നുഴലും
രോഗിണിയെ സകരുണം
നോക്കിനിന്നീടുമന്തരേ
മുഖ്യമാം വിമാനമേറി-
കാലകാലാകൃതി കോലും
നാലു ദേവദൂതന്മാരെ
ദൈവഗത്യാ കണ്ടു ഞങ്ങ-
ളേവരും നമസ്കരിച്ചു
പാവനസ്വരൂപികളോ-
ടേവമറിയിച്ചേനഹം

കേരള സാഹിത്യ അക്കാദമി

---

൫൩

മോഹനം—ചെമ്പട.

(പിനയംമിപൂണ്ണവേശം എന്നപോലെ.)

സാദരം നിങ്ങളെക്കാണുകയാലേമയാ-
സാധിതം ജന്മസാഫല്യം
ശൂലബാലസുധാകരാഹികട-
ന്തുടിവരദാഭയാസ്ഥി
കപാലജടാഭസിതാബ്ജശശാങ്കിതകാല-
കാലചിദ്രൂപ ഭൃക്കുകളെ (സാദരം)
പൊരുവാനെന്തിഹകാരണം നിങ്ങളെന്നു
സ്വൈരമരുളിച്ചെയ്യേണം
ഘോരഘോരഭയാപഹം
കരുണാകരം ഗിരിജാമണാള

ചരാചരദൈവതമാത്മാവി സൽക്കരിയാത
പാപികളെ മുഷ്ഠിടുവതിനൊ (സാദരം)
വാസവമന്ദിരം തന്നിലേക്കുണ്ടോ ഗതി
വാസുദേവനൊക്കാണമൊ
ശീതഭാനുശുഭോദയേ കുമുദം
മുദാ വിടരുന്നപോലിഹ മേ ഹൃദയം
ഭവദാഗമനേന വിനോദമേ-
തി മന്ദേതരമധുനാ (സാദരം)
മന്നിടപരിപാലനാൎത്ഥം വന്നി-
റങ്ങിയെന്നുള്ളതൊ പരമാൎത്ഥം
കുന്ദബാണനിഷൂദനം ഹൃദി സൎവ്വദാ
കരുതുന്ന ഞങ്ങളിലിന്നുളവാകിന
സംശയമധുനാ വെന്നിടേണ-
മതിനായിത വന്ദേ (സാദരം)

൫൬

കേദാരഗൌഡം—ചെമ്പട.

അല്പനേരം മനസി വന്നെന്നപോലെ.

ഏവം നുതികളെക്കേട്ടു ഭാവം തെളിഞ്ഞുനേരം
ദേവദൂതന്മാരിലേകനുവാച വാചം
ഗൌതമതാപസോത്തമ സാദരം കേട്ടുകൊണ്ടാലും
പ്രീതിയുണ്ടാമിതുമൂലമതീവ നൂനം
കണ്ടില്ലയൊ പുരോഭാഗേ കുണ്ഠായാകും
ചണ്ഡാലിയെക്കൊണ്ടുപോരികെന്നു
നിയോഗിച്ചു ഞങ്ങളെ-

കണ്ണോകാളാനുശാസനാംകൊണ്ടിജ്ജനം പുറപ്പെട്ടു
കൊണ്ടിവളെഗ്ഗ്രഹിക്കുവാനാടുത്തുകൂടി
അത്ഭുതമെന്തിങ്ങിനെയൊ മുപ്പുരശാസനുടെ
കല്പനചെന്നിളക്കുവാനിനിപ്രയാസം
മായാമയനായ ദേവനെന്തിങ്ങിനെ **തോന്നുവാനും**
ന്യായമല്ലിക്കാട്ടിയതെന്നിനിപ്പറയാം
നിർഭരം മൂഢയാമിവളെത്രയും നിർഗ്ഗതിയല്ലോ
ദുർഭഗസ്യ ദിവ്യമാം വിമാനം തൊടാമോ
പാപിയെന്നിവളെച്ചൊല്ലാം
നാപി വാദം ലവലേശം ഹേ പുരാന്തക
ദൂതന്മാരായുള്ളവരെ വ്യാധിയും ദാരിദ്ര്യമിവ
ബാധിക്കുവാനുള്ള ഹേതു ബോധിച്ചീടുക
പാതകമിതിപ്രസിദ്ധം
സാധിക്കുവാനെളുപ്പമോ സദാശിവനോ സായൂജ്യം
ചെയ്തീലിവളൊരു പുണ്യമറിഞ്ഞുനൂനം
ദാനവുംചെയ്തീലാ ശിവഭൃത്യാനാമേകദാ
നൂനമിവളജ്ഞയെന്നുമുടനെ ചൊല്ലാം
സ്നാനശൌചാദികർമ്മവും ജ്ഞാനവുമില്ലീശ്വരനെ
ഹീനയാമിച്ചണ്ഡാലിയെ നിനക്ക നിന്ദ്യം
ശങ്കരപ്രസാദത്തിനു കിം കാരണം
ദിവ്യന്മാരേ ശങ്കയുണ്ടീവിഷയത്തലിനിക്കസാരം
അന്തകാന്തകശാസനസ്സ്വാന്തരമെന്നതുണ്ടാമൊ
ചിന്തിയാതിവളെക്കൊണ്ടുഗമിപ്പിനാശു
എങ്കിലോ കേട്ടാലും മുനേ ചണ്ഡാലിയാമിവളുടെ
മുൻകഥയെ വിവരിക്കാമറിയുംവണ്ണം

പണ്ടിവളോ വിപ്രജാതിക്കുണ്ടായ കന്യകാരത്നം
കണ്ടാലതിവ സൌഭഗാ വളൎന്നു മന്ദം
താതനും മാതാവും നിജകാമിനീശിരോമണിയാം
സുതനുസൌമിനിയെ ലാളിക്കും ദശായാം
കന്യകയ്ക്കു യൌവനാരംഭം വന്നണഞ്ഞളവിലൊരു
ധന്യനാം വിപ്രനവളെപ്പരിഗ്രഹിച്ചു
മന്ദിരസീമനി നിജകാന്തനുമായനുദിനം
നന്ദി കലൎന്നു ബ്രാഹ്മണി വസിക്കുംകാലം
യോഗവശാലന്തണനന്നു യൌവനം കഴിയും മുമ്പെ
രോഗവും പിടിപെട്ടഹോ മരിച്ചുപോയി.

---

## ൬൭

### കണ്ണാരം—മുറിയടന്ത.

രതിഗാമിനി കാമിനി കാന്തനെ
ചിന്തിച്ചു പാരം പ്രലാപം തുടങ്ങി
യൌവനാധിക്യതകാരണമഹോ
ദൈവചിന്തയും കൈവെടിഞ്ഞാസ്ഥയാ
ഹന്ത ജാരസംസൎഗ്ഗം തുടങ്ങിനാ_
ളന്തണസഹധൎമ്മിണി സൌമിനി
ഗൎഭമുണ്ടായിവന്നു നിരന്തരം
ദുൎഭഗയാമവളെത്തദന്തരേ
ദേവന്മാരുമഞ്ചാറിണങ്ങരും_
കേവലം സഭാകൂടിനിയോഗിച്ചു
ശുദ്ധവൃത്തഷാലിംഗനാസക്തയാം

കേരള സാഹിത്യ അക്കാദമി

മൂഢയെത്താച്ചയച്ചു വനാന്തരേ
പേടികൈക്കൊണ്ടവളും പതുക്കവേ
കാടകത്തെ ഗ്ഗമിക്കും ദശാന്തരേ
കണ്ടു കാമിച്ചു വന്നൊരു ശൂദ്രനും
കൊണ്ടുപോയാനവളെ യദൃച്ഛയാ
വേണ്ടവണ്ണം രസിപ്പിച്ചു കൌശലം-
കൊണ്ടവനെ വശത്താക്കി മെല്ലവേ
കാമലീലയും പൂണ്ടു യഥാസുഖം
സൌമിനി വാണരുളുന്ന നാളഹോ
ശൂദ്രനാം നിജകാന്തനൊരുദിശി
യാത്രപോയന്നിശയാം നിതംബിനി
മേഷമാംസം ഭുജിക്കുവാനാശയാ
തോഷമുൾക്കൊണ്ടു ചെന്നൊരു ഗോവിനെ
കൊന്നു സൂക്ഷിച്ചു നോക്കും ദശാന്തരേ
വന്നു ബോധം മനക്കാമ്പിലഞ്ജസാ-
ജാതഖേദം ശിവ ശിവ കഷ്ടമെ-
ന്നോതിനാളെന്നതേ വേണ്ടു സാദരം

---

൧൭

കാനക്കുറിഞ്ഞി—ചെമ്പട.

(വല്ലഭസാരനിരുണ്ടൊരുകാലമെന്നപോലെ)

ആമിഷാദ്യം ഭുജിച്ചു ശേഷത്തെ
സൌമിനിയെടുത്തഞ്ജസാ
വാതിലും തുറന്നേതുമേ ഹൃദി
ഭീതിയെന്നിയേ സാദരം
നോക്കുവിൻ പരമൂക്കനാമൊരു

വ്യാഘ്രം വന്നിതാ ഗോക്കളെ
മിക്കതും പിടിച്ചൊക്കയും തിന്നു
നിഗ്ഗമിക്കുന്നു നിർഭയം
ഖിന്നയായിട്ടം പിന്നെയും വിളി-
ച്ചൊന്നലറിനാളന്നേരം
വന്ന മാലോകരെത്രയും കഷ്ട-
മെന്നു ചൊല്ലി നടന്നുതേ
യാമിനി കഴിഞ്ഞപ്പൊഴേ വന്നു
ശൂദ്രനും നിജസത്മനി
ഖേദഭാവം നടിച്ചു സൌമിനി
സാദരം ചൊന്ന വാർത്തയെ
കേട്ടു വേദനപ്പെട്ടു പിന്നെയും
ദുഷ്ടബുദ്ധിയാം കാന്തയെ
കേവലം പരിലാളനംചെയ്തു
വാഴമന്നുടനേകദാ
വൃത്തിഹീനയാം സൌമിനി മരി-
ച്ചെത്തിനാളന്തകാന്തികേ
സത്വരം സമവത്തിയും നര-
കത്തിലിട്ടു സൌമിനിയേ
ചണ്ഡാലിയാകെന്നന്തകാജ്ഞയാ
പിന്നെയും ജനിച്ചിങ്ങിനെ
കൊററിനും വകയില്ലാതെ വന്നു
കുറുകാരുപേക്ഷിക്കയാൽ
നീളവേ നടക്കുന്നിവളുടെ
വേളിയും കഴിഞ്ഞീലഹോ

പട്ടിണി കിടക്കയും രോഗിണി
മുട്ടുകുത്തി നടക്കയും
സഞ്ചിതാമയം കഷ്ടിച്ചിങ്ങിനെ
സഞ്ചരിക്കുന്നാളേകദാ
ശോകകണ്ണാലയം പൂകുവാനായി
പോകുന്നോരു മാലോകരെ
വേഗം ചെന്നു വണങ്ങി തന്നുടെ
ശോകാവേശനാകാരണം
ലോകവാസികളായ നിങ്ങളീ
രോഗിണിയെക്കണ്ടില്ലയോ
കണ്ണുകാൺകയില്ലിനിക്കോരോ
ദണ്ഡവും പലതുണ്ടഹോ
നിർണ്ണയം ബഹുപാപിയാമെന്നെ
നിങ്ങളും വെടിഞ്ഞീടാതെ
കാത്തുകൊള്ളുവിനന്ധന്മാരെ
നാസ്തി മററവലംബനം.

---

൧൬

സാമന്തമലഹരി—ചെമ്പട.

(ചഞ്ചലാക്ഷിരുഗ്മിണിയോടെന്നപോലെ)

വൃദ്ധയാം ചണ്ഡാലിയുടെ ഭൂരി-
ദീനവാക്യം സത്വരമിങ്ങിനെ കേട്ടനേരം
അന്ധന്മാരിലങ്ങേകനൊരു
വിലാപത്രം മാത്രമേകീടിനാനത്യുദാരം.

ഏരിക്കിലക്കാമോദരി—ചെമ്പട.

ബദ്ധകൌതുഹലം കുപ്പുളത്തിലതന്നുടെ
ഹസ്തംകൊണ്ടെടുത്തവളും നാററിനോക്കി
പത്ഥ്യമല്ലിതു ഭക്ഷിപ്പാനെന്നറിഞ്ഞനേരം
സത്വരം വലിച്ചെറിഞ്ഞാളല്ലോ ഭോഷി.

സാ—ചെമ്പട.

വൃദ്ധിപൂർവ്വമല്ലെന്നാലും ശിവലിംഗേ
വില്വപത്രമാരാധിച്ചീടിനാളേവം
നിത്യഭോജനം കിട്ടായ്കമൂലം
ചണ്ഡാലിക്കു രാത്രിയിലുറക്കമുണ്ടായീലാ.

ഏ—ചെമ്പട.

മിത്രോദയംകണ്ടങ്ങഭിവാദ്യംചെയ്തെല്ലാരും
യാത്രയുമായെന്നറിഞ്ഞിതങ്ങുമിങ്ങും
വൃദ്ധയാമിവളും വടികുത്തിക്കൊണ്ടിരിക്കി-
ലെത്തിനാളെന്നതേവേണ്ടു മന്ദംമന്ദം.

സാ—ചെമ്പട.

ദൃത്യമന്ദിരം പൂകുവാനുള്ള തത്സമയ-
മാത്തമെന്നറിഞ്ഞന്തകവൈരി
ഭൃത്യന്മാരാം ഞങ്ങളോടിവളെത്താനേതും
പ്രത്യേകിച്ചരുളിച്ചെയ്കയാലെ.

ഏ—ചെമ്പട.

ചിത്രമാം വിമാനമേറി ചണ്ഡാലിയെ നോക്കി
സത്വരം വന്നിറങ്ങിയ നേരമല്ലോ
നിസ്തുലതപോധനന്മാരായീടും നിങ്ങളെ
വിസ്മരിച്ചിങ്ങിനെ കാണമാറായതും.

സാ—ചെമ്പട.

പൂർവ്വജന്മംതന്നിലിവളന്യസംഗമത്തെ
നിർവ്വഹിച്ചീടുകമൂലമായി
ദൈവകല്പിതവൈഭവാലാരും ദുർഗ്ഗയെ
കേവലം വേളിയും കഴിച്ചീലാ.

ഏ—ചെമ്പട.

ദൈവഭക്തിയുമില്ലാതീപാപി മദ്യം സദാ
സേവിക്കയാലുണ്ടായി ശൂലവേദനാ
ഭാവശുദ്ധിഹീനനാകും ശൂദ്രനൊസ്സാദരം
ജീവനാഥനെന്നു ഭാവിച്ചിതുദാരം.

സാ—ചെമ്പട.

രോഗവസമമായംഗത്തിലുണ്ടായിട്ടവനനം
ദൈവസംഗതി മറെറാന്നറിക
യൌവനം വന്നടിക്കയാലഹോ പേശലാംഗി
ഗോവിന്ദനെ മറിച്ചീലയോ.

ഏ—ചെമ്പട.

തന്നിമിത്തം ചണ്ഡാലിയായിജ്ജന്മം
സൌമിനി നിർണ്ണയം ജനിച്ചീടിനാളല്ലോ വീണ്ടും
അന്നശേഷം ദാനം ചെയ്തീലെന്നതുകാരണം
വന്നിതു ദാരിദ്ര്യമെന്നറിഞ്ഞീടേണം.

സാ—ചെമ്പട.

ചൊന്നപോലെ സർവ്വപരമാത്ഥം മാമുനീന്ദ്ര
മന്നിടേ മറെറന്തുള്ള വിശേഷം
ചണ്ഡാലിയെക്കൊണ്ടുപോകുവാനും കാലമായി
വന്ന കാര്യം സാധിക്കേണമല്ലോ.

ഏ—ചെമ്പട.

വന്നിട്ടംമംഗലമെല്ലാനാളുമെന്നിങ്ങിനെ
വന്ദനീയന്മാരേകിനാരാശീർവ്വാദം
സുന്ദരീ വിമാനമേറി ചണ്ഡാലിയും തദാ
മന്ദം മേല്പോട്ടെക്കയന്നു കാണാതായി.

——

൨൦

വേകട—മുറിയടന്ത.

(ഗോപകുമാരക എന്നപോലെ)

രാജശിഖാമണേ മിത്രസഹ ശൃണു
വ്യാജഹീനം വിഷമാക്ഷനെ
രാജീവലോചന സേവിക്കവാനിനി
പോയാലും നീയധുനാ
ദേവപ്രസാദേന പാപവിമോചനം
കേവലമുണ്ടാമെടോ
പരിദേവനം കൈവിട്ടു ഗോകർണ്ണാലയ-
പ്രവേശനം ചെയ്ക സഖേ
വില്വപത്രംകൊണ്ടു ശർവ്വനെപ്പൂജിയ്ക്ക
സർവ്വദാ പാപഹരം ഭുവി
മല്ലീശരാന്തക നാമസങ്കീർത്തനം
മുല്ലാസഹേതു പരം
ബ്രഹ്മഹത്യാഭയം നീങ്ങുവതിന്നായി
ചെമ്മേ ഭജിക്ക ശിവം സദാ
ധർമ്മപരായണ നിർവ്വിവാദം തവ
മേന്മേലുദിക്കും ശിവം
മാമുനിമാർകുലമൌലിമുകുതാമണേ

കാമിതസമ്പ്രദായക തവ
കോമളം ചേവടി കൈതൊഴുന്നേനഹം
ഗൌതമ ഹേ ദയാലോ
സാവകാശം പതി നിങ്ങളെക്കണ്ടതു
കേവലം ഭാഗ്യമഹോ ദൃഢം
ശൈവപദത്തിൻെറ ലക്ഷണമെന്നോടു
സാദരം ചൊല്ലീടുക
മിത്രാസഹനായ പാർത്ഥിവനിങ്ങിനെ
പ്രാർത്ഥിക്കയാലുടനേ മുനി-
സത്തമനാമ്പോടു തൽപ്രകാരങ്ങളെ-
ക്കീർത്തനം ചെയ്തു മുദാ
വിഷ്ടപാധീശനെത്തൊട്ടനുഗ്രഹിച്ചു
ചട്ടററസന്തോഷമോടേ തദാ
പെട്ടെന്നെഴുന്നെള്ളി ഗൌതമ-
നാശ്രമമാശ്രമത്തിങ്കലേക്കും.

——

൨൫
കുമ്മി.

നാട്ടിൽപ്രസിദ്ധനാം ഗൌതമനേ
സാഷ്ടാംഗം ഭൂപതി കൈവണങ്ങി
പുഷ്ടാനന്ദം ഗോകർണ്ണാഖ്യാലയേ
പെട്ടെന്നു ഭീമതപം തുടങ്ങി
മുട്ടാതഹോ ശിവസേവാമൂലം
ദുഷ്ടപിശാചി കൈവിട്ടവാങ്ങി
മിത്രമഹാനപ്പയദീപനാകും

ചിത്രാസനൻ പ്രതിപത്തിപൂർവ്വം
മൃത്യുഞ്ജയേന മുദാലയച്ചു
നിത്യം ജയേന ഹിതാനുകൂലം
ഇത്ഥം പറഞ്ഞു കിളിക്കിടാവും
ചിത്തം തെളിഞ്ഞെഴുന്നീറ്റുടനെ
മന്ദസുഭാഷിണി പഞ്ജരാന്തേ
ചെന്നു സുഖിച്ചുവാണാളജസ്രം
ഹന്ദോമയം ശ്രിതപാരിജാതം
മന്ദേതരം ഭജതാദ്രിനാഥം
വന്ദേ പരാപരദീനബന്ധോ
വന്ദനീയ വരദാനസിന്ധോ
വന്ദേ സുമായുധമാര ശംഭോ
കുന്ദസമാനകളേബര ഭോ
ബാലസുധാകരചൂഡ വിഭോ
ശൈലാധിപാലയ പാലയ മാം

ചണ്ഡാലീമോക്ഷം
സമാപ്തം.

—:*:—

## കാളിയമർദ്ദനം.

———

കുറത്തിപ്പാട്ട്

ഏകദാ കാറൊളിവർണ്ണനാകലമെന്നിയെ
കാമപാലനെ വിട്ടഥ കാനനം പ്രാപിച്ചു
സഞ്ചിതഗോക്കളെ മേച്ചു സഞ്ചരിക്കും മദ്ധ്യേ
കാളിയവിഷജ്വാലയാ കാളമേനിപോലെ

സ്വച്ഛമാം കാളിന്ദീജലം ദുഷ്ടമെന്നറിഞ്ഞു
തത്ര ചെല്ലുന്നേരം പശുഗോപവൃന്ദമാശു
വെള്ളവും കുടിച്ചു ദാഹമുള്ളതു കാരണം
ഉള്ളവും കരിഞ്ഞു തപിച്ചൊക്കയും മരിച്ചു
ദക്ഷനാം ഗോപാലബാലനിക്ഷണൊമൃതേന
വൈകിടാതെ ജീവിപ്പിച്ചുവെങ്കിലും തദ്ദിശി
പത്രികളോരോന്നുപരി യാത്രചെയ്യും മദ്ധ്യേ
പത്രവും കരിഞ്ഞുവീണു സത്വരം മരിച്ചും
വാരണം ഹേതുക്കളിവ വാരിപാനത്താലെ
ജീവനും കൈവെടിഞ്ഞഹോ കേവലം കുഴഞ്ഞി
പാകശാസനസഹജനാകിയ ദയാലു
വൃക്ഷമാം കടമ്പുതന്മേലക്ഷണം കരേറി
വ്യാജഗോപാലപാദസരോജസമ്പർക്കേണ
ശുഷ്കപാദപം തെഴുത്തനില്പതും കാണായി
ചാടുവാനുറച്ചുവിട്ടന്നാടയും മുറുക്കി
ചാടുവാമോടക്കുഴലുംകൂടയങ്ങെടുത്തു
കൈടഭമധുസംഹാരി ചാടിയതും തദാ
ദുഷ്ടനാം കാളിയപരിവേഷ്ടിതനായതും
കണ്ടുനില്ക്കും ഗോപവൃന്ദം കുണ്ഠിതം കൈക്കൊണ്ടു
കാറണിവർണ്ണനെ നോക്കി മാരണമെന്നായി!
ദുന്നിമിത്തം കണ്ടവിടെ നന്ദഗോപനന്താനും
സുന്ദരിജനവും നിജമന്ദിരം വെടിഞ്ഞു
ഭദ്രമല്ലെന്നോർത്തു ബലഭദ്രനോടുംകൂടെ
മണ്ടിവന്നു ഗോവിന്ദനെ കണ്ടുചൊന്നാരേവം
കേശവ കൈതൊഴാം നീ ദുരാശ കൈവിടേണം

കാളിയനോടുള്ള പരിമേളനം നന്നല്ലാ
വെണ്ണയും കാച്ചിയപാലും കണ്ടതില്ലെന്നുണ്ടോ
പൂതനായെസ്സംഹരിച്ചു ഭൂതലഭാരത്തെ
സാദരം തീൎത്തീഴമൂന്നിനൈ തരാം വന്നാലും
കേട്ടഭാവം നടിക്കാതെ കെട്ടഴിച്ചുടനെ
സൎപ്പരാജാവിന്റെ ഫണതല്പമേറിനിന്നു
എത്രയും കൌതുകത്തോടെ നൃത്തവും തുടങ്ങി
താളവും പിടിച്ചു കളവേണുനാദം തൂകി
ഹാടകനൂപുരം കിലുങ്ങീടുമാറന്നേരം
മാറിമാറിയുള്ള നൃത്തഗൌരവം വിളങ്ങി
വേണിയുമഴിഞ്ഞു സുമശ്രേണിയും പൊഴിഞ്ഞു
സ്വേദവിന്ദു നിറഞ്ഞു തൃപ്പാദവും കുഴഞ്ഞു
കേളിയും വഴിഞ്ഞുവന്നു കാളിയനിഴഞ്ഞു
പീതമാം വസനം നനഞ്ഞങ്ങിനെ ചമഞ്ഞു
വേളയും കുറച്ചുരുചിരാളകം വിറച്ചു
വ്രീളയും ഭവിച്ചു മദം കാളിയനൊഴിച്ചു
ചോരയും ഛൎദ്ദിച്ചു നീളെ ധാരയും കഴിച്ചു
ദേവകളൊന്നിച്ചു വാസുദേവനെ വന്ദിച്ചു
വിഷ്ടപേ കളിച്ചു സുമവൃഷ്ടിയും ഗളിച്ചു
പാരിടം നടുങ്ങി ദിവ്യഭേരിയും മുഴങ്ങി
കാളിയനിണങ്ങി ഭൂമണാളനെ വണങ്ങി
കേവലമീ വൎത്തമാനം കേട്ടു താപത്തോടെ
പന്നഗപത്നിയവൎഗ്ഗം നന്ദജസമീപേ
ചെന്നു വന്ദിച്ചുള്ളത്തു ഗോവിന്ദനും കേട്ടാറെ
നിൎഭരം തെളിഞ്ഞിറങ്ങി സൎപ്പരാജാവിനെ

തൊട്ടുഴിഞ്ഞനുഗ്രഹിച്ചു പുഷ്ടകൌതുഹലം
കേശവനിദമരുളി കാളിയ കേട്ടാലും
സാഗരമദ്ധ്യേ രമണമാകുമദ്ദിക്കിനു
പോക നീയിവിടെനിന്നു വൈകിടാതെ വീര!
വൈനതേയനെ ഭയപ്പെടേണ്ട നിയ്യവിടെ
താവകമൌലിഷു മമ ചേവടിചിഹ്നത്തെ
നിത്യവും കാണുകയാലെ ശത്രുഭയം നഹി
ഗോകുലനാഥഗിരുകളാകവേ ശ്രവിച്ചു
പങ്കജനാഭശ്രീപാദപങ്കജം പിടിച്ചു
ചൊല്ലെഴും ഫണിനീജനം നല്ല പൊന്നും പട്ടും
മാധവന്നേകിയശേഷം സാദരം ഗമിച്ചു
സൂക്ഷ്മനാമനന്തസ്തമിച്ചു സൈരമായന്നേരം
വാരിജലോചനനൊന്നും ഭൂരിമററുള്ളോരും
സത്വരം യോഗമായ്ക്കൂടി യാത്രയും തുടങ്ങി
മംഗലമിക്കഥാം പാടി ഭംഗിയിൽ കളിക്കും
കംബുകണ്ഠീജനത്തിനു കന്മഷം നശിക്കും.

കാളിയമർദ്ദനം സമാപ്തം.

---

## കീർത്തനങ്ങൾ.

---

കല്യാണി ചെമ്പട.

പല്ലവി.

ജനനിമമവശംഭോ ശൌരീരമണ ജനനിമമവശംഭോ

അനുപല്ലവി.

ജനിമൃതിസാഗരതരണദിഗംബര—

മനസിജനാശന ഗിരിനിലയ—ജനാമിമമവ.

൧.

സുരമുനിസേവിത ചരണമഹേശ്വര-
പരശുമൃഗാഭയവരദകര—ജനാമിമമവ.

൨.

വൃഷവരവാഹന ഗജമുഖലാളന
വിഷധര പങ്കജഭവവിനുത—ജനാമിമമവ.

൩.

ദുരിതവിമോചന സരീസൃപഭൂഷണ
ചരണനതാഖിലദുരിതഹര—ജനാമിമമവ (൧)

മോഹനം—ചെമ്പട.

സന്തതം മാം പരിപാലയ ഭവാംബുധി
സന്തരണഗുണാലയ
ദന്തിരാജമുഖാദിസേവിത
ദന്തിചർമ്മധരാഖിലപ്രിയ
അന്തകനാശന ശാന്തസദാശിവ
താന്തലോകസന്താപവിനാശന (സന്തതം)
ഇന്ദിരേശനുത ഗംഗാധരാനഘ
കുന്ദമുകുളനിഭാംഗ
ഇന്ദ്രമാമുനിവൃന്ദചാരണ-
കിന്നരാസുരവന്ദിതാമല
ഇന്ദുകലാധര സുന്ദര പന്നഗ-
വൃന്ദഭൂഷ കന്ദർപ്പവിനാശന (സന്തതം)
പർവ്വതേന്ദ്രജാദ്ധ്യംഗാത്ര ദിവാകര-
ശർവ്വരീശാനലനേത്ര

സർവ്വലോകനമസ്കൃതാമല-
പർവ്വണേന്ദുമുഖാഗമപ്രിയ
ശർവ്വപുരത്രയഗർവ്വവിനാശന
സർവ്വപാപനിർമ്മൂലനചതുര (സന്തതം)
പങ്കജസായകാരേ ശരണാഗത
ശങ്കര ഹേമാങ്കുരേശ
പങ്കജോത്ഭവഭാവിതാസ്ഥിസ്പൃ-
ശങ്കിതാമയസംഘനാശന ശങ്കര തേ
കൃപയാ ജനിനാശന സങ്കടം മ-
മാപാകുരു ഭഗവൻ (സന്തതം)

സാവേരി ചെമ്പട.

പല്ലവി.

ഹരിഹരാത്മജ ജയ പാലയാശു മാം

അനുപല്ലവി

സരസിരുഹനയന ഘോരവിക്രമ ഭൂതനാഥ— ഹരി

൧

നീലവസന പരിശോഭിത പദനതപാലന പടുശീല
ഫാലനയന പരിലാളിതഭുവന
ജാലദാവദഹനാമയശമന ഭോ— ഹരി

൨

കുന്ദരദന മൃദുമന്ദഹസിതമുഖ ചന്ദനപരിലിപ്ത-
സുന്ദരതര സുരവൃന്ദമുനിനിവഹമാന്യ ഭൂതഗണ
വന്ദിതപദയുഗ— ഹരി

൩

കുംകുമസുഭഗതനോ ചുരികാധര-
പംകസംഘജാതം

സങ്കടമഖിലമപാകുരു മമ കന-
കാങ്കുരേശസംകേതനിവാസക— ഹരിഹരാത്മജ ()

ആരഭ—ചെമ്പട.

ശ്രീപഴനിഗിരിവസതേ പരിപാലയ മാം
ഭയനാശനകായജിതാംഗജ ജയകാലനിഷൂദനതനയ(ശ്രീ)
അചലതനയാതനയാഖിലപാപഹര
മുചുകുന്ദനിഷേവിത മാമകശ്മശ്രു ഹരാഖിലസേവിത (ശ്രീ)
ശൂലധരസുരാസുര മാമുനിതോഷകര
ജലജായതലോചന സജ്ജനനിലയാവനിദേവസുപൂജിത
സാഹസരണസൂദിതതാരകയാന പര (ശ്രീ)
മോഹനതര ബർഹിണവാഹനദേഹജ പരിതാപമപാകു
(രു—ശ്രീപഴനിഗിരി (ർ)

മലഹരി—അടന്ത.

പല്ലവി

ഗുരുവാതാലയേ വാഴും കരുണാവാരിധേ മമ
ദുരിതമോചനമിന്നു വരുവാനായ്തൊണങ്ങുന്നേൻ

അനുപല്ലവി

ധരണീമണ്ഡലന്തന്നിൽ മരുവും മാനുഷരുടെ
ദുരിതമൊക്കവെ നീക്കിയരുളുവൻ കനിവോടെ— ഗുരു

ച

സരസിജോത്ഭവരുദ്രസുരവൃന്ദനിഷേവിത
പരമപൂരുഷ ശ്രീമൻ ഗരുഡവാഹനദേവ
നരകനാശന ഭക്തനരകമോചന ഭൂരി
കരുണാപൂരിതനേത്ര ധരണീനായക കൃഷ്ണ—ഗുരു

൧

മരണകാലസങ്കടം കരുതുമ്പോളകതാരിൽ
പെരുതായ ഭയതാപം തെരുതെരേ വളരുന്നു
ചരണഭക്തരിലേററം കരുണാദാനശീലനിൽ
തിരുമേനി മമ മുന്നിൽ സരസമായ്വിളങ്ങേണം—ഗു

൨

അന്തകഭടരെൻെറ അന്തികേ വന്നു ബഹു
സന്താപകരമായ ചിന്തകൾ തുടങ്ങുമ്പോൾ
നിന്തിരുവടി മമ അന്തികേ വന്നു ഹൃദി
സന്തോഷംവരുമാറു ചന്തത്തിൽതുണക്കേണം—ഗുരു

പന്തുവരാടി—ചമ്പാരി.

പല്ലവി.

പാഹി മാം ഗിരീശ വാമദേവ പാഹി മാം

അനുപല്ലവി.

സാംബ തുഹിനകിരണശകലശേഖരാഹി
ഭൂഷ സകല—പാഹി മാം.

൧

ശീതഭാനുരവികൃശാനുലോചനാഘമോചനാ
ഹിമഗിരിതനയാവര ദയാപര ശ്രേയസ്കര
മോദശില—പാഹിമാം.

൨

നാഗചമ്മവസനാ ശമ്മദായകാശ്രീനായകാ–
ഭ്യുയശ്രിതശരണാരുണചരണാരവിന്ദദായ
ചിന്മയപ്ര—പാഹിമാം.

൩

കാലകാല ഹര കപാലമാലികാധരാഗമ
പ്രിയ ജനിവിരാമ നിരുപമ ജിതകാമ
കനകാംകുരേശ—പാഹിമാം.

നാട്ട—രൂപകം.

രാമചന്ദ്ര പരിപാഹി നിശാചര-
കുലകാനന ദാവഹുതാശന ദീൎഘബാഹോ
പൌരുഷ വിജിത പരശുരാമ
വനദാമ രഘുരാമാധിവിരാമാ
കമലാസനപരിണതപദ രുചിരവസന
രാമചന്ദ്ര ദീനബന്ധോ
കലികന്മഷനാശന രിപുകൎശന
ശിലസുദൎശന ചക്രപാണേ
രാഘവ നിരുപമ സായകാമാ-
ധികരാമാ ജനകാമ പരിണാമ നിഗമാഗമ
പരിചയതമ രവികുലവര ഭദ്രം വിരചയ
രുദ്രപ്രിയ കരുണാൎദ്രസ്മിത മയി രാമചന്ദ്ര
കോസലേന്ദ്ര ശ്രുതിഗാനപരായണ
യതിമാനസകൈരവ ശാരദശീതഭാനോ
ശ്യാമളജലധരനിഭ ദാമൊദരലംബാ
ളകബിംബാധരലംബൊദരസന്നുത
ശുഭതരഗുണനിചയനിലയ ഭക്തപ്രിയതമ
ദുഗ്ദ്ധാംബുധിശയ മുക്തിപ്രദ ജയരാമചന്ദ്ര.
ജാനകീശ കരുണാകരദാരുണ

ഭവസാഗര താരണ കീശവരിഷ്ടസേവ്യ
ദാശരഥേ ശകുനവരയാനാഹിശയാന
പരമാനന്ദനിധാന ഹതരാവണ
ദിനകരസുതകപിവരസഖ
താപത്രയജഗദാപത്തിഹര
സൌമിത്രിസഹജ—രാമചന്ദ്ര.

---

ആരഭ—ചെമ്പട.

ശ്രീകനകാംകുരവസതേ പരിപാഹിതമാം
ഗിരിവാസകിശോര നിശാകര ഗൌരവർണ്ണ
മതിഗൌരവാനുപമ—ശ്രീകനക.
ഘോരഭവസാഗരകർണ്ണധാര ദുരിതാർണ്ണവ
തരണ വർണ്ണനിയപരിപൂർണ്ണശൌര്യഗുണ ശ്രീകനക.
ആരണപ്രിയ കായജരോഗനി
വാരണക്രിയ കാമിതഫലദ മ-
ഹാരണപ്രിയതമ ഗണനായക
വാരണാസ്യവിലസിതവിനായക
രാജരാജനത കിന്നരചാരണ
പൂജിതാഖിലശുഭാശുഭകാരണ—ശ്രീകനക
മൂഷികോത്തമവാഹന പന്നഗ
ഭൂഷഹിമകരശേഖരമോഹന
വേഷകരധൃതരദനസദാപരി
തോഷകര ശിഖിയാന സഹോദര
ദേഷപേഷണപരായണവൈരി വി-

ഭീഷണാശയഗദോഷമപാകുരു— ശ്രീകാന്ത.
ക്ഷൌമവസനാഹിതാശയ കൈരവ
സോമനിഗമവിശാരദ ജഗദഭി-
രാമ സരസിജ സുരുചിര ചരണനി
രാമയാമരവരപരിണതപദ
ഭൂരിജാതകരുണാർദ്രസദാശ്രിത
പാരിജാത ഗിരിജാപ്രിയസുത മാം—
ശ്രീകാന്താകാംകുരവസതേ പരിപാഹിതമാം.

സമാപ്തം.

## മണിപ്രവാളപദങ്ങൾ.

കാമോദരി—ചെമ്പട.

പല്ലവി

പാർവ്വണ ശശിവദനേ പ്രേയസി മാരസദനേ
ഗർവ്വിതഹംസഗമനെ പോവതെങ്ങിനെ

അനുപല്ലവി

പൂവണിമെത്തമേലേറി സാവകാശമൊരു നിശി
ജീവനാഥേ നാമന്യോന്യം കേവലം രമിക്കാതഹോ—
(പാർവ്വണ

ചാപവും തൂണിയുമേന്തി കാമനുമണയത്തായി
യാമിനീസമയമല്ലോ കാമിനീമണേ
സീമയില്ലാതോളമോരോ കാമദേവനുടെ ശരം
മാമകമനോമുകുരസീമനി തറക്കുന്നോരം— പാർവ്വണ

൨

സാരസനയനേ തവ നീരസം ഭവിക്കുവാനും
കാരണം പറഞ്ഞീടേണം ചാരുഭാഷിണി
സ്നേഹിതനായീടുമെന്നെ ധാരണയില്ലാതെ പോയോ
മോഹനരൂപസൌജന്യേ ഭീരുത കൈവെടിഞ്ഞാലും—

൩ (പാർവ്വണ.

ശീതമന്ദാനിലനാകും നൂതനാശ്വതാംഗമേറി
ചൂതസായകാഗമനം ഭീതികാരണം
ചൂതകുന്ദമന്ദാരക ജാതി ചെമ്പകാദിസുമ—
ജാതസൌരഭ്യവും പികനാദവും ദൈന്യമധുനാ—പാർവ്വണ

കല്യാണി—മുറിയടന്ത.

പല്ലവി.

പഞ്ചബാണാർത്തിയിന്നഹോ ചഞ്ചലാക്ഷി വളരുന്നു.

അനുപല്ലവി.

അഞ്ചിതമായൊരു തവ പുഞ്ചിരിയാൽ
സിഞ്ച മനം—പഞ്ചബാണ.

നിന്നിലല്ലാതൊരുനാരിതന്നിലില്ലെന്നനുരാഗം
കുന്ദബാണനുമിതാ വന്നു നിൽക്കുന്നു
വിൽ കുലയ്ക്കും ശരമയക്കും മയി തറക്കും
ബത മരിക്കും ഞാൻ—പഞ്ചബാണ.

൨

കാണിനേരം പിരിഞ്ഞാലെന്നോണനേത്രേ പൊറുക്കുമോ
പ്രാണരക്ഷയെച്ചെയ്തീടിന്നു വൈകാതെ
ശശിവദനേ ഗജഗമനേ മൃദുവചനേ
രതിസമാനേ കേൾ—പഞ്ചബാണ.

൩

എന്തിനിക്കാലം വൈകുന്നു ചിന്തിതം മമ നൽകുവാൻ
ചിന്തയിലതിമോദാൽ പുണർന്നീടുവാൻ
സംശയം തേ അരുതരുതേ തെരുതരെ തേ
തരികധരാം തേൻ—പരിചൊടിന്നാണെ. (൨)

പൂർവികല്യാണി—ചെമ്പട.

വല്ലവി.

ബാലേ കേളയി കല്യാണി കാമിനീമണി
മാലേ കിമുകിം കരവാണി.

അന്യവല്ലവി.

മാലിനിക്കുണ്ടു നിന്റെ മൂലം ദൂരത്തെന്നാലും
പാലോലും മൊഴിയാളേ കാലം കളഞ്ഞിടൊല്ലാ—
ബാലേ കേളയി.

൧

കല്ലും മയങ്ങും നിന്നുടെ ചില്ലികൊണ്ടിനി
തല്ലി വശം കെടുക്കാതെ.
മല്ലീവിശിഖനെന്നെക്കൊല്ലുന്നതിനു മുന്നെ
വല്ലന്തി പോക്കേണം നീയല്ലാതെ മററാരുള്ളു—
ബാലേ കേളയി.

൨

ദന്താവളസുഗമനേ പാരുഷ്യഭാവ
മെന്തീസ്സമയത്തിങ്ങിനെ.
ചെന്തീക്കനലുമൊക്കും കാന്തേ നിന്നുടെ നോക്കും
ഞാൻ തവ സമ്മതനാം കാന്തനെന്നോർമ്മിക്കേണം—
ബാലേ കേളയി.

൩ (കയേ
കഞ്ജസായകപീഡയെ മാമകമഹോ ഭഞ്ജനം ചെയ്തീട
മഞ്ജുഭാഷിണി മനോരഞ്ജനാരതിശീലേ
മഞ്ജുളാധരം നുക-
ർന്നു സാ പുണർന്നാലും-- ബാലേ കേളയി. (൩)

പന്തുവരാടി--ചെമ്പട.

ഏണലോചനേ സുമബാണനിന്നഹോ മമ
പ്രാണൻ കളയുംമുമ്പെ വേണം നിൻ കൃപാലേശം

അനുപല്ലവി.

ഏണാങ്കാനനേ മധുവാണി നിന്നുടെ രൂപം (ചനേ
കാണുമ്പോളിളകാത്തുള്ളാണുങ്ങളുണ്ടോ ദേവി-- ഏണലോ

ചി

നീണ്ടെഴിരുണ്ടഗ്രം ചുരുണ്ട തലമുടിയും
തൊണ്ടിപ്പഴങ്ങൾ തോറ്റു മണ്ടുമൊരധരവും
വേണ്ട ഗുണങ്ങൾ തികഞ്ഞൊരു നടയും
വേണ്ടവരോടൊരു പുഞ്ചിരിമൊഴിയും
തണ്ടലർസായകലീലയിൽ വിരുത്തും (ചനേ
ഉണ്ടോ മറെറാരുവൾക്കിതുപോലെ-- ഏണലോ

൧

ധന്യേ നിങ്കൊത്തൊരു സുന്ദരനല്ലെന്നാലും
ഇന്നേവമപേക്ഷിച്ചാലെന്നെ നീ വെടിയാമോ (ഹൃദയം
മുന്നമൊരംഗനമാരിലുമിങ്ങിനെ ചെന്നതുമില്ലറികെന്നുടെ
ഇന്നിതു വന്നു പിണഞ്ഞതു ശിവശിവ
എന്നുടെ തലയിലെഴുത്തിവിഷമം-- ഏണലോചനേ.

൨

സന്താപമെന്തിന്നേവം സന്തതം പറയുന്നു

ചിന്തിച്ചാലൊരുകഴിവെന്തു നിൻ കൃപയെന്യേ (ഹൃദയം
അന്തകനാശനനാണെ ദിനം പ്രതി വെന്തുരുകുന്നിതു മാമക
ചിന്ത വെടിഞ്ഞു പുണർന്നതിരഭസം
ചന്തമോടെൻ പരിതാപമൊഴിക്ക--ഏണലോചനേ (൪

ശങ്കരാഭരണം--മുറിയടന്ത.

പല്ലവി. (യികേ.
കാമിനീമണിമാലികേ താമസം വിനാ യാമി ഞാനനുനാ

അനുപല്ലവി.
പ്രേമവൈഭവോദ്ധൃത കാമകേളി കാരണം
യാമിനി കഴിഞ്ഞതും നാമേതുമറിഞ്ഞീലാ--കാമിനി.

൧
ആശയമതിലരുതേ നീരസഭാവം ലേശമീദൃശമയി തേ
ആശപാസിക്കുവാനഭിദേശിക്കുംപൊഴുതേവം
വാശിക്കെന്തുവാനവകാശം ദന്തിഗാമിനി-- കാമിനി
൨ (ഷമം
സാദരം തവ സംഗമം ശാശ്വതമായി സാധിക്കുവാനും വി
ബാധയെന്നിയേ സുഖസാധകമഖിലകാര്യം
വേധാവിനുടെ മതം വേദ്യമല്ലൊരു നാളും-- കാമിനി
൩
കോമളവിധുവദനേ മമ കരുത ശോകം താമരദളനയനേ
സോമനുദയാചലസീമനി വിലസിടും
യാമിനി വരുമപ്പൊളാമിനിയിഹ ശേഷം-- കാമിനി (൫)

---

കുമ്മിയടി.

---

മങ്കമാരേ നിങ്ങൾ മോദത്തോടേ
ശങ്കരപാദയുഗം വണങ്ങി
സങ്കടമെന്നിയെ വന്നിസ്സഭയിങ്കൽ
ശങ്ക വെടിഞ്ഞു കളിച്ചീടുവിൻ

അംഗനാമാർകുല മൌലിമണേ
മംഗലമായൊരു ഗീതം പാടി
തുംഗകുചങ്ങൾ കുലുങ്ങവേ വന്നിഹ
ഭംഗിയിൽ കുമ്മിയടിച്ചീടുക
കുററം പലർക്കും പറഞ്ഞീടുവാ-
നേററം വിരുതുള്ള മോഹനാംഗി
ഊററം നടിച്ചങ്ങു നിന്നീടാതെ വന്നു
കുററമൊഴിഞ്ഞൊരു കുമ്മിയടി
ചേതോഹരിമാരിലഗ്രഗണ്യേ
ചൂതവിശിഖനിവാസഭൂതേ
ഏതും മടിക്കാതെ വൈകാതെ വന്നിങ്ങു
ചാതുര്യ്യമായൊരു കുമ്മിയടി
നേത്രം തുറിച്ചങ്ങു നിന്നീടാതേ
ഗാത്രപ്രകാശിനി ചാരുശീലേ
ശ്രോത്രപ്രിയങ്ങളാം പാട്ടുകൾ പാടി വി-
ചിത്രതരമൊരു കുമ്മിയടി
മത്തേഭഗാമിനി ചാരുശീലേ
ചിത്തേ വിഷാദിച്ചു നിന്നീടാതെ
ചിത്തംതെളിയുമാറമ്പോടു താഹത്ത
തിത്തൈതത എന്നൊരു കുമ്മിയടി
ചങ്ങാതിമാരിവരെല്ലാവരും
ഭംഗിയിൽ കുമ്മിയടിക്കുന്നേരം
ഇങ്ങിനെ നില്ക്കുന്നതെന്തു മനോഹരി
ഭംഗിയിൽ വന്നിങ്ങു കുമ്മിയടി
തങ്ങളിലാരും പിണങ്ങീടാതെ
ഭംഗിയോടൊത്തു കളിക്കും വിധൌ
ഭംഗിയുണ്ടെന്നല്ല ഞങ്ങടെ സന്തോഷ-
മിങ്ങിനെയൊന്നും പറയാവല്ല.

—:*:—

# സുഭദ്രാഹരണം

## കൈകൊട്ടിക്കളിപ്പാട്ട്.

---

വൃത്തം പുഷ്പവിധത്തിലൊത്ത ചരിതം പാൎത്ഥന്റെ പാണിഗ്രഹം
പുത്തൻ ചിത്തമതിങ്കലെത്രയുമഹോ ചിത്രം വിചിത്രം പരം
നിത്യം ഭക്തിയൊടൊത്തു കന്യകമാരൊത്തൊന്നു പാടീടുവാ-
നുൾത്താരിൽ സരസാരസത്തൊടു കഥാ പാതിത്താന്നതീൎത്തിന്നു ഞാൻ

---

മധുരമൊഴി എന്ന പോലെ

അതിസുഭഗേ കോമളഗാത്രി നിന്നെ
കുതുകമൊടു കണ്ടൊരു ഞങ്ങൾക്കിപ്പോൾ
മതിതെളിവു വന്നു ശുകതരുണി
അതിശയമായുള്ള കഥ പറക
ഇതിവചനം കേട്ടൊരു ശാരികയും
അതു പൊഴുതു വന്ദിച്ചു ദേവന്മാരെ
അതിസുഭഗൻ പാൎത്ഥന്റെ വൃത്താന്തത്തെ
ചതുരതരം ചൊല്ലിത്തുടങ്ങി മന്ദം
നരകരിപു ദ്വാരകാമന്ദിരത്തിൽ
സരസമൊടു സീരിയും പുത്രന്മാരും
പരിജനവുമൊന്നിച്ചു വാഴും കാലം
സരഭസമാപ്പാൎത്ഥൻ താൻ തീൎത്ഥങ്ങളിൽ
പരമരസത്തോടങ്ങു സ്നാനം ചെയ്തു
ദുരിതഹരം തീൎത്ഥത്തിൽ മുങ്ങി മുങ്ങി

കേരളസാഹിത്യ അക്കാദമി

ഹരിഹരന്മാർ തന്നുടെ ക്ഷേത്രങ്ങളിൽ
ചരിച്ചുകൊണ്ടു പ്രഭാസം തന്നിൽ ചെന്നു.

ഓട്ടംമൃഗങ്ങളെ എന്നപോലെ

അന്നേരം കണ്ടൊരു യാദവൻതന്നോടു
നന്ദിപൂണ്ടങ്ങുരചെയ്തു പാത്ഥൻ
എന്നു പോന്നു ഭവാൻ ദ്വാരകയിൽനിന്നു
നന്ദജനും സുഖം വാഴുന്നില്ലേ
എന്നുവേണ്ട നിലബദവനമെല്ലാരും
നന്ദിച്ചു വാഴുന്നതില്ലേ സഖേ
എന്നതു കേട്ടുരചെയ്തു ഗദൻതാനും
സുന്ദരനാകിയ പാത്ഥനോടു
നന്ദജൻ സീരിയുമെല്ലാവരുമൊത്തു
ഇന്നുമു വാഴുന്നു സന്തോഷേണ
കണ്ണന്റെ സോദരി ഭദ്രയുടെ ഗുണം
എണ്ണുവാനാരുള്ളു പാരിടത്തിൽ
കണ്ണിന്റെ സാഫല്യം വന്നു ഭവിപ്പാനായ്
ബന്ധിച്ചും പെണ്ണിനെ കണ്ടീടേണം
ഖണ്ഡിച്ചു ചൊല്ലീടാം ലോകങ്ങളിലൊരു
പെണ്ണിനെ തുല്യയായ്ക്കാണ്മതില്ല
കേശങ്ങൾ യൌവനായകന്മാരങ്ങൾക്കു
പാശംപോലെ വന്നു ശോഭിക്കുന്നു
ഫാലത്തിന്റെ രുചി കാണുന്ന നേരത്തു
ബാലശശാങ്കനു ശോഭയില്ല
കല്ലോലത്തോടൊത്ത ചില്ലികൾ കാമന്റെ

വില്ലിനെത്തല്ലിയൊടിച്ചീടുന്നു
ലോലങ്ങളാകുന്ന നേത്രദ്വയം പത്മ-
ജാലങ്ങൾക്കാധി വളർത്തീടുന്നു
നാസികാശോഭ തിലപുഷ്പകാന്തിയാ
ഭാസമാക്കീടുന്നു പൊയ്യല്ലേതും
നല്ലോരു പല്ലവം തന്നിൽ നിരത്തിയ
മുല്ലമൊട്ടുകളുടയ ഭംഗി
വെല്ലുന്ന പുഞ്ചിരി കണ്ടുവെന്നാകിലോ
കല്ലിന്നു താനും വികാരമുണ്ടാം
വക്ത്രേന്ദുചന്ദ്രിക നീളെപ്പരക്കുമ്പോൾ
സത്തുക്കളാകുന്നോരാമ്പലെല്ലാം
പുത്തമാം തോഷവികാസമതായിട്ടു
തത്ര നിന്നേറം രസിച്ചുപോയി
ജംഭാരിതന്നുടെ കുംഭിവരൻതന്റെ
കുംഭംപോലെ കുചകുംഭയുഗ്മം
ഏത്രയും ചിത്രമായുള്ളോരുദരവും
തത്ര വലിത്രയം ശോഭിക്കുന്നു
സുന്ദരമായുള്ള കന്ദരം കണ്ടെന്നാൽ
കുന്ദശരാർത്തിയും വന്നുകൂടും
ഊരുക്കൾക്കിന്നൊരു സാദൃശ്യമോർത്താകിൽ
പോരുന്ന സാധനം കാണുന്നില്ല
ചാരുത ചേരും ചരണങ്ങൾ കണ്ടെന്നാൽ
നീരജൻ നീരതിൽ മുങ്ങുമല്ലോ
വാരണംതന്നുടെ ഗമനത്തെ വെല്ലുന്ന
സാരമായ ഗതിയെത്ര ചിത്രം.

മതിമുഖി എന്നപോലെ

എന്നുകേട്ടനേരം പാൎത്ഥൻ വന്ന താപം പൊറുക്കാഞ്ഞു
മന്ദനായിനിന്നുപോയിയനംഗതാപാൽ
പോന്നു പാൎത്ഥൻ ദ്വാരകക്കു നന്നായങ്ങുചിന്തിച്ചുടൻ
സന്ന്യാസിടെ വേഷംപൂണ്ടു മനോഹരമാം
ചെന്നു പിന്നെ ദ്വാരകയിൽ സന്ന്യാസിയെ കണ്ടനേരം
നന്നായ് പൂജ ചെയ്കവരും വണങ്ങി പിന്നെ
നന്ദജനാം സീരിതാനും വന്ദിച്ചുകൊണ്ടുരചെയ്തു
വന്ദ്യനായ ഭവാനിന്നങ്ങനാമയമോ
ഉള്ളിലുള്ള കപടത്തെക്കള്ളച്ചിരികൊണ്ടു കൃഷ്ണൻ
തള്ളിപ്പുറത്താക്കിപ്പിന്നെ വളൎത്തി മോദം
ഭക്തിപൂൎവ്വം സന്ന്യാസിയെ ഭക്തിതാനും കഴിപ്പിച്ചു
മുക്തിസ്ഥായി ജനങ്ങളും നമസ്കരിച്ചു
എന്തുചെയ്യേണ്ടുഞാനെന്നു ചിന്തചെയ്തുകൊണ്ടു പാൎത്ഥൻ
വെന്തുരുകുന്നയ്യോയെന്റെ സ്വാന്തവുമിന്നു
അന്നൊരു ദിവസത്തിങ്കൽ വന്നു ഭദ്ര സന്ന്യാസിയെ
വന്ദിച്ചുകൊണ്ടേവം ചൊന്നാൾ വണക്കത്തോടും.

---

ഓമനത്തിങ്കൾകിടാവോ എന്നപോലെ

സന്ന്യാസി പാരിടമെല്ലാം—ചെന്നു
നന്നായ് ചരിക്കുന്നതില്ലേ
ജ്ഞാതികൾ പാണ്ഡവൎക്കെല്ലാ—മിന്നു
ഭൂതിവളരുന്നതില്ലേ
കുന്തീ സുഖത്തോടുംകൂടി—നര—
കാന്തകനാമവും പാടി

കൃഷ്ണനിലാശയം തേടി—പിന്നെ
തൃഷ്ണാവിമോചനം നേടി
ബന്ധുക്കളായവരെല്ലാം—കൂടി
സന്ധിച്ചിരിക്കുന്നതില്ലേ
മദ്ധ്യമൻ പാൎത്ഥനംപോയി—കൊണ്ടു
ശുദ്ധിവരുത്തുവാനായി
തീൎത്ഥങ്ങളിൽ ചെന്നു മുങ്ങി—ഹന്ത
പാൎത്ഥന്റെ പാപങ്ങൾ മങ്ങി
ഇങ്ങിനെ സഞ്ചാരംകൊണ്ടു—വന്നു-
തിങ്ങിനമോദവും പൂണ്ടു
കുത്ര വസിക്കുന്നു ചൊൽക—പാൎത്ഥൻ
ചിത്തസുഖത്തോടു കേൾക്കാം
ജിഷ്ണുവിന്റെ കഥയൊക്കെ—കേൾപ്പാൻ
തൃഷ്ണയുണ്ടേറ്റമെനിക്കു
എന്നതുകൊണ്ടവയെല്ലാം—ഇന്നു
സന്ന്യാസി ചൊല്ലേണമല്ലോ.

ാന ഭോരമെ

എന്നതുകേട്ടാപ്പാൎത്ഥന്റെ ചിത്തത്തിൽ
വന്നസന്തോഷം ചൊല്ലാവതല്ല
നന്ദജനേയും ധ്യാനിച്ചുകൊണ്ടവൻ
മന്ദമൊന്നു പറവാനൊരുമ്പെട്ടു
സുന്ദരി ചൊന്ന വാക്കുകൾക്കുത്തരം
മന്ദമൊന്നു പറയുന്നു കേട്ടാലും
ധൎമ്മജാദിയാം പാണ്ഡവന്മാൎക്കെല്ലാം
നിൎമ്മലാനനേ മംഗളം കുന്തിക്കും
കൎമ്മബന്ധനംകൊണ്ടു ധനഞ്ജയൻ

ശർമ്മമൊക്കെ വെടിഞ്ഞു നടക്കുന്ന
നിർമ്മലന്മാരെല്ലാം തീർത്ഥങ്ങളിൽ മുങ്ങി
കർമ്മശുദ്ധി വരുത്തി വഴിപോലെ
സാരമായുള്ള ക്ഷേത്രങ്ങളിൽ ചെന്നു
പാരം വീണു വണങ്ങിനാനന്നേരം
തീരാതെ വന്ന പാപങ്ങളൊക്കെയും
ദൂരത്താക്കി പ്രഭാസമതിൽ ചെന്നു
അന്നേരം ഗദൻതന്നെയും കണ്ടപ്പോൾ
സുന്ദരിയാകും ഭദ്രയുടെ വാർത്താ
ഒന്നൊഴിയാതെ ചൊന്നതു കേട്ടപ്പോൾ
ഖിന്നനായവൻ കാമശരംകൊണ്ടു
അന്നു വന്നൊരു താപം പൊറുക്കാഞ്ഞു
സന്ന്യാസിവേഷം പൂണ്ടു പുറപ്പെട്ടു
ചെന്നു ദ്വാരകാമന്ദിരം പുക്കവൻ
ഖിന്നനായിത്താൻ വാഴുന്നു കണ്ടാലും
സാമവാക്കുകൾ കേട്ടവളേറനും
കാമതാപവും ലജ്ജയും പൂണ്ടുടൻ
സീമക്കൂടാതെ വ്യാകുലപ്പെട്ടവൾ
കാമത്തോടു ഗമിപ്പാനൊരുമ്പെട്ടു
അന്നേരം തല താഴ്ത്തി വിയർത്തുടൻ
മന്ദമൊന്നു നിലത്തു വരച്ചപോൽ
ഒന്നിനുമെളുതായില്ലതു നേരം
വന്ന താപത്താൽ നിന്നു വിറച്ചതേ
സംഭ്രമത്തോടു മന്ദം പുറപ്പെട്ടു

സുഭ്രുവാമവൾ ദേവകിതന്നുടെ
ശുഭ്രമായോരു മന്ദിരം പ്രാപിച്ചോ..
രഭ്കയോടു ചോദിച്ചു ദേവകി
എന്തു ഭദ്രേ നിനക്കിന്നു വന്നോരു
സന്താപത്തിന്റെ കാരണം ചൊൽക നീ
ഹന്ത ഹന്ത വിയർക്കുന്നു ദേഹവും
കുന്തളങ്ങളഴിഞ്ഞു കിടക്കുന്നു
എന്തെങ്കിലും കഴിവു ഞാനുണ്ടാക്കാം
ചിന്തിതങ്ങൾ പറയണമെന്നോടു
അതു കേട്ടൊരു നേരം സുഭദ്രയും
മതിയായിട്ടൊരുത്തരം ചൊല്ലില
അതിയായുള്ള താപം പെറുക്കാഞ്ഞു
ക്ഷിതി തന്നിൽ കിടന്നു കരകയും
എന്നതു കണ്ടു നേരത്തു ദേവകി
ചെന്നു കൃഷ്ണനോടിത്തരമോതിനാൾ.

കുമ്മി.

നന്ദകുമാരകാ കേട്ടാലും നീ
സുന്ദരിയായ സുഭദ്രതാനും
മന്ദതയായൊരു വൃത്തിയോടും
ഖിന്നത പൂണ്ടവൾ വാണിടുന്നു
ഊണുമുറക്കവുമില്ല തെല്ലും
ക്ഷോണിയിൽ വീണങ്ങു വാണീടുന്നു
പ്രാന്തനെ രക്ഷിപ്പാനായിക്കൊണ്ടു
വേണം ചിലൌഷധനിർമ്മാണവും

ആളിമാരെയരികത്തു കണ്ടാൽ
കേളിവിനോദവും പൂണ്ടവളും
മേളിച്ചു വാക്കു പറയുന്നില്ല
മൂളുന്നതുമില്ല ചോദിക്കുമ്പോൾ
രോഗം നാശിപ്പിപ്പാൻ വൈദ്യനേയും
വേഗത്തിൽ ചെന്നു വരുത്തീടേണം
രാഗംനിമിത്തമായ്ക്കൊണ്ടു ഞാനം
രാഗം പറകല്ല കേൾക്ക നാഥ

---

ദോഷകാ[illegible] എന്ന [illegible]ാലെ.

ദേവകി ചൊന്നോരു വാക്കുകളേവമൊന്നുകേട്ടനേരം
ഭാവവും തെളിഞ്ഞു കൃഷ്ണൻ സാവധാനമായിച്ചൊന്നാൻ
മാതാവേ നീ ഖേദിക്കേണ്ട ശാതോദരീസോദരിക്കു
ചേതസ്സിങ്കൽ വ്യാധിതീർപ്പാൻ ഏതു മാർഗ്ഗം വേണമെന്നു
ചിന്തിച്ചു ഞാൻ ചൊല്ലീടുന്നു ഹന്ത കേട്ടുകൊണ്ടാലും നീ
ചെന്താർബാണശരംകൊണ്ടു വെന്തുരുകുന്നാന്തരംഗം
വ്യാധിയുടെ വഴി നോക്കി ശോധനയും ചെയ്യേന്നാകിൽ
ബാധയെല്ലാം ദൂരെപ്പോകും ബോധിച്ചാലും മാതാവേ നീ
സന്യാസിയാം പാർത്ഥൻതാനും കന്ദശരബാണമേറ്റു
സുന്ദരിയെക്കൊണ്ടുപോവാൻ വന്നുവെന്നതറിഞ്ഞാലും
എന്നതുകൊണ്ടായതിന്നു യത്നംചെയ്യാം ഗൂഢമായി
എന്നു ചൊല്ലി മാതാവിനെ നന്ദിപ്പിച്ചു പോന്നു വേഗം
നന്ദജൻ ചെന്നഗ്രജന്റെ സന്നിധിയിൽചെന്നുചൊല്ലി
ഖിന്നത കളഞ്ഞുകൊൾക നന്നായൊരു വഴി ചൊല്ലാം

പുത്തനായൊരുത്സവത്തെ ചേൎത്തീടുവാൻ തുടങ്ങുന്നു
സത്തമന്മാരൊത്തുകൂടി തത്ര ചെന്നു വാഴും കാലം
ബന്ധുവായ ഭദ്രയേയും ഗാന്ധൎവ്വമായ്വേട്ടുകൊൾക
അന്തരംഗം തന്നിലുള്ള ചിന്തയേയും വേർപെടുത്തി
സന്തോഷത്തോടങ്ങുകൂടിസ്സന്തതം നീ വാണുകൊൾക
ചൊൽക്കൊള്ളുന്നദേവേന്ദ്രനും തൽക്കാലത്തു വേണ്ടവരും
കൂത്തുകൂടിക്കഴിക്കേണം പുത്രിയുടെ വിവാഹത്തെ

---

കുറത്തിപ്പാട്ടു.

ഇത്തരം പറഞ്ഞു കൃഷ്ണൻ പത്തനത്തിൽ ചെന്നു
ഉത്തമനാമഗ്രജനാസത്തമനോടങ്ങു
ഇത്തരം പറഞ്ഞു ചെന്നു ചിത്തമോദത്തോടും
സീരിയാദികളെല്ലാരും പാരമങ്ങു കേൾപ്പാൻ
നഷ്ടമായൊരുത്സവത്താൽ കഷ്ടമത്തുകൊണ്ടു
ശിഷ്ടന്മാൎക്കു ഭവിക്കുന്ന പുഷ്ടമാക്കിടേണം
എന്നു കേട്ടിട്ടെല്ലാവരും നന്ദിപൂണ്ടു നിന്നു
ഭിക്ഷുവിനെ ശുശ്രൂഷിച്ചു ഭക്ഷണാദി നല്കി
പക്ഷ്മളാക്ഷി ഭദ്രതാനും ശിക്ഷയോടുംകൂടി
മന്ദിരത്തിലിരിക്കേണമെന്നു സീരി ചൊല്ലി
എന്നു കേട്ടനേരം കൃഷ്ണനൊന്നു ചൊല്ലിവേഗം
സുന്ദരനാം ഭിക്ഷുതാനും കന്യകയുമൊത്തു
മന്ദിരത്തിൽ വാണുവെന്നാൽ പിന്നെയൊന്നുംവേണ്ട
സീരി രോഷത്തോടുംകൂടി സാരമൊന്നു ചൊല്ലി
ധീരനായ ഭിക്ഷുവിന്റെ സാരമറിയാതെ
നിന്ദചെയ്താൽ പാപജാലം വന്നുകൂടും നൂനം

അക്കാലം ഞാനെത്തിക്കൊള്ളാം തക്കമോടു ശുദ്ധമായി
എന്നുചൊല്ലിയെല്ലാവരും നന്ദിയോടെപോയി
മെല്ലവേയെല്ലാവരുമായ സല്ലാപത്തോടൊത്തു
ചൊല്ലെഴുന്നൊരുത്സവത്തെ മെല്ലവേ തുടങ്ങി
തൽപ്പുരത്തിലുള്ളഘോഷം കെൽപ്പുപോരാ ചൊൽവാൻ
ജംഭരിപുകുംഭിപോലെ കുംഭികളും വന്നു
കുംഭങ്ങളിൽചേർത്തുശാതകൌംഭമായ പട്ടം
അന്നേരത്തു ദേവനേയും മന്ദമോടുംകൂടി
ഉന്നതമാം ഗജങ്ങളെ ചെന്നു കരയേറി
ചെണ്ടമദ്ദളങ്ങളിവ വേണ്ടപോലെ കൊട്ടി
ഉണ്ടായൊരു വാദ്യഘോഷംകൊണ്ടു ദിക്കിലൊക്കെ
പൂർണ്ണമാക്കി ഭേരികളും എണ്ണമില്ലചൊൽവാൻ
കണ്ണുകൾക്കാനന്ദമുണ്ടാംവണ്ണമോരോഘോഷം
ചന്ദ്രബിംബംപോലെ ശോഭിക്കുന്ന ഛത്രങ്ങളും
ഉന്നതമാം തഴകളും പൊന്നുകാലുമായി
പന്തങ്ങൾകൊടിക്കൂറകളന്തമില്ലാതുണ്ടു
അന്തികേ വൃക്കമ്പങ്ങളും സന്തതം നിറഞ്ഞു
വാരിജാക്ഷിമാരാം നാരിമാരുമൊത്തുകൂടി
സാരമൊരു നൃത്തംചെയ്തങ്ങോരോടത്തിൽവാണു
ആനൊരു നാൾ സീരിതാനും ചെന്നുറങ്ങീടുമ്പോൾ
നന്ദജൻതാൻ പാർത്ഥൻവാഴും മന്ദിരത്തിൽചെന്നു
നന്ദിപൂണ്ടു പാർത്ഥനോടു മന്ദമൊന്നുചൊന്നാൻ.

---

രാമാകല്യാൺ.—എന്നപോലെ.

ഗാന്ധർവ്വമായി വേളികഴിപ്പാൻ
ബന്ധുക്കൾചെന്നു വേണമേ

ഭീമാനുജാനിയാമോദം പൂണ്ടു
ഭാമിനിയേയും വേൾക്കേണം
നാമുനിമാരും പ്രേമത്തോടൊത്തു
കോമളനാകുമിന്ദ്രനും
എന്നവരൊത്തു നന്നാസ്വരണം
കന്യകയുടെ വേളിക്കു
നന്നായ് ചിന്തിച്ചു വന്നവരപ്പോൾ
സന്നാഹത്തോടു കൂടിയും
ബന്ധുക്കളൊത്തു ഗാന്ധർവ്വമായി
സന്ധിച്ചു വേളിഘോഷവും
അന്നൊന്നു ചൊല്ലി നന്ദജൻതാനും
നന്ദിച്ചു പാർത്ഥൻതന്നോടു
പാരാതെ നീ സുഭദ്രയുംകൂടി
തേരതിലേറിപ്പോയാലും
നേരെ വൈരികൾ നേരാതെ വന്നാ-
ലാരെയും കൊല്ലരുതേതും
മന്ദയുദ്ധേന നന്നായ് ജയിച്ചു
സാന്ദ്രമോദേന പോയാലും
സീരിയാദിയുണരുംമുമ്പെയും
പാരാതെ ഞാനും പോകുന്നു
എന്നുരചെയ്തു നന്ദിയോടെല്ലാം
വന്ന വഴിക്കു പോയിനാർ
നിർഭയത്തോടെ ഭദ്രയോടൊത്തു
ശുഭ്രം തേരിൽ കരമേറി

ഗംഭീരൻ പാൎത്ഥൻ പോകുന്ന കണ്ടു
ഡംഭോടെ പുരപാലന്മാർ
ജംഭാരിപുത്രൻ തന്നുടെ നേരെ
ജൃംഭിതരോഷാൽ ചെന്നാപ്പോൾ
സ്തംഭിച്ചു പാൎത്ഥൻ ചൊല്ലിനാനേവം
രംഭോരുസൂതനില്ലല്ലോ
അംഭോജാക്ഷിയും ചൊല്ലിയന്നേരം
സംഭ്രമം വേണ്ട ചിത്തത്തിൽ
കാന്താരവിന്ദനേത്രനായിടും
കാന്താ കേളെന്റെ സോദരൻ
കുന്തീസുതന്റെ സാരഥ്യകൎമ്മം
സന്തോഷത്തോടെ ബാല്യത്തിൽ
ചന്തമോടുപദേശിച്ചു തന്നു
സന്താപം വേണ്ട തേരു ഞാനിപ്പോൾ
സന്തതം തെളിച്ചീടുന്നേൻ
എന്നുരചെയ്തു ഭദ്രയെ നോക്കി
മന്ദം പുഞ്ചിരി തൂകീട്ടു
ഇന്നു നമ്മുടെ വിഘ്നശിത്തമായി
സന്ന്യസിച്ചിങ്ങു വന്നതും
മുന്നമിങ്ങിനെ വേണമെന്നതും
നന്ദജൻ നിൎണ്ണയിച്ചു പോൽ
എന്നു പാൎത്ഥനും ചിത്തത്തിലോൎത്തു
നന്ദിച്ചു യുദ്ധം ചെയ്തുടൻ
അന്നേരം ഭദ്ര തേരു തെളിച്ചു

വന്നവൈരികളൊക്കവേ
ഒന്നൊഴിയാതെ ചാതുൎയ്യമായ
മന്ദയുദ്ധത്താലോടിച്ചു
ചെന്നു മന്ദിരെ സാന്ദ്രമോദേന
ഇന്ദ്രപുത്രനും വാണുപോൽ.

---

കല്യാണി കളവാണി എന്നപോലെ.

എന്നതു സീരികേട്ടു വന്നൊരു കോപത്തോടെ
നന്ദജൻതന്നോടങ്ങു ചൊന്നാനേവം
ഇന്ദ്രജൻതന്നുടെയനിന്ദിതകൎമ്മങ്ങളും
ചെന്നു നാമവനേയും കൊന്നീടേണം
സന്യാസിയായി വന്നു സുന്ദരി ഭദ്രയേയും
അന്യായമായിക്കൊണ്ടു പോയവനും
എന്നുരചെയ്തുകൊണ്ടു സന്നദ്ധന്മാരായെല്ലാം
നന്ദജൻ മുമ്പായവർ യാനംചെയ്തു
അന്നേരം സീരിയോടു നന്ദജൻ ചൊന്നാനേവം
ഇന്ദ്രജനേയും ചെന്നു കൊന്നുപോയാൽ
നന്ദിനിക്കിന്നുതന്നെ വന്നീടും വൈധവ്യവു-
മെന്നതുകൊണ്ടിതൊന്നും നന്നല്ലല്ലൊ
എന്നതു കേട്ടു സീരി നന്നായങ്ങോൎക്കുന്നേരം
നന്നല്ല കൃഷ്ണനോൎക്കു പാൎത്ഥവധം
എന്നതുകൊണ്ടു നോക്ക ചെന്നങ്ങനുഗ്രഹിച്ചു
നന്ദിപൂണ്ടെല്ലാവരും പോന്നീടേണം
കല്യനാം പാൎത്ഥൻതാനും ചൊല്ലേറും സീരികളെ
മെല്ലൊന്നു കണ്ടനേരം കാക്കൽ വീണു

പല്ലവംപോലെയുള്ള നല്ല കരങ്ങൾ സീരി
ഉല്ലാസത്തോടെ തല തന്നിൽവെച്ച
നന്നായ്വരേണം പാൎത്ഥ നിന്നുടെ വൃത്തികളും
എന്നെന്നും ഗുണമായി വന്നിടേണം
എന്നരുൾചെയ്തു സീരി നന്ദിപൂണ്ടെല്ലാവരും
പോന്നിങ്ങു ദ്വാരകയിൽ ചെന്നിരുന്നു.

—:*:—

കേരളസാഹിത്യ അക്കാദമി

# രുഗ്മിണീസ്വയംവരം.

## പത്തുവൃത്തം പാട്ടു.

---

ഒന്നാം വൃത്തം

അഞ്ചിതകേളി! മനോഹരഭാഷിണി!
അരികിൽ വരിക ശുകജായേ
അഞ്ചാതെ പറക നീയംബുജനേത്രന്റെ
അമിതചരിതമഭിരാമം
ആദരവോടിഹ രുഗ്മിണിതന്നുടെ
അഴകിയ പരിണയഘോഷം
ആദിത്തുടന്നുരചെയ്കനീ വിരവോടു
അഖില ദുരിതഹരമല്ലോ
ഇങ്ങിനെയുള്ളൊരു വരമൊഴിമാരുടെ
ഹിതമതറിഞ്ഞൊരുശേഷം
ഇംഗിതവേഗിനി കിളിമകളന്പൊടു
ഹിതമുരചെയ്തു സാമോദം
ഈശ്വരനാകിയ മധുരിപുതന്നുടെ
ഗുണഗണമതിരമണീയം
ഈശ്വരി പൂമകളാകിയ രുഗ്മിണി
ഹിതമൊടു കേട്ടൊരു നേരം
ഉള്ളിലിയന്നൊരു മദനശരാർത്തികൾ
ഉരുതരമേശുകമൂലം
ഉള്ളമഴിഞ്ഞൊരു ഭൂസുരവരനൊടു

ഉചിതവചനമുരചെയ്തു
ഊഴിയിൽവന്നു പിറന്നുവളന്നൊരു
ഉരഗശയനനാംബുജാക്ഷൻ
ഊനമകന്നു വസിച്ചരുളീടുന്നു
ഉദധിനടുവിൽ മണിഗേഹേ

എന്നുടെ മോഹമിതവനോടു ചെന്നു നീ
എവമിതുരചെയ്തുവേണം
എന്നുടെ ജനനഫലത്തെ വരുത്തുവാ-
നിന്നൊരു കനിവരുളേണം
എടലർസായകനെന്മനതളിരിൽ
എരിപൊരി വളരുവതിന്നായി
എറിനകരുമനവിരുതു തുടന്നിതു
എതുവട പുനരവനരണ്ടോ
ഐഹികസുഖപരലോകസുഖങ്ങള-
മഴകൊടു നൽകുമധീശൻ അയ്യോ
നീയെന്നെ വെടിഞ്ഞരുളീടൊല്ലാ
അതിനിത കൈവണങ്ങുന്നേൻ
ഒട്ടുമുപേക്ഷ ഭവാനരുതേ കൃഷ്ണ!
ഒരുദിനം താമസിയ്ക്കൊല്ലാ
ഒട്ടല്ലിനിയ്ക്കിഹ വൈരികൾ ശിവ! ശിവ!
ഒരുജനമില്ലനുകൂലം
ഓമനയേവിന താതനും മാതാവും
ഒരു ശഠനുടപ്പിറന്നോനും
ഒക്കവേകൂടെ വിചാരിച്ചുറപ്പിച്ച
ഒരുമൂഢനെന്നെക്കൊടുപ്പാൻ

അപ്പഴിയോക്ഷ്മ്പോളത്തു ബഹ്വസങ്കടം
അത്തു ബത കിം കഥനീയം
ഔരസസുതന്റെ വശരായ്പന്നിതു
അച്ഛനമമ്മയുമയ്യോ!
അക്കടിലൻ ശിശുപാലനരാധിപ-
നതിജളനതിശയമൂഢൻ
അക്രമിയാതെ തുണച്ചരുളീടുക
അഖിലപതേ മുകിൽവർണ്ണ
ഇങ്ങിനെ ചെന്നുരചെയ്യുമഹീസുര!
ഇതു മമ പരമുപകാരം
ഇങ്ങിനെ രുഗ്മിണി ഭൂസുരവരനൊടു
ഇംഗിതമുരചെയ്തു ശുഭം.

---

രണ്ടാം വൃത്തം.

കൊണ്ടൽവേണിയാൾ ചൊന്നവാക്കുകൾ
കൊണ്ടാടിക്കേട്ടു ഭൂമിദേവൻ
കൊണ്ടൽവർണ്ണന്റെ കോമളാകൃതി
കണ്ടുപോരുവാനാശയോടേ
ദ്വാരകാപുരിപുക്കമെല്ലവേ
വാരിജാക്ഷനൊച്ചെന്നു കണ്ടു
ആരണഭവാനാരുവാനെന്നു
കാരണാത്മാവു ചോദിച്ചപ്പോൾ
രുഗ്മിതന്നുടെ സോദരിയാകും
രുഗ്മിണിയുടെ വാക്കിനാലെ
വന്നു ഞാനെടോ! വാസുദേവ കേ-

മെന്നു ഭൂസുരൻ ചൊൽതുടങ്ങി
കഞ്ജനേർമിഴി ചൊന്നവാക്കുകൾ
കഞ്ജലോചന കേട്ടുകൊൾക
മഞ്ജുളാനന മാധവ ഭവാൻ
മഞ്ജുവാണിയെ രക്ഷിക്കേണം
കേശവ! നിന്നെക്കേട്ടുകേട്ടവൾ
ശൈശവേതന്നെ മോഹിക്കുന്നു
ആശയംതന്നിലന്യസംഗമം
ആശയില്ലവൾക്കംബുജാക്ഷ
കല്പവൃക്ഷത്തെക്കണ്ടു കാംക്ഷിക്കും
കല്പവല്ലിക്കു കാഞ്ഞിരത്തെ
കാംക്ഷയുണ്ടാമോ കാർമുകിൽവർണ്ണ
കാമസുന്ദര കൈതൊഴുന്നേൻ
ചേദിഭൂപനു ദാനംചെയ്യാനായി
സോദരനെന്നെക്കല്പിക്കുന്നു
ചേതമെന്തയ്യോ! ദുഷ്ടക്കിങ്ങിനെ
ചേതസി കൃപലേശമുണ്ടോ
അച്ഛനുമെന്റെ അമ്മയ്ക്കുമിതു
ഇച്ഛയല്ലെന്നു ഭാവമുണ്ടു
സ്വച്ഛന്ദനാകും സോദരൻതന്റെ
ഇച്ഛ ലംഘിപ്പാനാളല്ലേതും
ആരുമില്ലിനിയ്ക്കാധാരം കൃഷ്ണ!
ചാരുസുന്ദര! നീയല്ലാതെ
പൂരുഷോത്തമ! പാരാതെന്നെ നീ
തേരിന്മേലേററിക്കൊണ്ടുപോക

ദേവകീസുത! ദേവ! നീയെൻെറ
ജീവനായതും ജീവനാഥ!
ദൈവമായതും ദേഹമായതും
കേവലം ഭവാനേകനാഥ!
കൊണ്ടൽവണ്ണ! നീയെന്നെ വൈകാതെ
കൊണ്ടുപോയില്ലെന്നാകിലോ ഞാൻ
ഇണ്ടൽകൂടാതെ ഇശ്ശരീരത്തെ
ഇന്നുപേക്ഷിപ്പാൻ ഭാവിക്കുന്നു
ജന്മകോടികൾ കൊണ്ടെന്നാകിലും
നിന്മെയ് ചേരുവാൻ യോഗമുണ്ടാം
ചിന്മയാ നിന്നെ ചിന്തിക്കുന്നോക്കു
ശർമ്മം നീയല്ലോ നൽകീടുന്നു
നിർമ്മലൻ ഭവാൻ നിർഗ്ഗുണൻ ഭവാൻ
നിത്യനേഷ നീ വാസുദേവൻ
നിൻപാദാംബുജേ വന്നു സേവിപ്പാൻ
ഇമ്പമോടെന്നെ കല്പിക്കേണം
നിൻസാദമല്ലാതെ മറെറാരു
സമ്പത്തിന്നു വരേണ്ടതില്ല
അച്യുതാനന്ത മാധവ! കൃഷ്ണ!
സച്ചിദാനന്ദ! സാധുശീല
ത്വച്ചരിതങ്ങളുള്ളിലെപ്പോഴും
തോന്നിടേണമേ ഗോപിനാഥ!
ഇത്തരമുരചെയ്തു രുഗ്മിണീ
സത്വരമത്തുണത്തിച്ചേൻ ഞാൻ

ഇത്തരമൂരചെയ്ക വൈകാതെ
ഉത്തമാകൃതേ! വാസുദേവ!

—:*:—

മൂന്നാം വൃത്തം.

സുന്ദരിമാർമണി തൻെറ നല്ല
സന്ദേശവാക്കുകളെല്ലാം
ഇന്ദിരാതന്നുടെ നാഥൻ കേട്ടു
വന്ദിച്ചുകൊണ്ടരുൾചെയ്തു
വന്നാലും ഭൂമീസുരേന്ദ്ര തവ
വാണീവിലാസമശേഷം
നന്നു നമുക്കനുകൂലം സുഖ-
മിന്നു നമുക്കുപജാതം
രുഗ്മിണീ കന്യകതൻെറ കുച-
കുഡ്മളമമ്പോടു രണ്ടും
നമ്മുടെ മാറിടം തന്നിൽ
ചേർപ്പാൻ നല്ലൊരു സംഗതി വന്നു
കുണ്ഡിനം തന്നിൽ വസിക്കുന്നൊരു
പെണ്ണിനെക്കൊണ്ടിങ്ങു പോരാൻ
പുണ്യമെനിക്കിന്നു വന്നുവെന്നു
നിർണ്ണയിക്കും ഭൂമിദേവ!
പൂന്തേൻമൊഴിയവൾ പണ്ടേ
എൻെറ സ്വാന്തേ വസിക്കുന്നു ഗൂഢം
ചെന്താർശരാസ്ത്രങ്ങളല്ലോ ഹൃദി
ചെന്തീക്കനല്ക്കു സമാനം

വെന്തുരുകീടുന്ന ചേതോദ്ഭവ-
മെന്തുര ചെയ്യുതിതെല്ലാം
സിന്ധുരഗാമിനിതൻെറ അതി
ബന്ധുരമാകിയ രൂപം
ചിന്തിച്ചു മാനസം തന്നിലതു
ബന്ധിച്ചുറപ്പിച്ചു ഞാനും
ബന്ധുവാം നിൻെറ പ്രയത്നംകൊണ്ടു
സാധിയ്ക്കാമെന്നുടെ കാര്യം
സാധിയ്ക്കുമെന്നു വരുമ്പോളുള്ളി-
ലാധിയ്ക്കുമാശ്വാസമുണ്ടാം
ബാധിയ്ക്കുമംഗജൻതാനും ചെറു
ബോധിയ്ക്കുമിപ്പരമാർത്ഥം
വില്ലുമെടുത്തു കുലച്ചു നമ്മേ-
ക്കൊല്ലുവാനായ്തുന്നടക്കം
മുല്ലവിശിഖനുമപ്പോൾ തന്നെ
തെല്ലു കനിവെങ്കലുണ്ടാം
ഭീഷ്മകനന്ദിനിയോടു ചെന്ന-
ങ്ങൂഷ്മം തുടങ്ങിയെന്നാകിൽ
നമ്മുടെ ഭാഗ്യമിതെല്ലാം ബന്ധു
മന്മഥനൊന്നിങ്ങു വന്നു
പെണ്മണി രുഗ്മിണിതൻെറ നല്ല
കൺമുനത്തല്ലടി കൊൾവാൻ
എത്ര കൊതിയ്ക്കുന്നു ഭൂമിതന്നിൽ
ക്ഷത്രിയവീരന്മാരെല്ലാം

മേദിനീപാലരിൽ മുമ്പു നിന്നു
ചേദിനൃപൻ ശിശുപാലൻ
ഖേദിപ്പോരുള്ളോരു യോഗം വന്നു
വേദിയൻ താനറിഞ്ഞാലും
മന്നരായുള്ള നൃപന്മാരെല്ലാം
കുണ്ടിനന്തിരിക്കുംവേ തന്നെ
കുണ്ടിവാർകേശിയെത്തോഴിലേററി-
ക്കൊണ്ടിങ്ങു പോരും മുകുന്ദൻ
കണ്ടാലും ഭൂമീസുരേന്ദ്ര നൃപ
കണ്ടകന്മാരുടെ ഭാവം
രണ്ടു ദിവസത്തിൻമുമ്പേ ചെന്നു
കൊണ്ടിങ്ങുപോരാമിദാനീം
തോഴിൽക്കരേറുക ഭൂമിദേവ
തോഴിയെപ്പോലെത്തന്നെ
പാരാതെ കുണ്ഡിനംതന്നിൽ ചെന്നു
പാലോലും വാണിയെക്കാൺക
വന്നു നിൻവല്ലഭനൊന്നു തത്ര
ചെന്നു പറഞ്ഞറിയിക്കാം
എന്നാൽ നിനക്കോരു സമ്മാനവു-
മന്നേരംതന്നെ ലഭിക്കും
എന്നരുൾചെയ്തു മുകുന്ദൻ തൻെറ
സ്യന്ദനമാശു വരുത്തി
മന്ദിരംതന്നിൽ നിന്നപ്പോൾ തന്നെ
മാധവൻ യാത്ര തുടങ്ങി
ആരുമറിയാതെ ശ്രദ്ധം കൃഷ്ണൻ

തേരിന്മേലേറിത്തിരിച്ചു
നാടും നഗരവും കാടും പിന്നെ
തോടും പുഴയും കടന്നു
കുണ്ഡിനമന്ദിരം തന്നിൽ ചെന്നു
പുണ്ഡരീകാക്ഷൻ മുകുന്ദൻ
കുണ്ഡിനനാഥൻ നരേന്ദ്രനപ്പോൾ
കണ്ണനെച്ചെന്നു വണങ്ങി
അഞ്ചാതെ പൂജിച്ചു മെല്ലേ മന്ദി-
രഞ്ചെ വസിപ്പിച്ചു മോദാൽ
ചഞ്ചലലോചനൻ കൃഷ്ണൻ നൃപ-
സഞ്ചയം തന്നിൽ വിളങ്ങി.

കേരള സാഹിത്യ അക്കാദമി

നാലാം വൃത്തം.

രുഗ്മിണിയോടു ചെന്നു പത്തുക്കവേ
ശുദ്ധമോദമതൾചെയ്തു ഭൂസുരൻ
രുഗ്മിസോദരി! കേൾക്ക നീ നിന്നുടെ
രൂപസൌന്ദര്യം നിഷ്ഫലമല്ലെടോ!
നന്ദനന്ദനൻ നിന്നുടെ വല്ലഭൻ
നന്ദനീയശരീരൻ മനോഹരൻ
ഇന്ദിരാപതി സുന്ദരപൂരുഷൻ
ഇന്നിഹ വന്നു വാണരുളീടുന്നു
കാളിന്ദീതടം തന്നിൽ പലകാലം
കേളിയാടി നടന്നോരു ബാലകൻ
കാളിയന്റെ മദത്തെക്കളഞ്ഞൊരു
കാരുണ്യാമൃതവാരിധി മാധവൻ

ഗോപിമാരുടെ വീടുകളിൽ ചെന്നു
ഗോരസത്തെക്കവന്നോരു ഗോവിന്ദൻ
ഗോപബാലകന്മാരോടൊരുമിച്ചു
ഗോക്കളെ മേച്ചു മേവും ദശാന്തരേ
പാഞ്ഞുവന്ന ശകടത്തെത്തന്നുടെ
പാദംകൊണ്ടു ചവിട്ടിത്തകർത്തവൻ
പൂതനായെന്നു പേരാം പിശാചിയെ
പ്രേതരാജപുരത്തിലയച്ചവൻ
വല്ലവിമാരുടുക്കുന്ന വസ്ത്രങ്ങൾ
മെല്ലെച്ചെന്നു കവന്നോരു ഗോപാലൻ
പൊക്കമേറുമരയാലുംകൊമ്പത്തു
വെക്കം ചെന്നു വസിച്ചു മുകിൽവണ്ണൻ
കുന്നൊട്ടത്തു കുടയായ് പിടിച്ചുടൻ
നിന്നു ഗോകുലം പാലിച്ച ബാലകൻ
നന്ദഗോപനെ നാകലോകം തന്നിൽ
ചെന്നുകൊണ്ടിങ്ങു പോന്നൊരു പൂരുഷൻ
രാജീവായതലോചനമാരുമായ്
രാസക്രീഡകൾ ചെയ്തോരു ഗോവിന്ദൻ
രാജപുംഗവനാകിയ കംസനെ
വ്യാജഹീനം വധിച്ച മഹാവീരൻ
വാരിരാശിനടുവിൽ വിരവോടു
ദ്വാരകാപുരി തീർത്തോരു കേശവൻ
വാരിജേക്ഷണേ! നിൻെറ വിവാഹത്തെ
വൈകാതെകണ്ടു സാധിക്കുമിന്നെടോ!
സങ്കടങ്ങൾ കളഞ്ഞു തെളിഞ്ഞു നീ

പങ്കജേക്ഷണേ വാണാലും രുഗ്മിണി!
മങ്കമാർമണിയാളേ! ധരിക്കു നീ
നിങ്കലാശ വളന്ന മുകുന്ദനും
കേശവൻ മധുസൂദനൻ നിന്നുടെ
കേശാദിപാദം ചിന്തിച്ചു ചിന്തിച്ചു
ആശയേ മലർബാണങ്ങളേല്ക്കയാൽ
ക്ലേശത്തോടെ വസിച്ചരുളീടുന്നു
ചന്ദനം പനിനീരും കളഭവും
ചന്ദ്രപാദങ്ങൾ മന്ദാനിലങ്ങളും
കുന്ദകേതകീ ചൂതസുഗന്ധവും
നന്ദജന്നു സഹിപ്പാനൊളുതല്ലാ
മാനിനീമണിമാലികേ! നിന്നുടെ
മാറിൽ വന്നു കുളുത്ത കുളുർമുല
മാറിൽ ചേർത്തു പുണരാതെ സന്താപം
മാറുകില്ല മുകുന്ദനു നിർണ്ണയം
വല്ലവീവരനായ മുകുന്ദന്റെ
വല്ലാതുള്ളൊരു സന്താപം തീരുവാൻ
പല്ലവാധരി! നിന്നധരാമൃത-
മല്ലാതെ മറെറാരൌഷധമില്ലെടോ!
ആയതിന്നു മതിന്നു മുരാന്തകൻ
ആയതാക്ഷിയാം നിന്നെ ഹരിപ്പാനായ്
മായാമാനുഷനുദ്യോഗിച്ചീടുന്നു
കായാമ്പൂനിറമുള്ള മുകിൽവർണ്ണൻ
ഇപ്രകാരമുര ചെയ്തു മെല്ലവേ
വിപ്രശ്രേഷ്ഠൻ ഗമിച്ചോരനന്തരം

സുപ്രസാദം കലർന്നു സുഖത്തോടെ
തൽപ്രദേശേ വസിച്ചിതു രുഗ്മിണി.

## അഞ്ചാം വൃത്തം

ദ്വാരകാമന്ദിരം തന്നിൽ
സ്വൈരമങ്ങു വാണീടുന്ന
സീരപാണിയരുൾ ചെയ്തു
ദ്വാരപാലന്മാരോടേവം!
എന്നുടെ സോദരൻ ശൌരി
എങ്ങുപോയി ഗായന്മാരോടു
നിങ്ങളാരും ബോധിയാതെ
നീലവർണ്ണൻ പോകയില്ല
വാരിജാക്ഷൻ വാസുദേവൻ
വാരിധിഗംഭീരൻ ധീരൻ
വാരിധി കടന്നുപോയോ
വാരിവാഹാകരൻ വീരൻ
നേരുതന്നെ ചൊല്ലിടേണം
ചാരുഗാത്രനെങ്ങുപോയി
ആരുമറിയാതെയുണ്ടോ
തേരിലേറിപ്പോയിടുന്നു
ഗോപബാലൻതന്റെ വാർത്ത
ഗോപനം ചെയ്യൊല്ല നിങ്ങൾ
കോപമിങ്ങുണ്ടായീടുന്നു
ഗോപുരപാലകന്മാരെ!
രേവതീവല്ലഭൻതന്റെ

യേവമുള്ള വാക്കു കേട്ടു
സേവകന്മാരിലൊരുത്തേകൻ
ദേവനേ വന്ദിച്ചു ചൊന്നാൻ
ഇന്നലേ രാത്രിയിൽ ഗൂഢം
വന്നോരു ഭൂസുരൻ മെല്ലേ
നന്ദഗോപനന്ദനനെ-
സ്സപ്രദനേ കരേററി വേഗാൽ
കുണ്ഡിനാന്തന്നിലുള്ളോരു
പെണ്ണിനെ കാംക്ഷിയ്ക്കമൂലം
പുണ്ഡരീകാക്ഷൻെറ രാഗം
പൂരിപ്പാനായ്ക്കൊണ്ടുപോയി
രുഗ്മിണിതന്നുടെ നല്ല
രൂപസൌന്ദൎയ്യത്തെക്കേട്ടു
സന്തോഷിച്ചു സീരപാണേ!
സത്വരം ഗമിച്ചു കൃഷ്ണൻ
കിങ്കരൻെറ വാക്കു കേട്ടു
സന്തോഷിച്ചു സീരപാണി
എങ്കിൽ പോക നാമെല്ലാരു-
മെന്നുരച്ചു കോപ്പുകൂട്ടി
ആന തേർ കാലാളുകളും നല്ല
സേനയോടുംകൂടി രാമൻ
യാനങ്ങളിൽ കേറിക്കൊണ്ടു
യാനം ചെയ്തു വേഗത്തോടെ
വൈദൎഭൻെറ മന്ദിരത്തിൽ
വൈകാതങ്ങു ചെന്നു രാമൻ

കേരളസാഹിത്യ അക്കാദമി

വാസുദേവനോടും കൂടി
വാണരുളി മഞ്ചംതന്നിൽ.

---

### ആറാം വൃത്തം.

അത്രനേരം മന്നവന്മാരത്ര വന്നു വസിയ്ക്കുന്നു
അംഗരാജൻ വംഗരാജൻ കലിംഗാധീശൻ
കുരുവീരൻ കേരളേന്ദ്രൻ കേകയൻ കോസലാധീശൻ
കുന്തിഭോജൻ കുന്തളേശൻ കത്രശാധീശൻ
ശിശുപാലൻ ജരാസന്ധൻ മാളവൻ മാദ്രിഭൂപാലൻ
കൊങ്കണേശൻ വങ്കണേശൻ പുളിന്ദാധീശൻ
അവന്തിമന്നവൻ പിന്നെ ആന്ധ്രഭൂമീപതി-
വീരൻ സിന്ധുരാജൻ സിംഹളേശൻ
ജനകാധീശൻ ദ്രമിളൻ പാണ്ഡ്യഭൂപാലൻ
ദ്രമിലേശൻ കശ്മീരേന്ദ്രനിന്ദ്രസേനൻ
ചന്ദ്രസേനൻ നിഷധാധീശൻ നരപാലന്മാ-
രനേകംനാട്ടിലുള്ള നായകന്മാരത്രവ-
ന്നോരിത്രയെന്നൊരവധിയില്ലാ
വളരെ ബ്രാഹ്മണന്മാരും വൈശ്യരും ശൂദ്രരും
തത്രവന്നുകൂടി വർണ്ണമെല്ലാമിവണ്ണം തന്നേ
മണിമഞ്ചമുകളേറി മന്നവന്മാരിടതിങ്ങി
മന്മഥാസ്ത്രം മാറിലേറു മയങ്ങിപ്പോയി
മധുവോലും വാണിവന്നു മാലവെയ്ക്കുമെന്നുമോഹം
മനസിലുള്ള മന്നവന്മാർക്കഖിലന്മാർക്കും
എന്നിയ്ക്കത്രെ സുന്ദരത്വമാഭിജാത്യമെനിയ്ക്കത്രെ
വിത്തമാർക്കിത്രയില്ലെന്നൊരുത്തൻ ഭാവം

രസികന്മാരെന്നുവന്നാൽ രാഗമുണ്ടാസ്സുരമല്ലോ
രാമമാക്കിന്നോർത്തു കണ്ടാലെറിസ്സേയുള്ളു
ബലവീര്യമുള്ളവർക്ക് ബാലകന്യാലാഭമുള്ളു
ഏന്നാതുകൊണ്ടെറിസ്സുത്രേ തരമാവുള്ളു
കുലശുദ്ധികൊണ്ടു നമ്മെക്കളുറവർക്ക വിശേഷിച്ചും
ക്കൂടമെന്നാൽ കേടമില്ല്യ നമുക്കെന്നോകൻ
അരചന്മാരിപ്രകാരമാശപൂണ്ടു വസിക്കുന്നു
അങ്ങുമിങ്ങും തിങ്ങിവിങ്ങി വിളങ്ങിടുന്നു
ശിശുപാലൻ വേൾപ്പതിന്നു കോപ്പുകൂട്ടിക്കാപ്പുകെട്ടി
തുഷ്ടിയോടെ പുഷ്ടിയോടേ തുറിഞ്ഞുകൂടി
കളവാണി രുഗ്മിണിയും കാഞ്ചിമാല
കടകങ്ങൾ കാതിലയുമോതിരവു-
മണിഞ്ഞുകൊണ്ടു സഖിമാരും താനുമായി
സഞ്ചരിച്ചു സഭതന്നിൽ സന്നിധാനം
ചെയ്തരുളും ദേവിയെക്കാണ്മാൻ
ഗിരികന്യാദേവിതന്റെ
തിരുമുമ്പിൽ ചെന്നുനിന്നു താണുവീണു
കൈവണങ്ങി സ്തുതിച്ചുനിന്നു.

---

## ഏഴാം വൃത്തം.

ജയ ജയ ഭഗവതി! മായേ! ദേവി!
ജഗതി മധുരതര കായേ!
ജനനി! പരമശിവ ജായേ!

ഗൌരി! ജനനി! പരമരമണിയേ!
കരതലവിലസിതവലയേ!
ദേവി! വിരചിതഗിരിവരനിലയേ!
അരിജനകുലബലവിലയേ! നിൻെറ
ചരണയുഗളമനുകലയേ
സതതം സരസതരശീലേ! ദേവി!
സകല ഹൃദയഹരശീലേ!
സജലജലദകചജാലേ! പാഹി
സവിനയ ജഗദനുകൂലേ!
ഉരുതരഘനകുചഭാരേ! ദേവി!
ഉരസിതരളതരഹാരേ!
പരിസരചരപരിവാരേ! പാഹി
പരിചൊടു ജനിതകുമാരേ!
മനസിജമധുരശരീരൻ കൃഷ്ണൻ
മനുജവിജയരണശൂരൻ
മനസിവസിതസുകുമാരൻ
മമഹിതനാം നന്ദകുമാരൻ
അവനെൻെറ വരനായി വരുമോ?ദേവി!
അതിനൊരു വരമിങ്ങു തരുമോ?
തവ മതമതിനനുഗുണമോ? ശിവ!
തരുണി! നീ കനിഞ്ഞരുളേണം
നളിനനയനനാഭിരാമൻ കൃഷ്ണൻ
നരകമുരമദവിരാമൻ
തരുണീജനങ്ങൾക്കൊരു കാമൻ കൃഷ്ണൻ
തരമല്ലാത്തവരോടു വാമൻ

നരസുരമുനിജനപാലൻ കൃഷ്ണൻ
നയനമധുരതരബാലൻ
അനിശമസുരകുലകാലൻ കൃഷ്ണൻ
അനഘഹൃദയനനുകൂലൻ
വിജയനു സഖി മമ ഹരണം ചെയ്വാൻ
വിരവിനൊടവനിങ്ങു വരണം
ഗിരിശരമണി തവ ചരണം രണ്ടും
ചിരതരമിഹ മമ ശരണം
ജയ ജയ ഗിരിവരതനയേ! ദേവി!
ജയ ജയ കൃതരിപുവിജയേ!
ജയ ജയ പുരഹരദയിതേ! ദേവി!
ജയ ജയ പണിയുന്നേനയി തേ.

---

എട്ടാം വൃത്തം.

അംബികാ പദാരവിന്ദവന്ദനങ്ങൾ ചെയ്തുകൊണ്ടു
അംബുജാക്ഷിമാർ തൊഴുന്ന രാജകന്യകാ
ആളിമാർ മനോജ്ഞപാണിനാളികം പിടിച്ചുകൊണ്ടു
കേളിയാടി മെല്ലെ മെല്ലെ മല്ലലോചനാ
മഞ്ചവാസിയായ ഭൂപസഞ്ചയാന്തികേ സുഖേന
സഞ്ചരിച്ചു സാരസാക്ഷി രുഗ്മിണീ മുദാ
പത്മനാഭനാശു ചെന്നു പങ്കജാക്ഷി മൌലി തന്റെ
പാണി പങ്കജം പിടിച്ചു തേരിലേററിനാൻ
വാമലോചനേവമൊരു കോമളാനനോ കൃശാംഗി!
രാമസോദരോഹമേഷ രാമമാർമണേ!

പ്രാണനായികേ! നിനക്കു നാണമെന്തിനിന്നു നിൻെറ
പ്രാണവല്ലഭൻ മുകുന്ദനോഷു ഞാനെടെടൊ!
കൊണ്ടൽനീലവേണി നിന്നെക്കൊണ്ടുപോവതിന്നു തന്നെ
കൊണ്ടൽവണ്ണനെന്നു നാമമുള്ള ഞാനെടോ!
നിന്നുടെ വിയോഗമായ വഹ്നികൊണ്ടെരിഞ്ഞെരിഞ്ഞു
ഖിന്നമെന്നുടെ ശരീരമിന്നാളെടോ!
ചന്ദ്രപാദസംഗമേന ചന്ദ്രകാന്തമെന്നപോലെ
ചന്തമോടു ശീതശീതമിന്നു മാനസം
കണ്ണിനുള്ള ജന്മലാഭമിന്നെനിക്കു പൂണ്ണമായി
കന്യകാമണേ! ജവേന പോക നാമെടോ!
സ്യന്ദനേ വസിച്ചുകൊൾക സുന്ദരാനനേ! സുഖേന
നന്ദനന്ദനൻെറ ഭാഗ്യമൂത്തിയായ നീ
എവമോതി ദേവനായ ദേവകീസുതൻ മുരാരി
ദേവിയെ ഹരിച്ചുകൊണ്ടു യാത്രയായിതേ
ഭൂപമണ്ഡലങ്ങളാശു കോപഭാരമോടാവേണ
ചാപലം പറഞ്ഞെടുത്തു ചാപപാണികൾ.

---

ഒമ്പതാം വൃത്തം.

ഗോപകുമാരക! നില്ലെട നിന്നുടെ
ചാപലകമ്മമിദം ബഹു ഭൂപതിമാരുടെ
മുന്നിലഹംമതി ശോഭനമായ്വരുമോ?
വെണ്ണയും പാലും കവന്നു ഭുജിക്കുന്ന
കണ്ണനീവണ്ണമഹോ! നല്ല പെണ്ണിനെ-
ക്കണ്ടു കൊതിച്ചു ചതിച്ചഞ്ഞു

കൊണ്ടുപോവാനാഗ്രഹം ഗോരസമല്ലിതു
ഗോപശിശോ! തവ ചോരണമോഹമയ്യോ!
അതു നീരസമായ്വരുമെന്നു ധരിക്കണ-
മിങ്ങിനെ ചെയ്തുകൊണ്ടാൽ
കെൽപ്പു പെരുത്ത ശിശുപാലമന്നന്നു
കല്പിച്ച കന്യകയെ അതി ദുർ-
ബ്ബലനാം പശുപാലനാടങ്ങുമൊ?
ദുർമ്മോഹമെന്തിനഹോ! ഗോക്കളെ
മേച്ചു നടക്കുന്ന നിന്നുടെ ഗോഷ്ഠി
ഫലിച്ചീടുമൊ? കള്ളശ്വാക്കളെപ്പോലെ
കടന്നു കവന്നു നാശത്തിനുള്ള വഴി
ക്ഷത്രിയകന്യയെ നിങ്ങൾക്കു വന്നു
തൊടാമൊ? കഠോരന്മാരേ!
രാജപുത്രിയെ മോഷണം ചെയ്തതു
നിങ്ങൾക്കു ഭൂഷണമല്ല ദൂഷണം
രുക്മിസഹോദരിയായ കുമാരിയെ
വിട്ടു ഗമിക്ക നല്ലു അതി-
ഭീമപരാക്രമമുള്ള നൃപന്മാർക്കു
വൈരമുണ്ടാക്കിടൊല്ല ചാപമെടുത്തു
കുലച്ചു വലിച്ചു പിടിച്ചു ചൊടിച്ചുവരും
നല്ല ഭൂപതിമാരോടു പോരിന്നു
പോരുമോ ഗോരസചോരനഹോ!
നില്ലെടാ! നില്ലെടാ! നിന്നുടെ വംശമ-
തില്ലെന്നു വന്നുകൂട്ടും തടവില്ലെടാ!
നില്ലെടത്താനേവം ചെയ്യുന്ന നീര-

നൃപന്മാർക്കപ്പോൾ ഇത്ഥം പറഞ്ഞു
രണത്തിനൊരുമ്പെട്ട ക്ഷത്രിയ വീരന്മാരെ
കൃഷ്ണൻ യുദ്ധമതിങ്കൽ ജയിച്ചുടൻ
മണ്ടിച്ചു രണ്ടര നാഴികയാൽ
രുഗ്മിണി തന്നുടെ സോദരനാകിയ
രുഗ്മി കയർത്തുടനേ കരയുഗ മതിലമ്പും ധനുസ്സു
മെടുത്തു തൊടുത്തങ്ങടുക്കും വിധൌ
എത്തിപ്പിടിച്ചു വധിപ്പാനൊരുമ്പെട്ടു
നിന്നുമുകുന്ദനപ്പോൾ പല യുക്തിപറഞ്ഞു കരഞ്ഞുവിരോ (ധിച്ചു
രുഗ്മിണി കാക്കൽ വീണു കേശവനാശു മഹാജളൻ (തന്നുടെ
കേശമരിഞ്ഞുവിട്ടു പിന്നെ മീശയും താടിയും മോടിയു-
മൊക്കവേ ഛേദിച്ചയച്ചുടനെ രാമനും
കൃഷ്ണനും വൃഷ്ണിജനങ്ങളും രുഗ്മിണിയോടും കൂടി
നിജ ധാമമതാകിയ ദ്വാരകതന്നിലിരുന്നു സുഖിച്ചു (വാണു

പത്താം വൃത്തം.

ചഞ്ചലാക്ഷി രുഗ്മിണിയോടേവം
ചാരുവാക്യം പുഞ്ചിരി പൂണ്ടരുൾ ചെയ്തു ദേവൻ
വഞ്ചിതയായല്ലോ രുഗ്മിണി! നീ
വല്ലാത്തൊരു വല്ലഭനെ ലഭിച്ചു മൂലം
വല്ലവിജനങ്ങളുടെ ജീവനാഥാ! ഭവാൻ

വല്ലാനായതും മമ ഭാഗ്യമല്ലോ
വല്ലാത്തൊരു വല്ലഭനെന്നയ്യോ നാഥ!
ഇതു ചൊല്ലരുതെന്നോടു കാന്ത വാസുദേവ!
ചേദിഭൂമിപാലൻ ശിശുപാലൻ ബാലേ! നിന്നെ
ആദി കാലേ തന്നെ മോഹിക്കുന്നു മേദിനീ
വെണ്ണിലാവായ നിന്നെ ലഭിക്കാഞ്ഞു
ഖേദിക്കുന്നു പാരം ഭൂമിപാലൻ
ചേദിരാജൻ മൂഢനവൻ ഖേദിക്കയാലൊരു
ചേതമില്ലിങ്ങതുകൊണ്ടു
കൊണ്ടൽവർണ്ണ ചേതസി നിനച്ചിരുന്ന
നിൻപാദാംബുജമിന്നു ചേരുവാൻ
സംഗതി മമ വന്നുവല്ലോ ഭൂപാ-
ലന്മാർ വേൾക്കേണ്ടുന്ന നിന്നെയിപ്പോ-
ളൊരു ഗോപാലൻ വിവാഹം ചെയ്കയാലേ
താപമില്ലെന്നുണ്ടോ വന്നീടുന്നു ബാലേ!
നിന്റെ താതമാതാക്കൾക്ക
മനതാരിൽ താതനുമെനിക്കുമെന്റെ
മാതാവിന്നുമത്രബോധമില്ലെ-
ന്നാക്കിടൊല്ല വല്ലഭ! നീ
ജാതിഭേദമുണ്ടോ നിനക്കംബുജാക്ഷ!
പരമാദി പൂരുഷൻ നീ എന്ന-
റിയും ഞങ്ങൾ വിത്തമില്ലാതുള്ള
കാന്തന്മാരിൽ നാരിമാക്
ചിത്തരാഗമുണ്ടാകയില്ലല്ലോ

പത്തുകാശിനു വകയെന്റെ
കയ്യിൽ കാണ്മാനില്ല
മത്തകാശിനി മാർമൌലേ!
പത്തുദിക്കുകൾക്കും പഞ്ചഭൂതങ്ങൾക്കും പിന്നെ
പത്തുമൊരുനാലുമുള്ള ലോകങ്ങൾക്കും
സത്തുക്കളസത്തുകൾക്കുമാദിനാഥൻ
ഭവാനത്ഥമില്ലെന്നുരചെയ്തതാലാക്കും ചേരും
സുന്ദരന്മാരോട്ട ചേന്നിരിപ്പാനല്ലോമോഹം
സുന്ദരിമാരായ നിങ്ങൾക്കെല്ലാം
എന്നതുമീഗ്ഗോപാലന്മാക്കില്ല കല്യാണാംഗി!
എന്നതുകൊണ്ടുണ്ടാമല്ലോ ഖേദം
സുന്ദരപുരുഷന്മാരിലഗ്രഗണ്യനിന്നു
കന്ദപ്പനെന്നെല്ലാവക്കും ബോധമല്ലോ
എന്നുള്ളൊരു കന്ദപ്പന്റെ ദപ്പമെല്ലാം
കൃഷ്ണ! നിന്നുടൽ കാണുന്നേരം
നിന്നുപോകും വിദ്യയുണ്ടെന്നാകിൽ
കൊള്ളാമല്ലൊ കോമളാംഗി!
വിദ്യയുള്ള നാരിമാക്കു പാത്താൽ
വിദ്യയുമിജ്ജാതിയ്ക്കുല്ല ബാലേ! വ്യാജം തന്നെ
വിദ്യയായി ജീവിയ്ക്കുന്നു ഞങ്ങൾ
വിദ്യകൊണ്ടറിയേണ്ടുന്ന തത്വമെല്ലാം
നിന്റെ വീയ്യമെന്നെനിയ്ക്കുബോധമുണ്ടു കാന്ത!
വിദ്യയുമവിദ്യയുമതിക്രമിക്കും നിന്നെ
വിദ്വാനുമറിവാൻ ദണ്ഡം വിശ്വനാഥ!
ഇങ്ങിനെ നിനക്കു ഭാവമെങ്കിൽ

പങ്കജാക്ഷിയിങ്ങുവന്നാലും നീ ജീവനാഥേ!
ഇംഗിതമറിവാനേവം
ചൊന്നേനിന്നു ഞായം
ഇങ്ങിത്തു ശങ്കയില്ലേതും ബാലേ
അങ്ങെത്തു മറിവാനൊന്നു ദണ്ഡമിപ്പോൾ നാഥ!
മന്നിലെങ്ങും നീയല്ലാതെ മറ്റാരുള്ളു
ഉള്ളിലും പുറത്തുമെല്ലാം വ്യാപിക്കുന്ന ഭവാ-
നെള്ളിലെണ്ണക്കു തുല്യനാണെന്നു കേൾപ്പൂ
പങ്കജമുകുളംപോലെ നല്ലഭംഗിയുള്ള
കൊങ്ക രണ്ടുമെന്റെ മാർവ്വിൽ ചേർക്ക്
പങ്കജാക്ഷി!എന്നെപ്പുണർന്നാലും
പാരമുള്ള സങ്കടം ശമിപ്പിക്ക നീ ബാലേ.

# വാമനാവതാരം.

## കൈകൊട്ടിക്കളിപ്പാട്ട്.

---

### വൃത്തം ൧.

തോഴിമാർ കളി് എന്ന മട്ടാലെ.

പൈങ്കിളിപ്പെൺകിടാവേ വരികെന്നുടെ-
യരികിൽ വിരവിനോടു ബാലേ!
പങ്കജലോചനൻ സങ്കടം പോക്കുവാ-
നമരജനാളി പരിതാപം
ഉണ്ണിയായ് നല്ലൊരു ദണ്ഡു കമണ്ഡലു-
വണ്ണോജനയനൻ ധരിച്ചു
വിണ്ണോരിൽനാഥന്റെ ശത്രുവാം ദൈത്യന്റെ
മന്ദിരമകം പുക്ക ദേവൻ
മണ്ണൊരു മൂന്നടി യാചിച്ചു ത്രൈലോക്യ-
മിന്ദ്രനു കൊടുത്തതു ചൊൽക
ഇങ്ങിനെ നന്മൊഴി കേട്ടൊരു തത്തയും
ഭംഗിയിൽ പറഞ്ഞുതുടങ്ങി
സംഗരത്തിൽ പണ്ടു വിണ്ണോരിൽനാഥനാ-
മിന്ദ്രനെ നസ്സുപാദി ജയിച്ചു
ചങ്ങാതിമാരൊടുമൊന്നിച്ചു മാബലി
തുംഗപരാക്രമശാലി
ന്ത്രിഭുവനങ്ങളൊക്കെയുമോജസ്സാ

സത്വരമടക്കി വസിച്ചു
അക്കാലമുൾക്കാമ്പിലേററം വളൎന്നിതു
ചൊൽക്കൊള്ളുമദിതിക്കു താപം
ഇക്കാണും ലോകങ്ങൾക്കൊക്കെയുമീശ്വരൻ
തൃക്കഴലിണ മമാലംബം
മന്നിലിന്നാരിമാൎക്കെല്ലാൎക്കുമീശ്വരൻ
തന്നുടെ കണവനെന്നല്ലോ
ഇങ്ങിനെ ചിന്തിച്ചു തന്നുടെ കാന്തന്റെ
വന്ദ്യമാം ചരണങ്ങൾ കൂപ്പി.

കേരള സാഹിത്യ അക്കാദമി

വൃത്തം ...

ഭംഗ്മിണിയോട്' എന്നപോലെ.

വിണ്ണോർമാതാവാം പെണ്മണിമാലിക
വെണ്മയിൽ കണവന്റെ കഴൽ കൂപ്പി
എണ്ണമില്ലാത്ത സങ്കടമൊക്കെയു-
മെണ്ണിയെണ്ണിപ്പറഞ്ഞുതുടങ്ങിനാൾ
പതിദേവതമാരായ ഞങ്ങൾക്കു
പതിയല്ലാതെ മററു ഗതിയുണ്ടോ?
അതിനെന്തു കഴിവിനി ബ ഭത്താവേ!
മതിതന്നിൽ വളരുന്നു സങ്കടം
ഉണ്ണികൾ നമുക്കെണ്ണമില്ലാതുണ്ടു
വിണ്ണിലോ മററു വാഴേണ്ടു മന്നിലോ?
വിണ്ണോർനായകനാകും മകനിപ്പോ-
ളുണ്ണവത്തിലൊളിച്ചു കിടക്കുന്നു

ദിതി പെറുള്ള മക്കൾക്ക പാൎക്കുമ്പോ-
ളതിസൌഖ്യമിതെന്നേ പറയാവൂ
അതിനൊന്നൊരു കാരണം പാൎക്കുമ്പോൾ
പതിയല്ലോയീജാതിക്ക ദൈവതം
പത്തുംമൂന്നും പതികൾക്കു ഭൎത്താവാം
നിന്തിരുവടിക്കുണ്ടോ പരിഭ്രമം?
ചതികൊണ്ടു പ്രയോഗിച്ചസുരനും
മതിമാനായ വാസവൻതന്നെയും
ഗതിയില്ലാതെയാക്കി നിരൂപിച്ചാൽ
ഗതിയെന്തിനി ബ് ഭൎത്താവേ! ചൊല്ലുക
എന്നുണ്ണിതൻ വ്യസനങ്ങളോൎക്കുമ്പോ-
ളെന്നുള്ളിലും വളരുന്നു സങ്കടം
എന്മകനിന്നു നന്മ വന്നിടുവാൻ
വെണ്മയോടരുളേണമേ ഭൎത്താവേ!
സതിമാരിൽ മതിഗുണമേറുന്നോ-
രദിതിതൻ വചനങ്ങൾ കേട്ടടൻ
മതിമാനായ കശ്യപനൾപ്പൂവി-
ലിതു ചിന്തിച്ചു ചൊല്ലിനാൻ മെല്ലവേ.

---

വൃത്തം ൩.

(ബന്ധുരാംഗി' എന്നപോലെ.)

ബന്ധുരാംഗി! കാന്തേ! ശൃണുസന്താപങ്ങളിതു
ചിന്തിക്കിലിന്നൊരുഫലമില്ല പാൎത്താൽ
കാന്തൻ നിനച്ചീടിലെന്തിഹ കഴിവിന്നയ്യോ!
പണ്ടു കൃതം കിന്തു ഭവിഷ്യന്നതിന്നിഹ

സംശയമുണ്ടോ പാൎത്താൽ?
ഭൎത്തൃപുത്രമിത്രസുഹൃൽബന്ധുക്കളെന്നല്ലാ-
മൈത്രയും നിനച്ചീടുകിലാൎത്തിമൂലം
ഇത്രിജഗത്തിൽ വസിച്ചീടുന്നൊരു നാരിമാൎക്കു കാന്തേ!
ഭൎത്തൃഹിതാചരണങ്ങളൊഴിച്ചൊരു വൃത്തിയുണ്ടോ?
തേജസ്സിന്നും ജലത്തിന്നും മൃത്തികൎക്കും ഭേദം
ഭജിസ്സുന്നതെന്നപോലെ ദൃശ്യമെല്ലാം ബീജാങ്കുരമതു
ചിന്തിച്ചീടുകിലൊന്നുതന്നെയല്ലേ
ബീജമതങ്കുരപൎണ്ണതിതന്നിൽ വേറെയുണ്ടോ?
സന്തതം വിളങ്ങിടുന്നവസ്തുവെല്ലാം കാന്തേ!
ചെന്താൎമാനിനീകാന്തന്റെ മായയല്ലോ
എന്തിഹപറവതുമഹിവരനുണ്ടോ
രജ്ജുഭുജംഗമോ പാൎത്താൽ?
കാന്തനിതൊക്കെ നിനച്ചു കനിഞ്ഞുപറഞ്ഞിടേണം
ധൎമ്മാദിപുമൎത്ഥങ്ങളെധൎമ്മിഷ്ഠന്മാർ ബാലേ!
ധൎമ്മദാരസഹായത്താൽ വീണ്ടിടുന്നു ധൎമ്മാ
ധൎമ്മവിധൎമ്മമിതെല്ലാം പ്രാണനാഥ! ഭവാൻ
ധൎമ്മമിതെന്നുപറഞ്ഞീടുകിലതു ധൎമ്മംതന്നെ
ഭക്തപരായണനാകും മുക്തിപ്രദൻ ശിവൻ
വ്യക്തം നൽകിലയോ ദേവിക്കുൾദേഹം? വ്യക്തം
ഭൎത്തൃജനങ്ങൾ കൊടുത്തിടുന്നു കാന്ത! പാരം
ഭക്തിവിശേഷംകൊണ്ടെഴിവാളെന്നിതമെല്ലാംതന്നെ
ചന്തമോടനഘേ ചൊന്ന കാന്തതന്റെ മൊഴി
ബന്ധുവാം കശ്യപൻ കേട്ടു ചിന്തചെയ്തു
ഹന്ത സതീജനകമനീയാംഗി സുന്ദരിയാൾ കഷ്ടം!
വെന്തുരുകുന്നുരുതാപം വിരവൊടു തീൎത്തിടേണം.

## വൃത്തം ൪.

'കല്യാണി കളവാണി' എന്നപോലെ.

കല്യാണി! സതീജനകല്യേ! കമനീയാംഗി!
നല്ലൊരു വചനത്തെക്കേട്ടീടേണം
നല്ലാരിന്മണിമാൎക്ക് വല്ലഭവല്ലഭം കൊ-
ണ്ടുല്ലാസമേറും നല്ല ചൊല്ലുണ്ടാകും
ഇല്ലതിനൊരുവാദം പല്ലവാധരി! ബാലേ!
ചൊല്ലുന്നല്ലതുമെല്ലെച്ചൊല്ലീടുന്നേൻ
എല്ലാലോകങ്ങൾക്കുള്ളാ-
രല്ലൽതീൎത്തഴകോടേ
വല്ലഭേ പാലിക്കുന്ന ലക്ഷ്മീകാന്തൻ
നല്ലതുവ്രതങ്ങളിൽ പാലൊലും മൊഴിയാളേ!
ഇല്ലാ വികല്പം തെല്ലുംകേൾക്കമെല്ലെ
ചൊല്ലുന്നു പയോവ്രതം തെല്ലുംവികല്പമില്ലാ
മല്ലാരിപ്രിയമെന്നു ചൊല്ലുള്ളോരും
മുന്നമെന്നുടെ താതൻ പത്മജനൊന്നു വിളി-
ച്ചൊന്നുകഥിച്ചതിന്നു ചൊല്ലീടുന്നേൻ
ഇന്ദിരാകാന്തൻതന്റെ വന്ദ്യമാം പാദപത്മം
നന്നായി ധ്യാനംചെയ്തു വന്ദിക്കേണം
മന്നിൽപ്രസിദ്ധമാകും ഫാൽഗുനശുക്ലപക്ഷേ
ഒന്നാംദിവസംതൊട്ടങ്ങാരംഭിക്കാം
പിന്നെപ്പന്ത്രണ്ടു ദിനം നന്നായി നോററുകൊണ്ടു
നന്നു ത്രയോദശിയിൽ വീട്ടീടുക
മുന്നമിപ്പയോവ്രതം നന്നായനുഷ്ഠിക്കയാൽ
ധന്യേ! സന്താനസുഖം വന്നതിപ്പോൾ

ഇന്ദിരാമണാളൻെറ കൺമുനത്തെല്ലുകൊണ്ട-
ങ്ങൊന്നു കടാക്ഷിച്ചീടും ജന്മഫലം
ഇന്നു നന്നായി വ്രതമന്ത്യനമനുഷ്ഠിക്കിൽ
വന്നീടും കാമിതങ്ങൾ മംഗലാംഗി!
ഇങ്ങിനെ കശ്യപൻെറ മംഗലഗീരുകേട്ടു
മംഗലാംഗിയാം ദേവമാതാവപ്പോൾ
തുംഗകൌതുകത്തോടുമൊന്നു വണങ്ങി മെല്ലേ
മങ്ങാതെ വ്രതവിധി ചോദ്യം ചെയ്തു
അംഗനാമാരാം ഞങ്ങളെങ്ങിനേ വ്രതമിന്നു
മങ്ങാതനുഷ്ഠിക്കേണ്ടു ജീവനാഥ!
മംഗളമൂർത്തി കമ്മാമാവല്ലഭ കൃപാകാന്ത!
എങ്ങിനെ വരുമെന്നു ചൊല്ലീടേണം.

---

സുന്ദരി! മമ വല്ലഭേ! കേൾക്ക
വന്നല്ലോ തവ ഭാഗ്യവും
മുന്നം ചെയ്തുള്ള കർമ്മത്തിൻ ഫല-
മിന്നുവന്നു ഭവിക്കുന്നു
പത്മജൻ തൻെറ നന്മൊഴി തന്നിൽ
വെണ്മയിൽ മനംകൊണ്ടെത്തും
നന്മ വന്നീടും കാലത്തിങ്കലേ
സന്മാർഗ്ഗാപ്തി ഭവിക്കുള്ളൂ
മീനമാസേമാവാസിപാദാന്തേ
മാനസം തെളിഞ്ഞാചാന്തേ
സ്നാനവും വിധിപോലെ ചെയ്തന്തേ
ദാനവും കഴിച്ചു കാന്തേ!

ഭാനുദേവനാദിസ്സന്നേരത്തു
മാനിനി! കാന്ത ചാരത്തു
മാനസകാമമങ്ങുനേരത്തു
മാനസേ ചേൎക്ക പാരത്തു
തന്നുടെ കാന്തസമ്മതാകൊണ്ടു
വന്നീടും കൃതകൃത്യത
മന്നിടത്തിലോ തണ്ഡുലത്തിലോ
തന്നുടെ ഗുരുതന്നിലോ
മിന്നീടും സ്വൎണ്ണവിഗ്രഹത്തിലോ
വന്നീടുന്നതിഥിയിലോ
എങ്ങിനെ ഗുരുവാക്യമെന്നാകി-
ലങ്ങിനെ പൂജിച്ചീടേണം
അംഗങ്ങളൊക്കെ വേവ്വേറെ നന്നാ-
യ്യങ്ങാതെ ധ്യാനിച്ചീടേണം
മംഗലമൂൎത്തി ലക്ഷ്മീകാന്തനെ-
ത്തുംഗമാം ഭോഗിഭോഗത്തിൽ
ഭംഗ്യാ ദേവൻെറ രണ്ടു ഭാഗത്തും
മംഗലാംഗിമാർ വാഴുന്നു ഭൂമിദേവിയും
ലക്ഷ്മീദേവിയും സസ്മിതാപാംഗത്തോടുടൻ
മാനിനിമണിമൌലിരത്നമേ!
മാനിച്ചീടുക വാക്യങ്ങൾമാത്രഭൂമീകാന്തൻ
മാനിനി! കാമം മാനേലുംമിഴി! നൽകീടും
മാനഭംഗവും തീൎത്തുദേവേശൻ
മക്കളെപ്പരിപാലിസ്സും
ഇങ്ങിനെയുള്ള വാക്യമൊക്കെയും

തിങ്ങിന കൌതുകത്തോടും
ഭംഗിയിൽ കേട്ട ദേവമാതാവും
മങ്ങാതങ്ങു വണങ്ങിനാൾ
ഭർത്തൃവാക്യത്തെയോർത്തനന്നാ-
യുൾത്തളിരിൽ ഗ്രഹിച്ചുടൻ
മർത്ത്യഭാവവും കൈക്കൊണ്ടാദരാൽ
മർത്ത്യശുദ്ധി വരുത്തിനാൾ
പാർത്തു പിന്നെയുമോർത്തു തത്വവും
കീർത്തിച്ചോളം ഭഗവാന്റെ
മൂർത്തി നാലായ് ചമഞ്ഞു
മർത്ത്യവും വൃത്തികൊണ്ടു വിളങ്ങുന്നു
ഇങ്ങിനെ ചിന്തിച്ചംഗനാമണി
വിണ്ണോർമാതാവാം ദേവിയും
മങ്ങാതെ വ്രതം ദ്വാദശാഹ-
മങ്ങാരംഭിച്ചു വഴിപോലെ.

വൃത്തം—൯.

'മതിമാനാകിയ'—എന്നതുപോലെ.

സുദതികൾ മുമ്പായദിതിയുമപ്പോ-
ളുദിതം സ്വഭർത്ത്രാ മുദിതമാനസാ
ഹൃദയം തന്നിലഴകോടെ ചേർത്തഥ
വിദിതസ്വധർമ്മാ സപദി ചരിച്ചു
ഇരേഴുലകിനു വേരായ് മേവിന
നാരായണനെ വിരവൊടു ചിത്തേ
തരസാ ധ്യാനിച്ചുരുതരഭക്ത്യാ

പരമാനന്ദഭരേണ വിളങ്ങി
പാരാതുഴിയിൽ നിരവധികം ചര
സ്ഥിരജാതികളും ബഹുവിധമുണ്ട
പരമാത്ഥേന നിനച്ചീടിലെന്തിഹ
ഹരിയൊന്നല്ലാതിഹ പലതുണ്ടോ?
ഇതിമതിതന്നിലതിസുഖമോടേ
സതികളിൽ മുമ്പായ ദിതിയുമപ്പോൾ
കരുണാനിധിയാം നാരായണനുടെ
ചരണസരോജം നിനച്ചുതുടങ്ങി
രത്നാഞ്ചിതമാം കനകകിരീടവു-
മരികേ വിലസിന ചികുരങ്ങളും
മീനാകൃതിപൂണ്ടഴകിന കുണ്ഡല-
മിരുഭാഗങ്ങളിലങ്ങിനെ ചാത്തി
മിന്നൽപ്പിണരുകളെന്ന കണക്കെ
മിന്നിടുന്ന കടാക്ഷജാലങ്ങൾ
രത്നപ്രഭാമുകുരാഞ്ചിതമുരു
മിന്നിടുന്നിതു ഗണ്ഡയുഗളം
ചുണ്ടുകൾ രണ്ടുമതെത്ര മനോജ്ഞം
തൊണ്ടിപ്പഴമിണ്ടൽ പൂണ്ടു ഗമിക്കും
ശങ്കുകൾ കൂടിടും ദന്തങ്ങൾ കണ്ടാകി-
ലിണ്ടലോടും കുന്ദകുഗ്മളമപ്പോൾ
ചന്ദ്രക്കലയ്ക്കുള്ള കുറവൊഴിച്ചിട്ടു-
മിന്ദിരാകാന്തന്റെ ഫാലതിലകം
കണ്ണുമതമ്പോടു കാണുന്നനേരം
കണ്ണുതപൂണ്ടുഴന്നീടുന്നു കംബു

കണ്ഠാലിണ്ഠൽകളുയ്യമക്കേയൂര–
ബന്ധവുമുണ്ടു കടകവുമുണ്ടു
തണ്ടാരിൽമാതിൻ കണവന്റെ മാറിടേ
ഉണ്ടമാലകളും ശോഭിക്കുന്നു
കൊണ്ടാടീടുമക്കൌസ്തുഭരത്നവു–
മുണ്ടു വിലസുന്നു കണ്ഠത്തിങ്കൽ
ലക്ഷ്മീഭഗവതീനിലയനമാകിന
വക്ഷോദേശമതെത്ര മനോജ്ഞം
വീക്ഷണവിലസിതഭൃംഗമാലാവലി
വക്ഷസി ശുംഭതി വിതതവിലാസം
അക്ഷിയുഗങ്ങൾക്കു വീക്ഷണസാഫല്യ–
മക്ഷണമേകുന്ന നാഭിഹ്രദവും
ഇക്ഷുധനുസ്സും വഹിക്കുന്നു മന്ദാക്ഷം
ലക്ഷ്മീമണാളന്റെ തൃത്തുട കണ്ടാൽ
ശ്ലക്ഷ്ണസമങ്ങളാം മുട്ടുകൾ രണ്ടും
ലക്ഷണയുക്തമാം ജംഘായുഗളും
രത്നഖചിതമാം നൂപുരമണ്ഡിത–
മിന്ദിരാകാന്തന്റെ പ്രപദയുഗളും
സന്ധ്യാഭ്രകാന്ത്യാ വിളങ്ങുന്ന ചേലയു–
മെന്തൊരു വിസ്മയമങ്ങിനെ ചാൎത്തി
സന്തതം യോഗിപ്രവരഹൃദയത്തി–
ലന്തരം കൂടാതെ വാഴുന്നു സൎവ്വദാ
ചെന്തിക്കനാലുകൾക്കൊക്കെ മസ്സംസാര–
സന്താപം തീൎക്കുമപ്പാദയുഗളം
ഞങ്ങളിന്നെ ധ്യാനിച്ചു മംഗലമൂൎത്തിയാം

ഗംഗാധരപ്രിയനാകും മുകുന്ദം
സംഗങ്ങളും വിട്ടമരജനാദിയും
മങ്ങാതെ പന്ത്രണ്ടു രാത്രി വസിച്ചു
ഇപ്പുയോവ്രതാദിഷുകൊണ്ടപ്പൊഴേ-
യുൾപ്പൂവിൽ വിളങ്ങീടും ജനാർദ്ദനൻ
ചിൽപ്പുമാനാഖിലേശ്വരൻ ഗോവിന്ദ-
നൊൾക്കനിവോടെ വെക്കം വിളങ്ങിനാൻ.

വൃത്തം ൧

'കോട്ടമൃഗങ്ങളെ'—എന്നപോലെ

പൂമകൾകാന്തൻെറ പൂമേനി കണ്ടുടൻ
പാകാരിമാതിൻ മനം തെളിഞ്ഞു
പാരിച്ച പേടിയും താപവും പോടായി-
ക്കൈകളും കൂപ്പിപ്പുകഴ്ത്തി മെല്ലെ
പത്മനാഭ! ഹരേ! പാഹി മാം ഗോവിന്ദ!
പങ്കജലോചനാ! വാസുദേവ!
പണ്ടു കൃതപാപംകൊണ്ടു ജഗൽപ്പതേ!
പിണ്ടിപഴിയുന്ന പിഷ്ടപേഷം
പട്ടിപോലെ കെട്ടിൽപ്പെട്ടു വലയുന്ന
പെററുള്ള മക്കളിൽ പാടുപെട്ടു
പെണ്ണുങ്ങൾക്കീവക ദണ്ഡമോരോവിധ-
മെണ്ണമില്ലാതുണ്ടു പങ്കജാക്ഷ!
കണ്ണാ! നിൻ പൂമേനി വെണ്മയിൽ കാണുന്ന
കണ്ണാകുംവേറുമീജാതിസ്സുണ്ടോ?
എങ്ങിനെ വാഴ്ത്തേണ്ടു മംഗലാംഗി നിന്നെ
യംഗനാമാരാകും ഞങ്ങളിപ്പോൾ?

അംഗങ്ങളൊക്കെയും വെവ്വേറെ കാണണം
മംഗലമൂർത്തേ! കനിഞ്ഞീടേണം
വേദങ്ങൾ യാഗങ്ങൾ യോഗങ്ങൾ വേദാന്തം
ദേവ! സതികൾക്കു പണ്ടേയില്ല
ഭർത്തൃപരായണമാരായ ഞങ്ങൾക്കു
കൃത്യം മറ്റേതൊന്നുമുണ്ടോ നാഥ!
മർത്ത്യവും ശുദ്ധിവരുത്തി നിജകൃത്യ-
വൃത്തികൊണ്ടീശ്വര! തോഷിക്കേണം
ഇങ്ങിനെ വിണ്ണോരിന്മാതിൻ വചനത്തെ-
ത്തിങ്ങിനമോദേന വാസുദേവൻ
നന്ദനാവുകേട്ടു പാരം തെളിഞ്ഞുട-
നംഗനാമാർമണിയോടു ചൊന്നാൻ
ധന്യേ! കൃശോദരി! മാന്യേ! തവ ഭാഗ്യ-
മന്യൂനമാർജ്ജിതമിന്നു വ്രതം
മുന്നമേ മാതസ്ഥവാർത്തികളൊക്കെയു-
മന്യൂനമിങ്ങുളവായിതല്ലോ
വൃത്രാരിമുമ്പായ പുത്രന്മാർക്കുള്ളൊരു
ഉൾത്താപമൊക്കെയുമിങ്ങറിഞ്ഞു
ശത്രുജയവും വരുത്തിയിത്രൈലോക്യ-
മെത്രയുമൂക്കോടടക്കി മെല്ലേ
സുത്രാമാ സ്വൈരം സുധർമ്മയിൽ വാഴവാ-
നത്ര ജനനി കനിഞ്ഞതിപ്പോൾ
ഓർത്തീടിലിത്തൊഴിലെത്രയും ദുർഘട-
മിത്രിഭുവനമടക്കിടുവാൻ
ശത്രുക്കളെത്രയും വദ്ധിച്ചു ദൈത്യന്മാർ

മത്തഗജംപോലെ പാഞ്ഞടുക്കും
എങ്കിലുമിന്നൊരുപായം നിരൂപിക്കാം
മങ്കമാർമൌലേ! ശൃണു വചനം
സങ്കടം വേണ്ടാ ജനനിയ്ക്കു ചെററുമേ
തങ്കലിന്നുണ്ണിയായ് ഞാൻ പിറക്കാം
ചീർണ്ണപയോവ്രതംകൊണ്ടു തോഷിയ്ക്കുന്നു
പൂർണ്ണവ്രതഫലമസ്തു ദേവി!
നിർണ്ണയിയ്ക്കാം ഫലം ഭക്തികൊണ്ടൊക്കെയും
വർണ്ണിച്ചീടുന്നു മുനീശ്വരന്മാർ
ഞാൻ ചൊല്ലും വാക്യങ്ങൾ നെഞ്ചകത്തെപ്പൊഴും
തഞ്ചിച്ചു ചഞ്ചലം വിട്ടു നന്നായ്
അഞ്ചാതെ സുന്ദരി! കാന്തശുശ്രൂഷയും
സന്തോഷമോടെ ചരിച്ചുവാഴ്ക
ഇങ്ങിനെ മംഗലമൂർത്തി ജനാർദ്ദനൻ
ഭംഗിയിലങ്ങുര ചെയ്തു പിന്നെ
മംഗലമസ്തു തേ അംഗനാരത്നമേ!
എന്നുരചെയ്തു മറഞ്ഞു നാഥൻ.

—:*:—

വൃത്തം വൃ.

'തെച്ചിമന്ദാരം' എന്നപോലെ

ഷോത്തമൻെറ വാക്യം പാരാതങ്ങു കേട്ടു ദേവ-
മനുഗ്രഹമെന്നങ്ങുറച്ചു ചിത്തേ
മങ്ങു പാരിൽ വീണു ചിരനേരം വണങ്ങിനാൾ
ാത്മാ മറഞ്ഞുള്ള വഴിനോക്കിയും
ായണ! ഹരേ! കൃഷ്ണാ! മുരാരേ! നരകാന്തക!

ശരണമെനിക്കു നീയേ രമാവല്ലഭാ!
മരണം വരുമളവിൽ ശരണം നീയല്ലാതുണ്ടോ?
ഗരുഡവാഹനാ! പോററി! കരുണാനിധേ!
ചരണങ്ങൾ ധ്യാനിച്ചുള്ളിൽ മുരവൈരി ഭഗവാന്റെ
അമരജനനിയകംപുക്കു മെല്ലവേ
കരങ്ങളുംകൂപ്പി മെല്ലെ ത്ഭർത്തൃപാദം വണങ്ങിനാൾ
കരിമുകിൽവർണ്ണനുടെ വചനംപോലെ
ഉരുതരഭക്തിപൂണ്ടു മറിമാങ്കണ്ണിയും പിന്നെ-
ത്തരംനോക്കി വലംവെച്ചു പരമാഗതിയെ
ചിരനേരം വാൻതന്റെ വരാംഗവും നോക്കിനോക്കി-
പ്പുരോഭാഗേ നില്ക്കുമൊരു വരാംഗനയും
കരുണാകാന്തനിങ്ങിനിത്തരുവതെന്തു ദൈവമേ
വികാരവുമില്ലാ പാർത്താലുരിയാട്ടവും
നാരിമാൎക്കു വരനല്ലാതൊരു ഗതിയുണ്ടോ പാർത്താൽ?
കരുണാൎണ്ണവനാം കാന്തൻ കനിയുന്നേരം
അരികത്തു മരുവുന്നു വരമുരു കാംക്ഷിക്കുന്നു
തരുണിമാർമണിയാകും മമ വല്ലഭാ
പുരാണപൂരുഷൻ തന്റെ കൃപാപൂൎണ്ണപാത്രമായി-
പ്പുരുഷോത്തമനിവളിൽ ജന്മമാൎന്നീടും
ഇരുളുകൾ വേർപെടുക്കും തരുണഭാസ്കരൻപോലെ
നിരാമയൻ ജനിക്കുമ്പോൾ ദുരിതം തീരും
നരസുരവരന്മാൎക്കും ഗുരുവാകും മുനീശ്വരൻ
ദാരങ്ങടെ മനോരഥമതുമറിഞ്ഞു
നാരായണനരുളിയ വരമതുമറിഞ്ഞുടൻ
നിരൂപിച്ചു തരുണിയെ വിളിച്ചു ധീമാൻ

തരുണിമാർമണേ! കാന്തേ! വരികരികത്തു ബാലേ!
ചിരഭൃതതപസ്സിന്റെ ഫലമസ്തു തേ
സൂര്യനും പോയസ്തമിച്ചു കൂരിരുളും വന്നുകൂടി
കാര്യവും കഴിഞ്ഞു കാന്തേ! വരികരികിൽ
പുരികങ്ങളൊന്നിളക്കി കടക്കണ്ണുമുനകൾകൊണ്ടു-
ങ്ങുരുതരകടാക്ഷത്തോടടുക്കുന്നേരം
വരനങ്ങു കരംപിടിച്ചരികത്തങ്ങിരുത്തിനാൻ
ചിരനേരം പുണർന്നുടൻ സുഖമേകിനാൻ
പൂരുഷാഹിതാംശം തന്നിൽ പരിചൊടു ഭാര്യതന്നിൽ
പാരമുളവാക്കി മുനികരുണാനിധി
ചരാചരാത്മാവാം വരൻ തരുണീഗർഭവാസവും
കരുണയാമന്നരുളി വിളങ്ങി ദേവി
വിരിഞ്ചനുമറിഞ്ഞുടൻ സുരവൃന്ദമോടുംകൂടി
അരയന്നമുകളേറിയെഴുന്നരുളി
കരങ്ങളുംകൂപ്പിമെല്ലെയമരേശന്മാരുമൊത്തു
വിരഞ്ഞു സൂക്തങ്ങൾകൊണ്ടു പുകഴ്ത്തി ദേവൻ.

—:*:—

## വൃത്തം ൯.

'ജയജയ' എന്നപോലെ.

ജയജയ ജഗദീശാ! ഹരേ! വിഷ്ണോ!
വിയദാദിസമസ്തഭൃതാത്മൻ
അയിമുരമഥന! നമസ്തേ വിഭോ!
ഭയഹര! ഭുജംഗശയനാ!
നിയതം തേ ചരണകമലം ഞങ്ങൾ
വയമനവരതം ധ്യാനിക്കുന്നു

ധരണീഭഗവതിയ്ക്കു ദേവാ! നിൻെറ
ഉരുകൃപാ ഭവിച്ചീടുന്നിപ്പോൾ
ചരണം തേ ഭുവനേ ചരിയ്ക്കുന്നേരം
ഭരണപീഡകളങ്ങു തീരും ജനനി!
ലോകമാതാവേ! ദേവീ ശൃണു
ജനനമരണദുഃഖഹാരി
ജനനാമാന്ധ നിന്നുടെ ഗർഭേ ഹരി
ജനനമരണജരാഹീനൻ
വിളങ്ങീടും ഭഗവാൻെറ രൂപം ദേവി!
തെളിഞ്ഞീടും ലോകങ്ങളെല്ലാം
വെളിവുണ്ടാം സുജനഹൃദയം തന്നിൽ
വിളയാടുമമരന്മാരെല്ലാം
സകലഭുവനവാസവാസേ! ദേവി!
സുദളകമലാഭാസഹാസേ!
സഫലജനനോടജവാസേ! ദേവി!
കമലാവല്ലഭ കൃപാമാസ്സേ ഹവാ-
ശാലകളുല്ലസിയ്ക്കുമപ്പോൾ
സവനകർമ്മമെല്ലാം കഴിയ്ക്കും
അവനീപാലകരും രസിയ്ക്കും മെല്ലെ
അവനിയിൽ ധർമ്മവും നടക്കും
ഭുവനങ്ങൾ വിരവോടടക്കമിന്നുൻ
വ്യസനം തേ സമസ്തം നശിയ്ക്കും
ഭുവനദ്രോഹികളെയൊടുക്കും ദേവൻ
ശിവവുമിങ്ങു ലോകേ ഭവിയ്ക്കും
കമലഭവനമുഖ്യദേവന്മാരും

വിമലവാക്യമോതുന്നനേരം
സകലലോകമാതാവാം ദേവി പാരം
വിമലമാനസേ ചേർത്തു പരം
കമലാകാന്തനെന്നുടെ ഗർഭംതന്നിൽ
സകലപൂർണ്ണനാഖിലഗർഭൻ
ഭഗവാനിന്നാവതരിച്ചീടും നൂനം
നിഗമത്തിൻ പൊരുളും കണ്ടീടും
വിഗതാന്തഃപരിതാപത്തോടും ദേവി
ഭഗവാന്റെ ചരണം നിനച്ചു.

---

വൃത്തം—൫൦.

എങ്കിലെന്റെ വാസുദേവ—എന്നപോലെ.

കമലജ വചനം കേട്ടു കമലാവല്ലഭൻ തെളിഞ്ഞു
അമലമാമദിതി തന്റെ
സകലപൂർണ്ണമായി ഗർഭം
ഭാദ്രപാദശിവാസരേ ഭാനവങ്കു മദ്ധ്യംഗതേ
ശ്രോണയാം വിജയ നാമ
ഭാദ്രപ്രദമുഹൂർത്തം പോൽ
ദേവദേവനഖിലേശൻ
ദേവിതന്റെ ഗർഭംതന്നിൽ
ദിവ്യരൂപൻ പ്രത്യക്ഷനായ്
സാദരമവതരിച്ചു പൊന്നും കിരീടവും
നല്ല രത്നപ്രഭാകുണ്ഡലങ്ങൾ
മിന്നും മണികളും ചാർത്തി
മിന്നിടും കൌസ്തുഭരത്നം

നാലു കൈകളിലും നല്ല
നാലായുധങ്ങളും തൂക്കി
മാലകളും മഞ്ഞപ്പട്ടും
കാലിണ നൂപുരങ്ങളും
കോടക്കാർവർണ്ണനമപ്പോൾ
ഹാടകനിറം കലർന്നു
കോടിസൂര്യാഭയും പൂണ്ടു
ഗരുഡവാഹനൻ വിളങ്ങി
ദേവദുന്ദുഭിവാക്യങ്ങൾ
ദേവന്മാരും തുടങ്ങിനാർ
ദേവിമാരൊത്തു നന്നായ്
ദേവദേവനെയും വാഴ്ത്തി പാട്ടു-
കളും കൂത്തുകളും പാടിയുമാടിയും മെല്ലെ
പാടി തോടി പന്തൊരാട
പാടിയു മിടഞ്ഞു താളം
കൂടിയാടിക്കളിക്കയും
കൂടെക്കൂടെയിട ചേർന്നു
ചെമ്പടയുമടന്തയുമിട ചേർന്നു മർമ്മതാളം
കൊട്ടിയുമുട്ടെക്കൂടസ്സു നാടകമങ്ങിട ചേർന്നു
നന്ദനഭവസുമങ്ങൾ നന്ദിയോടങ്ങാരാധിച്ചു
മന്നിടവും നോക്കി മെല്ലേ
വന്ദനവും ചെയ്തുനന്നായ്
നാരദാദി മുനികളും
നീരജ സുതഭവന്മാർ ·
വാരിജാക്ഷൻ തന്നെക്കണ്ടു
സാരവേദികളും കൂപ്പി

സാരഗീതകളങ്ങോതി
തിരുനാമങ്ങളും ചൊല്ലി
തെരുതെരെ വാഴ്ത്തി മുനി
വരന്മാരും വിരവോടെ
കരുണാകരനാം ദേവ-
നതുതരകാന്തിയോടും
പരിചിൽ വിളങ്ങുന്നേരം
ചരണങ്ങൾ കൂപ്പിദ്ദേവി-
തിരുവുടൽ കണ്ടാളദിതി-
കരങ്ങളും കൂപ്പിനിന്നു
ഉരുതര ഭക്തിപൂണ്ടു
വിരവോടെ സ്തുതി ചെയ്തു
കരിമുകിൽ വർണ്ണൻതന്നെ-
യറിവേറും പ്രജാപതി
ചിരനേരം നോക്കി നോക്കി-
ക്കരങ്ങളും കൂപ്പി വാഴ്ത്തി.

---

വൃത്തം—൫൫.
'സുന്ദരിമാർമണി'—എന്നപോലെ.

നാരായണ! ഹരേ! കൃഷ്ണ! വിഷ്ണോ!
ചരണം നിന്നുടെ പാദേ
പാരം പരിതാപമെല്ലാമിഹ
കാരണപുരുഷ വന്ദേ!
പാരമില്ലാതുള്ള സംസാരത്തിൽ
പാരബ്ധ്യാ ഭ്രമിക്കുന്നു

പാരാവാരസംസാരത്തിൻ പര-
തീരം കരേറുക ദേവ!
ഈരേഴുലകിനും നീയേ ഗതി
നീരജനാഭ! നമസ്തേ!
നാരീമണിയാമദിതിതാനും
നീരജ പുത്രസുതനും
ദാരാതെ വാഴ്ത്തീയവരുമപ്പോൾ
ചാരവേ നിന്നു വണങ്ങി
കാരണപൂരുഷൻ താനുമപ്പോൾ
ചാരേയൊരുണ്ണിയായ് നിന്നു
പാരിടത്തിൽ നരവേഷം പൂണ്ടു
വേറൊന്നായാട്ടം കണക്കെ
ചാരവേയ പ്പനുമമ്മതാനും
നേരേ വിധിയോടിയെല്ലാം
പാരാതെ നോക്കിയിരിക്കുമ്പോൾ
ചാരുവടുവേഷം പൂണ്ടു
പാരം വളർന്നോരു മോദത്തോടെ
സാരജ്ഞന്മാരാം മുനികൾ
ദാരാതബാലൻെറ കർമ്മങ്ങളെ
അപ്രജാനാഥനെക്കൊണ്ടു
സാരവേദികളും ചെയ്യിപ്പിച്ചു
പാരം തെളിഞ്ഞു ലോകങ്ങൾ
നേരത്തുപനിഷ്കമുണ്ണിക്കപ്പോൾ
സൂര്യനും സാവിത്രി നൽകി
യജ്ഞോപവീതം ബൃഹസ്പതിയാം
സജ്ജനാഗ്രേസരൻ നൽകി

മൌഞ്ജിയും നൽകിതു താതനപ്പോ-
ളുജ്ജ്വലിച്ച ബ്രഹ്മചിഹ്നം
നൽകിയജിനവും ഭൂമിയപ്പോ-
ളേകിതു ദണ്ഡവും സോമൻ
നൽകിതു മാതാവുമപ്പോൾ തന്നെ
കൌപീനാച്ഛാദനം മോദാൽ
അപ്പോൾ കൊടുത്തു കുടയും വിയ-
ദൊപ്പം കമണ്ഡലം ബ്രഹ്മാ
സപ്തൎഷിമാരും കുശങ്ങൾ നൽകി-
യപ്പോൾ ജപമാലാ വഹ്നി
അമ്പൊടു യക്ഷരാൾ ഭിക്ഷപാത്രം
കമ്പം വെടിഞ്ഞു കൊടുത്തു
ഇമ്പമോടംബികാതാനുമപ്പോൾ
അമ്പോടു ഭിക്ഷയും നൽകി
ബ്രഹ്മവൎച്ചസ്വീ വിളങ്ങി തദാ
ബ്രഹ്മസഭയിങ്കലുണ്ണി
ബ്രഹ്മോകനമായൊരുപന്യമപ്പോൾ
ജിഹ്മകുമാരൻ കഴിച്ചു
അന്നവിടുന്നൊരു വാൎത്ത കേട്ടു
വിണ്ണോരിൽ നാഥസഹജൻ
ഒന്നല്ല വാജി മേധങ്ങൾ ബഹു-
നന്നായിച്ചെയ്തുകൊണ്ടിപ്പോൾ
മന്നിടത്തിൽ ബലി വാഴുന്നൊന്നു
മുന്നതശാസനനൊന്നും
സന്ദേഹം കൂടാതവിടെച്ചെന്നു

നന്നായിക്കാൎയ്യങ്ങളെല്ലാം
ഇന്നു നമുക്കു ലഭിയ്ക്കുമെന്നു
നന്നായുരച്ചു മുകുന്ദൻ.

---

വൃത്തം—൧൧.
"കൊച്ചീന്ത".

മെല്ലവേ ദണ്ഡും കുടയും മല്ലവൈരിയപ്പോൾ
കല്യഭാവത്തോടെടുത്തു ഉല്ലസിച്ചു ദേവൻ
ചൊല്ലു പൊങ്ങും ബലിതന്റെ നല്ല യജ്ഞവാടേ
കില്ലുകൂടാതേ ഗമിച്ചു കിൽബിഷരഹിതൻ
മന്ദമോരടിവെയ്ക്കുമ്പോളൊന്നുരുളും ഭൂമി
ഇന്ദിരാകാന്തൻതന്നുടെ മായയാക്കു ചൊല്ലാം?
മന്ദം മന്ദം നടന്നുണ്ണി ചെന്നു നൎമ്മദായാം
നന്ദിയോടുത്തരതീരേ സുന്ദരാംഗനപ്പോൾ
തത്ര സത്രേ വാണിടുന്ന സത്തമന്മാരൊത്തു
ജൃതപിഗാദിമുനിവൃന്ദമാത്തകൌതുകത്താൽ
തത്ര വന്നീടുന്ന ബ്രഹ്മസത്തമനെക്കണ്ടു
ചിത്തമതിൽ ചിന്തചെയ്തു കത്തുമഗ്നിതാനോ
ഓൎത്തീടിൽ സനൽകുമാരനത്ര വന്നീടുന്നു
സൂൎയ്യനോ സോമനോ പാൎത്താലാരിവരുന്നതും
ചേരുന്നില്ല കാന്തികൊണ്ടിങ്ങാരുമാരുമയ്യോ!
ഭൂരിതരകാന്തികൊണ്ടു ചാരുപൎണ്ണശാല
പാരമുജ്ജ്വലിച്ചീടുന്ന പാൎവ്വതികാന്തനോ
വീരനാകും വൈരോചനി ചാരുരുചിയോടും
നേരേ വരുന്നോരു വടുചാരുരൂപം കണ്ടു

സാരവേദികളായിട്ടുമാൎയ്യവൃന്ദത്തോടും
സൂരിവരകാവ്യമുനിമുഖ്യരോടുമൊത്തു
പാത്രവുമെടുത്തു പൂജാദ്രവ്യവും ഗ്രഹിച്ചു
സത്തമൻ നടക്കുന്നേരമഗ്നികളുമൊത്തു
പത്തുകൾ ന്യസിക്കുന്നേരമത്ഭുതമാകുന്നു
കത്തുമൊരു ദേവന്മാരും മൂൎത്തിഭൃതരായി
ഋത്വിഗാദിജനത്തോടും തത്ര വിളങ്ങിനാർ
പത്തുകളിൽ വീണു ബലി ഭക്തിയോടുംകൂടി
മൎത്ത്യമൂൎത്തിയാകും ദേവം കൂപ്പി നിന്നു ചൊല്ലി.

---

കേരള സാഹിത്യ അക്കാദമി

വൃത്തം—ഫന.

കൊണ്ടൽവേണിയാൾ എന്ന പോലെ.

ഭൂസുരോത്തമ! ഭാസുരമൂൎത്തേ!
ആസനമിദമാസ്സ ഭവാൻ
വീരവീരനാം വൈരോചനിയും
പാരമിങ്ങിനെ ചൊല്ലിക്കൊണ്ടു
കാരണനാം കുമാരനേയും
സാരവേദിയസുരനപ്പോൾ
നേരോടേ കാൽ കഴുകിച്ചു തദാ
ശിരസ്സിലങ്ങു വഹിച്ചുപോൽ
ചാരുപാദജനീരു മൂൎദ്ധനി
ചേൎത്തു മെല്ലവേ ഭഗവാന്റെ
ധന്യനാകുന്നു പ്രാഹ്ളാദി താനും
ചന്ദ്രശേഖരനെന്നപോലെ

ചൊന്നാനുണ്ണിയോടുന്നതകീൎത്തി
ധന്യോഹം ഭവദാഗമനാൽ
എന്തു, ബാലകാ! കാംക്ഷിതമിപ്പോൾ?
എന്തു സംശയം ചൊല്ലീടുക
ചന്തമേറുന്ന വാജിയോ വേണ്ടു?
എന്തഹോ! നല്ല കുഞ്ജരമോ?
സന്തതം വസിച്ചീടുവാൻ നല്ല
ഇല്ലമോ വേണ്ടു വിപ്രമൌലേ!
എന്തെടോ! ഗൃഹസ്ഥാശ്രമേച്ഛയോ ചൊൽ
കിന്തു കന്യകാം യാചിച്ചീടാം
വല്ലതിലും തേയുള്ളൊരാഗ്രഹം
കില്ലു കൂടാതെ ചൊല്ലീടുക
വല്ലതെന്നാലും തന്നീടുന്നേൻ ഞാ-
നില്ലാ സംശയമിന്നേറിഷ്ഠ
ചൊല്ലേറും ബലി! ചൊന്ന വാക്യങ്ങൾ
മെല്ലവേ കേട്ടു ബ്രഹ്മചാരി
മെല്ലവേ മല്ലവൈരിയും ചൊല്ലി
ചൊല്ലുകൾ ബഹുമാനിച്ചുടൻ.

---

വൃത്തം—ഹര്.

മാവേലി ഗോപിമാർ—എന്നപോലെ

വാക്യങ്ങളോക്കുമ്പോളെത്ര മനോജ്ഞം
പാകാരിശത്രോ! നിൻ ഗോത്രസുശീലം
ഭോഷ്ക്കു പറഞ്ഞു തെളിയുന്ന കൂട്ടം

ചൊൽക്കൊള്ളും നിങ്ങടെ വംശത്തിലുണ്ടൊ?
പുഷ്കരലോചനനാമുൽപ്പൂവുതന്നിൽ
ഭക്തനാം പ്രഹ്ളാദൻ ധ്യാനിച്ചിടുന്നു
പുഷ്കരത്തിൽ ചന്ദ്രനെന്നപോലെ-
സ്സൽക്കീർത്ത്യാ പ്രഹ്ളാദൻ ശോഭിച്ചിടുന്നു
ഇക്കാണും ലോകങ്ങളൊക്കെജ്ജയിച്ചു
പാകാരിതന്നേയും ബന്ധിച്ചുകൊണ്ടു
ഉഗ്രക്കോടടക്കിയിത്രൈലോക്യമൊക്കെ-
ച്ചിക്കുന്ന വന്ന ഹിരണ്യനമപ്പോൾ
നിന്നുടെ താതനും പണ്ടു മഹാത്മൻ!
തന്നുടെ ജീവിതമർത്ഥിയ്ക്കു നൽകി
മന്നിൽ പ്രസിദ്ധമാം കീർത്തി ലഭിച്ചു
ഇന്നു ശ്രമിയ്ക്കുന്നതില്ലിജ്ജഗത്തിൽ
തന്നുടെ പൂർവ്വജന്മാരുടെ വൃത്ത-
മന്യൂനമാമാസ്ഥയാ വർത്തിച്ചിടുന്നു
ഒന്നു പറഞ്ഞീടിലൊന്നു ഭവാനും
അന്യഥാഭാവം നഹി പാർത്ഥിവവീര!
ഇന്നതുകൊണ്ടു ഞാൻ യാചിച്ചിടുന്നു
മൂന്നടി മണ്ണെനിയ്ക്കിന്നു വേണ്ടു
എന്നുടെ കാൽകൊണ്ടളന്നതരേണ-
മുന്നത കീർത്തേ! ദിതിജ! മഹാത്മൻ!
തന്നുടെ കാമത്തിനൊത്തൊരുവണ്ണ-
മിന്നു യാചിയ്ക്കുന്നതിന്നിതു ധർമ്മം
മന്നവ! പിന്നേയധികമുരയ്ക്കിൽ
സന്ദേഹമില്ലിഹ ദണ്ഡ്യനാതാകും

എന്നാലിതുകൊണ്ടുതന്നെ സുഖിക്കാം
തന്നാലുമിങ്ങതി വാഞ്ഛിതമിപ്പോൾ
ഉണ്ണിതൻ വാക്യങ്ങളിങ്ങിനെ കേട്ടു
ചണ്ഡപരാക്രമൻ മാബലി താനും
ഉണ്ണിയെയൊന്നവൻ സൂക്ഷിച്ചു പിന്നെ
നിർണ്ണയിച്ചിങ്ങു പറഞ്ഞു തദാനീം.

---

## വൃത്തം — ൬൩

ഗോപകുമാരക — എന്നപോലെ.

വിപ്രകുമാരകാ! നന്നെടോ നിന്നുടെ
സൽപ്രമാണോക്തമിദമഹോ!
ഉൾപ്പൂവിങ്കൽ കില്ലു ചിന്ത ചെയ്ക്കാലും നി-
യല്പവിചാരബുദ്ധേ! വൃത്തിക്കുമാത്രമതെങ്കിലും
പൃത്ഥ്വിയെപ്പൃത്ഥ്വീസുരബാലക! പാര-
മർത്ഥിക്കു നല്ലതു വ്യർത്ഥമാക്കിടൊല്ലാ
പാർത്ഥിവദർശനത്തെ അർത്ഥികളർത്ഥിച്ചു
വ്യർത്ഥമായന്യരോടർത്ഥിക്കയെന്നതിപ്പോളതി-
ധൂർത്തന്മാരായുള്ള പാർത്ഥിവന്മാരുടെ
വൃത്തിക്കു ചിതമല്ലോ എല്ലാ ലോകങ്ങൾക്കു-
മീശ്വരനാകും മാം കല്യാണത്തോടെടോ വിപ്ര!
ചൊല്ലുകൾകൊണ്ടു പുകഴ്ത്തിയതിൻ ഫല-
മില്ലെന്നു വന്നീടാമോ?
എല്ലാം കൊടുക്കുവനില്ലൊരു സംശയം
ചൊല്ലാൻ മടിയെന്തുണ്ണി! തവ
നല്ലൊരു വാഞ്ഛിതമല്ലലൊഴിച്ചുട-
നെല്ലാം പറഞ്ഞീടുക

മല്ലവൈരിതാനമിങ്ങിനെ കേട്ടപ്പോ-
ളുള്ളം തെളിഞ്ഞു പാരം തദാ
നല്ല കാരുണ്യത്തൊടൊന്നുര ചെയ്തിതു
ചൊല്ലുള്ളോനല്ലോ ഭവാൻ
ഇക്കാണും ലോകവും ലോകാധിപന്മാരും
ചൊൽക്കൊണ്ടൈശ്വര്യവും നൃപ!
ഒക്കെയടക്കീടിലെന്തതികാമിക്കി-
ന്നുക്കുള്ള കാമം പോമോ?
മൂന്നു പാദംകൊണ്ടു തൃപ്തിയില്ലാത്തവ-
നിന്നു ജഗത്തുകളുണ്ടോ പാർത്താൽ?
ആനന്ദകാരണമാകുന്നു പാർത്ഥിവ!
മൂന്നടി മണ്ണു മതി
ഇന്നിതുകൊണ്ടു ഞാൻ തൃപ്തനായിടുന്നു
സന്ദേഹമില്ലാ മമ രാജൻ!
തന്നാലുമെന്നുടെ കാൽകൊണ്ടളക്കട്ടെ-
യുന്നത കീർത്തേ! ഭവാൻ
സന്ദേഹം കൂടാതെ ചൊന്നൊരു വാക്യത്തെ
നന്ദി കലർന്നു ബലി കേട്ടു
ഒന്നു ചിരിച്ചു പറഞ്ഞു വടുവോടു
തന്നീടുന്നേൻ വാഞ്ഛിതത്തെ.

---

വൃത്തം—ഫന്ന
മധുരമൊഴി—എന്നപോലെ.

മതിയിലിതി നന്നായുറച്ചു ബലി
അതികുതുകമങ്ങു ജലഭാജനവും

അതിസുകൃതി! മെല്ലെയെടുത്തു കയ്യി-
ലതുപൊഴുതു ചൊല്ലിയസുരാചാര്യൻ
ചതികളിതുവീര! ഗ്രഹിച്ചീടേണം
മതി മതി കൊടുക്കേണ്ടാ വാഞ്ഛിതത്തെ
മൂന്നടി മണ്ണിന്നിവൻ കൊടുത്തീടുകിൽ
മൂന്നുലോകവുമിന്നു നശിച്ചു നൂനം
ഇന്ദിരാകാന്തനിതു വിപ്രനല്ല
വന്നതിവിടെ നിന്നോടു മൂന്നു ലോകം
പടുതപറഞ്ഞാശു കരത്തിലാക്കി-
ക്കുടിലമതിയിന്ദ്രനു നൽകീടുവാൻ
കഠിനമതിയായൊരു വിഷ്ണുവിന്നായ്
കുടിലത കൂടാതെ കൊടുത്തു സർവ്വം
പടുസുമതേ! യെങ്ങിനെ ജീവിക്കുന്നു?
കുടിലത കുറഞ്ഞൊന്നുവേണം പാർത്താൽ
അനൃതമല്ലേ ദേഹത്തിന്നുള്ള മൂലം
അരുതനൃതമെങ്കിലുമാപത്തിലും
അറിവുവളന്നുള്ളൊരു മാനവേന്ദ്ര!
തരുണിജനം തന്നിലും നർമ്മത്തിലും
മരണഭയം തന്നിലും വൃത്തിക്കായും
ധരണിസുരഗോക്കടെ രക്ഷയ്ക്കായും
ഒരു കളവുരച്ചീടിൽ നിന്ദ്യമല്ല
ഇതി വചനം കേട്ടു മുനിവരന്റെ
മതിഗുണമേറീടും മഹാബലിയും
ധൃതിയിലുറപ്പിച്ചിതു ചൊല്ലി പിന്നെ
മതികരുതി മാപതിപാദങ്ങളും.

വൃത്തം—൧൭.

'കവട്ടസ്സൂവേടന്റെ' എന്നതുപോലെ.

ഭാൎഗ്ഗവഗോത്രതിലക ഗുരോ!
ഭാഗ്യമഹോ ഭാഗ്യമോൎത്താൽ
ഭോഗമശേഷം ഭുജിസ്സും മഹാ-
ഭാഗ്യവാന്മാരാം നൃപരും
ഭൃതിസുഖദാരപുത്രാദിയൊക്കയും
ഭുവിചദുഃഖദം ദിവിച ദുഃഖദം
ഇതി ച സൎവ്വം വിജഹുരഞ്ജസാ—ഭാൎഗ്ഗവ-
നാരായണനാകുന്നെങ്കിലിവൻ
നാരഭാവം വിട്ടു ചേരാം
റോരുവെടിഞ്ഞൊരുനാളും നടക്കാമോ
കിമിഹ ശരീരൈൎമ്മലഘടഭരൈ-
രുരുനരകദൈഃ ക്ഷണവിചലിതൈഃ—ഭാൎഗ്ഗവ-
പണ്ടു ദധീചിയും തന്റെ ദേഹം
അണ്ടൎകോനായിക്കൊടുത്തു
കൊണ്ടാടിയിന്നതു ലോകത്തിലൊക്കെയും
ധവളിതമായി കുളുൎമതിപോലെ
ശ്രവണസുഖദം കിമു ശ്രുതമഹോ—ഭാൎഗ്ഗവ-
ഓൎത്താൽ നരകമധികമിന്നു
വിപ്രപ്രലോഭനം തന്നെ
ശാസ്ത്രവുമോത്തും പഠിച്ചറിവുള്ള ഞാൻ
പൃത്ഥവദിഹ ന ധാത്രീസുരനൊടു
വാൎത്തകളെ യഥാകലയേ കഥം?—ഭാൎഗ്ഗവ-
മൂന്നടി മണ്ണു തരുന്നേനഹം

ഇന്നൊരു സംശയമില്ല
എന്നു പറഞ്ഞു മഹാബലിയും തദാ
അഖിലവുമുടൻ പരമാത്മനി ച
വിരവൊടു ചേർത്തു വടിവൊടു നിന്നു—ഭാർഗ്ഗവ-
ഉന്നതകീർത്തിയാം വൈരോചനി
സന്ദേഹം കൂടാതെ ധീരൻ
മൂന്നടിമണ്ണുമുദകപൂർവ്വമായി
ഉടനതു വാങ്ങി ഉടലുടനഹോ ഝടിതി വളർന്നു—
(ഭാർഗ്ഗവ-

ഗുരുവരനതു കണ്ടു കോപ-
മുരുതരമാശു വളർന്നു
പരിചൊടു ശാപവും നൽകി മുനിവരൻ
അഖിലസമ്പദശ്വലനമസ്തു തേ
അഹഹ യോഗമോ ഗുരുവിനിന്ദനം?-
ഭാർഗ്ഗവഗോത്രതിലക ഗുരോ
ഭാഗ്യമഹോ ഭാഗ്യമോർത്താൽ.

---

വൃത്തം—ഹ്വ.
'കുമ്മിയടി'—പോലെ

വിന്ധ്യാവലിയതുകണ്ടു തദാ
അന്തരമെന്നിയേ തന്റെ വ്രതം
സാധിപ്പാനായഘ്യപാത്രത്തോടും
കാന്തന്റെ ചാരത്തു ചെന്നു വേഗാൽ
സന്തോഷത്തോടുടൻ മാബലിയും
കാന്താഗൃഹീതകമണ്ഡലുത്തെ

ഹന്ത ഗ്രഹിച്ചുടൻ ചെന്താമരാക്ഷൻെറ
ചന്തത്തിൽ കാലുകഴകിത്തദാ
കാന്തയോടും രാജാ പാദതീൎത്ഥം
എന്തഹോ! മൂൎദ്ധ്നി ചേൎത്തു ധീരൻ
വെന്തുരുകുന്നൊരു സംസാരതാപത്തെ
അന്തരംകൂടാതെയങ്ങു തീൎത്തു
ചാരുവാം വാമനരൂപമപ്പോ-
ളീരേഴുലോകം നിറഞ്ഞുനിന്നു
മൂന്നടിയങ്ങളന്നീടുവാനന്നേര-
മോരടിയാക്കിതു മേദിനിയെ
പിന്നെയുയൎന്നിതു പാദം മെല്ല
ബ്രഹ്മലോകത്തോളം വല്ലാരിയും
ഇന്ദിരാകാന്തപാദാബ്ജത്തെക്കണ്ടുട-
നന്നതഭക്തി കലൎന്നജനം
തൻെറ കമണ്ഡലുനീരുകൊണ്ടു
പാരാതഭിഷേകം ചെയ്തു പിന്നെ
ധന്യൻ തുളസീദളങ്ങൾ കൊണ്ടൎച്ചിച്ചു
വന്ദനംചെയ്തു പുകഴ്ത്തി വാണു
അന്നേരമിന്ദ്രാദിദേവന്മാരും
നന്ദനോദ്യാനസുമങ്ങൾകൊണ്ടു
നന്ദികലൎന്നുടനാരാധനംചെയ്തു
വന്നായ് മുനികളും വാഴ്ത്തി നിന്നു
ഈരടിനന്നായളന്നു പിന്നെ
വൈരോചനിയോടു ചൊല്ലി ദേവൻ
താൎത്തീകയായൊരടിയിനിയെങ്ങടോ

വൈരോചനാ! വീണ്ടുകൊണ്ടീടേണ്ടു?
ഇങ്ങിനെ ദേവൻെറ വാക്കു കേട്ടു
തിങ്ങിന മോദേന മാബലിയും
മംഗലമൂത്തേ! ജഗന്നാഥ! ഗോവിന്ദ!
എന്നുടെ മൂദ്ധനി ചേക്ക പാദം
ഇത്ഥമുരച്ചു മഹാബലിയും
സത്യചിദാത്മനി സത്യവാദീ
മത്ത്യവുമത്ഥപുത്രാദി സമസ്തവു-
മപ്പണം ചെയ്തു വിളങ്ങി തദാ
ഭക്തൻെറ ഭക്തിവിശേഷം കണ്ടു
മുക്തിപ്രദനായ നാരായണൻ
ഉൾത്തളിരിൽ കൃപയുണ്ടതികാരുണ്യാൽ
ഭക്തനോടേവമരുളി ദേവൻ
വൈരോചനാ! ഭവാൻ മോദിസ്സുണ്ട
വൈരം വെടിഞ്ഞു സുരന്മാരോടു
ഭൂതലംവിട്ടു സുതലത്തിൽ വാഴ്ക നീ
മാലോകരൊക്കെപ്പുകഴ്ത്തും നിന്നെ
എവമരുളി മുകുന്ദൻ താനും
പാവനമായൊരു പാദാബ്ജത്തെ
മാബലിമൂദ്ധനി ചേത്തിതു ദേവനും
ഗോവിന്ദവാഞ്ഛിതമാക്കിനിയാം?
വൈരോചനിയും സുതലം പുക്കു
സ്വഗ്ഗാധികസൌഖ്യസമ്പൽപ്രദം
നാരായണപദം ധ്യാനിച്ചു സവ്വദാ
ആചന്ദ്രതാരകം വാണു ധീരൻ

മൎത്ത്യധൎമ്മങ്ങളിലോൎത്താലില്ല
ഇത്രിലോകത്തിലൊരേടത്തും പോൽ
പാൎത്ഥിവരത്നമാം വൈരോചനിയ്ക്കൊത്ത
പാൎത്ഥിവന്മാരുള്ളു പാൎത്തിടുമ്പോൾ?
ഇന്നും പുകഴ്ത്തുന്നു ലോകങ്ങളിൽ
ധന്യൻ മഹാബലിതന്റെ ഗുണം
ഇന്ദിരാകാന്തൻ കൊടുത്തു മഹാബലി-
യ്ക്കെന്നും നശിയ്ക്കാത്ത സമ്പത്തുകൾ
ഇന്ദ്രനായ് ലോകത്രയവുമേകി-
ത്തന്നുടെ മാതൃവ്യസനം തീൎത്തു
മന്നിടത്തിൽ പരിശുദ്ധയാം കീൎത്തിയെ
നന്നാസ്ഥരത്തിൽ ഗ്ഗമിച്ചു ലോകം
ഇന്നിക്കഥകൾ പഠിയ്ക്കുന്നോൎക്കു
മന്നിലും വിണ്ണിലും സൌഖ്യമുണ്ടാം
പാടിക്കളിച്ചീടിൽ കോടക്കാർവൎണ്ണനാം
കൂടെക്കളിച്ചഴൽ തീൎത്തിടുംപോൽ.

---

# കുചേലവൃത്തം

## എട്ടുവൃത്തം.

---

## കൈകൊട്ടിക്കളിപ്പാട്ട്.

---

മധുരമൊഴി എന്നപോലെ.

ഹരിചരിതം പാടുവാൻ പാടവം ചേ-
ന്നരുളുമൊരെൻ തത്തേ വരികരികിൽ
ദുരിതചയം നീങ്ങുവാൻ നല്ലതായു-
ള്ളൊരു കഥയെസ്സാമോദം ചൊല്ലേണം നീ
പരമധുരാ പാലും പഴവും നൽകാം
ഗുരുകുതുകം പൂണ്ടു ഭുജിച്ചുകൊൾക
അതിചതുരൻ കേരളകല്പദ്രു-
മതിനുടയ നായകൻ ചാരുശീലൻ
ഇതി സരസം ചൊന്നതുകേട്ടനേരം
മതികലരും തത്തയും ചൊൽതുടങ്ങി.
അഖിലജഗന്നായകൻ ഭക്തന്മാൎക്കു-
ള്ളഘമഖിലം നീക്കുന്ന കാരുണ്യാബ്ധി
കമലദളലോചനൻ വാസുദേവൻ
കമലമകൾതന്നുടെ ജീവനാഥൻ
കലിതരസം കംസനെക്കൊന്ന ദേവൻ
വലരിപുസംസേവിതപാദനീരൻ

ഉലകഖിലം തിങ്ങും സൽകീൎത്തിയോടും
കലിശമനൻ ദ്വാരകതന്നിൽ പണ്ടു
മധുരമൊഴിമാരാകും ഭാൎയ്യമാരു-
മധികഗുണം ചേൎന്ന സചിവന്മാരും
അവധിവെടിഞ്ഞുള്ള തനയരുമാ-
യവികലമോദേന വസിക്കുംകാലം
ക്ഷിതിയിലൊരു ഭൂസുരൻ വാണിരുന്നാൻ
ഗതകലുഷനദ്ദേഹം തത്വജ്ഞനെന്നി
ധരണിയിതിലിന്നും കുചേലനെന്നു
പറയുവതിബ്ഭൂമീസുരനെത്തന്നെ
പരമപദമോൎത്തു വസിക്കയല്ലാ-
തൊരു നിനവുമപ്പൃഥ്വീദേവനില്ലാ
ഗുരുഗുണമാൎന്നുള്ളൊരു വല്ലഭയും
തരുണത ചേരാത്ത തനയന്മാരും
ഹരിചരണഭക്തനായിട്ടുമബ്ഭൂ-
സുരവരനുണ്ടെന്നാലുമെല്ലായ്പോഴും
പരമഗതിക്കുള്ളൊരു മാൎഗ്ഗം മാത്രം
കരളിലവൻ ചിന്തിച്ചു വാണുകൊള്ളും
ഒരുതവണയെങ്കിലും രക്ഷിപ്പാനാ-
ളൂരി നിജഗേഹത്തിങ്കലുണ്ടായിടാ
അനവരതം ഭിക്ഷയെ വാങ്ങിവന്നു
വനജമിഴിയാകും തൽപ്രേയസീതൻ
തനയരെയും തന്നുടെ കാന്തനേയും
മനമതഴിഞ്ഞേറെറവും പോററിവന്നാൾ.

---

## വൃത്തം ൨.

കല്യാണികളവാണി എന്നപോലെ.

കല്യാണശീലയാം തദ്വല്ലഭാ പല്ലവാംഗി
വല്ലാത്ത ദാരിദ്ര്യത്താൽ ദൈന്യമാർന്നു
മെല്ലെത്തൻ വല്ലഭൻെറ ചാരത്തു ചെന്നൊരിക്കൽ
ചൊല്ലിനാളിപ്രകാരമല്ലലോടും
അല്ലേ മൽകാന്ത തവ ഞങ്ങളെക്കുറിച്ചൊട്ടു-
മില്ല വിചാരമെന്നാകുന്നതെന്തേ?
ദാരിദ്ര്യംകൊണ്ടു ഞങ്ങൾ കഷ്ടപ്പെടുന്നതൊന്നും
തീരേ ധരിച്ചിട്ടേയില്ലങ്ങുന്നെന്നോ?
കുട്ടികളിതുകാലം പട്ടിണി! കിടന്നയ്യോ
നട്ടംതിരിഞ്ഞീടുന്നു കഷ്ടം കഷ്ടം!
കല്ലിലും കഠിനമായുള്ള തവമാനസ്സെ-
ന്നെല്ലാരുമെല്ലാപ്പോഴും ചൊല്ലുമല്ലോ
എല്ലാനേരവും ഭവാൻ മൌനിയായ് ഭസ്മം ധരി-
ച്ചല്ലയോ വസിപ്പതിതെന്തു ചിത്രം
തെല്ലൊന്നു ചിന്തിച്ചാലും ഞങ്ങൾക്കു ഭവാനേക-
നല്ലാതെ ഗതി പാരിലാരാകുന്നു?
കാലക്ഷേപത്തെച്ചെയ്വതെങ്ങിനെയെന്നതൊരു
കാലവുമോർത്തീടാഞ്ഞാൽ കാര്യമാമോ
കഷ്ടമിപ്പുര മേഞ്ഞിട്ടെട്ടായി വത്സരമി-
തൊട്ടുനാൾ കഴിഞ്ഞീടിൽ വീഴുമല്ലോ
ഇല്ലിനിസ്സുടുത്തൊരിക്കീറത്തുണിയൊഴിഞ്ഞൊ-
ന്നല്ലലിതാരോടയ്യോ ചൊല്ലീടുന്നു?
ഇന്നു ഞാൻ പലേടത്തും ചെന്നേറെ യാചിച്ചിട്ടും

തന്നാതില്ലാരുമെറിയ്ക്കോട്ടമെന്നും
ചോറു ചോറെന്നു ചൊല്ലി രോദനം ചെയ്യും ബാല-
ന്മാരുടെ മുഖമയ്യോ നോക്കിക്കൂടാ
അങ്ങേ മഠത്തിലുള്ള ബാലകന്മാരെല്ലാരും
ഭംഗികലർന്നീടുന്ന ഭൂഷണൌഘം
അംഗങ്ങൾതോറും ധരിച്ചിങ്ങോട്ടു വന്നീടുമ്പോൾ
മങ്ങുന്നു മക്കളുടെ വക്ത്രമേററം
ഒക്കയുമുപേക്ഷിച്ചു വാണീടാമെല്ലായ്പ്പോഴു-
മുൾക്കരുന്നിങ്കലൊന്നു ചിന്തിക്കേണം
പെണ്ണല്ലെ ഹന്ത ഞാനിങ്ങുണ്ണുവാനില്ലെന്നാലീ-
യുണ്ണികളെപ്പുലർത്താനെന്തു ചെയ്യും?
ദ്വാരകതന്നിൽ സ്വൈരം വാണീടും മുകിൽവർണ്ണൻ
കാരുണ്യാംബുധി കൃഷ്ണൻ വാസുദേവൻ
നല്ലൊരു ചങ്ങാതിയാണല്ലോ ഭവാനു മുന്നം
വല്ലതുമങ്ങു ചെന്നാൽ കിട്ടില്ലെന്നോ
ഏവം കുഡുംബിനിതൻ ഭാഷിതം കേട്ടു ഭൂതദേ-
ദേവനുമിപ്രകാരം മന്ദം ചൊന്നാൻ.

വൃത്തം—ന.

അത്തുന്നരംമന്നവന്മാരെന്നപോലെ

ചാരുശീലേ മമ ജാതേ ഗിരിതു നീ കേൾക്ക മന-
താരിലൊരു ലേശംപോലും വ്യസനം വേണ്ടാ
പ്രാരബ്ധമായുള്ള കർമ്മം തീരില്ല ഭുജിച്ചീടാതെ
സാരമല്ലിസ്സംസാരവും ധരിച്ചുകൊൾക
പാരിടത്തിൽ സൌഖ്യമാർന്നു പാർത്തിടുന്ന ധനികന്മാർ

ദാരിദ്ര്യമുള്ളവൻ താനും മരിച്ചുപോകും
വെള്ളത്തിലെപ്പോളപോലെയുള്ളതാണിശ്ശരീരമെ-
ന്നുള്ളിലോൎക്കിതജ്ഞാനികളറിയുന്നില്ലാ
ദേഹം ഞാനാണെന്നു ഭാവിച്ചാഹന്ത മനുഷ്യരെല്ലാം
മോഹാന്ധന്മാരായിത്തീൎന്നു നശിച്ചീടുന്നു
ലോകനാഥൻ സൎവ്വത്തിന്നും ഹേതുഭൂതൻ വാസുദേവൻ
പാകംപോലെയെല്ലാരേയും പരിപാലിക്കും
എന്നീവണ്ണമെല്ലാമെപ്പോഴും നിൎണ്ണയിച്ചു വാണീടുന്നോ-
ൎക്കെന്നുമൊരു ദുഃഖമുള്ളിലുദിക്കയില്ലാ
പൌരുഷംകൊണ്ടൊരു കാൎയ്യം സാദ്ധ്യമാകില്ലെന്നുള്ളതും
പാരിലുള്ള സൂരികൾതൻ മതമാകുന്നു
എന്നതുകൊണ്ടൊന്നിനും നാമാളാകയില്ലെന്നുറച്ചു
നന്ദജനെ നന്നായ് നിത്യം ഭജിക്ക നല്ലൂ
ഈശസേവകൊണ്ടെല്ലാൎക്കും ക്ലേശമെല്ലാമകന്നീടും
ലേശംപോലുമതിന്നില്ലാ വിവാദമോൎത്താൽ
കല്യാണനികേതനമാം കഞ്ജനേത്രൻതന്നെക്കാണ്മാൻ
കല്യേ നാരം കൊതി പൂണ്ടു വസിച്ചീടുന്നോൻ
നാളീകദളനയനേ നീയുമിന്നു ചൊന്നമൂലം
നാളെത്തന്നെയതിന്നായി ഗമിക്കുന്നോൻ ഞാൻ
വല്ലതുമവിടെക്കാഴ്ചവെച്ചീടേണമതിന്നൊന്നു-
മില്ലാഞ്ഞയാൽ കുണ്ഠിതമുണ്ടധികമുള്ളിൽ
വല്ലഭന്റെ ചൊല്ലിവണ്ണം മല്ലാക്ഷി ശ്രവിച്ചനേരം
വല്ലതും ഞാനുണ്ടാക്കാമെന്നുടനെ ചൊന്നാൾ:

വൃത്തം—൪.

മാരപ്പള്ള ഗോപിമാർ എന്നപോലെ.

പിറ്റെന്നാൾ കാലത്തെണീററു കുചേലൻ
മിററത്തിറങ്ങാൻ തുനിഞ്ഞൊരു നേരം
നന്ദതനൂജനു കാഴ്ചയതായി
തന്നിടാം നല്ലൊരു സാധനമിപ്പോൾ
എന്നു പറഞ്ഞൊരു കീറത്തുണിയിൽ
നന്നായിക്കെട്ടിയവിലവലല്പം
കാന്തന്റെ കയ്യിൽ കൊടുത്തു പതുക്കെ
പൂന്തേൻനേർവാണി പറഞ്ഞിതു വീണ്ടും
ഇപ്പോൾ കടം വാങ്ങിക്കുത്തിയതാമു-
ള്ളല്പമവിലാണിതെന്നറിയേണം
ഒന്നുമില്ലാത്തോരു നാമിതു നൽകിൽ
നന്ദതനൂജനു മോദമുദിക്കും
മല്ലാരി സൎവ്വജ്ഞനീശ്വരനാണെ-
ന്നെല്ലായ്പ്പൊഴും ഭവാൻ ചൊല്ലുവതില്ലേ?
ഭൂമീസുരൻ താനുമെന്നതു നേരം
സീമ വെടിഞ്ഞുള്ള മോദമിയന്നു
വല്ലഭതന്നോടു യാത്ര പറഞ്ഞു
മല്ലാരി നാമങ്ങളേറെയുരച്ചു
കല്യാണരൂപിയെക്കാണുവതിന്നാ-
യുല്ലാസത്തോടും നടന്നു തുടങ്ങി.

---

## വൃത്താം—൩.

ഓട്ടം മൃഗങ്ങളെ എന്ന പോലെ.

ദ്വാരകയിൽ കൃഷ്ണൻ വാഴുന്ന ഗേഹത്തിൽ
ചാരത്തു ഭൂസുരൻ ചെന്ന നേരം
ഭാമയും രുഗ്മിണീതാനുമായ് ഗോവിന്ദൻ
സാമോദം വാഴുകയായിരുന്നു
ഓരോ വിനോദം പറഞ്ഞു രസിക്കുന്നാ
നേരം കുചേലനെക്കണ്ടു ദേവൻ
പെട്ടന്നെഴുന്നേറ്റു വിപ്രന്റെ ചാരത്തു
വിഷ്ണുഭഗവാൻ കുതിച്ചോടിച്ചെന്നു
പ്രേമകലർന്നിട്ടു മോദോടണച്ചാശു
ഭൂമീസുരൻതന്നെപ്പുല്കി ദേവൻ
കണ്ടാലറയ്ക്കും തദ്വേഷവും മേനിയും
കണ്ടങ്ങുള്ളാളുകൾ വിസ്മയിച്ചു
എന്തെന്തൊരാശ്ചര്യമാണിതു പാർത്താലും
ചെന്താമരാക്ഷൻ ശ്രീകൃഷ്ണൻ ദേവൻ
എങ്ങുന്നോ വന്നൊരു കുത്സിതവിപ്രനേ-
യിങ്ങിനെ ചെയ്യുവാനെന്തു ബന്ധം?
വാമാംഗിയായുള്ള രുഗ്മിണിതന്നെയും
ഭാമയെത്തന്നെയുമിപ്രകാരം
പ്രേമത്തോടും കൃഷ്ണൻ പുല്കീട്ടുണ്ടാകയി-
ല്ലീമഹീദേവന്റെ ഭാഗ്യം തന്നെ
ഓരോ ജനങ്ങളിവണ്ണം കഥിക്കുമ്പോൾ
കാരുണ്യസാഗരൻ കംസകാലൻ
വിപ്രന്റെ പാദം കഴുകിച്ചു തത്തീർത്ഥം

ക്ഷിപ്രം ശിരസ്സിൽ ധരിച്ചു കൊണ്ടാൻ
സാമോദം മന്ദിരത്തിൽ വാഴിപ്പിച്ചു ബല-
രാമനോടൊന്നു വരുത്തിപ്പിച്ചു
കല്യാണം വന്നതു പോലെ മുകിൽവർണ്ണൻ
സോല്ലാസം തദ്ദിനം കൊണ്ടാടിനാൻ.

---

വൃത്തം—൩.

രാമരക്കണ്ണൻ എന്നപോലെ.

സപ്രമോദം ശ്രീവാസുദേവൻതാൻ
വിപ്രനോടേവമോന്നോതിനാൻ
ഒന്നിച്ചു ഗുരുമന്ദിരത്തിൽ നാം
നന്ദിച്ചു വാണതൊക്കെയും
ഇപ്പോഴുമുള്ളിലോർമ്മയില്ലയൊ-
ന്നിപ്പോളെന്നപോൽ തോന്നുന്നു
ദേശികൻതന്റെ ഭാര്യ ചൊൽകയാൽ
ക്ലേശംകൂടാതെ നാമെല്ലാം
കണ്ടകമുള്ള കാട്ടിൽ പോയുഴ
കൊണ്ടു ഭാരം തളൎന്നഹോ
ഇന്ധനംകൊണ്ടു പോന്നതുള്ളത്തിൽ
സന്തതം നിരൂപിക്കും ഞാൻ
ആട്ടെ ഭാൎയ്യയും നന്ദനന്മാരും
വാട്ടം കൂടാതെ വാഴുന്നോ?
വല്ലതും മമ നൽകുവാൻ തവ
വല്ലഭ നൽകീട്ടില്ലയോ
ക്ഷുത്തുണ്ടേറ്റമെനിക്കു വല്ലതു-

മിത്തിരി ഭവാൻ നൽകേണം
കക്ഷത്തിലുള്ളതെന്തെന്നു പങ്ക-
ജാക്ഷൻ ചൊല്ലിയെടുത്തുടൻ
നന്നായിട്ടൊരു മുഷ്ടിയെറ്റുപൃഥു-
യെന്നതുപോലെ ഭക്ഷിച്ചാൻ
പിന്നെയും തിന്മാനായ് തുനിഞ്ഞപ്പോ-
ളിന്ദിരയാകും രുഗ്മിണി
പോരുമെന്നെ മറക്കരുതെന്ന
ഗീരു ചൊല്ലിത്തടുത്തിതു
പിന്നെ ഭൂദേവൻ തന്നെയൂണ്ണിപ്പി-
ച്ചൊന്നിച്ചങ്ങു കിടന്നിതു
ഭൂസുരേന്ദ്രനൊ പിറന്നാൾ മുദാ
വാസുദേവൻ ജഗന്നാഥൻ
സല്ലാപങ്ങളെയററമില്ലാതെ
ചൊല്ലി യാത്രയയച്ചിതു.

---

വൃത്തം ൭.

കാകളി.

ധീരനാകും ഭൂസുരേന്ദ്രൻ ദ്വാരകയെ വിട്ടു
പാരാതെതൻ ഗേഹത്തേക്കു പോരും നേരത്തിങ്കൽ
അങ്ങു ചെന്നാൽ പത്നിയ്ക്കുള്ളോരാവലാധിയോർത്തു
തിങ്ങീടുന്ന ശോകത്തോടുമീവിധം നിനച്ചാൻ
ചോറു കിട്ടാഞ്ഞാടൽ തേടും നന്ദനന്മാരോടും
നീരജദളാക്ഷിയാകും വല്ലഭാതാനിപ്പോൾ
നാദജന്റെ കയ്യിൽനിന്നു വേണ്ടതെല്ലാം വാങ്ങി

ചെന്നിടും ഞാനാണെന്നോർത്തു മോദമാന്നു വാഴും
കഷ്ടിലൊന്നുമില്ലാതെകണ്ടങ്ങു ചെന്നാൽ ഹാ ഞാൻ
മയ്യൽമിഴി തന്നോടെന്തു ചൊല്ലീടുന്നു പാർത്താൽ
ആധിയെല്ലാം നീക്കീടുന്ന ദീനബന്ധു ദേവൻ
മാധവനിങ്ങൊന്നും നൽകീടായ്കതിനെന്തോർത്താൽ
ഇങ്ങിനെയുൾതാപത്തോടുമോരോന്നെല്ലാമോർത്തു
മങ്ങിന വദനത്തോടും ചെന്നീടുന്ന നേരം
കോട്ടയും നൽഗോപുരവും മാളികയും പിന്നെ
കോട്ടമററതായിടുന്ന ഭോജനശാലയും
ശോഭചേന്ന മററുമോരോന്നെല്ലാമങ്ങു കണ്ടു
ശോഭനാംഗിയാകുമൊരു നാരിയേയും കണ്ടു
ഏതാണിപ്രദേശമിവളേതാണെന്നീവണ്ണം
ചേതസ്സിങ്കൽ ശങ്കയോടും വിപ്രൻ നിന്നീടുമ്പോൾ
അച്ഛ ചോറിന്നെങ്ങൾക്കെല്ലാം കുക്ഷി നിറയോള-
മിച്ഛപോലെ കിട്ടിയെന്നു ചൊല്ലി പുത്രരെല്ലാം
മോടിയോടുമോടിവന്നു കൂടിയവിടത്തിൽ
തേടിനാൻ കുചേലനപ്പോളത്ഭുതമധികം
എന്നുടെയ പത്നിയാണിതെന്നുടെ സുതന്മാ-
രെന്നുടെയ ഗേഹമാണിതെന്നുടനറിഞ്ഞു
പുത്രരോടും പത്നിയോടുമൊന്നിച്ചു ഭൂദേവൻ
മുത്താന്നു ഭവനത്തിൻെറയുള്ളിലാശു ചെന്നു
സാരസവിലോചനയാം വല്ലഭയേ നോക്കി
സൂരിവയ്യൻ ഭൂസുരേന്ദ്രൻ ചോദ്യംചെയ്താനേവം

## വൃത്തം ൨.

### കമ്മി.

സാദ്ധ്വികളെല്ലാരുമൊത്തു നിത്യം
മൂൎദ്ധ്നി ധരിക്കുന്ന സദ്രത്നമേ
എങ്ങിനെയാണിക്കണ്ടീടുന്നതൊക്കയു-
മിങ്ങിനെയിങ്ങുണ്ടായ്വന്നതഹോ
വല്ലഭ! ഞാനതറിയുന്നില്ല
മല്ലാരിതന്നുടെ കാരുണ്യം താൻ
ഇന്നലെ രാത്രിയിലിങ്ങൊരു സുന്ദരി
മിന്നൽപോലെ വന്നതായിക്കണ്ടേൻ
സുന്ദരിയായവളാരാകുന്നു
നിന്നോടു സംവാദമെന്തു ചെയ്തു
ഉള്ളതുപോലെപ്പറക നീ സാമ്പ്രത-
മുള്ളത്തിൽ കൌതുകമൊട്ടല്ല മേ
സുന്ദരിയാമവളാരെന്നുള്ള-
തൊന്നുമെൻ കാന്ത ധരിച്ചീലേ ഞാൻ
എന്നോടസ്സുന്ദരി ചൊന്നതുമില്ലൊന്നും
മിന്നൽപോലാശു മറഞ്ഞുകൊണ്ടാൾ
എന്നാലിങ്ങപ്പോഴും ദേവദേവൻ
ചൊന്നതുകാരണമിന്ദിരതാൻ
വന്നതാണെന്നു ഞാൻ നന്നായ്ക്കരുതുന്നേൻ
സന്ദേഹമില്ല മറിച്ചായിടാ
ഇത്തരം പറഞ്ഞവർ മാധവനെ
ച്ചിത്താരിൽ വൎദ്ധിച്ച ഭക്തിയോടും
പേൎത്തും വണങ്ങിത്തൻ നാമങ്ങൾ കീൎത്തിച്ചു

വന്ദസ്ഥപ്രത്തിലാനന്ദമാന്നു വാണു
പാരിതിലെങ്ങും പ്രസിദ്ധികൂട്ടം.
കേരളകല്പദ്രുമാഖ്യച്ചേരും
അച്ചടിശ്ശാലതൻ ഭാഗ്യത്താൽ സിദ്ധിച്ചോ-
രച്ചപ്പഹൃദയനാം മാനോജർതാൻ
ചൊല്ലുകകാരണമിപ്രകാര-
മുല്ലാസംകൈക്കൊണ്ടു തത്തതാനം
നല്ല കുചേലചരിതം ക്ഷണംകൊണ്ടു
ചൊല്ലിസ്സരസം പറന്നുപോയാൾ.

ഇന്നോരാണ്ടെത്രതിന്നു മമസുത! നവനീ
തത്തെ നീയെന്നു ചൊല്ലീ-
ട്ടെന്നാമമാരാരു ചോദിച്ചളവളവിലൊത്തു
ങ്ങാഴത്തോരാഴമന്ദമോട്ടം
മന്ദം ചൊന്നിട്ടു രാധാകപകലശമതിൽ
കൈയ്യുവെച്ചിത്തിടുന്ന
നൊന്നാ[illegible] കനിവു
നൊ[illegible]രാൻ കൈകൊട്ടി[illegible]ന്നാൻ

# കല്യാണ
# സൌഗന്ധികം.

---

തിരുവാതിരപ്പാട്ട്.

കല്യാണി! വാ വാ കിളിക്കിടാവേ!
കല്യാണസൌഗന്ധികത്തെ ചൊൽവാൻ
നല്ലോരു സാധനമല്ലോ ബാലേ!
എങ്കിലോ കേട്ടാലും മങ്കമാരേ!
എങ്കൽനിന്നത്ര കഥാമൃതങ്ങൾ
ധൎമ്മജൻ ഭീമൻ നകുലൻ പാൎത്ഥൻ
ധാൎമ്മികനായ സഹദേവനും
നന്മൊഴിയാളായ പാഞ്ചാലിയും
നന്മ വരുവാൻ വനങ്ങൾതോറും
തീൎത്ഥങ്ങളാടി നടക്കുംകാലം
പാൎത്ഥന്മാരാനന്ദം പൂണ്ടുകൊണ്ടു
ഗന്ധമാദനാദ്രിതന്റെ താഴെ
ചന്തത്തിലങ്ങു നടക്കുംകാലം
ഗന്ധവാഹന്റെ പരിമളത്തെ
ബന്ധംകൂടാതെയറിഞ്ഞു മെല്ലെ
ബന്ധുരാംഗിയാകും യാജ്ഞസേനി
ഗന്ധവാഹാത്മജനോടും ചൊന്നാൾ
എത്രയും നല്ലോരു സൌരഭ്യത്തെ
തത്ര വരുന്നതു പാൎത്തു കാൺക
ഇത്ര നാളും ഞാനറിയുന്നില്ലേ

ഇത്തരമുള്ളൊരു ചാരുഗന്ധം
ഉത്തരദിക്കിൽനിന്നിപ്രകാരം
ഉത്തമമാകും പരിമളത്തെ
സത്വരമിങ്ങു വരുന്നു നാഥ!
സംശയമില്ലെന്നറിക നാഥാ!
ദിവ്യമായുള്ള കുസുമത്തിന്റെ
ദിവ്യസൌരഭ്യമിതെന്നു തോന്നും
അങ്ങിനെയുള്ളൊരു പുഷ്പമിപ്പോൾ
എങ്ങാനുമുണ്ടെന്നവസ്ഥ വന്നു
ഇങ്ങതു കൊണ്ടുവരുവാനുള്ള
സംഗതിയുണ്ടാമോ ജീവനാഥാ!
എറ്റമുണ്ടാഗ്രഹമെന്മനസ്സിൽ
എന്നുടെ വല്ലഭ! ചിന്തിച്ചാലും
വായു വരുന്ന വഴിയും നോക്കി
വായുതനയ! നീ പോകവേണം
വല്ലേടമെങ്കിലും ചെന്നുപോരാൻ
നല്ലൊരുപായം നിനക്കുണ്ടല്ലൊ
എന്നെക്കുറിച്ചുണ്ടു നിനക്കെന്നാകിൽ
എന്നുടെ മോഹം നീ സാധിപ്പിയ്ക്കും
മററാരുമോർത്താലെളുതല്ലല്ലൊ
മാരുതപുത്രൻ ഭവാനല്ലാതെ
ദുർമ്മോഹമേററം തുടങ്ങീടുന്നു
ദുസ്സ്വഭാവമുള്ള നാരിമാരിൽ
വൈരസ്യമുണ്ടാം പുരുഷന്മാൎക്കു
വൈപരീത്യമോൎക്കാതെ ചോദ്യം ചെയ്താൽ

കണ്ടതും കേട്ടതുമാഗ്രഹിച്ചു
കൊണ്ടുവരികെന്നു നിർബ്ബന്ധിച്ചാൽ
കാംക്ഷ കുറഞ്ഞു പോമത്രയല്ല
കണ്ടാലനർത്ഥമായ് ത്തീരുമല്ലോ
കണ്ടു തിരക്കുന്ന കാമിനിയെ
കൊണ്ടു പുറപ്പെട്ട പൂരുഷന്റെ
ഭോഷത്വമോർത്താൽ പരിഹസിക്കും
കണ്ടവർ കേട്ടവരെല്ലാമിപ്പോൾ
കാശും പണവുമിരന്നീടുന്നു
കാമിനിമാരിൽ കണവന്മാർക്ക്
ആശയില്ലാതെ ഭവിക്കും മേലിൽ
നല്ലതല്ലാതെയവർക്കിമില്ല
കള്ളപ്പൊന്മാനിന്റെ വേഷം കണ്ടി-
ട്ടുള്ളത്തിൽ മോഹിച്ച ജാനകിയെ
കട്ടുകൊണ്ടാശു തിരിച്ചാനപ്പോൾ
കശ്മലനായൊരു രാവണൻതാൻ
എന്നതുപോലെ തരുണിമാർക്കു
ഏറെ മോഹിച്ചാലനർത്ഥമുണ്ടാം
എന്നുള്ള മോഹം നിനക്കുണ്ടല്ലോ
എന്നാലുമിപ്പോളിപ്പുഷ്പം തന്നിൽ
കൌതുകം പാരമെനിക്കു നാഥാ!
കൌശലമുണ്ടെങ്കിൽ കൊണ്ടുവരേണം
എന്നുള്ള വാർത്തകൾ കേട്ടനേരം
നന്നായ് പ്രസാദിച്ചു ഭീമസേനൻ
കൊണ്ടുവരുവൻ ഞാൻ തെറ്റുകിടാതെ

കൊണ്ടൽനിറമുള്ള കല്യാണാംഗി!
ഇത്ഥം പറഞ്ഞു ഗദയെടുത്തു
തത്ര നിന്നാശു തിരിച്ചു ഭീമൻ
ഗന്ധമാദനൻ മുകളിലേറി
ഗന്ധവാഹാത്മജൻ സഞ്ചരിച്ചു
കാട്ടും മരങ്ങളും കല്ലും മുള്ളും
കാട്ടിൽ മരങ്ങളും തല്ലിത്തല്ലി
പാടേ തകർത്തു തിമർത്തുകൊണ്ടു
പാരാതെ വേഗം നടക്കുന്നേരം
വൃദ്ധനായുള്ളൊരു വാനരത്തെ
പദ്ധതിതന്നിലും കാണായ്വന്നു
പൊട്ടക്കുരങ്ങേ! നീ മാർഗ്ഗത്തിങ്കൽ
മിണ്ടാതെയെന്തു ശയിച്ചീടുന്നു?
നീങ്ങിക്കിടായെന്നു ഭീമസേനൻ
നീങ്ങാൻ വശമില്ലെന്നാഞ്ജനേയൻ
വാലങ്ങു നീക്കെന്നു ഭീമസേനൻ
നീക്കാൻ വശമില്ലെന്നാഞ്ജനേയൻ
മാർഗ്ഗം തരികെന്നു ഭീമസേനൻ
മാറിപ്പോയാലുമെന്നാഞ്ജനേയൻ
പേടികൂടാതെ പറഞ്ഞാൽ നിന്നെ
താഡിക്കുന്നുണ്ടെന്നു ഭീമസേനൻ
താഡിക്കവേണ്ട നീയെന്റെ ദേഹം
ചാടിക്കടക്കാമെന്നാഞ്ജനേയൻ
ശ്രീഹനുമാന്റെ കുലത്തിലുള്ള

ദേഹത്തെ ലംഘിക്കുന്നില്ല ഭീമൻ
വാലും വഴിതന്നിൽനിന്നു നീക്കി
വൈകാതെ പോകെന്നു ശ്രീഹനുമാൻ
വാനരന്മാരുടെ വാല്യ തൊട്ടാൽ
നാണക്കേടുണ്ടെന്നു ഭീമസേനൻ
എന്നാലിളക്കാതിരുന്നു കൊൾക
എന്നുടെ വാലിപ്പോൾ നീക്കിക്കൂടാ
എന്നതുകേട്ടങ്ങിളക്കവാനായ്
കുന്തീകുമാരൻ ഗദയുംകൊണ്ടു
അന്തികേ ചെന്നു പ്രയത്നംചെയ്തു
ഒന്നുചെയ്താലുമിളകുന്നില്ല
എന്തൊരു വിസ്മയമെന്നു ഭീമൻ
കുന്നുകളേഴുമിളക്കിയേക്കാ-
മെന്നാലും വാലങ്ങിളക്കിക്കൂടാ
ആരെടോ! നീയെന്നു ചോദിച്ചപ്പോൾ
നേരുരചെയ്തു കപികുലേന്ദ്രൻ
നിന്നുടെയഗ്രജൻ ഞാൻ താനത്രെ
എന്നുരചെയ്തു വിരവിനോടേ
തന്നുടെ രൂപം പ്രകാശിപ്പിച്ചു
നിന്നു ഹനൂമാനുമഗ്രഭാഗേ
ചൊല്ലേറുണ്ടഭീമൻ ഹനുമാൻതന്റെ
തൃക്കാക്കൽ വീണു നമസ്കരിച്ചു
കയ്യും പിടിച്ചു കനിവിനോടേ
മെയ്യിലണച്ചു പുണർന്നുകൊണ്ടു
ശ്രീരാമഭക്തനരുളിച്ചെയ്തു

വീരാ! ധരിയ്ക്ക നീ ഭീമസേനാ!
സൌഗന്ധികപുഷ്പം കൊണ്ടുവന്നു
സൌഭാഗ്യമുള്ളൊരു പാഞ്ചാലിക്കു
ചൂടുവാനാശു കൊടുത്താലും നീ
വിത്തേശൻ തന്റെ കുളത്തിലുണ്ട്
പത്തരമാററുള്ള സൌഗന്ധികം
സത്വരം ചെന്നു പറിച്ചുകൊണ്ടു
ബദ്ധരോഷേണ ഗമിയ്ക്ക ഭീമ!
എന്നരുൾചെയ്തൊരു പൂർവ്വജനേ
വന്ദനം ചെയ്തു ഗമിച്ചു ഭീമൻ
വൈശ്രവണന്റെ കുളത്തിൽ ചെന്നു
വൈകാതെ പുഷ്പമറുക്കുന്നേരം
ക്രുദ്ധനായുള്ളൊരു രാക്ഷസേന്ദ്രൻ
ക്രോധേന ചെന്നു തടുത്തനേരം
താമസംകൂടാതെ ഭീമസേനൻ
താഡനംചെയ്തങ്ങു മണ്ടിപ്പിച്ചു
പുഷ്പങ്ങളെല്ലാമറുത്തുകൊണ്ടു
കെല്പോടേ വന്നിങ്ങു മോദത്തോടേ
പാഞ്ചാലിദേവിയ്ക്കു ദാനംചെയ്തു
വാഞ്ഛയാനുരൂപമനോഭിരാമൻ
ഭീമനെച്ചെന്നു പുണർന്നുകൊണ്ട്
സൌഗന്ധികപുഷ്പം ചൂടി മെല്ലേ
ഒന്നിച്ചു തന്നെ സുഖിച്ചുകൊണ്ടു
മന്ദഹാസത്തോടെ വാണാളല്ലോ
മെല്ലേപ്പറന്നുപോയ് പൈങ്കിളിയും
ചൊല്ലാൻ പൂമ്പൊയ്ക പുക്കാളേവം

# മത്സ്യഗന്ധികം


## തിരുവാതിരപ്പാട്ട്.

---

കിളിമകളേ! വന്നാലുമെന്നരികിൽ
തെളിവൊടൊരു സൽക്കഥ ചൊല്ലെന്നോടു
ശുകവധുതാനൊന്നതു കേട്ടനേരം
സുകവികളെ വന്ദിച്ചു ചൊല്ലീടിനാൾ
ഉപരിചരനെന്നൊരു ഭൂപൻ പണ്ടു
വിപിനഭുവി വേട്ടയാടീടുംകാലം
കമലമൊഴി കാന്തയെ ചിന്തിച്ചപ്പോൾ
നൃപവരനു ബീജസ്ഖലനമുണ്ടാ-
യതു വിഫലമാക്കരുതെന്നുറച്ചു
അധികബലമുള്ളൊരു പക്ഷികയ്യിൽ
ക്ഷിതിപതിതാനതു കൊടുത്തയച്ചു
മതിമുഖിതൻ കയ്യിൽ കൊടുപ്പതിന്നായ്
അവനതുകൊണ്ടങ്ങു പോകുന്നേരം
അപരനൊരു പക്ഷിപ്രവരൻ വന്നു
ഇരുവരുമായ്ക്കൊത്തിക്കലഹിച്ചപ്പോൾ
വിരവൊടിതു വീണിതു കാളിന്ദിയിൽ
കമലഭവശാപത്താൽ മത്സ്യമായി
യമുനയതിൽ വാഴുന്നൊരപ്സരസ്ത്രീ
അരചനുടെ ബീജം വിഴുങ്ങിയപ്പോൾ
അതുപൊഴുതു ഗർഭവുമുണ്ടായ്വന്നു

വലിയതടിയെന്നൊരു മത്സ്യംതന്നെ
മഹിതപതി മുക്കോൻ വലപിടിച്ചു
വലയിലകപ്പെട്ടു വിധിവശത്താൽ
അതുപൊഴുതേ മുക്കോൻ പിടിച്ചതിന്റെ
ഉദരമതു കീറിയ നേരത്തിങ്കൽ
മനുജശിശു രണ്ടിനെക്കാണായ്വന്നു
മനുജവരനായ്ക്കൊണ്ടു കാഴ്ചവെച്ചു
അവനിപതിയുണ്ണിയെത്താനെടുത്തു
അവനു കൊടുത്തീടിനാൻ കന്യകയെ
അവളെ വളർത്തീടിനാൻ മോദത്തോടെ
തരുണിമണിയെപ്പിന്നെ കാളിന്ദിയിൽ
യമുന കടത്തിടുവാനാക്കി മുക്കോൻ
അവളവിടെത്തോണി കടത്തും നാളിൽ
പരമഗുണശീലൻ പരാശരൻ താൻ
അരുണനുദിക്കുമ്പോളൊരു ദിവസം
യമുന കടന്നീടുവാനായ് വന്നു
മുറുകെ വരുത്തീടേണം തോണിയിപ്പോൾ
മറുകരയിൽ ചെന്നിട്ടു വേണമൂക്കാൻ
മുനിവചനമീവണ്ണം കേട്ടനേരം
മുറുകെ വരുത്തീടിനാൾ തോണിയപ്പോൾ
കുതുകമൊടേ മാമുനി തോണിയേറി
തൊഴുതവളും തോണി കരേറിക്കൊണ്ടു
വിരവിനൊടേ തോണി തുഴഞ്ഞുലഞ്ഞു
കരയുഗളശോഭയും കാർകുന്തലും
[illegible]ളും[illegible]വും രോമാളിയും

പനിമതി കൈക്കൂപ്പും മുഖവും കണ്ടു
മനമിളകിത്തീർന്നു മുനിവരനും
തരുണിമണിയെന്നെപ്പുണരേണമേ
ഇതു പറക യോഗ്യമോ മാമുനീന്ദ്ര!
പറവതിനുമുണ്ടു പണി വിശേഷം
പരിണയവും നാഥ! കഴിഞ്ഞതില്ല
അടിയനൊരു കൈവർത്തനാരിയല്ലോ
കൊടിയതൊരു മത്സ്യത്തിൻ ഗന്ധമുണ്ടു്
അടിയനുടെ മെയ്യിലതുമസഹ്യം
യമുനയുടെ നേരെ നടുവിലല്ലോ
അമരമതു വിട്ടാലൊഴുകും തോണി
ഇരുളകലെപ്പോയിപ്പുലർന്നു നേരം
ഇരുകരയുമുണ്ടു മഹാജനങ്ങൾ
ഇഹ കഴിവുണ്ടാമെന്നു മാമുനിയും
യമുനയുടെ നേരെ നടുവിലപ്പോൾ
അരിയമണൽത്തിട്ടൊന്നു കാണായ്വന്നു
അതിലവളാത്തോണിയണച്ചു കെട്ടി
അവളുടയ മത്സ്യഗന്ധത്തെപ്പോക്കി
മുനിയതൊരു കസ്തൂരിഗന്ധമാക്കി
ഇരുകരയും കാണാതെ മഞ്ഞുമാക്കി
അതിലവളും വിശ്വാസഭക്തി പൂണ്ടു
മുനിവരനോ മോദാൽ പുണർന്നിതവൾ
അതുപൊഴുതേ ഗർഭവുമുണ്ടായ്വന്നു
സുതനെയുടൻ പെററിതു കാളിതാനും
മുനികളതിൽ മുമ്പനാം വേദവ്യാസൻ
ജനകനുമായമ്മയുമാനന്ദിച്ചു
ഇതു കിളിയും ചൊല്ലിപ്പറന്നുപോയി
ഹിതമൊടവൾ പൂമ്പൊയ്കതന്നിൽ പുക്കു.



ഉഴിഞ്ഞാൽപ്പാട്ട്

# കൃഷ്ണലീല.

## ഊഞ്ഞാൽ പാട്ട്.

---

ഉണ്ണിയാം കൃഷ്ണൻ പണ്ടമ്പാടിയിൽ
ഉണ്ണിക്കിടാങ്ങളുമായ്ക്കലന്നു
മണ്ണിൽ കളിക്കുന്ന നേരത്തിങ്കൽ
മണ്ണു തിന്നിക്കണ്ണനെന്നൊരുണ്ണി
തിണ്ണം പറഞ്ഞതു കേട്ടേശോദ
ദണ്ഡിപ്പ്ലം കോലുമായ് പേടികാട്ടി
കണ്ണൻ കൈരണ്ടും പിടിച്ചുകൊണ്ടു
കണ്ണും ചുവത്തിപ്പറഞ്ഞീവണ്ണം
വെണ്ണയും പാലും മററുവ്വണ്ണമേ
എണ്ണമററോരോരോ സാധനങ്ങൾ
ഉണ്ണി വയർനിറവോളമെന്നും
കണ്ണാ തരുന്നല്ലോ ഞാൻ നിനക്കു
മണ്ണു തിന്നുന്നെന്തിനയ്യോ പാപം
നിണ്ണയം തല്ലുമെന്നോതിയപ്പോൾ
കണ്ണനതീവ ഭയപ്രകാരം
കണ്ണനീർ വാത്തു പറഞ്ഞീവണ്ണം
കണ്ണൻചിരട്ടയിൽ മണ്ണു വാരി
എണ്ണിയളന്നു കളിച്ചല്ലാതെ
മണ്ണൊരു നാഴികനേരം തിന്നിട്ടില്ല

കണ്ണാണെ ഞാൻ പൊളി ചൊല്ലുമെന്നു
ണ്ണീടരുതെന്നു കേട്ടു ചൊന്നാൾ
കണ്ണാ നിൻ വാസ്സിലകന്നീടുകെന്നാൽ
ദണ്ഡമതിന്നൊന്നു ഞാൻ കാണട്ടെ
ഉണ്ണി വായെല്ലാം തുറന്നുകാട്ടി
മണ്ണിൻപൊടികളെ നോക്കുന്നേരം
മണ്ണോടു ഭൂമി ഗിരി വനങ്ങൾ
അർണ്ണവമൊക്കെയും പാതാളവും
വിണ്ണവർനാട്ടും നഗരങ്ങളും
ചണ്ഡകിരണനും ചന്ദ്രൻതാനും
ഖണ്ഡപരശുവും ഭൂതങ്ങളും
ചണ്ഡികാദേവിയും പുത്രന്മാരും
പുണ്ഡരീകാക്ഷനും താർമകളും
ദണ്ഡധരനും തൻ ഭൃത്യന്മാരും
എണ്ണമില്ലാതുള്ള ലോകങ്ങളും
അണ്ഡസഹസ്രമെന്നല്ലനേകം
ഉണ്ണിപ്പവിഴവാസ്സന്നിൽ കണ്ടു
കണ്ണടച്ചാൾ പേടി പൂണ്ടെശോദ
ഉണ്ണി! വായ്പൂട്ടുപൂട്ടെന്നു ചൊല്ലി
ദണ്ഡം കലൎന്നു വിറച്ചീടുമ്പോൾ
അണ്ണാജക്കണ്ണൻ മുകുന്ദൻ കൃഷ്ണൻ
വർണ്ണിച്ചു ചൊല്ലിനാൻ ദാഹംകൊണ്ടും
അണ്ണാക്കും ചുണ്ടും വരളുന്നമ്മേ
ഉണ്ണുവാനമ്മിഞ്ഞ നൽകയെന്നു
കണ്ണാമൃതമാമ്മൊഴിയെക്കേട്ടു

കണ്ണും മിഴിച്ചു കുമാരൻ തന്റെ-
ഉണ്ണിയെന്നുള്ളൊരു ബോധം വന്നു
തൂൎണ്ണമെടുത്തു മുലകൊടുത്തു
പൂൎണ്ണസന്തോഷം വസിച്ചു യശോദ
ഉണ്ണിയിലേവം പലതും ചെയ്തു
പൂൎണ്ണകൃപാൎണ്ണവ കൃഷ്ണ പോററി
ദണ്ഡമകററി തുണയ്ക്കെപ്പോഴും
ദണ്ഡനമസ്കാരം ചെയ്തീടുന്നേൻ.
ഉണ്ണികൃഷ്ണൻ പെണ്ണുങ്ങൾ കണ്ടിടാതെ പോയിനല്ല
വണ്ണം തിരണ്ടുള്ളൊരാൽമരമൊത്തിയൊന്നി മന്ദംമന്ദം
കരയേറി നന്നായൊരുകൊമ്പിൽ ചെന്നിരുന്നു
ഖിന്നതയെന്യേ ഗൂഢം ഗൂഢം
കണ്ണനെക്കാണാഞ്ഞു പാരം ശോകംപൂണ്ടു യശോദ
പെണ്ണുങ്ങളോടൊത്തു കൃഷ്ണനെ നോക്കി നോക്കി
കാണാഞ്ഞതിതാപം പൂണ്ടിട്ടേണാങ്കാനനമാർ
കേണുകൊണ്ടു കണ്ണായെന്നതി തിണ്ണംതിണ്ണം
കണ്ണാ കണ്ണാ കടൽവൎണ്ണാ ഉണ്ണി നീയെങ്ങയ്യോ
വെണ്ണ നല്കാം വന്നാലുമിഹ വേഗം വേഗം
പെണ്ണുങ്ങളിങ്ങിനെയോരോന്നോതിയോതി-
ത്തിരഞ്ഞതൎണ്ണോജാക്ഷൻതന്നെയുമുള്ളിൽ നണ്ണി നണ്ണി
വാടിത്തളൎന്നങ്ങുമിങ്ങും ഓടിക്കേണീടുമ്പോൾ
ആടിയാലേറീടും കണ്ണനു മോദം മോദം
കയ്യും മാറിൽ വെച്ചു മേല്പോട്ടേക്കു നോക്കുംനേരം
പയ്യെ കാണായാലിന്മേൽ കളിയാടിയാടി
വന്നുതാപശോകത്തോടെ നിന്നൊ യശോദ ചൊന്നാൾ

നന്ദനായിറങ്ങിഹ വാ വാ മെല്ലെ മെല്ലെ
ഉണ്ണിയിങ്ങിറങ്ങിവന്നാൽ നല്കീടാം ഞാൻ തവ
വെണ്ണയിതു കണ്ടീലേ ബഹു ധാമം ധാമം
ബാലകൻ കണ്ടതിമോദാൽ ചാടികീഴ്പട്ടപ്പോൾ
ആലിൻതെല്ലാൽ കെട്ടി കിങ്ങിണി ചിത്രം ചിത്രം
കാൽ കൈകുടഞ്ഞാടീടയും പേടിയെന്ന്യേയോരോ
ലീലകൾ കാട്ടിടേയും കരം കൊട്ടിക്കൊട്ടി
വെന്തുവെന്ത ചിന്തയോടും ഗൌരിയേ യശോദ
ചിന്തിച്ചു സ്തുതിച്ചതത്ഭുതസാരം സാരം
പാഹി പാഹി മഹേശ്വരീ ശങ്കരീ പാഹി മാമകജീവകുമാ
(രകാ

നീലക്കാർമുകിൽ വർണ്ണനാമുണ്ണിയെ
നീലകണ്ഠകുഡുംബിനി സന്തതം പാഹി
ആലിലചില്ലിൽ കെട്ടുപെട്ടാടുന്ന
ബാലകനോതുമല്ലൽ പിണയാതെ പാഹി
മെത്ത തന്നിൽ കിടത്തിയുറക്കിയ
പുത്രനീവണ്ണമെത്തുവാനെന്തയ്യോ പാഹി

ഇങ്ങിനെ സ്തുതിക്കുന്നേരം കണ്ടു കൃഷ്ണൻ താഴെയെങ്ങും
വിളങ്ങീടും പുഞ്ചിരി തൂകിത്തൂകി
ബാലനെച്ചെന്നെടുത്തവർ മോദത്തോടെ
പോയാർ മാലയമണഞ്ഞമ്മിഞ്ഞകൾ നല്കി നല്കി
ഉത്തരമോരോരോ ലീല കാട്ടിക്കാട്ടി
ഗോപപത്തനേ വിളങ്ങിയ കൃഷ്ണ പാഹി പാഹി
ദർപ്പണത്തിൽ കണ്ട പന്തിശ്രാദ്ധബാലകൃതി
ചെപ്പണിമുലമാർപാടുകിൽ മോടിമോടി.

കേരള സാഹിത്യ അക്കാദമി



കുറത്തിപ്പാട്ട്.

# രാമായണം

## കുറത്തിപ്പാട്ട്

ശ്രീഭുവനം നാടുതോറും നാടു നല്ല ദേശം
ഈ ഭുവനം തന്നിലേ പ്രസിദ്ധമുള്ള നാടു
കന്നമൂന്നാം നാട്ടിലെപ്പിറന്നൊരു കുറത്തി
വിഷ്ണുവിങ്കൽ ഭക്തിയോടെ വിശ്വസിച്ചൊരുത്തൻ
ഭക്തനായ നൽക്കുറവൻ വേട്ടുകൊണ്ടവളെ
ഇഷ്ടമോടെ പട്ടണത്തിൽ വാഴുന്നോരു കാലം
ഏകശക്രനൊന്നാങ്ങൊരു ബാലനും പിറന്നു
ആറുമാസം ബാലനു കഴിഞ്ഞതേയുള്ളൂ
അന്നൊരുനാളു കുറവനാക്കുറത്തിതന്നെ
മെല്ലവേ വിളിച്ചരികിൽ ചേർത്തുകൊണ്ടു ചൊല്ലി:
ഇന്നിവിടെനിന്നു നാം പുറപ്പെടുക ബാലേ!
നമ്മുടയ ജാതിധർമ്മങ്ങിനെയുള്ള
ജാതിധർമ്മം ചെയ്കീലെങ്കിൽ പാപകർമ്മമുണ്ടാം
ഊരുചുറ്റിസ്സഞ്ചരിച്ചാൽ പാപകർമ്മം തീരും
വീടുപുക്കിരുന്നുകൊണ്ടാൽ പാപകർമ്മമുണ്ടാം
എന്നതിനാലിന്നു ഞാൻ പുറപ്പെടുന്നു ബാലേ!
മന്ദിരത്തിലൊക്കവേയിരുന്നുകൊൾവാനായി
എന്നതു പറഞ്ഞവനാക്കുറവനപ്പോൾ
പൂണിയുമെടുത്തുടനെ തൻവടിമേൽ ചേർത്തു
ചെപ്പടിക്കളികളുടെ വട്ടമങ്ങു കൂട്ടി

പാമ്പിനെപ്പിടിച്ചിട്ടന്ന കൂട്ടമതെടുത്തു
വാനരത്താനെ വിളിച്ചു മുമ്പിലങ്ങു നിർത്തി
അക്കഥകൾ കണ്ടനേരമക്കുറത്തി താനും
കൃഷ്ണനിറം ചേലയുമെടുത്തവളുടുത്തു
ഒട്ടുചേലകൊണ്ടവളങ്ങുത്തരീയം കെട്ടി
ഉത്തരീയം കെട്ടിയതിൽ കുട്ടിയേയുമിട്ടു
വട്ടികൾ കലം ചിരട്ടയെന്നിവളെടുത്തു
തന്തനിത്തനാസ്തിനൊന്ന പാട്ടുമവൾ പാടി
ഊരുചുററിസ്സഞ്ചരിച്ചും കാലമവരപ്പോൾ
ഭിക്ഷയുമിരന്നു നടകൊണ്ടവരുമന്നു്
ചൊല്ലെഴുന്നയോദ്ധ്യാപുരി തന്നിലകം പുക്ക
ചൊൽപെരിയ നാരിമാരെ മൂവരേയും കണ്ടു
മന്നവനുടയതൊരു വന്തടി കുറത്തി
നിന്നെ ഞാങ്കൾ കാണവേണമെന്നിരുന്നു മുന്നം
പുത്രരില്ലാ ഞങ്ങൾക്കതിദുഃഖകാലം പാരം
നാങ്കളുടെ കൈകൾ പാർത്തു ലക്ഷണത്തെച്ചൊല്ലു
കൌസല്യാ കൈകേയിയും സുമിത്രയും കൈകാട്ടു
എന്നതിനെ കേട്ടവരും കൈകളങ്ങു നീട്ടി
നിങ്കളുടെ കൈക്കു നല്ല യോഗമുണ്ടു ചൊൽവാൻ
മൂന്നു മാതാക്കൾക്കുകൂടി നാലു പുത്രരുണ്ടാം
നാൽവരിലും മൂത്തവനു രാമനെന്നു പേരാം
അക്കുമാരൻതന്നെ നിങ്ങൾ വിശ്വസിച്ചുകൊൾവിൻ
കേളികേട്ട രാമനങ്ങു നാടുവിട്ടു പോകും
മുക്തി വടസിദ്ധനാകും അത്തലില്ലാ ചൊൽവാൻ
ഓത്തും മുനി വാണിയവൻതന്നെയും വരുത്തി

മാമുനിതാൻ വന്നിവിടെ യാഗവും കഴിച്ചും
യാഗത്തിങ്കൽനിന്നുടനേ പായസം ലഭിച്ചും
പായസത്തെ വാങ്കി നിങ്ങൾ മൂവരും ഭുജിച്ചും
മൂത്തയമ്മതന്നിലൊരു പുത്തിരൻ പിറക്കും
മൂന്നുലോകമുടയപിള്ള കൌസല്യക്കുമുണ്ടാം
വാരിളംകൊങ്കയാളാമിളയവൾക്കു രണ്ടു
ബാലരിവർ നാൽവരിലും മൂത്തതങ്ങു രാമൻ
കീൎത്തിയുള്ള ബാലകരിരുപേരുമായൊത്തു
കീൎത്തിയായി മുററുമേ സുഖിച്ചു വാഴും കാലം
കൌശികനാം മാമുനീന്ദ്രനിപ്പുരിയിൽ വന്നു
യാഗരക്ഷ ചെയ്യുതിന്നു രാമനെ അയപ്പാൻ
മോദമോടരശനോടു ചൊല്ലുമെടിയമ്മേ
ഏഴരണ്ടുലോകനാഥനോരരശനെ വിളിച്ചു
ലക്ഷ്മണനെയും വിളിച്ചു പോകയെന്നു ചൊല്ലും
മാമുനി തെളിഞ്ഞവരെ കൂട്ടിക്കൊണ്ടുപോകും
ബലയുമതിബലയുമിതിമന്ത്രവും കൊടുക്കും
കാടകത്തു ചെല്ലുന്നേരം താടകയെക്കൊല്ലും
രാക്ഷസരെക്കൊന്നു യാഗരക്ഷയതു ചെയ്യും
കല്ലതായ്ക്കിടന്നതൊരഹല്യതൻെറ ദേഹേ
കാലു വെച്ചു രാമനങ്ങു മോക്ഷവും കൊടുക്കും
ജനകപുരം തന്നിൽ ചെല്ലും വിവാഹമതു കാണ്മാൻ
മുപ്പുരാരിതൻെറ പള്ളിവില്ലതു മുറിക്കും
കെല്പിനോടെ സീതേയങ്ങു വേട്ടുകൊണ്ടു പോരും
വേളിയും കഴിഞ്ഞുടനേ പോരുംവഴിതന്നിൽ
പരശുരാമൻ കണ്ടനേരം മാൎഗ്ഗവും തടുക്കും

പരശുരാമൻതന്നൊജ്ജയിച്ചയോദ്ധ്യയതിൽ പോരും
പന്തിരാണ്ടു കാലമങ്ങു സൈഖ്യമായ്പ്പസിക്കും
രാജ്യഭാരം രാമനു കൊടുക്കയെന്നു ചൊല്ലും
രാജ്യവാസിയായുള്ളോരെ ക്കയും വരുത്തും
മൂത്തയമ്മ തന്നുടയ വാക്കുകളാൽ ചൊല്ലും
എന്മകനു രാജ്യം തന്നിൽ വാഴിക്കേണമെന്നും
രാമനെ വനത്തിലേയ്ക്കയക്കവേണമെന്നും
എന്നമൊഴി കേട്ടരശൻ മോഹിച്ചങ്ങു വീഴും
രാമനും വനത്തിലേയ്ക്കു യാത്രയങ്ങു പോകും
കായനാദി എന്നു പുഴ കണ്ടവിടെ നില്ക്കും
ഭക്തനാം ഗുഹവെന്നൊ ചെന്നു കടത്തീടും
വാഹിനി കടന്നുടനെയക്കരെയ്ക്കു ചെല്ലും
ഭക്തനാം ഭരതനുമവിടെച്ചെന്നു കാണും
നീതിയോടനുജനെയയോദ്ധ്യയ്ക്കുമയയ്ക്കും
ദിവ്യനായഗസ്ത്യനേയും കണ്ടു വന്ദിച്ചീടും
ജാനകിയും ലക്ഷ്മണനും രാഘവനുമായി
പഞ്ചവടിയായ പുണ്യദേശമതിൽ ചെല്ലും
കാനനത്തിൽ ചൊൽപെരിയ പഞ്ചവടിതീരേ
പർണ്ണശാലകെട്ടിയങ്ങിരിയ്ക്കുമെടിയമ്മേ
ആദ്യരാത്രിയും കഴിഞ്ഞുകൂട്ടമെടിയമ്മേ
രാക്ഷസർകുലത്തിലൊരു ശൂർനാരി വന്നു
നീതികെട്ട വാർത്തയെല്ലാം പേശുമെടിയമ്മേ
രാമനതു പോതിയന്നു പോകയെന്നു ചൊല്ലും
ലക്ഷ്മണനും കോപമോടെ മൂക്കുമുല ചെത്തും
കോപമോടലറി അവൻ മുമ്പിലവൾ വീഴും

ദൂഷണത്രിശിരാക്കളോൽ യുദ്ധവും തുടങ്ങും
മൂന്നേമുക്കാൽനാഴികയിൽ രാമനാങ്ങവരെ
കാലപുരം തന്നിലേസ്സ്, യാത്രയുമയസ്സും
രാക്ഷസി ശമിച്ചുടനെ രാവണനോടറിയും
വാർത്തയങ്ങവളുടനെ രാവണനോടൽ ചൊല്ലും
രാമനാത്രു ചെയ്യിതെന്നു രാവണനും കേൾക്കും
രാവണനുടനെ ചെന്നു മാരീചനൊക്കാണും
ചെന്നുടനെ പൊന്മാനായ്ക്കളിക്കവേണമെന്നും
എന്നതിനെക്കേട്ടവനും വേഗമോടെ തന്നെ
പൊൻനിറം കലന്നൊരു പൊന്മാനായി തീൻ
സീതമുമ്പിൽ ചെന്നു വിളയാടുമേ മാരീചൻ
മാനിനേയും കണ്ടു സീത രാമനോടു ചൊല്ലും
മാനിനെപ്പിടിച്ചുതരവേണമേയെന്നിസ്സു
മാൻപിടിപ്പാൻ രാമനങ്ങു പോകമെടിയമ്മേ
ഭിക്ഷുരൂപമായിട്ടപ്പോൾ രാവണനമെത്തും
അന്നു സീതേക്കട്ടുകൊണ്ടു പോകമെടിയമ്മേ
പോകുംവഴി തന്നിലൊരു പക്ഷിയും തടുക്കും
പക്ഷിയോടു യുദ്ധം ചെയ്തു പക്ഷം വെട്ടിപ്പോകും
പിന്നെയങ്ങവളേക്കൊണ്ടു ലങ്കയിലിരുത്തും
രാമനാർത്തിപൂണ്ടുടനെ തമ്പിയോടും കൂടി
കാനനത്തിൽ കേറി നീളെ നോക്കമെടിയമ്മേ
ഭക്തനാം ജടായുതന്നെ വാർത്തയെല്ലാം ചൊല്ലും
പുണ്യനായ പക്ഷിയ്ക്കങ്ങു മോക്ഷവും കൊടുക്കും
അക്സുതനാമലമേൽ ചെടിയോടിരിസ്സും
സുഗ്രീവനെക്കണ്ടുടനേ സഖ്യവും കഴിസ്സും

ദുന്ദുഭിതലയെടുത്താങ്ങംബരേയെറിയും
ഏഴുമരം ചേർത്തുപിളർന്നീടുമെടി രാമൻ
വീരനായ ബാലിയേയും കൊല്ലുമെടിയമ്മേ
ഏളയവൻ നാടുകൊടുത്തീടുമെടി രാമൻ
വായുപുത്രൻ വാരിധി കടന്നു ചാടിച്ചെന്നു
ജാനകിയെക്കണ്ടുടനെ വാർത്തയും പറഞ്ഞു
അംഗുലീയവും കൊടുത്തു ചൂഡാരത്നം വാങ്ങി
ലങ്ക ചുട്ടു വൻകടലും ചാടിയങ്ങു പോരും
ചൂഡാരത്നം കൊണ്ടുവന്നു രാഘവനു നൽകും
വാനരരുമൊത്തുടൻ നിരൂപണം തുടങ്ങും
വാരിധിയിൽ വൻചിറയും കെട്ടുമെടിയമ്മേ
രാവണനെ കൊൽകയെന്നു ദേവകളും ചൊല്ലും
അക്കരയ്ക്കു ചെന്നുടനെ രാവണനെക്കൊല്ലും
ഇഷ്ടനാം വിഭീഷണന്നു രാജ്യവും കൊടുക്കും
തരുണിമണിയായ സീത തിയ്യിലുടൻ ചാടും
ശുദ്ധിയും വരുത്തിയങ്ങയോദ്ധ്യയിങ്കൽ വാഴും
അമ്മെനിയ്ക്കു നല്ലതൊരു ചേല തരവേണം
ചേലകോണിൽ നാലുപണം കെട്ടിത്തരവേണം
കയ്യിലിടും മോതിരത്തേലൊന്നു തരവേണം
കങ്കണങ്ങൾ താലി മാല പീലി തരവേണം
ഏങ്കൾക്കു പോകവേണം പോകവേണം തായേ
കഞ്ഞിനിയ്ക്കു കഞ്ഞികൊടു ചോറുകൊടെന്നമ്മേ
കുട്ടിത്താലെയ്ക്കെണ്ണകൊടു തവിടുകൊടെന്നമ്മേ
കഞ്ഞിത്തെളി കൊഞ്ചമെന്നാൽ കാടി കൊടെന്നമ്മേ
കൂടെവന്ന കൂട്ടരുക്കു ചോറുകൊടെന്നമ്മേ

കാളകൂത്തും കഴുത്തൂപ്പാകും പൃഷകളെടിയമ്മേ
കാക്കതിന്നും കഴുവൻ തിന്നും നാങ്കളെടിയമ്മേ
കാക്കയാർകുലത്തിൻ നാങ്കൾ പാണ്ടിയിൽ പിറന്നു
നാങ്കളുടെ ജന്മമതു നീങ്കളറിവില്ലേ
ഇപ്പടി ഞാൻ ചൊന്നതെല്ലാമൊത്തുവരവാഞ്ഞാൽ
നാക്കറുത്തുപോട്ടവേൻ ഞാൻ കണ്ണുകളത്താണേ
ചോതിമുഖനാണെ വേദനാണെ പൂഷവനാണെ
രാമനാണെ സത്യമിതു നാങ്കൾ ചൊന്നതെല്ലാം.

---

## കുമ്മി.

കേരള സാഹിത്യ അക്കാദമി

ശ്രീമദനന്തപുരത്തിലെഴും സ്വാമി
ശ്രീപത്മനാഭന്റെ പാദപത്മം
നാമിന്നു ചിന്തിച്ചു പാർവ്വതി റാണിയെ
വന്ദിച്ചു വാഴ്ത്തിക്കളിച്ചിടേണം സഭാ
വന്ദിച്ചു കുമ്മിയടിച്ചിടേണം
ശങ്കവെടിഞ്ഞു സഭയോടുവിലിന്നു
മങ്കമാരേ നിങ്ങൾ വന്നീടുവിൻ
കങ്കണജാലം കിലുങ്ങവെ ചെങ്കയ്യിൽ
താളംപിടിച്ചു നിരങ്കുശാലീലം ഭൂര
പാദപങ്കജമൂലം നിനച്ചു നാം
രംഗത്തിൽ മൃദംഗാദ്യനി
സംഗീതവിധങ്ങൾക്കനു-
കൂലത്തിൽ കുമ്മിയടിച്ചിടേണം നല്ല
മേളത്തിൽ കുമ്മിയടിച്ചിടേണം

കല്പകവല്ലീകനകലതേ സഖി
കാമപതാകേ കലാപവതി
ഉല്പലമാലേ നടനത്തിലുദ്യോഗശീലേ
വഞ്ചീശ്വരി കെല്പോടു ചാലേയഭീഷ്ടം
കൊടുപ്പതുണ്ടാലേ! നിനാല്ക്കുമ്പോൾ
ചൊല്പൊങ്ങിന കല്പദ്രുമ-
മല്പം തൃണകല്പാകില-
തല്പരിതോഷം വളത്തീടുവാനിന്നു
ശില്പമാസ്കുമ്മിയടിച്ചീടേണം
രക്ഷാ ജനാദരൊക്കെ ചെയ്തീടുന്ന വഞ്ചി
രാജേശ്വരി തിരുമുമ്പിലിപ്പോൾ
പക്ഷണോന്മേഷം ചേരുംപടി
ശിക്ഷാവിശേഷം നാമെല്ലാരു-
മക്ഷീണമോഷം കാട്ടീടേണം
സാക്ഷാലലങ്കേഷം നവരസം ചേർത്തും
കൈകോത്തും മടി തീത്തും ജയമോത്തും
കളിയാടിക്കുമ്മിയടിച്ചീടേണം
പദം പാടിക്കുമ്മിയടിച്ചീടേണം
ഗുരുജനദൈവതവിശ്വാസവും
സവ്വഗുണദോഷജ്ഞാനവുമൌദാൎയ്യവും
പരിതാപം നീക്കും കടാക്ഷവും കരുണയും വാക്കും
ധമ്മത്തിങ്കൽ പരമൊരുനോക്കും
ഭാഗിശ്രീകൾ ചിരമുളവാക്കും സാമ്രാജ്യവും
ഭോഷ്ക്കല്ലിതു വാസ്കുന്നതു പാക്കുംപൊഴുതാക്കും നമഹി
യോഗ്യം സഭയിൽ നടിച്ചീടുവാൻ

നന്നു ഭാഗ്യം നമുക്കു നതാംഗിമാരേ
രോഷാദിദോഷങ്ങളില്ല തെല്ലും
വിഷ്ണു രുദ്രാണിഭക്തരിക്കിളക്കമില്ല
ദൂഷണം ചെറുംകൂടാതൊരു ഭൂഷണം
മുററും ധരണിസ്ത്രീ ശോഭന മുററും
പോരാ ഗുണഭാഷണമേററം
ചൊല്ലാൻ പാർക്കിലേതാ കിമു ദോഷാകര-
ഭൂഷേശ്വരയോഷാമണി
ഭാഷാഭഗവതിയോ രമയോ രാജ്ഞി
വേഷാഞ്ചിതമായ്വിളങ്ങിടുന്നു
പാരിതിലെങ്ങും പരന്നിടുന്നു
വഞ്ചി പാർവ്വതിറാണിതൻ കീർത്തിവല്ലി
താരിന്മണങ്ങൾ ദിശി
സൂരിഗണങ്ങൾ പുകഴ്ത്തുന്നു
ഭൂരിഗുണങ്ങൾ നൃപാമാത്യ
വീരജനങ്ങൾ ബഹുമാന-
ഭാരത്തോടു പാരത്തിഹ
നേരത്തുപചാരത്തോടു
പാരം നിറഞ്ഞ സഭാനടുവിലിന്നു
സാരമായ്ക്കുമ്മിയടിച്ചീടേണം
ഹിതമോടു രാമവർമ്മനൃപനെന്നും
നാട്ടിനിളമുറ മാർത്താണ്ഡവർമ്മനെന്നും
അതിപ്പുകൾ ചേരും രൂപം കണ്ടാൽ
മതിമദം തീരും സ്മരനൊന്നു നതനമെല്ലാരും

കൊണ്ടാടുന്ന സുതാരിരുവരും
ശ്രീരുഗ്മിണിക്ഷിതിതലേശ്വരി
സുതയുമിവരോടുമതിമുദാ
പാർവ്വതിമഹേശ്വരി മേദിനിതന്നിൽ
വിളങ്ങിടുവാനിന്നു
സാദരം കുമ്മിയടിച്ചിടേണം.

ദാമോദരനാം സന്തതിപ്പാട്ടും കുമ്മിപ്പാട്ടും സമാപ്തം.

# ഉത്തരരാമായണം.

---

## കുറത്തിപ്പാട്ട്.

അഞ്ചുവൎണ്ണമൊത്തീടുന്ന കൊഞ്ചൽമൊഴിയാളെ
നെഞ്ചകം തെളിഞ്ഞരികിൽ വന്നിരി ന്നി ബാലേ
പുഞ്ചനെൽമലർപൊടിയും പഞ്ചസാര പാലും
ചഞ്ചലവിലോചനേ തരുന്നതുണ്ടു ഞാനും
നെഞ്ചകം തെളിഞ്ഞൊരു കഥയുരചെയ്യാകിൽ
ചഞ്ചലാക്ഷിമാരിൽമൌലേ നന്നു നന്നു പാരം
എന്നതിനെക്കേട്ടു ശുകസുന്ദരിയാൾ മന്ദം
വന്നിരുന്നു പാൽ പഴം ഭുജിച്ചരുളിച്ചെയ്തു
ആനനമുഖനാം ഗണേശം വാണിമാതാവേയും
മാനസേ നിനച്ചു നല്ല വാൎത്തയരുൾചെയ്തു
മാനവനാകുന്ന രാമൻ ലക്ഷ്മണനുമൊത്തു
കാനനനിവാസികളാം വാനരപ്പടയും
മാനിയായ രാവണനെക്കൊന്നു ലങ്കാരാജ്യം
ദീനതകൂടാതവൻെറ സോദരനു നൽകി
മാനമോടെ പോന്നയോദ്ധ്യാ വാണിടുന്ന കാലം
അന്നു രാജ്യം തന്നിലുള്ള സൌഖ്യമതു ചൊൽവാൻ
പന്നഗാധീശനുപോലും യത്നമെന്നേ ചൊൽവൂ
ബാലമൃത്യുരോഗപീഡാ മാരണവുമില്ലാ
കാലവൎഷം വെയിലിനുമങ്ങൊട്ടും പിഴയില്ലാ
ഭൂമിയിൽ വിളവിനേതുമന്നു കുറവില്ലാ
കാമിനിമാൎക്കന്നു പരസ്ത്രീതചമെങ്ങുമില്ലാ

കാമപീഡകൊണ്ടു ചില നാശമേതുമില്ലാ
ഭൂമിസുരന്മാരെ നിന്ദിക്കുന്നവരുമില്ലാ
സ്വാമിഭക്തിയില്ലാത്ത ലോകരൊന്നുമില്ലാ
യാമിനിയിലാരുമെങ്ങും സഞ്ചരിപ്പതില്ലാ
നാമകീർത്തനങ്ങളാരുമുച്ചരിയാതില്ലാ
സോമരവിമാർഗ്ഗമന്നു ശോഭകുറവില്ലാ
സാമദാനഭേദദണ്ഡം ചിന്തിയാതോരില്ലാ
വിദ്യകൊണ്ടു മത്സരിക്കും കുത്സിതന്മാരില്ലാ
സത്സഭയെ വന്ദിയാത്ത കശ്മലന്മാരില്ലാ
കാനനത്തിൽ കണ്ണുപൂട്ടി വിത്തെറിഞ്ഞു പോന്നാൽ
കാലികൾ കടന്നു നശിപ്പിക്കുമാറുമില്ലാ
മൂഷികനോടൊത്തു കളിച്ചീടുമേ മാർജ്ജാരൻ
വ്യാഘ്രവൃന്ദം ഗോക്കളുമായൊത്തുടൻ കളിക്കും
വാരണത്തോടൊത്തു കളിച്ചീടുമങ്ങു സിംഹം
ശ്വാക്കളോടു പന്നിവൃന്ദം കൂടവേ നടക്കും
ഇങ്ങിനെ സുഖിച്ചു വസിച്ചീടുന്നൊരു കാലം
മംഗലാംഗിയായ സീതക്കുത്ഭവിച്ചു ഗർഭം
മംഗലം വസിച്ചു ലോകവാസികളുമെല്ലാം
അന്നൊരുനാൾ സീതയെ വിളിച്ചുരുളി രാമൻ
സുന്ദരീമണി സുശീലേ കണ്ണൽമിഴിയാളേ
നിന്നുടെയ വാഞ്ഛിതം പറക മടിയാതെ
ഗർഭിണിമാരാഗ്രഹിച്ചതൊക്കവേ കൊടാഞ്ഞാ-
ലർഭകന്മാർ നല്ലവരായുത്ഭവിക്കയില്ലാ
എന്ന വാക്കു കേട്ടു സീതാ മന്ദമായുരച്ചു
ഉല്പലവിലോചന മൽക്കാന്ത കരുണാബ്ധേ

നിൻപാദത്തെപ്പാലനാവുംചെയ്തു വാഴുംകാലം
എൻപുരാനെയെന്നിയേതും വാഞ്ഛയില്ല നാഥ
എങ്കിലുമൊന്നിങ്കലുള്ളമുണ്ടതു പറയാം
ശങ്കയൊട്ടും മാനസത്തിൽ തോന്നിടാസ്സവേണം
പണ്ടു നാം വനത്തിലേക്ക പോയിടുന്ന കാലം
കണ്ടു ചില മാമുനിമാർ ഭാര്യമാരുമായി
കുന്ദതവെടിഞ്ഞു വസിച്ചീടുന്നതു കാണ്മാൻ
ഉണ്ടു നാമുക്കല്പമുള്ളിലാശയിരിക്കുന്നു
അല്ലയാതെ മററിനിക്കില്ലാഗ്രഹം മനസ്സിൽ
മല്ലബാണതുല്യകാന്ത കല്യമതേ ദേവ
എന്നു സീതാ ചൊന്നനേരം രാമദേവൻതാനും
എങ്കിലതടുത്തദിനം ചെയ്യുന്നൊന്നു ചൊല്ലി
പങ്കജാക്ഷി മാനസത്തെശ്ശാന്തമാക്കി രാമൻ
ഗർഗ്ഗനാദിമാമുനിമാരനു രാമം കാണ്മാൻ
നിർഗ്ഗമിച്ചീടുന്നനേരം കേട്ടൊരു കലഹം
വിക്രമിയായുള്ളൊരുത്തൻ ഭാര്യയോടെതൃത്തു
ദുഷ്കൃതപ്രവൃത്തിചെയ്യുന്നെത്രയും കഠോരം
ഇന്നലെപ്പോയുറെറാരു ഗൃഹമതിൽ വസിച്ചു
ഇന്നിവിടെ വന്ന നിന്നെക്കാട്ടിടുന്നതുണ്ടു
അല്ലയാസ്കിൽപോകടീ നീയിന്നലത്തെ വീട്ടിൽ
രാമനുടെ ഭാര്യയായ സീതയെപ്പിടിച്ചു
കാമിയാം ദശാസ്യനൊരു വത്സരം പാർപ്പിച്ചു
ഭൂമിപതിയായ രാമൻ പിന്നെയുമവളെ
കാമിനിയായങ്ങു കൊണ്ടുവെച്ചതിനെപ്പോലെ
നാമിരുവരൊത്തു വസിച്ചീടുകില്ല മൂഢേ

പോമിവിടെനല്ലയാസ്ഥിൽ പോകുവൻ ഞാനിപ്പോൾ
ഇത്തരം പറഞ്ഞടിച്ചു മസ്തകം പൊടിച്ചു
സത്വരം മുടി പിടിച്ചു ഭൂമിയിലിഴച്ചു
ചത്തപോലെ ഭൂമിതന്നിൽ വീണിടുന്ന നേരം
ഹസ്തയുഗ്മം തൂക്കി വലിച്ചൂക്കിനോടെറിഞ്ഞു
എന്നതിനെ കേട്ടു മുനിമാരുമെഴുന്നെള്ളി
മന്നവനാം രാമനേയും ചെന്നുകണ്ട നേരം
രാമദേവൻ മോദമോടെ വന്ദനവും ചെയ്തു
സാമവാക്കുകൊണ്ടു ലോകവാർത്തകൾ ചോദിച്ചു
നാടുവാണിരിക്കകൊണ്ടു നാശമുണ്ടോ ലോകേ
നാടുചുററി സഞ്ചരിക്കുമീശ്വരന്മാർ നിങ്ങൾ
നാട്ടിലുള്ള വാർത്തയെല്ലാം കേട്ടുകേളിയില്ലേ
രാമവാക്യം കേട്ടനേരം മാമുനിമാർ ചൊന്നാർ
രാമനാമം നല്ലതെന്നേ ചൊൽവതുള്ളൂ ലോകർ
രാക്ഷസനാം രാവണനെ കൊന്നു ലോകം മൂന്നും
രക്ഷചെയ്തുകൊണ്ടു ലോകമൊക്കയും വിശുദ്ധം
എന്നതിനെ കേട്ടു രാമൻ പിന്നെയും ചോദിച്ചു
എന്നുമേ ഗുണദോഷങ്ങൾ മിശ്രമായിട്ടുള്ളു
നല്ലതെന്നല്ലാതെ മററു ചൊല്ലുവതില്ലാരും
ഇല്ല നാമുക്കപ്രിയമതുളീടേണം നിങ്ങൾ
എന്നതു കേട്ടമ്മുനിമാർ പിന്നെയും പറഞ്ഞു
മന്നവശിഖാമണേ മധുമഥനനാഥ
ഇന്നോരപവാദമുണ്ടു മന്നിൽ നടക്കുന്നു
നിന്നിലുള്ള പേടികൊണ്ടു മിണ്ടുകയില്ലാരും
കന്നൽമിഴിയായ സീത രാക്ഷസേന്ദ്രഗേഹേ

ച്ചററിവാണു വത്സരമൊന്നന്നവിടെയോർത്താൽ
ഉററവരുമില്ല മററുടയവരുമില്ല
മാററൊന്നല്ലാതെ മററവിടെയാരുമില്ല
കുററമതുകൊണ്ടു ചിലർ ചൊൽവതുണ്ടു ഗൂഢം
മറെറാരു ദോഷങ്ങളാരും ചെററു ചൊൽവതില്ല
ഇത്തരം മുനിവചനം കേട്ടു രഘുനാഥൻ
ചിത്തമോദമോടു മുനിമാരെയുമയച്ചു
ഉത്തമന്മാരായ നിജസോദരരെയെല്ലാം
സത്വരം വരുത്തുകെന്നയച്ചു ദൂതന്മാരെ
വന്നവരും രാമപാദേ വന്ദനവും ചെയ്തു
നന്ദിപൂണ്ടു നില്പവരോടൊന്നുരച്ചു രാമൻ
മന്ദഹാസംപൂണ്ടു മധുവാക്യമരുൾചെയ്തു
നമ്മുടയ രാജ്യപരിപാലനത്തിന്നിപ്പോൾ
നന്മവരുവാനിതൊന്നു ഞാനുരചെയ്യുമ്പോൾ
നിർമ്മലന്മാരായ നിങ്ങൾ സമ്മതിച്ചീടേണം
അല്ലയെന്നതാരുമൊന്നു ചൊല്ലരുതെന്നോടു
രാമവാക്യം കേട്ടനേരം സോദരന്മാർ ചൊന്നാർ
വല്ലതുമരുളിച്ചെയ്തു ഞങ്ങളോടെന്നാകിൽ
ഇല്ലൊരു വിവാദമതു ചെയ്വതിന്നു ഞങ്ങൾ
മല്ലബാണവൈരിയാണ തെല്ലുമില്ല നീക്കം
ലക്ഷ്മീപതിയെന്നനേരമെന്നരുളിച്ചെയ്തു
ലക്ഷ്മണ നിന്നോടു ഞാനതൊന്നുരചെയ്യുന്നു
വാരിജാക്ഷിയായ സീതാദേവിയെ നീ നാളെ
തേരിൽവെച്ചു കൊണ്ടുപോയിക്കാനനത്തിലാക്കി
പോരിക മറിച്ചു നമ്മോടൊന്നുമിയാതൊല്ലാ

എന്ന മൊഴി കേട്ടവനു വന്ന ദുഃഖം ചൊൽവാൻ
പന്നഗേശൻ വേണമെന്നുമെന്നതേ ചൊല്ലാവൂ
ജ്യേഷ്ഠനുമനുജനും മഹാജനങ്ങൾ മററും
പാട്ടിൽ വരുത്തീടുവാൻ പലരുമുണ്ടു പാർത്താൽ
എന്നവരെയൊന്നുമല്ലാതെന്നോടരുൾ ചെയ്തു
മന്നവൻ നീ ഗോഷ്ഠി ചൊന്നാലെന്തു ചെയ്വു ഞാനോ
ഇഷ്ടകഷ്ടമൊക്കെയുമെൻ ജ്യേഷ്ഠനരുചെയ്താൽ
ഒട്ടുമേ വിവാദം ചെയ്കയില്ലയിന്നു ഞങ്ങൾ
എന്നു ചൊല്ലിയന്യനാളുഷസി കാലേ ബാലൻ
സ്യന്ദനവും കൊണ്ടുവന്നു വാഹനവും കെട്ടി
സുന്ദരിയാം സീതയോടേ വന്ദനവും ചെയ്തു
സ്യന്ദനത്തിലേറുക മുനിഭവനേ പോവാൻ
കൊണ്ടൽവേണിയായ സീതാ ചെന്നു തേരിലേറി
മണ്ടുമാറടിച്ചു തെളിച്ചോടിച്ചു സുമന്ത്രർ
കണ്ടകനിവാസവും വനങ്ങളും കഴിഞ്ഞു
കണ്ടു ചില പൊയ്കകളും വാരിയും കടന്നു
കുന്നതാ വെടിഞ്ഞു തപം ചെയ്യും മുനിതൻെറ
അണ്ടർകോൻതൻ ദിക്കിലതിഘോരമാം വനത്തിൽ
കൊണ്ടലണിവേണിയാളാം സീതയെയിറക്കി
തൊണ്ട വിറച്ചിണ്ടലോടെ വന്ദനവും ചെയ്തു
കണ്ണുനീരും വാർത്തു കേണു മണ്ണിൽ വീണുരുണ്ടു
പുണ്ഡരീകലോചനാമുഖാംബുജവും പാർത്തു
കേണിടുന്ന ലക്ഷ്മണനോടേവമുരചെ സീതാ
വന്നിടുവാനെന്തു ദുഃഖം കാരണം നിനക്കു
മന്നവനാം രാമനെന്തു ചെയ്തു നിന്നെ ബാല

എന്നതു കേട്ടിണ്ടലോടെ ലക്ഷ്മണൻ പറഞ്ഞു
മന്നവനാം രാമദേവനെന്നൊടരുൾചെയ്തു
ഇന്നിലത്തിൽ ദേവിയെ വെടിഞ്ഞു പോവാനയ്യോ
എന്ന മൊഴി കേട്ട സീതാ മോഹിച്ചങ്ങു വീണു
പിന്നെയങ്ങുണൎന്നിരുന്നു കേണിടുന്ന നേരം
വന്ദനവും ചെയ്തുകൊണ്ടു ലക്ഷ്മണൻ മറഞ്ഞു
എന്നനേരം വന്ന ദുഃഖം സീതയാൎക്കു ചൊൽവാൻ
പന്നഗാധിനായകനുമോൎക്കിൽ പണി പാരം
കണ്ണുനീരിരുപുറവും വീണ്ടടനൊലിച്ചും
മണ്ണിൽ വീണു മോഹം പൂണ്ടു പിന്നെയുമുണൎന്നു
മസ്തകം കൊണ്ടപ്പുറവുമിപ്പുറവും തച്ചും
ഹസ്തതലംകൊണ്ടു ദേവി മാറിടത്തടിച്ചും
എൻപുരാനേ രാമദേവയെന്തുചെയ്തു ഞാനൊ
ന്നിൻ പദങ്ങളെന്ന്യെ മറ്റൊരു ഗതിയില്ലയ്യൊ
മംഗലനായുള്ള നിൻ മുഖാംബുജം മറന്നി–
ട്ടിങ്ങനെ വനേ കിടന്നു ഞാൻ മരിക്കമാറായ്
പണ്ടു ഞാൻ നിമിത്തമായിക്കൊണ്ടു ചെയ്തതെല്ലാം
കൊണ്ടൽവൎണ്ണ രാമ നീയുമിന്നു മറന്നയ്യൊ
ബാല്യകാലേ വിൽമുറിച്ചു മാലയിട്ടൊരെന്നെ
നീല നിറം പൂണ്ട ഭവാനിന്നു മറന്നയ്യൊ
മാൎഗ്ഗമദ്ധ്യേ ഭാൎഗ്ഗവനെ വെന്നു നമ്മെക്കൊണ്ടു
നിൎഗ്ഗമിച്ച രാമദേവനിന്നു മറന്നയ്യൊ
കാനനത്തിൽ പോകുന്നേരം കൊണ്ടുപോയോരെന്നെ
മാനശാലിയായ ഭവാനിന്നു മറന്നയ്യൊ
രാക്ഷസിയാം ശൂൎപ്പണഖാ മൂക്കു മുല മൂന്നു

ശൂരനായ ലക്ഷ്മണനെന്നുമിന്നു മറന്നായോ
രാവണനൊളിച്ചു നമ്മെ കൊണ്ടുപോയ മൂലം
കോപമോടെ വന്നവനുമെന്നെ മറന്നായോ
വഹ്നിയിൽ ചാടേണമെന്നു ചൊല്ലിയനിമിത്തം
പിന്നെയാമെന്നോതിടാതെ ചാടി വഹ്നി തന്നിൽ
ഇത്തരം പല പ്രകാരം രക്ഷചെയ്തു പോന്ന
നാഥനാം നിനക്കിതെന്തു തോന്നീടുവാൻ ബന്ധം
ഭർത്തൃപാദരക്ഷ ചെയ്യാൻ കുറവുണ്ടായിട്ടോ
ചിത്തതാരിൽ മററു പല കാംക്ഷയുണ്ടായിട്ടോ
എന്തുകൊണ്ടിക്കാനനത്തിൽ സന്ത്യജിച്ചു നമ്മെ
വെന്തു വെന്തുരുകുന്നെന്റെ മാനസമെൻ നാഥ
പണ്ടു വിധിശാസനത്തെക്കണ്ടുകൂടയാകും
ഘോരമൃഗജാലമായ കാനനേ കിടന്നു
നീരജാതലോചനാ ഹേ ഞാൻ മരിക്കുമാറായ്
ഇപ്രകാരം ജാനകിടെ ദുഃഖവാർത്ത കേട്ടി-
ട്ടപ്രദേശേ കാട്ടുമൃഗമൊക്കെ നിന്നുപോയി
വാരിധിലെ ഗംഗയൊഴുകാതെ നിന്നുപോയി
അപ്പൊഴുതേ വാൽമീകിമുനിയുമെഴുന്നെള്ളി
ഉല്പലാക്ഷിയായ സീതാം കണ്ടരുളിച്ചെയ്തു
ഇപ്പൊഴെന്റെ മന്ദിരേ ഗമിച്ചുകൊൾക നീയും
ഉല്പലാക്ഷി ഖേദിയാസ്സ രക്ഷ ഞാനിങ്ങുണ്ടു
അപ്പൊഴുതേ ദേവിയാളെ കൊണ്ടുപോയ് മുനീന്ദ്രൻ
ശില്പമായ പർണ്ണശാലതന്നിലാക്കി മോദാൽ
അക്കാലത്താലക്ഷ്മണന്താൻ നിർഗ്ഗമിച്ചീടുമ്പോൾ
കക്കശനെതൃത്തു ശബരൻ തക്ഷനാം കിരാതൻ

നില്ക്ക നില്ക്ക താരതാരു മൽക്കരവീര്യത്തെ
ധിക്കൃതിയായോർത്തുകൊണ്ടോമൽക്കാടിതിലൂടെ
ഉൾക്കരുന്നിലേതുമൊരിളക്കവും കൂടാതെ
മുഷ്കോടെ നടപ്പതു നിനക്കിലിഹ ചിത്രം
ഇത്തരം പറഞ്ഞുടനടുത്തീടുന്നവനോ-
ടുത്തരം സൌമിത്രിയതിക്രുദ്ധയായുരഞ്ഞു
ചിത്രമിതു ചിത്രം വനപദ്ധതിയേ പോവാൻ
ഇത്ര ശുദ്ധമൂഢനാം നിന്നനുമതിവേണമെന്നൊ
ചിത്തതാരിലെത്തിയ മദത്തൊടിത്ഥം ചൊന്നാൻ
മൃത്യുപത്തനത്തിലിന്നിരുത്തുമിസ്സൌമിത്രി!
ആരതെന്നിതെന്നോടൊരു ഭീരുതയുമെന്യേ
നീരസത്തോടെ ചോദിച്ച ഗീരിനുത്തരം കേൾ
പണ്ടു കതിരധരനാമയോദ്ധ്യ പാർത്ഥിവനന്നുള്ളിൽ
സന്തതിയില്ലാഞ്ഞുണ്ടായ സന്താപത്തെത്തീർത്തു
കൌശികനന്നോടുകൂടിക്കാനനത്തിൽ ചെന്നു
നിശിചരിയാം താടകയെ നിഗ്രഹവും ചെയ്തു
രാക്ഷസരെക്കൊന്നു യാഗരക്ഷചെയ്തു സാര-
സാക്ഷിയാമഹല്യതൻെറ ശാപവുമൊഴിച്ചു
ചെന്നു ജനകപുരിയിൽ ചാപവും മുറിച്ചു
സുന്ദരിയാം സീതയെ സ്വയംവരം കഴിച്ചു
അന്നയോദ്ധ്യയാം പുരിക്കായാഗമിക്കുന്നേരം
വന്നു തടുത്തൊരു ഭൃഗുനന്ദനനെ വെന്നു
മോദമോടയോദ്ധ്യ പുക്കു മേവിടുന്ന കാലം
താതനുടെ വാക്കിനാലെ താപസാകൃതിയായ്
സാദരം വനേ ഗമിച്ചു സീതയോടും കൂടെ

വീതശങ്കമക്കാലം വിരാധനെ വധിച്ചു
താവകകുലമതായ രാവിനെ ഒഴിപ്പാൻ
താപസഗണത്തിനൊരു ദീപകമതായി
പഞ്ചവടി തന്നിലന്നു പാർത്തിടുങ്കാലം രാ
ത്രിഞ്ചരന്മാരെ വധിച്ചു ത്രിശ്ശിരാഗ്രജാദീൻ
മാനിയാം ദശാസ്യൻ വർത്തമാനമതു കേട്ടു
മാനിനുടെ മാതിരി തന്മാതുലം ചമച്ചു
സ്യന്ദനത്തിലേററിക്കൊണ്ടു സാനന്ദം ഗമിച്ചു
സുന്ദരിയാം സീതതന്റെ സന്നിധിയിൽ വിട്ടു
പൊൻമൃഗം ചാടിക്കളിച്ചപ്പോതു സീത കണ്ടു
കണ്മിഴിക്കാനന്ദകരം കാണുന്തോറുമിന്നു
കാന്ത പിടിച്ചിങ്ങു നൽകുക മടിച്ചിടാതെ
കാന്തയാമിനിക്കിഹ കളിച്ചിരിപ്പതിന്നു
ഭാര്യമാർക്കുള്ളാശ നിജഭർത്താവോടല്ലാതെ
ആരോടുമുരചെയ്തിടുമാറില്ലതുമല്ല
വല്ലഭനു പാതി നിജവല്ലഭയെന്നല്ലൊ
ചൊല്ലീടുന്നു പാരിലിഹ ചൊല്ലേറുന്ന വീര
തെല്ലു കൃപയില്ലയോ നീ ചെല്ലടുത്തു കിന്തു
വല്ലവിധവും നിൻ കരപല്ലവത്തിലാക്കി
വില്ലാളിവീര കൊണ്ടിങ്ങു മെല്ലവേ പോന്നിടാം
മല്ലീശരതുല്യ മടിക്കൊല്ല കല്യാണാംഗ
തിങ്ങീടുന്നൊരാശയാമൊഴിഞ്ഞതിങ്ങിനെ കേ
ട്ടങ്ങുപോയനേരമൊട്ടകന്നു നിന്നു മാനും
പോയതു കണ്ടിട്ടതിനെ സായകേന കൊന്നു
മായമെന്ന്യേ പൊരുംപോതു മായാസീതയാകും

ജായയെക്കൊണ്ടങ്ങു ദശവായൻ പോയ ശേഷം
ആയതാക്ഷിയെയന്വേഷിച്ചായരണ്യേ പോംപോൾ
പത്രിപുംഗവൻ തനിക്ക മുക്തിയും കൊടുത്തു
സത്വരം കബന്ധനേയും മൃത്യുപുരി ചേർത്തു
അദ്രിവരോപരി വാണ മിത്രപുത്രനാകും
സുഗ്രീവനൊക്കണ്ടു തമ്മിൽ സഖ്യവും ചെയ്തേററം
ഉഗ്രനായ ബാലിയേയും നിഗ്രഹിച്ചു രാജ്യം
വ്യഗ്രതക്കൂടാതെ വാനരാഗ്രേസരനായി
നൽകിയംഗുലിയം വായുനന്ദനൻ വാങ്ങീട്ടു
വൈകിയാതെ ലങ്ക പുക്കു വൈദേഹിയെക്കണ്ടു
മൂഢാരതാം മേടിച്ചോര പേടിയും കൂടാതെ
ചാടിക്കടന്നോടി മോദത്തോടു വന്നു ചൊന്ന
വാർത്ത കേട്ടനേരം തന്നെ ചീർത്തകോപത്തോടെ
മാർത്താണ്ഡാത്മജജാതിയായ മർക്കടേന്ദ്രരോടും
പാർത്തിടാതാഴിയിൽ സേതു തീർത്തു ലങ്കയിൽ പോ-
സ്ക്കീർത്തിയോടു രാവണാദി രാത്രിഞ്ചരൌഘത്തെ
മാർത്താണ്ഡാത്മജപുരത്തിൽ ചേർത്തു ഭക്തന്മാരെ
ആർത്തിയിൽ നിന്നാശു കരയേററിയാദരിച്ചു
താർത്തേന്മൊഴിയാം ജനകപാർത്ഥിവസുതയെ
ധൂർത്തിൽ നിന്നു കാത്തയോദ്ധ്യാധാത്രി ചേർത്ത വിശ്വ-
വാരിധിയാകുന്ന രഘുവീരസോദരൻ ഞാൻ
പോരാടേണമെങ്കിലിഹ നേരിടുക മൂഢ
ലക്ഷ്മണനിദം പറഞ്ഞു തൽക്ഷണമനന്ത-
ങ്ങക്ഷിതിയിൽ നിന്നു ഗഭീരാക്ഷനെ ഝഷവേന

കാലപുരി പോകയിത്തു കാലമെന്നയച്ച
ക്കാലംപുക്കയോദ്ധ്യ ശൌയ്യശാലിയാം സൌമിത്രി
ഉല്പലാക്ഷിക്കന്നു രണ്ടു ബാലകരുമുണ്ടാ-
യപ്പൊഴുതശലനും കുലശറൊന്നിരുവർ
അപ്പുരുഷന്മാക്കു മുനി വിദ്യയും പഠിപ്പി-
ച്ചപ്പുരിയിൽ വാഴ്കയെന്നനുഗ്രഹവും നല്കി
ചാപബാണങ്ങൾ മുനി കൊടുത്തു ബാലന്മാക്കും
ഭൂപതിസുതർ വനത്തിൽ സഞ്ചരിച്ചീടുമ്പോൾ
ചോട്ടുകാർ പലരുമൊത്തു കാട്ടുടെ വരുമ്പോൾ
വാട്ടമെന്ന്യെ ചെന്നടുത്തു ഭൂപതി സുതന്മാർ
ചോട്ടുകാരെ നിങ്ങളിതിൽ പാതി തന്നല്ലാതെ
കാട്ടൂടെ ഗമിപ്പതിന്നയക്കയില്ല ഞങ്ങൾ
കേട്ടു കോപം പൂണ്ടുടനെ ചോട്ടുകാർ പറഞ്ഞു
നാടുവാഴി രാഘവന്നു കാഴ്ചവെപ്പതിന്നായ്
ചോടുകൊണ്ടു പണ്ടേ ഞങ്ങൾ പോകുമീ വഴിക്കു
ബാലകരേ രാഘവനീ വാത്ത കെട്ടെന്നാകിൽ
കാലപുരം പുക്കിരിക്കും നിങ്ങളിരുപേരും
രാമദേവനിങ്ങു വന്നു ഞങ്ങളെ ജ്ജയിച്ചു
ചോട കൊണ്ടുപോവതിന്നയക്കെയുള്ളു ഞങ്ങൾ
ചോടടിച്ചു ഭൂതലത്തിൽ തള്ളിവിട്ടു ബാലർ
ചോട്ടുകാരുഴറി രാമൻ തന്നെയറിയിച്ചു
പണ്ടു പണ്ടേ കൊണ്ടുപോരും ഞങ്ങൾ ചില കാഴ്ച
ഉണ്ടു കാട്ടിലിന്നു രണ്ടു ബാലർ നടക്കുന്നു
കണ്ടു പിടിപെട്ടടിച്ചു കാഴ്ചയും പറിച്ചു

കൊണ്ടുപോരും ഭാണ്ഡമുണ്ടു കാട്ടിലിരിക്കുന്നു
രാമനാമം കേൾക്കകൊണ്ടു പേടിയില്ലവൾക്കു
നാമിവിടെക്കോടിവന്നി വാർത്തയന്നത്തിപ്പാൻ
അക്ഷിതിപതിയുമതു കേട്ടരുളിച്ചെയ്തു
ലക്ഷ്മണ വരിക നീയും കേട്ടിലേയി വാർത്ത
പണ്ടുപണ്ടേ കൊണ്ടുപോരും ചോട്ടകാരെയിന്നു
മണ്ടുമാറടിച്ചവരെ കാഴ്ചയും പറിച്ചു
കൊണ്ടു വാ നീ ലക്ഷ്മണയെൻ വില്ലുമമ്പുമിപ്പോൾ
കണ്ടുകൊൾക കാലരാജ്യം വാഴുമിന്നവരും
എന്നനേരം മാരുതിയും ലക്ഷ്മണനുമൊപ്പം
വന്ദനവും ചെയ്തു ഞങ്ങൾ പോവരെന്നു ചൊല്ലി
യാത്രയുമയച്ചനേരത്തോടി കപിവീരൻ
മാത്രയർദ്ധംകൊണ്ടു ചെന്നു ബാലകരെക്കണ്ടു
ചീർത്ത കോപത്തോടെയവരേറു യുദ്ധം ചെയ്തു
മുഷ്ടിയുദ്ധം ചെയ്തവരെക്കുട്ടികൾ പിടിച്ചു
കെട്ടിയിഴച്ചങ്ങു കൊണ്ടുപോയി ദേവി മുമ്പിൽ
പുഷ്ടകൌതുകേന കൊണ്ടു കാഴ്ചയായി വെച്ചു
അംബികേ നീ കേൾക്ക കൊടും കാനനത്തിന്മദ്ധ്യേ
നമ്മോടൊരു വാനരൻ വന്നേറു യുദ്ധം ചെയ്തു
ദുർമ്മതിയായുള്ളവനെക്കൊൽവതിന്നു ഞങ്ങൾ
അംബതന്നിയോഗം വേണമെന്നു കൊണ്ടുവന്നു
സാരസാക്ഷി സീത ചെന്നു നോക്കീടുന്ന നേരം
മാരുതിയെക്കണ്ടപോതു കണ്ണുനീരൊലിച്ചു
പെട്ടപാടു ചൊൽവതിന്നിനിക്കു പണി പാരം

ബാലരെയെൻ താതനു സമമിവനൊ റിങ്ങൾ
ചാലവേയഴിച്ചു വന്ദിച്ചീടുവിൻ വൈകാതെ
ദുഷ്ടനാം ദശാസ്യനെന്നെക്കട്ടുകൊണ്ടുപോയി
പട്ടിണി കിടത്തി ലങ്കതന്നിൽ കൊണ്ടേവെച്ചു
അന്നവിടെ വന്നു ലങ്കാരാജ്യമൊക്കെച്ചുട്ടു
ഉന്നതനാം രാവണൻെറ മീശയും കരിച്ചു
എന്നവനെയെങ്ങുറിന്നു കിട്ടി ബാലന്മാരേ
മാതൃവാക്യം കേട്ടഴിച്ചു മാരുതിയെ ബാലർ
സാദരമവൻെറ കാല്ക്കൽ വീണു നമസ്കാരം
വാനരശിഖാമണേ മഹാമതേയിത്തേും
ബാലരായ ഞങ്ങളറിഞ്ഞീലയൊട്ടുമയ്യോ
ചാലവേ നമസ്കരിച്ചു ദേവി പാദപത്മം
വായുപുത്രൻ വന്ദനം ചെയ്താവോളം വണങ്ങി
അപ്പൊഴതേ ലക്ഷ്മണനൊക്കണ്ടു ബാലന്മാരും
തല്പദയുഗ്മം നമിച്ചു വന്ദനവും ചെയ്തു
അപ്പൊഴതേ വന്നുഴറി രാമനോടു ചൊല്ലി
രാമദേവൻ താനുമന്നു വേഗമെഴുന്നെള്ളി
മാമുനിയെക്കണ്ടു വാർത്തയൊക്കെയരുൾചെയ്തു
മാമുനിനിയോഗത്താലെ ഭൂമിയും പിളന്നു
ഭൂമിപുത്രി ഭൂമി തന്നിൽ പോയ്മറഞ്ഞാളപ്പോൾ
ബാലരേയുംകൊണ്ടു രാമൻ പോന്നു തൻപുരിയിൽ
മംഗലം വരുവതിന്നാഴ്വാണീടുന്ന കാലം
സംഗതികൂടാതെ തമ്പിതന്നെയും വെടിഞ്ഞു
ലക്ഷ്മണൻ വെടിഞ്ഞുപോയ ദുഃഖമോടു രാമൻ
ഇക്ഷിതിയിൽ വാഴ്കയില്ലയെന്നുറച്ചു പിന്നെ

സത്വരം ഭരതനും പടജ്ജനവുമൊപ്പം
ഭക്തനാം മുനിവരന്മാരംബമാരുമെല്ലാം
എന്നുവേണ്ടയോദ്ധ്യതന്നിൽ വാഴുമവരെല്ലാം
ചെന്നു സരയൂനദിയിൽ മുങ്ങിയെഴുന്നീററു
എന്നനേരമംബരത്തിലുള്ള വാൎത്ത ചൊൽവാൻ
ഇന്നു പണിയെന്നോൎത്ത നമുക്കു പറയാവൂ
സ്യന്ദനങ്ങളംബരത്തിലൊക്കവേ നിറഞ്ഞു
അന്നേരത്ത പൂക്കൾകൊണ്ടു വൎഷവും തുടങ്ങി
മന്ദമന്ദം താണു വന്നു സ്വൎണ്ണയാനമപ്പോൾ
എന്നതങ്ങു കണ്ടവരും കേറി യാനംതന്നിൽ
സുന്ദരിമാർ ഗന്ധൎവ്വസ്ത്രീമാരു പാട്ടും കൂത്തും
ഗന്ധൎവ്വന്മാർ വാദ്യവും തുടങ്ങിയതുനേരം
അപ്രകാരം രാമദേവനങ്ങുമെഴുന്നള്ളി.

ഉത്തരരാമായണം കുറത്തിപ്പാട്ടു സമാപ്തം.

# പാതാളരാമായണം.

## കുറത്തിപ്പാട്ട്.

കാമവൈരിതന്റെ തിരുമുമ്പിലതിമോദാൽ
കാതരത നീക്കി വിളയാടിനോരു തത്തേ
മാമ്പഴമിതാദികളെ ഭക്ഷണവും ചെയ്തു
ആമയം കളഞ്ഞു പുനരാദരവോടേററം
താമരവിലോചനൻ ചരിത്രമതു ചൊൽക
തച്ചരിതം കേൾക്കയിലോരാനന്ദമുള്ളിൽ
സന്തതം മുഴുത്തു ചമയുന്നു കിളിപ്പെണ്ണേ
പത്മജനും ദേവകളും പാൽക്കടലിൽ പുക്കു
ഭാൎഗ്ഗവീതൻ കാന്തനോടു ദുഃഖമതുണർത്തി
വന്ദനകൾ ചെയ്തപൊഴുതാദിദേവൻ ചൊന്നാൻ
മന്ദതകൾ തീർപ്പതിനു മാനുഷനായ് ഞാനും
രാക്ഷസരെ നിഗ്രഹവും ചെയ്തു നിങ്ങൾക്കെല്ലാം
രക്ഷണം കഴിപ്പതിനു സംശയമതില്ലാ
എന്നരുളി നാഥനും മറഞ്ഞതിനുശേഷം
ഇന്ദിരാപതി പുനരയോദ്ധ്യയതിൽ വാഴും
മന്നവനാം പംക്തിരഥപുത്രനായ് ഭവിച്ചു
തത്സഹരായി മൂന്നു ബാലരും ജനിച്ചു
തത്സഭയിൽ മോദമോടു മന്നനും വസിച്ചു

കൌശികനുമപ്പൊഴുതയോദ്ധ്യയിൽഗമിച്ചു
കൌതുകം കലന്നു നൃപവീരനോടുരച്ചു.

ഇരട്ടി.

കഴിക്കും യാഗത്തെ മുടക്കും ദുഷ്ടരെ
വധിച്ചു കൊൾവതിനായി കരുണയോ-
ടയിതരിക നിന്നുടെ സുതനാം
രാഘവൻതന്നെ ദശരഥൻ പുനരിതു
ഗ്രഹിച്ചുള്ളിൽ പെരികെ താപം പൂണ്ടു
നിജഗുരുവായ വസിഷ്ഠൻ തന്നുടെ
നികടേ ചെന്നതിതാപാൽ
മുനിവചനങ്ങളുണർത്തിച്ച നേരം
മുനിയുമൊന്നരുൾചെയ്തു കനക്കേ
താമസമരുതു പുത്രനെ കൊടുക്ക കൌ-
ശികൻ പക്കൽ തവ സുതൻ പുനരൊരു
പുരുഷനെന്നുരപ്പതിന്നതിമോഹം
തപനകോടികൾ പ്രഭ കലന്നൊരു
സരസിജേക്ഷണൻ രാമൻ
സഹജനായതു ഫണിപതി നൂനം
ധരിക്ക ഭൂപതിമൌലേ
ഗുരുവചനങ്ങൾ ഗ്രഹിച്ചു കൊണ്ടുടൻ
സുതരെ മോദമതാന്നു
കുശികപുത്രനു കൊടുത്തു കാലിണ
തൊഴുതുനിന്നതിതോഷാൽ.
ബാലരോടും കൂടവേ തിരിച്ചുടൻ മുനീന്ദ്രൻ
കാനനത്തിൽ ചെന്നപൊഴുതാശു രഘുനാഥൻ

രാക്ഷസിയാം താടകയേ നിഗ്രഹവും ചെയ്തു
തൽക്ഷണമായാഗപുരിപുക്കതും രക്ഷിച്ചു
സുന്ദരാംഗിയാമഹല്യാശാപവും കൊടുത്തു
സുന്ദരീ വിദേഹപതിനന്ദിനിയേ വേട്ടു
വന്നപൊരുതൊരു കഠാരായുധനേ വെന്നു
ചെന്നു നിജരാജപുരിതന്നിലങ്ങിരുന്നു
താതനഭിഷേകമതുചെയ്യതിനൊരുക്കി
മാതൃനിജകേകയാപതിസുത മുടക്കി
രാഘവനും തന്മനസ്സിൽ താപമതു പോക്കി
രാജ്യപതി തൻെറ തിരുപാദമതു നോക്കി
വന്ദനകൾ ചെയ്തു നിജഭാമിനിയുമായി
തന്നുടെ സഹോദരനോടൊത്തഥ തിരിച്ചു
വിണ്ണവർ വന്ദ്യൻ പെരിയ കാനനേ വസിച്ചു
പശ്ചിമഗിരിക്കു പുനരർക്കനും ഗമിച്ചു
ലക്ഷ്മണനും കാത്തുനിന്നു വില്ലതും ധരിച്ചു
സൂര്യനുദിച്ചപ്പോൾ നിജകർമ്മവും കഴിച്ചു
ഭൂരിമോദാൽ ഗംഗയും കടന്നവർ തിരിച്ചു
ചിത്രകൂടംതന്നിലവർ ചെന്നുടൻ വസിച്ചു
തത്ര ഭരതാദികളേ പോവതിന്നയച്ചു
പഞ്ചവടി പുക്കു വസിച്ചീടിനൊരുകാലം
പഞ്ചദശവക്ത്രനുടെ സോദരി നികാമം
പഞ്ചശരവാസിനിയാം സുന്ദരി കണക്കേ
അഞ്ചുശരമാലിനോടു വന്നവൾ കനക്കേ
ചഞ്ചലവിലോചനനാം രാഘവൻ ശ്രവിക്കേ
കൊഞ്ചിയവൾ നിന്നു ചില വാർത്തകൾ കഥിക്കേ

വാഞ്ഛരിതങ്ങൾ കേൾക്കയില്ലായെന്നവളടുക്കേ
പുഞ്ചിരി കലൎന്നു രഘുനാഥനും തടുക്കേ
ലക്ഷ്മണനുമുള്ളമതിൽ കോപവും മുഴക്കേ
തൽക്ഷണമസ്സുന്ദരിതൻ കൊങ്കകൾ മുറിച്ചു
രാക്ഷസി ഖരന്റെ തിരുമുമ്പിലേ പതിച്ചു
ത്രുക്ഷതകലൎന്നൊരു രാക്ഷസർ പറക്കേ
രാഘവനും കോപമോടെ വന്നവരെയൊക്കെ
കൊന്ന വചനങ്ങൾ ഖരൻ കോപമോടു കേൾക്കേ
തന്നുടെ പടാദികളേയൊക്കവേ വിളിച്ചു!

ഇരട്ടി.

നിരന്ന വമ്പട ജനത്തോടൊന്നിച്ചു
പൊരുവാനായ് ഖരനപ്പോൾ വരുന്നതു
കണ്ടു തെരുന്നനേയൊക്കെയൊടുക്കി
ജാനകീനാഥൻ കരഞ്ഞു കൈകസീസു-
തയും രാവണസവിധേ ചെന്നൊരുനേരം
കരങ്ങൾ തങ്ങളിലടിച്ചു രാവണൻ
പൊടിച്ചു പല്ലുകളെല്ലും പെരിയ
ഭക്തികൾ കലൎന്നു മാരീചൻസവിധ-
മങ്ങതിൽ പുക്കു പറഞ്ഞതു കേട്ടു
കനകമാനിന്റെ വിചിത്രമാകൃതി പൂണ്ടു
പറഞ്ഞവണ്ണം പോയ് ജനകനന്ദിനി-
പതിയെ ദൂരദേവയാക്കി പരമാതാവിനെ
എടുത്തു രാവണൻ ഗമിച്ചുമപ്പൊഴുതേറം
പൊരുവതിനായി വരുന്ന പക്ഷിതൻ

പിറകു ഖണ്ഡനാംചെയ്തു കനകനി-
ർമ്മിതമിയന്ന ലങ്കയിൽ ഗമിച്ചശിംശപാമൂലേ
കനകതുല്യയാം ജനകപുത്രിയെ
ഇരുത്തി മന്ദിരേ വാണു രഘുപതി
നിശിചരപതിമാനെ നിധനം
ചെയ്യതിമോദാൽ രമണിവാഴുന്ന സ്ഥല-
ത്തു ചെന്നങ്ങു തിരഞ്ഞു കാണാഞ്ഞു
താപാൽ കമലലോചനൻ സഹജൻ-
തന്നോടും നടക്കും നേരത്തു കാണായ്
ദ്വിജവരാകൃതി കലന്ന മാരുത
സുതനോടൊന്നിച്ചു രാമൻ സജവം-
സുഗ്രീവസഹിത സഖ്യവും സരസം
ചെയ്യതിതോഷാൽ അമരേശാത്മജവധവും
ചെയ്തുടൻ അഖിലവാനരരോടും
ഒരുമിച്ചു വന്നു ജലനിധിയിൽ ചിറ-
തൊടുത്തു ലങ്കയിൽ പുക്കു നിശിശരേശരെ
അഖിലവും കൊന്നു ദശമുഖാത്മജനാകും
ദിശികൾ മൂന്നിനും പതിതൻ വൈരിയെ
വധിച്ചു സൌമിത്രിതാനും അഖിലരുമൊത്തു-
വസിച്ചു നാളതിൽ ദശമുഖൻ ചെയ്തതെല്ലാം
അഖിലമെന്നോടു കഥിയ്ക്കു പൈങ്കിളി
മടിച്ചീടാതെ നീ തെല്ലും.

കഥ ആരംഭം.

രാവണനെൻറ സതസഖി പാതാളമതിലുള്ള
രാവണനെ നിഗ്രഹം കഴിച്ച കഥ ചൊൽ നീ

പത്തുമുഖയുദ്ധമതിൻ കൌശലവുമെല്ലാം
ചിത്രമോട കേൾക്കയിലിന്നാഗ്രഹമെനിയ്ക്കു
സ്വാസ്ഥമോട പാൽപ്പഴം ഭുജിച്ചുടൻ നിനക്ക
ചിത്തമതിലുള്ളതോരു ദീനതകൾ പോക്കി
എന്നതിനെ കേട്ട ശുകസുന്ദരിയാൾ മന്ദം
വന്നിരുന്നു പാൽ പഴം ഭുജിച്ചരുളിചെയ്തു
കേൾക്കയെങ്കിലിന്നു ഞാൻ കഥിപ്പേനൊരുവാർത്താ
ദുഃഖമതൊഴിഞ്ഞു സുഖം വന്നിടുവാനായി
പത്തുമുഖൻ ജാനകിയേ കട്ടതിനു പേർത്തു
തത്വജ്ഞനായ മുരവൈരി രമഭർത്താ
അക്കുലമന്നവനാം രാഘവനും ചീർത്തു
മർക്കടരും സുഗ്രീവനുമാകയവരാർത്തു
സിന്ധുജലമങ്ങതിലെ വഞ്ചിറ തൊടുത്തു
അന്തമതി രാവണനെൻറ കോട്ടയിലടുത്തു
ചന്തമോട കോട്ടകളെ ആകവേ തകർത്തു
ചാവതിന്നു വന്നവരെ കാലനു കൊടുത്തു
മേഘശബ്ദൻ തന്നനുജൻ ആകുമതികായൻ
ആഹവം തുടന്നു വന്നടുത്തൊരു പ്രഹസ്തൻ
കോപമോട വാജിമുകളേറി ത്രയവക്ത്രൻ
ചാവതിനു കുംഭനും നികുംഭനുമകംപൻ
പേപെരുത്ത കുംഭകർണ്ണൻ മുമ്പിൽ മകരാക്ഷൻ
നാമിനിയിരിയ്ക്കരുതു എന്നു വിരൂപാക്ഷൻ
പോക പോക എന്നു ചൊല്ലി വമ്പൊട ധൂമ്രാക്ഷൻ
വൈകരുതു പോരിനഥ എന്നവനുമന്തൻ
വൈകുവതിനെന്തു ബന്ധം എന്നനുജൻ മത്തൻ

വെല്ലുവതിനുണ്ട മമ എന്നു മഹാപാൎശ്വൻ
കല്യമതിയായ ജനമൊക്കെയൊരുമിച്ചു.

ഇരട്ടി.

തിണ്ണെന്നിരുപുറസേനകളും തമ്മിൽ
അൎണ്ണവംപോലെ കാണായി
അണ്ണന്റെ സേനകൾ ഒക്കെ വരുന്നൊരു
വൎണ്ണം വിഭീഷണൻ കാണായി
മൊണ്ണവാഴത്തടിയൻ കുംഭകൎണ്ണനെ
പൊണ്ണൻ കുരങ്ങുകൾ കാണായ്
ഖണ്ഡിച്ചു മൎക്കടർ രാക്ഷസർ തൻതല
എണ്ണമില്ലാതോളം ചൂഴായ്
പുണ്ഡരീകാക്ഷൻ ഭഗവാനോട്ട പൊരാൻ
പൊണ്ണന്മാർ നിങ്ങൾ വന്നായി
പണ്ഡിതന്മാർ നിങ്ങൾ വന്നു ഗമിക്കേടോ
അണ്ണനു നാണം വരായി
എണ്ണെടാ നിന്നുടെ അണ്ണന്റെ പത്തു ശി–
രസ്സുകളും വിണ്ണിലൊന്നായ്
ഭിണ്ഡിപാലാദികൾകൊണ്ട ഖണ്ഡിച്ചുടൻ
വിണ്ണിലാക്കുന്നതും പാരായ്
കണ്ണുകൾ രണ്ടുമേ ചോരെടാ നിങ്ങടെ
പൊണ്ണത്തവുമിന്നു പാഴായി
എണ്ണി എണ്ണിത്തടികൊണ്ടടിച്ചൊക്കെയും
മുണ്ഡനംചെയ്യുതും പാരായ്.

ശ്ലോകം നാട്ടരാഗം.

പൊൽത്താർമാനിനി ഹാരകൻ ദശഗളൻ
മേഘോപമശ്ശുദ്ധിതൻ
ഉഗ്രൻ നൽഘടകർണ്ണനും സഹജനാം
കുംഭോദരൻ കുംഭനും
ചിത്തം ചീർത്തുവരും പ്രഹസ്തത്രിതിയ
വക്ത്രാദിവീരാദിയും
മൃത്യുശ്ശ്രേഹനിവേശമാക്കമഖിലാൻ
നാഥസ്തു സൌമിത്രിണാം.

കുമ്മിപദം.

ഇങ്ങിനെ ചൊല്ലിയ മക്കടരും പുന-
രൊന്നായടുത്തു രണം തുടങ്ങി
ഭംഗിയിൽ വന്നുള്ള രാക്ഷസസേനയെ
ഭംഗം വരുത്തി യമന്നു നൽകി
കുംഭനണഞ്ഞുവരുംവിധൌ വാനര-
മുമ്പനാം സുഗ്രീവൻ താനടുത്തു
കമ്പംവരുത്തിച്ചവിട്ടിയവൻ തല
ഖണ്ഡിച്ചു വാനവർ നാട്ടിലാക്കി
മാരികണക്കേ ശരം പൊഴിച്ചുവരും
മായാവിയാം മകരാക്ഷൻ തന്നെ
മായാമയനായ രാമൻ തിരുവടി
മാരണം ചെയ്തിതു മംഗലമായ്
വില്ലും കുലച്ചു വരുമതികായനെ
നല്ലനാം സൌമിത്രിതാൻ വധിച്ചു
സ്വർല്ലോകവാസിയാക്കിടിനാൻ ദേവകൾ-
ക്കെല്ലാക്കമാപത്തു തീർത്തതിനാൽ

ആയിരം പാരമാം ലോഹശൂലത്തിനാൽ
ആയാസം വാനവന്മാൎക്കു ചേൎത്തു
ആഹവത്തിന്നടുക്കും കുംഭകൎണ്ണനെ
രാഘവൻ കൊന്നു പാലിച്ചു ലോകം
അന്തമില്ലാതെ ശരങ്ങൾ തൂകിവരും
ചെന്താർശരസമനിന്ദ്രവൈരി
തൻതല ഖണ്ഡിച്ചു സൌമിത്രി താനതി
സന്തോഷമോടു വസിച്ചുവിടെ
വാൎത്തയറിഞ്ഞു ദശമുഖനും
ആൎത്തുവിളിച്ചു കരഞ്ഞുടനെ
ചീൎത്തു ജയിപ്പതിനുള്ളൊരുപായങ്ങൾ
പേൎത്തു നിനച്ചു തുടങ്ങി മന്ദം.
ബന്ധുവാൎപ്പാതാളലോകമതിൽ മമ
സഹജനാം രാവണൻ താൻ നിനച്ചാൽ
അന്തമിമ്മാനുഷന്മാൎക്കും കപികൾക്കും
ബന്ധനമാൎത്തുരുമിന്നതിനാൽ
ഇത്തരമങ്ങു ധരിച്ചു ദശാനനൻ
പത്തനെ മേവുംവിധൌ
സത്വരമസ്തമിച്ചൎക്കൻ മനോരം
പാൎത്തലംചെയ്തിതു രാമചന്ദ്രൻ
അസ്തമനത്തിനു മുമ്പേയൊടുക്കിയ-
തെല്ലാം മതിമതി ഇന്നു നൂനം
സന്നദ്ധസമാനരായ് ഹസ്തപരാക്രമൻ
ചന്ദ്രായുധനെ വധിക്കാം നാളെ.
ഇപ്രകാരമാശ്വാസവും കൊടുത്തു രഘുനാഥൻ

ക്ഷിപ്രമോടു ഭക്തിപൂർവ്വം സന്ധ്യയും നമിച്ചാൻ
അപ്പൊഴുതെ വായുസുതൻ കോട്ടയും ചമച്ചാൻ
അന്നവിടെ രാമദേവൻ തമ്പിയുമാസ്സാത്താൻ
അന്നിശിയിൽ പംക്തികണ്ഠനൊന്നു പുനരോർത്താൻ
അന്നതു ഗ്രഹിച്ചു പാതാളത്തു രാവണൻതാൻ
വന്നവനും നിന്നു ദശവക്ത്രനെ വന്ദിച്ചാൻ
കൊണ്ടൽവർണ്ണനായ രാമൻതന്നുടെ ശരത്തെ
കൊണ്ടവനന്നാശു ഭവിച്ചീടു മരണത്തെ
ഉണ്ടതോടഥ ധരിപ്പിച്ചുള്ള വിഷമത്തെ
കണ്ടതൊരുത്ത ഹൃദി ചൊന്ന വചനത്തെ
മെല്ലവേ ഗ്രഹിച്ചു സഖി ചൊല്ലി വിരവോടെ
തെല്ലുമൊരു ഭീതിയിതു കൊണ്ടുവരാനില്ല
ഇന്നു നിൻ ശത്രുക്കളായ മായാനരന്മാരെ
ചെന്നുകൊണ്ടുപോയി ഞാനും വീരശരന്മാരെ
കൊന്നു ഭദ്രകാളി ബലിനൽകാമിന്നവരെ
എന്നു പറഞ്ഞനന്തരം താണു പാദചാരേ
വന്ദനവും ചെയ്തുകൊണ്ടു സത്വരം ഗമിച്ചു.

ഇരട്ടി.

ലങ്കേശസന്നിധൌ നിന്നു പുറപ്പെട്ടു
ഹുംകാരമോടവൻ പോകേ
ലേശവും കാലവിളംബംകൂടാതെ
ലോകമന്ത്രിമാരെയാകെ
വരുത്തി സത്വരം അയച്ചു ലങ്കയിൽ
കരുത്തനാരവരാകെ
തരത്തിൽ വന്നവർ മായാവിരൂപരായ്

പെരുത്ത യത്നങ്ങൾ നോക്കെ
പോരാഞ്ഞു രാവണനൻ താനും പുറപ്പെട്ടു
ആരാഞ്ഞു നോക്കി ചുറുക്കെ
പരന്ന വൻപടക്കൂട്ടവും കോട്ടയും
സരസാ കണ്ടങ്ങടുക്കെ
മാരുതിതന്നുടെ കോട്ട കടപ്പതും
എങ്ങിനെ എന്നവനോക്കെ
ചന്ദ്രഹാസായുധൻ തന്നുടെ സോദ
വേഷവും പൂണ്ടങ്ങടുക്കെ
ചെന്നവർമാരുടെ നാമവും ക്ലപ്തീട്ട
ഉൾപ്പുക്കു ചെന്നു പതുക്കെ
മായനരന്മാരെ ഒക്കെത്തൊടുത്തുടൻ
മായാവി താനും ഗമിക്കു
മായമകന്ന വിഭീഷണനാം ആത
വായുസുതനെ വിളിക്കു
മാനസം ഭിന്നിച്ചു പവനാത്മജനും
കുന്നിച്ചു കോട്ടയിലക്കെ
പംക്തിരഥാത്മജന്മാരാം സുതരെയും
കാണാഞ്ഞങ്ങാനനം വീക്കെ
വെക്കമൊന്നേറി മാരുതിയന്നേരം
ഒക്കയുമൊന്നുടൻ നോക്കെ
കിഷ്കിന്ധാധിപനാം സുഗ്രീവനുമത്തു
കേട്ടു വിഷണ്ണനായോക്കെ .
പോർക്കളം തന്നിൽ കിടക്കും പടജ്ജനം
ഒക്കെ എണ്ണീറ്റു നിരക്കെ
പാർക്കയിൽ നമ്മുടെ ദുരിതലക്ഷണം

കേരള സാഹിത്യ അക്കാദമി

എന്നവരാൎത്തു വിളിക്കെ
ഓൎക്കയിലെത്ര വിചിത്രമെന്നു ചില
മൎക്കടർ പാൎത്തു വിയക്കേ
കഷ്ടതകൾ നാമുക്കിന്നു ഭവിച്ചതും
ഒട്ടല്ല ചൊൽവതിനൊക്കെ
ദുഷ്ടനാം രാവണൻ പെട്ടന്നു വന്നിനി
കട്ടല്ലഹമ്മതി ചെയ്യും
ഒട്ടുമതിനൊരു ഭംഗമിന്നുവരാ
വെട്ടുപാട്ടും വൃഥാ തിന്നു
അട്ടഹാസം ഇടിവെട്ടും കണക്കായി
അഞ്ജനാപുത്രനും ചൊല്ലി
നോക്കുക ഇന്നവൻ പാതാളലോകവും
കാക്കും ജനത്തെയും മെല്ലെ
നൊടിയിടകൊണ്ടങ്ങൊടുക്കി വീരനാം
രാവണൻതന്നെയും കൊല്ലാം
ശ്രദ്ധമായങ്ങളൊരു പാതാളലോകത്തി-
ന്നുടുവഴിയറിയട്ടെ
വെട്ടന്നവിടമെരിച്ചു ലങ്കാപോലെ
ഭസ്മീകരിപ്പാൻ വരട്ടെ.
ഇങ്ങിനെ വായുതനയൻ തിങ്ങിന കോപത്താൽ
ഭംഗംവരാതുള്ള വാൎത്ത ചൊൽവതിനൊക്കേട്ട
ദശഗളസഹോദരൻ വിഭീഷണനും ചൊന്നാൻ
ദശരഥസുതൻ ഭഗവാനിന്നു വരാഞ്ഞെന്നാൽ
ദശവദനവക്ത്രമിന്നു ദൎശിപ്പതിലിന്നൊൻ
ദിനകരനുദിച്ചുളവു പ്രാണനെ ത്യജിപ്പൻ

സാദരം നീ പോകുമെങ്കിൽ മാർഗ്ഗവും ഞാൻ ചൊൽവൻ
സിന്ധുതന്നിലുണ്ടെങ്ങൊരു പത്മജമത്തിന്നാൽ
സാധുഗ്ഗുണശീലനാകും നീ ഗമിക്കിൽ കാണ്മാൻ
സാഹസവുമേറെ വേണ്ടാ അവ്വഴി ഗ്രഹിപ്പാൻ
എന്നമൊഴി കേട്ടനുമാൻ വന്ദനാകൾ ചെയ്താൻ
ഇന്നു നിശി പോയണയും മുൻപിൽ വരുവൻ ഞാൻ
വന്നുദിച്ചു ഭാസ്കരനൊന്നാകിൽ മമ ജീവൻ
ചെന്നു കാലരാജ്യമേ വാഴുന്നു എന്നറികാ
ഇത്തരം പറഞ്ഞു രാമഭൃത്യനും ഗമിച്ചു
സത്വരമീ വൻപടജ്ജനങ്ങളൊരുമിച്ചു
രാമജയ രാമജയ എന്നവർ ജപിച്ചു
അംബരവാസികളായ ദേവകൾ സ്തുതിച്ചു.

ഇരട്ടി

ഹരിഹരി ഹരി ജയജയജയ
കരുണാ സാഗരസിന്ധോ
മരിമരിമരിപാതാളരാവണൻ
എരി എരി പുനരിന്നു
പരിപരിപരിപാലിക്ക രാഘവാ
പുരിപുരി സുരലോകം
പതിപതിപതി അയോദ്ധ്യാധിപതി
ഗതി തരിക നീ വന്നു
ഇത്തരം നാമസങ്കീർത്തനം
സത്വരമുത്തമൻ മാരുതി ചൊന്നു
സത്വരം വാരിധിതന്നിലൂടെ
ഗമിച്ചൊക്കെത്തിരഞ്ഞവനന്നു

പത്മജം അണ്ണവം തന്നിൽനില്ക്കുന്നതു
അങ്ങഥ കണ്ടവൻ നിന്നു
ഭാസ്കരരശ്മികളില്ലാഞ്ഞു രാത്രിയിൽ
പങ്കജം മുകുളംപൂണ്ടു
ദിനകരഭഗവാനെ ഭജിച്ചഥ
ദീനത പാരമുൾക്കൊണ്ടു
സൂൎയ്യദേവഭഗവാനു മന്നേരത്തു
വെക്കം വന്നുദയം കണ്ടു
പരിചിൽ വികസിതമുകുളമന്നേരം
സരസാ ചെന്നതിൽക്കൂടെ
വിരനാം മാരുതി ഗമിച്ചു
കിഴ്പോട്ടു ഘോരദിശികളിൽക്കൂടെ
കരുത്തൻ തകൎത്തുപോകുംവഴിയ്ക്കൊരു
കോട്ടപ്പുരയതും കണ്ടു
തെരിക്കന്നവിടം കടപ്പതിനായി
നടന്നു മരിക്കം പൂണ്ടു
വീരപരാക്രമനായ മത്സ്യാത്മജൻ
പെരുത്ത കോപവും പൂണ്ടു
വരുന്ന വരവു കണ്ടു മരുൽസുതൻ
മെല്ലവേയൊന്നു വിരണ്ടു
കരുണവെടിഞ്ഞു മത്സ്യപുത്രനും
പരിചിലെടുത്തു മെല്ലെ
കടപ്പാനിപ്പുരിതന്നിൽ ബന്ധം
നിനക്കെന്തെടാ വാനരകീടാ
കാട്ടുകുരങ്ങൻ നീ ഏകനോ വീരനോ

ഓടെടാ മൎക്കടവീരാ
ചാട്ടംപിഴക്കയാൽ കൂട്ടംപിരിഞ്ഞു നീ
ഓടി ഗമിച്ചതോ മൂഢാ
പാട്ടിൽ വരുത്തുവനൊന്നു പറഞ്ഞുടൻ
ചാടിക്കുതിച്ചൊരുനേരം
നില്ലെടാ നിന്നുടെ പ്രൌഢതയൊക്കയും
അടക്കടക്ക നീ എന്നു
ദ്വേഷിച്ചുമപ്പിച്ചു മാരുതി പിന്നെയും
തിട്ടമൊടടുത്തു മെല്ലെ
പാട്ടിൽ വരുത്തുവനെന്നു പറഞ്ഞുടൻ
കടിച്ചു പല്ലുകളെല്ലാം
പിടിച്ചു തങ്ങളിൽ തുടൎന്നു യുദ്ധവും
മോടികലൎന്നിരുവരും
ചാടിയുമോടിയും കൂടെക്കുതിക്കയും
മാടിവിളിക്കയും കൂടെ
തട്ടിയും മുട്ടിയും തലകൾ തങ്ങളിൽ
കൊട്ടി ഒടക്കയും പിന്നെ
കൂടെക്കൊടുക്കയും പാടേ വിയൎക്കയും
മുഷ്ടിയുദ്ധം ബഹു ചിത്രം
ഒട്ടല്ല പാട്ടിലുരപ്പതിന്നിഹ
പെട്ടപാടും ഏറെയുണ്ടു
ഒട്ടുനേരമവർ തമ്മിൽ പൊരു-
തിട്ടുമാൎക്കുമൊരു ജയമില്ല
ചടഞ്ഞു മാരുതി താടിയിൽ വിരലും
കൊടുത്തു മെല്ലവേ കേട്ടു

ഇന്നു നിൻ കുലവും താതമാതാക്കളും
നിന്നുടെ നാമവും ചൊൽക
എന്നതു കേട്ടു പറഞ്ഞു മത്സ്യാത്മജൻ
നന്ദിയോടാദരപൂർവ്വാൽ.

വാനരകുലോത്തമനാം മാരുതിയാം ധീമാൻ
മാനവനാം രാഘവൻെറ ദൂതനായൊരുനാൾ
മാനിനിയാം സീതയെത്തിരവാനായി വന്നാൻ
ദീനതകൂടാതെ വൻകടൽ കടന്നുപോയാൻ
കായമതു തന്നിൽനിന്നു ബീജവും ജനിച്ചു
മായാജലം സിന്ധുതന്നിൽ വന്നുടൻ പതിച്ചു
മത്സ്യരാജത്തി അന്നതിനെ ഭോജനം കഴിച്ചു
മത്സ്യാത്മജനായിവിടെ ഞാനുമുത്ഭവിച്ചു
കുത്സിതമോടന്നു കടൽതീരേ ഞാൻ വസിച്ചു
തൽസഖിയാകുന്നു വായുദേവനും കൊതിച്ചു
ഉത്സംഗേ ചേർത്തെന്നെയവൻ തൻമടിമേൽവെച്ചു
മൽപ്രീതികളൊക്കയുമവനാങ്ങനുഷ്ഠിച്ചു
തുഷ്ടിയോടു ഞാനവിടെ പാർത്തിരുന്ന കാലം
ദൃഷ്ടിയിൽ കാണായിവന്നീ രാവണനെയന്നു
ഇഷ്ടമോടു വന്നവനമെന്നരികിൽനിന്നു
അന്നു തൻെറ രാജ്യമതിൽ വന്നു വാഴ്ക എന്നു
ഇമ്പമോടു ചൊൽവതിനെ കേട്ടു ഞാനും വന്നു
ഇപ്പുരത്തിലുഗ്രമായ കോട്ടതന്നിലിന്നു
ഇപ്രകാരം ഞാനമിങ്ങു വാണിടുന്നു മോദാൽ
ഇത്തരം മത്സ്യാത്മജൻെറ വാക്കുകളെ തോഷാൽ
സത്വരം ശ്രവിച്ചുടനെ മാരുതിയും മോദാൽ

ഉത്തമനാം രാമദേവൻതന്റെ ഭക്തന്മാരിൽ
ഭൃത്യനായ ദൂതനൊന്നറിക നീയുമെന്നെ.

ഇരട്ടി.

സുഗ്രീവനാകിയ വാനരേന്ദ്രൻതന്റെ
അഗ്രേ വസിപ്പവരായി
ഉഗ്രത ഏറിയ മന്ത്രിമാർ നാലുണ്ടവരിൽ
വച്ചിന്നു ഞാൻ മുമ്പൻ
അഗ്രജനാകിയ ബാലി കപിശാര-
നഗ്രനാട്ടീന്നുപൻതന്നെ
ഞാനവൻതന്നുടെ മന്ത്രിയായുള്ളൊരു
വാനരൻ വായുതനയൻ
ഹനുമാനെന്നുള്ള പൂർണ്ണനാമവും
ഇന്നു മററാക്കുമുണ്ടാകാ
നക്തഞ്ചരാധിപൻ തന്നെയൊടുക്കുവാൻ
രാഘവരോടും തിരിച്ചു
ശക്തരായുള്ളൊരു രാക്ഷസസേനയെ
പോക്കളംതന്നിൽ വധിച്ചു
തക്കമറിഞ്ഞിന്നു പാതാളരാവണൻ
വെക്കമപ്പുരിയിൽ വന്നു
കക്കസമാനമാം എന്നുടെ കോട്ടയും
ഉൾപ്പുക്കചെന്നു പതുക്കെ
ശീഘ്രമായി ഭവാന്മാരെയെടുത്തുടൻ
ദുർഘടനിങ്ങു ഗമിച്ചു
ധിക്കാരം ചെയ്തോരു വീരനെ ഇന്നു ഞാൻ
കൊൽവതിനായിട്ടു പോന്നു
നന്ദനാ വരികാ മത്സ്യാത്മജനാസ്യതാ

നന്നുനന്നു ബഹുചിത്രം ആനന്ദമാനനായ്
നന്ദനനോ മന്ദം പിടിച്ചു പുൽകിയനേരം
എന്നുടെ അസ്ത്രനൊന്നാകിൽ ഇന്നുനിജ
വിശ്വാസസ്വരൂപവും കാണും
അന്നുമരുൽസുതൻ നന്ദനൻ കാണവെ
നിജാകൃതിവേഷംകാട്ടി അടിമലർകൂപ്പി
സ്തുതിച്ചു സുതനും ഏറിയ ഭക്തികൾ ചെയ്തു
അകത്തു കടന്നു മാരുതിയപ്പൊഴേ തകത്തു
കണ്ടവയൊക്കെ അതികൃശതരംപൂണ്ടൊരു വാനര
നധികസുന്ദരൻ താനും അരിയെവെല്ലുവാൻ
പണികളോത്തുടൻ പെരിയവീരനും
തോഷാൽ അവിടെയുള്ളൊരു പെരിയ
ചോലയിൽ അകമേ ചെന്നു വസിച്ചാൻ
അന്നേരം രാവണസോദരി കുംഭവും വഹിച്ചു
വന്നതും കണ്ടാൻ അകമേയുള്ളൊരു
വാത്തകൾ ചണ്ഡിക കലമ്പിപ്പോവതും കേട്ടാൻ
അരികെ ചെന്നുടനവളൊട്ടുമായി
അധിക ഐക്യവും പൂണ്ടാൻ അവളുമവ-
നെയറിഞ്ഞു ലഘുവിൽ സരസാ കേണു പറഞ്ഞു
അതിനൊരു പണി മാരുതിയന്നേരം
അംഗനാതന്നോടു ചൊല്ലീ അധികസുന്ദര
വായുതനയനു മണ്ഡൂകവേഷവും പൂണ്ടു
അവളുടെ കുംഭേയടച്ചു ജലമൊട്ടു
വഹിച്ചു നടയുംകൊണ്ടു അകത്തു ചെന്നവൻ
ചാടി വെളിയതിൽ അഖിലവിസ്മയരൂപൻ

ആനന്ദമോടങ്ങു ചെന്നു വാനരവീരൻതാൻ
അധിപതിയായുള്ള മായാരൂപന്മാരെ കണ്ടാൻ
ആരും ഗ്രഹിയാതെ പുട്ടത്താദികാലേ ദാസൻ
ആകുലം വെടിഞ്ഞു ഭൂമിദേവികയ്യിൽ വീരൻ
ഹാനികൂടാതങ്ങുനൽകി ആസ്ഥയോടു പിന്നെ
ആലംബനം കൂടാതൊരു കുഞ്ജരനായ്നിന്നു
ആസകലവും തിരഞ്ഞു പുല്ലാടവുമൊന്നു
ആവനങ്ങളൊക്കയും തകർത്തവൻ നടന്നു
ആയാസങ്ങൾ തീർത്തുതിന്ന പകങ്ങളും തിന്നു

ഇരട്ടി.

ചാടിയുമോടിയും പാടിനടക്കയും
കാട്ടിലൊളിക്കയുംപിന്നെ ചെടികൾ തൊടികൾ
തടികൾ തന്നിലും തടത്തിൽ കേറിനടന്നും
പടികൾ മടികൾ കൊടിമരങ്ങളിൽ
ഓടിയിരുന്നു കടന്നും നൊടിയായുള്ളൊരു
വൃക്ഷശാഖകളിൽ കൊടിപോൽ തൂങ്ങിക്കിടന്നും
തട്ടുകൾ മേടകൾ പാഠകശാലകൾ
കേറി തകർത്തുപരകെ കൊടിനാവണനിരിക്ക
മാസനൊ ഓടിമതിച്ചുതിരുന്നു വാടിയ
ഉടലും നോടിയമുഖവും കൊടിയവേഷവു
മന്നു മടിയിലിരിപ്പാനോടി വരുന്ന പോൽ
ഇടെക്കു ഭാവവും കാട്ടും മട്ടലർവേണിയാം
രാവണപത്നിയോടടുത്തു വാനരവീരൻ
മോടി കലർന്നാരോ ലീലകൾ കണ്ടവൾ

ഭർത്താവുതന്നോടു ചൊല്ലീ പാർത്ഥിവ
ഇന്നു കളിപ്പാനിവനെ നീ ചേർത്തു
തരേണമരികിൽ പാർത്തു നിനച്ചവൻ
പേർത്തു പിടിപ്പാനായ് പൂർത്തിയായോടിനടന്നു
തക്കം നിനച്ചിട്ടു മാരുതിയും ബത
കൂടെ പതുക്കെ നടന്നു കാന്തനും
കന്നിയുമായിട്ടൊരുമിച്ചനേരത്തു
മർക്കടവീരൻ അന്തരം കണ്ടങ്ങു വാ-
ലാൽപിണച്ചിട്ടു സത്വരം ബന്ധനംചെയ്തു
അഷ്ടഗിരിയിലിരിക്കും ഭ്രമരത്തെ
പൊട്ടുന്നവിടെ ഞെരിച്ചു ദുഷ്ടനാം
രാവണന്തന്റെ വിധിയതു പോലെയണ-
ഞ്ഞെരുക്കിച്ചു വെട്ടന്നിടിപോലെ ശബ്ദവും
കൈക്കൊണ്ടു രാവണൻ മോഹിച്ചുവീണു
ഹാഹാ വിധിവശമെന്നു പറഞ്ഞുടൻ
പ്രാണനുമങ്ങു ഗമിച്ചു പാതാളസേനകൾ
നോക്കുന്നവരൊക്കെ മാരുതി തന്നുടെ
രൂപം താന്താങ്ങൾ മാരുതി എന്നു
നിനച്ചുടൻ തങ്ങളിൽ തങ്ങളിൽ കൊന്നു
സേനകൾ കൈയൊടുങ്ങിയ നേരത്തു
വാനരൻ വായുതനയൻ തന്വംഗി ത-
ന്നുടെ നന്ദനനെ പുരി വാഴിച്ചഭിഷേകംചെയ്തു
പാർത്ഥിവരാകുന്ന ഭഗവന്മാരെയും
മെല്ലെ എടുത്തു തിരിച്ചു പൂർത്തീഭവിച്ചു
മനസ്സോടു മാരുതി ലങ്കയിൽകൊണ്ടിങ്ങുവച്ചു

സീമയില്ലാതോളം ദേവവൃന്ദങ്ങളും
പുഷ്പവർഷങ്ങളുംചെയ്തു ബുദ്ധിമാൻ മാരുതി
കോട്ടയും തീർത്തുടൻ സാമോദമോടുവസിച്ചു
ഇത്തരം ചൊല്ലിക്കിളിമകളമ്പോടു
സത്വരമങ്ങു ഗമിച്ചു.

പാതാളരാമായണം കിളിപ്പാട്ട്
സമാപ്തം.

കേരളസാഹിത്യ അക്കാദമി

# കിരാതം

## കുറത്തിപ്പാട്ട്.

---

എങ്കിലൊ പണ്ടൊരുകാലം പങ്കജബാണാരി
തിങ്കൾചൂടും ശങ്കരൻ പരൻ പുരസംഹാരി
തങ്കഴൽവണങ്ങിടുന്നോർ സങ്കടമൊഴിപ്പാൻ
പങ്കജാക്ഷിയായ മലമങ്കതൻ മണാളൻ
തിങ്കൾകുലജാതനായ പാൎത്ഥനുള്ളിലേറും
സങ്കടമൊഴിച്ചു വരം നൽകുവതിന്നായി
വൻകിരാതമൂൎത്തിയായ് ഭവിച്ചൊരു കഥയെ
പങ്കഹരമായതു ഞാൻ ഭാഷയായ് ചൊല്ലുന്നേൻ
ടങ്കമൊടു മാൻമഴുധരിച്ചിടും മഹേശൻ
വൻകരിതൻ വേഷമാണ്ടു വൻപൊടഖിലേശൻ
പങ്കജാക്ഷിയായിടുന്ന ഗൌരിയുമക്കാലം
തൻകരിണിയായുടൻ കരത്തിലനുകൂലം
ശങ്കവിട്ടു കാനനങ്ങൾതോറുമനുവേലം
പങ്കജാസ്ത്രകേളിചെയ്തു സഞ്ചരിക്കും കാലം
അംഗജാരിക്കന്നു സൎവ്വമംഗലയായിടും
അംഗനായിലന്നുടൻ പിറന്നൊരു കുമാരൻ
മംഗലാത്മാവായൊരാ മാതംഗമുഖനെന്റെ
ഇംഗിതങ്ങളാം വരങ്ങൾ നൽകുവാൻ തൊഴുന്നേൻ
ഭംഗിയൊടെ വാണിയും വിളങ്ങുകെന്റെ നാവിൽ
മംഗലം വരുവാൻ കൃപചെയ്ക മൽഗുരുവും

കാരണാത്മാവായിടും കല്യാണമൂർത്തി കൃഷ്ണൻ
വാരിജാക്ഷൻ തന്റെ ഭക്തരായ പാണ്ഡവന്മാർ
വൈരമുള്ളിലേറെയുള്ള കൌരവന്മാർ തന്നാൽ
സൈപുഷ്യഹാനി പാരവും ഭവിച്ചവർക്കെന്നല്ല
ഭൂരിഖേദം ചെയ്തോരപകാരവുമൊന്നല്ല
ചോരനാം ശകുനികള്ളച്ചൂതിനാൽ ചതിച്ചു
ധീരരത്തു സത്യഭംഗഭീതിയാൽ സഹിച്ചു
സാരസാക്ഷിയാം ദ്രുപദപുത്രിയൊരുമിച്ചു
പാരമഴൽപൂണ്ടു ഘോരകാനനം പ്രാപിച്ചു
ചീരജടാധാരികളാം താപസരൊന്നിച്ചു
ഭൂരിമോദംകേശവപാദാംബുജവും നിനച്ചു
വാരിജാക്ഷൻ തന്നെയനവാസരം ഭജിച്ചു
ധൈര്യമോടെ ദ്വൈതകാനനാന്തരേ വസിച്ചു

കേരള സാഹിത്യ അക്കാദമി

ഇരട്ടി

മാനശാലികളാകും പാണ്ഡവന്മാരിവണ്ണം വൻകാട്ടിൽ
ദീനരായ്മരുവുന്നനാൾ വേദവ്യാസനരമെഴുന്നെള്ളി
മറകൾ വെവ്വേറെ പകുത്തമാമുനിവരനൊക്കണ്ടൊരു നേരം
പറയരുതാതെ കുതുകം പൂണ്ടവർ വിരവിൽ ചെന്നു വണ
(ങ്ങി
ട്ടുന്നയമേറും വൈരികളാലെ വന്ന ഖേദമുണർത്തി
വന്ദനംചെയ്തു നിന്ന ധർമ്മജൻ തന്നോടമ്മുനിശ്രേഷ്ഠൻ
അരികളെ വെന്നു വരുവാൻ വിജയാ ഹരഭജനം ചെയ്യേ
(ണം
ഖർമതിനാൽതെ സകലശുഭമെന്നരുളിപ്പോയൊരുശേ
(ഷം

ഉഗ്രവീൎയ്യമെറീടുന്ന വൈരികളെ വെൽവാൻ
ഉൾക്കരുന്നിലാശപൂണ്ടു ഫൽഗുനനുമപ്പോൾ
അഗ്രജന്മാരെ തൊഴുതനുഗ്രഹവും വാങ്ങി
ഭാൎഗ്ഗസേവചെയ്യതിന്നായ് നിൎഗ്ഗമിച്ചു വേഗം
മന്ദരഗിരിനികടേ ചെന്നതിഗംഭീരൻ
മന്നവനാം പാണ്ഡുവിന്റെ സുന്ദരകുമാരൻ
മന്ദമതുമെന്നിയേ വളൎന്ന ഭക്തിയോടെ
നിന്നു ശിവസേവയും തുടങ്ങിയതിധീരൻ

ഇരട്ടി

ധരണിതന്നിലങ്ങൊരു കാലൂ-
ന്നിക്കൊണ്ടുരുതരഘോരമയ്യോ
ഹരഹരതുടൎന്നൊരുതപം മുനി-
വരന്മാരാലുമസാദ്ധ്യം
അതുകേട്ടിന്ദ്രനുമധികമാധി-
പൂണ്ടബലമാരോടരുളി
അധുനാ നമ്മുടെ തനയൻ ഫൽ-
ഗുനനറിക ചെന്നിതുകാലം
കരുതിയിന്നെന്റെ പദം ലഭിപ്പാനാ-
സ്ഥരളിൽ ഭക്തിയോടേററം
നരനും മന്മഥഹരനാം ദേവനെ
തരസാ സേവ തുടൎന്നു
ഹരനും ചരണഭജനംചെ-
യ്യുന്നോൎക്കഖിലകാമദനല്ലോ
അതിനാൽ പാൎത്ഥന്റെ വ്രതഭംഗം
ചെയ്യാനധുനാ നിങ്ങൾ പോകേണം.

ഇപ്രകാരം വാസവന്റെ കല്പനയെ കേട്ടു
ക്ഷിപ്രമങ്ങു നിർഗ്ഗമിച്ചാരപ്സരസ്ത്രീമാരും
സൽപ്രമോദം പാണ്ഡവൻ തപസ്സുചെയ്തീടുന്ന
തൽപ്രദേശം നോക്കിയവരങ്ങുടൻ നടന്നു
സൽപുരുഷൻ പാർത്ഥനുടെ സന്നിധിയിൽ ചെന്നു
ചില്ലമായലീലകൾ പലതുടൻ തുടന്നു
വെണ്മവീണാമദ്ദളനിനാദവും മുഴക്കി
ഏണമിഴിമാർ മധുരഗാനവും തുടങ്ങി.

ഇരട്ടി

നലമെറും നവരസം കല്യാണിയും നയത്തില്പാടി വരാടി
ചലമിഴിമാരങ്ങലസ്സാതോറവും പല പല രാഗം തേടി
ചന്തമൊട്ടുടൻ പാടിനല്ല പന്താടിയങ്ങുരസിച്ചും
ബന്ധുരാംഗികൾ കുന്തിപുത്രന്റെ മുമ്പിലങ്ങുകളിച്ചും
പന്തണിമുലമാർ ഹരിയുടെ ബന്ധുവാംവിജയന്റെ
മതിയിളക്കവാൻ പല പല യത്നം മതിമുഖിമാർ തുടന്നു
മതിയായില്ലവരതിലേതും പാർത്ഥൻ മതിയിളകാഞ്ഞവരും
അതിയായ നാണംകലന്നു മത്തേഭഗതിമാരങ്ങുഗമിച്ചു.

ആറു മൂട്ടം ശങ്കരനെ ക്കുറിയന്നു പാർത്ഥൻ
ഏറിയൊരു ഭക്തിപൂണ്ടു സേവചെയ്യും കാലം
വാരിജാക്ഷനുററബന്ധുവായ പാണ്ഡവന്റെ
ഭൂരിഘോരമായൊരു സമാധികാരണത്താൽ
പേടിപൂണ്ടങ്ങേഴരണ്ടു ലോകവും വിറച്ചു
പാരിടമങ്ങാകവേ ദഹിക്കുമെന്നുറച്ചു
പാരമഴൽപൂണ്ടു വാനോർ താപസരൊന്നിച്ചു
പാർവ്വതീശൻ തന്നോടു സന്താപമറിയിച്ചു.

ആയതിശംഭരൻ സ്വീകരിച്ചൊരു ഭാവമേതും കാണാഞ്ഞു
ആതുരരായി വന്ന ദേവന്മാരാകവെ മുനിമാരും
ആയവസ്ഥകൾ ചെന്നു പാർവ്വതിദേവിയോടറിയിച്ചു
ആയതു ഗിരിരാജനന്ദിനിയായ ഗൌരിയും കേട്ടു
പോയശേഷവുമീയവസ്ഥകൾ കാന്തനോടറിയിച്ചു
സുമശരരിപോ സുമുഖ നീ മമ രമണ കേൾക്ക കൃപാലോ
കുമതികളായ കുരുക്കളെ വെൽവാൻ സുമതി പാണ്ഡുകു
(മാരൻ
യമസുതാനുജസഹജനായീടും വിജയനാശപ്പെണ്ടയ്യോ.

വൃത്രവൈരിപുത്രനിപ്പോളത്ര വന്നു മായം
എത്രനാളുണ്ടിങ്ങു സേവ ചെയ്തിടുന്നു നിന്നെ
അത്രപാർത്ഥനിന്നപായമെത്തുവതിന്മുന്നെ
അസ്ത്രമരുളീടുക ഭവാൻ വിശയമെന്ന്യെ
മംഗലാംഗിയായ സർവ്വമംഗലയിവണ്ണം
ഭംഗിയൊടുണർത്തിയൊരു വാക്കു കേട്ടു നാഥൻ
അംഗജാരിതാനുമദ്രികന്യയെപ്പുണർന്നു
തിങ്ങിനാമോദം ഗിരിജാകാന്തനരുൾ ചെയ്തു

അഖിലഗീർവ്വാണതരുണിമാർ കൂപ്പും
അചലനന്ദിനി ബാലേ
നിഖിലവും നിന്നാൽ വിദിതമെങ്കിലും
നീയതു കേൾക്ക സുശീലേ
മഹിളമാർമണി വലമഥനൻെറ
മകനു ചേർന്നിഹപോലെ
മടിയുണ്ടായിട്ടല്ലരുളുവാൻ വരം
മനസി മംഗലലീലേ

അല്പമാനമല്ലനല്ല പാർത്ഥനാ-
നല്പധൈര്യപയോധി
ഉല്പലാക്ഷി ധരിക്കവനുള്ളി-
ലല്പമില്ലൊരാധി
കരബലമുള്ളപുരുഷരിൽ സുര-
വരസുതനൊടു തുല്യൻ
കരുതുക പാരിലൊരുവനുമില്ലിതു
കരുതിവേണ്ടാക്കം ശല്യം
ഒരുപുരുഷനു വരേണ്ടും ഗുണ-
മഖിലവും പാർത്തുകണ്ടാൽ
വരതനുമണേ കരുതു പാർത്ഥനിൽ
മരുവുന്നായതുമൂലം

പാരമുള്ളിലുണ്ടുഗർവ്വമായതു ശമിച്ചേ
പാണ്ഡവനു നൽവരമരുളിയാൽ ഫലിപ്പൂ
ആയതിനും കാരണമുണ്ടായ്വരുമതിപ്പോൾ
ആയതാക്ഷി കണ്ടുകൊൾക ശൌര്യമർജ്ജുനൻറെ
ഞാനൊരു കിരാതവേഷം പൂണ്ടു പാർത്ഥൻ മേവും
കാനനത്തിൽ ചെന്നു വേട്ടയാടി വിഹരിക്കും
മാനവനുമെന്നോടപ്പോൾ ചെറു കലഹിക്കും
മാനിനീ നിനച്ചകാര്യമൊക്കയും സാധിക്കും
നീയുമമ്പൊടിന്നൊരു കിരാതനാരിയായി
നീലവേണി പോരികാ നമ്മോടിഹ സഹായം
വേടരായിട്ടിന്നു ഭൂതവൃന്ദവും പോരേണം
കേടൊഴിച്ചു പാർത്ഥനസ്ത്രം നല്കീടുവാനിപ്പോൾ.

വാർമതിച്ചൂടും ദേവനിങ്ങിനെ പാവ്വതിയോടരുളി
പ്രേമമോടൊരു ഘോരവീരകിരാതനായിച്ചമഞ്ഞു
പുരഹരനുടെ ജടമുടിനല്ല പുരികുഴലായ് ഭവിച്ചു
നിടിലക്കണ്ണൊരു കുറിയായിതീന്റു നെടിയ പാമ്പുകളേ
(ററം
വിലസും ഹാരങ്ങൾ വിളങ്ങി വാസുകീ വലയമായി ചമ
(ഞ്ഞു
കരിത്തോലങ്ങുടൻ കറുത്തപട്ടായി ത്വരിതമങ്ങു ഹരന്റെ
വെളുത്ത പൂവൽമെയ് കറുത്തു കാണായി കരത്തിൽ വി
(ല്ലുമങ്ങമ്പും
വഹിച്ചു കൈരാതവപുശ്രീ കണ്ടേററം രസിച്ചു ഗൌരിയു
(മപ്പോൾ
തരത്തിൽ തന്നുടെ വരനു തുല്യമായെടുത്തൊരു വേഷമ
(പ്പോൾ
പുരികുഴലേററം അഴകിൽതിരുകി ചില തളിരുകൾ ചൂടി
തെളിവേറും ശംഖിൻവളകളും കയ്യിൽ ഗളത്തിൽ താലി
(കപാലം
നിറമേറും കുന്നിക്കുരുമാലചാത്തി മുലമേൽ കുങ്കുമം തേച്ചു
ഉടുത്തുതാനൊട്ടു കറുത്ത പൂഞ്ചേല എടുത്തു കുട്ടയും കോ
(ലും
കരത്തിലീവണ്ണം ധരിച്ചു രൂപവും തരത്തിലങ്ങു വിളങ്ങി

എന്നതുകണ്ടപ്പൊഴേ ഹരൻ കിരാതമൂത്തി
സുന്ദരാംഗിയായ ഗൌരിതന്നോടും മഹേശൻ
കുന്ദബാണവൈരി ഭൂതവൃന്ദമൊരുമിച്ചു
നന്ദിയോടെ കാനനം പുക്കിന്ദുമൌലിദേവൻ

വൻപെഴന്ന കിങ്കരന്മാരമ്പിനോടെ വേടർ
തമ്പുരാൻെറ മീശക്കൊമ്പർ കയ്യിൽ നല്ല വില്ലും
അമ്പുവാൾ വൻകുന്തമോടിരുമ്പുശ്ശൂലമേന്തി
ഇമ്പമോടെ വേട്ടതന്നിൽ കൂട്ടതായി കേചിൽ

കറുത്ത കുക്കരത്തലവന്മാരുടെ
കഴുത്തിൽ ചങ്ങല പൂട്ടി
കരത്തിലങ്ങുടൻ പിടിച്ചു വേടന്മാർ
തരത്തിലങ്ങു നടന്നു
ഉരത്തബാണങ്ങൾ തറച്ചു മണ്ടുന്നൊ-
രുറച്ച പന്നികൾ പിമ്പെ
ഉറപ്പിലാർത്തുകൊണ്ടുടനെത്തി ശരം
തൊടുത്തവൻ മെയ് പിളന്നു
ചാടുമേണങ്ങളൊടു ബാണങ്ങൾ
കൂടെയങ്ങു തുടന്നു
ആടൽപൂണ്ടോരൊ കന്നാരങ്ങളെ
തേടിപ്പോയങ്ങൊളിച്ചു
ഏണലോചനയായ ഗൌരിതൻ
ചേണെഴുന്ന കടാക്ഷം
ഏണമോടുടൻ ബാണവുംകൊണ്ടു
നാണിച്ചിട്ടെന്നപോലെ
പലഗിരിയിലും വനതതിയിലും
പരിചൊടെ വേട്ടയാടി
കല കരികളും പല ഹരികളും
പെരിയൊരു ഭയം തേടി
കലയും പുലിയും കലയും പേടമാൻ

കലവും പേടിപൂണ്ടോടി
തലയും മുലയുമുലയവേ നട-
ന്നലം മലമകൾ വാടി

ഇപ്രകാരം ലീലപൂണ്ടു മുപ്പുരാരി ദേവൻ
സപ്രമോദം വേട്ടയാടി തത്ര വാമദേവൻ
കെൽപുടയ പാണ്ഡവൻ ഭുജിച്ചിടും പ്രദേശം
ക്ഷിപ്രമങ്ങു വൃന്ദമോടുൾപൂക്കൊരു നേരത്തു
ദുർമ്മദമേറുന്നൊരു സുയോധനനിയോഗാൽ
നിർമ്മലനാം പാണ്ഡവനിയമവിഘ്നം ചെയ്വാൻ
മുന്നമയച്ച മൂകനെന്ന ദൈത്യവീരൻ
തന്നുടെ ദുഷ്കർമ്മയോഗാൽ വന്നു ചാടി മൂഢൻ
ഉറച്ചൊരു പന്നിത്തടിയൻ വടിവാ-
യുദിച്ച കോപമൊടപ്പോൾ
ഉറച്ച പാർത്ഥനെ വധിപ്പാനാ-
യവനടുത്തനേരം കിരീടി
അഴിച്ച നിഷ്ഠയുമവിടെ നേത്രങ്ങൾ
മിഴിച്ചു നോക്കിയ നേരം
തടിച്ച പന്നിയെ തരസാ കണ്ടപ്പോ-
ളെടുത്തു ഗാണ്ഡിവം കയ്യിൽ
ഊക്കെഴുന്നൊരു ശരം തൊടുത്തുടൻ
ലാക്കു നോക്കിയയച്ചു
ചാക്കടുത്തൊരു വൻകിടിക്കതു-
മാക്കമോടെ തറച്ചു
തൽക്ഷണമൊത്തു കിരാതനുമൊരു
മാർഗ്ഗണം പ്രയോഗിച്ചു

വെക്കമെക്കിടിപൃഷ്ഠഭാഗേ
താച്ചവനും പതിച്ചു
ബാണബന്ധുവാം കിരാതബാണവും തിരിച്ചു
മാനിയായ പാണ്ഡവൻെറ കാക്കലേ പതിച്ചു
കാണിയും വൈകാതെ തൻെറ ബാണമെന്നുറച്ചു
പാണിയിലങ്ങാക്കി ഇന്ദ്രസൂനുവും വസിച്ചു
മായയാ കിരാതമൂർത്തിയായൊരു മഹേശൻ
ആയതുകണ്ടർജ്ജുനൻെറ സന്നിധിയിൽ ചെന്നു
ആയതാക്ഷിയായ ഗൌരിയൊടുമഥനിന്നു
പേയതായ വാക്കുകളവനോടരുൾചെയ്തു.
കുടിലധർമ്മതേ ജള ഭവാനുടെ
പടുത നന്നു നന്നേററം
മടിയാതെന്നുടെ മഹിതബാണത്തെ
തൊടുവാനെന്തെടാ മൂഢാ
പടുതരമുള്ള നി ശരങ്ങൾ മോഷ്ടിപ്പാൻ
പഠിച്ചവിദ്യയിതോടെ
പിടിച്ചുമേടിപ്പാൻ പരസ്പമങ്ങിനെ
നടിച്ചു ഭക്തിയുമുള്ളിൽ
കുളിച്ചു പൊയ്കയിൽ പുലർകാലേ
ചാമ്പൽ കുഴച്ചു മെയ്യങ്ങുംതേച്ചു
രളിച്ചുകൈതവമകമേ ദററവും
വെളുപ്പിച്ചങ്ങഴകോടെ
അടച്ചു കണ്ണുകളതികപടം നി
ഭജിക്കമിത്തൊഴിൽ കൊള്ളാം.
ബോധമുള്ളിലേററമുള്ള ധർമ്മജന്മാവിൻെറ

സോദരനാം ഭീമനസഹോദരനിവണ്ണം
വ്യാധരാജൻ തന്നുടെ ദുർഭാഷണങ്ങൾ കേട്ടു
ക്രോധമുള്ളിലേററവും വളൎന്നരുളിച്ചെയ്തു.
മൂഢദുൎമ്മതമേറെയുള്ളൊരു വേടകീട ദുരാത്മൻ
പോട വന്നടുത്തിടുക തരമോടു നീച നിനക്കു
പാടവംപുനരെന്തറിഞ്ഞതും വേടക്കൂട്ടാ നീയെൻെറ
നീടെഴും മദിയൊടുതൂമ്പയും ചൂടും ശങ്കരൻ തൻെറ
ചരണഭജനസമയേ വന്നിങ്ങു താപസാ തീണ്ടിയ നിൻെറ
ചരിതമോൎക്കിലെന്തുരചെയ്വൂ വകതിരിവില്ലാത്ത വേട
(ൻെറ
ശരം തൊടുമൊ നീ താകിലും സുമശരരിപുഭഗവാൻെറ
കരുണയാൽ കരുതൊരുശരംപെത്തു ശരമയുതമാമെൻെറ
എത്രയും മഹത്വമേറും നമ്മുടെ കുലത്തിൽ
ശുദ്ധമായ നിസ്തുലചരിത്രമെന്തറിഞ്ഞു
നിസ്ത്രപം നീ മൂഢനാകകൊണ്ടതു പറഞ്ഞു
അത്രയുമല്ല ദൌരാത്മ്യമിപ്പുരിഷന്റേറും
എന്നിവണ്ണം പാണ്ഡവൻെറ വാക്കു കേട്ടനേരം
മന്ദഹാസം ചെയ്തു വേടൻ പിന്നെയും കഥിച്ചു
നന്നു നന്നു നിന്നുടെ കുലമഹിമയെല്ലാം
മന്നിലിന്നറിഞ്ഞവരിന്നൊന്നോടു സമാനം.
കഷ്ടമങ്ങൊരു ദാശകന്യക
പെറെറാരു സുതനുണ്ടായ്
വിഷ്ടപത്തിൽ പ്രസിദ്ധവാൻ
വേദവ്യാസവനായതവൻപോൽ
പുഷ്ടമോദമവൻെറ സോദരൻ

ചെയ്തു രണ്ടു വിവാഹം
തുഷ്ടി പൂണ്ടു വസിച്ചു പിന്നെ
മരിച്ചനുജനക്കാലം
വിധവമാരായ സഹജഭാര്യമാ-
രിരുവരോടും രമിച്ചു
വിശയം കൂടാതങ്ങവരിലമ്മുനി
സുതരേയും ജനിപ്പിച്ചു
ഒരുവനന്ധനായ്പരൻ പാണ്ഡനായി
വരുമോ നന്നായകൃത്യം
ഇരുവരിൽ മൂപ്പോർക്കൊരുനൂറു
പുത്രരതിസമർത്ഥരുണ്ടായി।
കേട്ടുകൊള്ളിനിയും തമ്പി വേട്ടരണ്ടെന്നിട്ടും
കൃഷ്ണമവർ രണ്ടിലും ജനിച്ചതില്ല ബാലർ
നഷ്ടമോദം കാനനം പുക്കംഗനമാരോടും
വിട്ടു മോഹം പാണ്ഡുവും തപസ്സു ചെയ്തു വാണു
കേട്ടുടനങ്ങായവസ്ഥ കാട്ടിലപ്പോളെന്റെ
കൂട്ടുകാരായുള്ള ചില മാനവരങ്ങെത്തി
ഇഷ്ടമോടെ പെണ്മണിമാരോടു ചേർച്ചകൂടി
പൊട്ടരായ ഞങ്ങൾ നാലഞ്ചുടൻ ജനിച്ചു
ഹരഹരനൂനം വിധി ബലവാ-
നൊന്നഖിലസമ്മതമല്ലോ
അരിയ ദുർമ്മതേ പുനരഹോ
നിങ്ങളൊരുമിച്ചെയ്തതും കൂടി
ഒരുതരുണിതൻ കരം പിടിച്ചതും
കരുതിക്കാണെടാ മൂഢാ

പെരിക ധർമ്മമോ വക-
തിരിവില്ലാഞ്ഞൊരു പരിഷ ഞാനൊടാ
അരിയെ പൌരുഷം റാടിച്ചു ധൂർത്തുകൾ
കഥിപ്പതെന്നോടു കൂടാ
അരികളോടു ചൂതടലിൽ തോററനാൾ
തരുണി തന്നുടെയാട
വിരവിൽ ചെന്നുടനഴിച്ചു കാർകുഴൽ
പിടിച്ചിഴച്ചീലയോടാ
പെരിയ വിക്രമം പുനരന്നെങ്ങു പോയ്
പറക മാനവകീടാ
വണ്ണമേറും വാഴപോലെ പൊണ്ണനായ ഭീമൻ
അണ്ണനും നിൻ തമ്പികൾ നീ എണ്ണമഞ്ചിവണ്ണം
കണ്ണുകൾ മിഴിച്ചുവിടെ കണ്ടുനില്ക്കയല്ലെ
പെണ്ണുടുത്ത പൂന്തുകിലഴിച്ചതോർമ്മയില്ലെ
തിണ്ണമങ്ങരികളോടു തോററു പിന്നെ നിൻെറ
അണ്ണനും മൂത്തണ്ണനോടു തമ്പിമാരും നീയും
പെണ്ണിനോടു പോയടവിതന്നെയും പ്രാപിച്ചു
ഷണ്ഡരായ നിങ്ങളും വിഷണ്ണരായ് ഭവിച്ചു
കണ്ട കാടുകൾ തോറുമങ്ങഥ മണ്ടിയേറെ നടന്നു
കണ്ട കായ്കനി തിന്നുമങ്ങു പൈകൊണ്ടു മേനി തളന്നു
ഇണ്ടൽ പൂണ്ടു നടന്ന നാളൊരു ശുദ്ധനായ മുനീന്ദ്രൻ
കണ്ടു ചൊന്നുപദേശമങ്ങതു സത്യമെന്നു നിനച്ചു
കരബലത്തിനാലൊരുവിധത്തിലും
രിപുബലത്തിനെ വെൽവാൻ
കരുത്തില്ലാത്ത നീ കരുതിവന്നിങ്ങു

ഭജിച്ച ദേവനും കൊള്ളാം
കരിത്തോലങ്ങവനൊരിക്കലാടയാം
പുലിത്തോലങ്ങൊരു നേരം
ഒരു നേരം പുനരൊരുവക നാസ്തി
കരുതവൻെറ ചരിത്രം
അമ്പിനോടെ നീ ഭജിക്കും തമ്പുരാൻ വിചിത്രം
പാമ്പുകൾ നല്ലാഭരണം ചാമ്പലംഗരാഗം
ഇമ്പമോടെ കേളൊരു മലയവൻെറ ഗേഹം
സംപ്രതി ധരിക്കമാത്തു കൂററനവൻ വാഹം
ചെമ്പകപ്പൂബാണനുടെ ചേച്ച്യുള്ള ദേഹം
അമ്പു കൂടാതങ്ങെരിച്ച നിഷ്ഠുരണഗേഹം
ഡംഭനായ നീയതൊന്നും ബോധിയാതെ വന്നി-
ശ്ശംഭുവാം മുക്കണ്ണരെ ഭജിച്ചതും ദുർമ്മോഹം
ഭാഷണങ്ങളിവണ്ണം ശങ്കരഭൂഷണങ്ങളതായി
ഭാഷണം ചെയ്തനേരം പാർത്ഥനും രോഷമോടു കയർത്തു
എന്തു ചൊന്നതു വേട മൂഢ നീ എന്തറിഞ്ഞു ഹരൻെറ
ഹന്ത ഹന്ത മഹത്വമിന്നു പുരാന്തകൻ ഭഗവാൻെറ
ഹര ഹര പുരഹര വിഭൂഷണഗിരമനേകമിവണ്ണം
ഉരചെയ്തോരുനാവരിയാതെ നിൻെറ മരുവുമൊ ഞാനാട (ങ്ങി
വരിക നമ്മോടു പൊരുവാനാണെങ്കിലറിയാമന്നേരം (ശൌര്യം
പെരികിന കരിമലപോലുള്ള നിന്നുടലടിച്ചു പൊടിപ്പൻ
ചിത്ത കോപം പൂണ്ടിവണ്ണം പാർത്ഥനരചെയ്തു
ചേർത്തു ഗാണ്ഡീവം കരേ താനാസ്ഥയോടന്നേരം
കൂർത്തമൂർത്ത സായകങ്ങളേററവും തൊടുത്തു

പേത്തുമുടൻ വേടനുടെ മൂത്തിയിൽ കൊടുത്തു
ആയതു കണ്ടന്നു വാനോരാകവേ വിറച്ചു
മായമേറും വേടരാജൻ താനുമങ്ങെത്തുത്തു
ധീരനായ പാണ്ഡവനങ്ങെയ്ത ശരമെല്ലാം
ഘോരമായ വിൽമുനയാൽ തല്ലിയങ്ങൊടിച്ചു
പഴിച്ചു പാരവും ചിരിച്ചതു കണ്ടു
ജ്വലിച്ചു കോപവുമുള്ളിൽ
പെരുത്തു പാത്ഥനുമടുത്തു ബാണങ്ങൾ
തൊടുത്തു പാരം ചൊരിഞ്ഞു
അതുനേരം പുനരിരുവക്കും
മേനിയതിയായിട്ടു മുറിഞ്ഞു
ഹരവിജയന്മാരുടെ ശരങ്ങളാ-
ലരുണബിംബം മറഞ്ഞു
എടുത്തു ദിവ്യാസ്ത്രം പലതുമന്നേരം
തൊടുത്തുടൻ പ്രയോഗിച്ചു
തടുത്തു വേടനാണ്ടതൊക്കെയും
മറുത്തു ബാണമയച്ചും
ഹരനും നരനും അകതാരിൽ കോപ-
മൊരുപോലേററമുദിച്ചു
ഹരഹര ഘോരസമരം നാരദ-
മുനിയും കണ്ടു രസിച്ചു
ധീരനായ വേടനും കിരീടിയുമീവണ്ണം
ഘോരമായ്പ്പൊരുതിടുന്ന പോരതിനെക്കണ്ടു
പാരമങ്ങുപായമുണ്ടാം പാത്ഥനെന്നുറച്ചു
ഗൌരിയും ചെന്നജ്ജുനനോടിങ്ങിനെ കഥിച്ചു

മൂഢബുദ്ധേ നീ ധരിക്ക വേടനല്ലിദേഹം
ഗാഢരോഷം കാമനെ ചുട്ടൊരു ശൌര്യഗേഹം
പാടവങ്ങളേതുമിവനോടിഹ ഫലിക്കാ
പാർവ്വതിശനാമവനെസ്സന്തതം ഭജിക്ക

കെൽപുടയ ധനഞ്ജയനോടിങ്ങപ്രകാരം ഭവാനി
ചില്ലമോടരുൾചെയ്ത വാക്കുകൾ കേട്ടു ഹന്തകിരീടി
മതിയിലേററമങ്ങതികോപംപൂണ്ടു മലമകളെ കയർത്തു
മതി മതി മൂഢേ ഗുണദോഷം മമ പറവാനാളു നീയോടി
മദിച്ചു പോരിൽ വന്നിടയിൽ വീഴാതെ മറയത്താങ്ങു നീ
(പോടി
ഉദിച്ച കോപത്തെ ശമിപ്പിപ്പാനെൻെറ മിടുക്കു നിനക്കു
(ണ്ടോടി
മികച്ചു കാളുന്ന മമ ശരാഗ്നിയിൽ മരിച്ചിടാതെ നീ ചാ
(ടി
ഗമിച്ചുകൊണ്ടാലും മടിക്കേണ്ട വല്ല മലകൾ കാടുകൾ
(തേടി_

കുന്തി പെററ നന്ദനൻെറ കോപമേവം കണ്ടു
പന്തിയല്ല കാര്യമെന്നു പാർവ്വതിയുമപ്പോൾ
പന്തിടഞ്ഞ പോർമുല കുലുങ്ങവേ ഗമിച്ചു
കാന്തനുടെ സന്നിധിയിൽ ചെന്നുടൻ നിനച്ചു
വാക്കിതിനാലേ ശമിച്ചില്ലുക്കിവൻെറയെന്നു
വാസ്സുമഴൽ പൂണ്ടു മലമങ്കയുമന്നേരം
നോക്കിയുടൻ പാർത്ഥനെയ്തീടുന്ന ശരമെല്ലാം
പൂക്കളായ് ഭവിക്കയിന്നു ശീഘ്രമെന്നരുളി

വിജയനെയ്തീടും ശരങ്ങളന്നേരം
വിവിധസൂനങ്ങളായി

വിജയം കൂടാതങ്ങവിടെക്കണ്ടൊരു
സമയേ ഹന്ത കിരീടി
സുമശരങ്ങളാൽ പുരമഥനന്റെ
തിരുമെയ് കാണാതെ മൂടി
സമരവൈഭവമത്തു കണ്ടന്നേരം
ജനമഖിലം കൊണ്ടാടി
മരുത്തിന്മകനാങ്ങെടുത്ത തമ്പിതൻ
കരുത്തു കണ്ടേവം ദേവീ
ഉരത്ത ബാണങ്ങളിവൻ ശരധിയി-
ലൊടുങ്ങിപ്പോകെന്നരുളി
കരുത്തൻ ഫൽഗുനൻ ശരമില്ലാഞ്ഞപ്പോ-
ഴെടുത്തു ഗാണ്ഡീവം കയ്യിൽ
കൊടുത്തു വേടന്റെ ശിരസ്സിൽ ഗൌരിക്കു-
മുദിച്ചു സന്തോഷമുള്ളിൽ

മായയാലൊരു കിരാതനായ ദേവനപ്പോൾ
മാനസത്തിലല്പമൊരു കോപവും നടിച്ചു
ആയതു കണ്ടങ്ങു വാനോർനായകൻ ഖേദിച്ചു
മായമകന്നുള്ള മുനിമാരുടൻ ഭജിച്ചു
അംഗജാരിതന്റെ തിരുമൌലിയിൽ വാണിടും
ഗംഗയുമക്കാർമുഖത്തെയങ്ങുടൻ പറിച്ചു
തുംഗമേറും തന്നുടെ തിരയിലങ്ങൊളിച്ചു
തിങ്ങിന വൻകോപമോടെ പിന്നെയും കിരീടി
 നഷ്ടമാക്കുവനിന്നു വേടനെയെന്നുറച്ചുകതാരിൽ
പുഷ്ടകോപമണഞ്ഞു ഹന്ത കിരാതനായ ഹരന്റെ
പൃഷ്ഠിചേർന്നൊരു ഘോരമൂർത്തിയിലൊട്ടുമേ മടിയാതെ
മുഷ്ടിയങ്ങു ചുരുട്ടിവമ്പൊടു കുത്തിയങ്ങു നെരിച്ചും

കരംപിടിക്കയും പരം തടുക്കയുമുടൻകൊടുക്കയുംകൂടെ
മദം മുഴക്കയും ജയം കഥിക്കയും മരം പറിക്കയും പാടേ
അടിക്കയും മാറത്തിടിക്കയും ചോരവടിക്കയുംകൂടക്കൂടെ
അടിച്ചും പിടിച്ചും തൊഴിച്ചുംവഴിച്ചുമിഴച്ചുമരിശത്തോടെ
കീർത്തിയേറും പാർത്ഥനും കിരാതനുമീവണ്ണം
ചീർത്തകോപം പൂണ്ടു തമ്മിൽ നേർത്തു പോരിടുമ്പോൾ
ഘോരനായ വേടരാജൻ പാർത്ഥനെ കാൽകൊണ്ടു
കോരിയങ്ങെടുത്തു പാരം ദൂരവെയെറിഞ്ഞു
പാരെഴുന്ന ഭൂതലത്തിൽ ചെന്നവൻ പതിച്ചു
പാരമിപ്പോൾ പാണ്ഡവന്റെ ശക്തിയും ക്ഷയിച്ചു
വീരനാം വിജയനഹങ്കാരവും ശമിച്ചു
വിസ്മയേറും വേടനാങ്കു കണ്ടുടൻ വസിച്ചു
കണ്ണൊരായിരമുള്ളവനു പിറന്നപൂരുഷനേവം
മണ്ണിൽവീണു കിടന്നു ഹന്ത
വളന്നു താപമൊടുള്ളിൽ
തിണ്ണമങ്ങു വിഷണ്ണനായി
നിനച്ചു പിന്നെ നരേന്ദ്രൻ
മണ്ണുകൊണ്ടു ചമച്ചു ഭക്തി-
യോടങ്ങൊരു ശിവലിംഗം
പലദലങ്ങളാൽ പുനരങ്ങർച്ചിച്ചു
പരിചിൽ പാണ്ഡുതനുജൻ
മലർശരാരിതൻ ചരണസേവനാ-
മതിമാനങ്ങു തുടന്നു
വിനയമൊടേററം വിജയ-
നർച്ചിക്കും വിവിധസൂനങ്ങളെല്ലാം

വിശയം കൂടാതങ്ങുടനെ
വേടൻെറ മുടിയിലമ്പൊട്ട കണ്ടു
വിശ്രുതനാം പാൎത്ഥനങ്ങു
പിന്നെയും നോക്കുമ്പോൾ
വിസ്മയമോരോന്നു വേടരാജനിൽ കാണായി
അമ്പിനോട്ട ചെഞ്ചിടയുമമ്പിളിയും കണ്ടു
ഉമ്പർനദിയോട്ട നല്ല തുമ്പമാലകണ്ടു
മട്ടലർബ്ബാണൻെറ മേനി ചുട്ടമിഴി കണ്ടു
ഇഷ്ടമോടെ ഫണികുണ്ഡലങ്ങൾ കണ്ടു
ഭംഗിയേറും നാസികയും ചില്ലികളും കണ്ടു
അംഗജവിരോധിയുടെ കൺമുനകൾ കണ്ടു
തൊണ്ടിപവിഴമിളയതളിരും കണ്ടുമൌലികനിക്കും
ചുണ്ടുരണ്ടുമമന്ദസുന്ദരമന്ദഹാസവും കണ്ടു
മതിയും നാണിച്ചു നടകൊള്ളും
മുഖമതിയുമങ്ങുടൻകണ്ടു
നലമൊടെ മാനം മഴുമുഖ്യായുധം
വിലസും ബാഹുക്കൾ കണ്ടു
പുലിത്തോലാടയുമുദരം നാഭിയും
തുടകൾ ജാനുക്കൾ ജംഘ
അലസതാക്കൂടാതനുദിനം സന്ധ്യാ
നടനം ചെയ്യുന്ന നേരം
ഝലഝലമെന്നു കിലുങ്ങും
പൊന്മണിച്ചിലമ്പുമങ്ങുടൻകണ്ടു
കോമളചെന്താമരയോടൊത്ത നല്ലപത്തും

ഓമനയേറും നഖാംഗുലികളതുപത്തും
മംഗലമിയന്ന രൂപമിങ്ങിനെ കിരീടി
ഭംഗിയോടെ ഹന്തവേടപുംഗവനിൽ കണ്ടു
വാമഭാഗേ പാർവ്വതിയാം ദേവിയേയും കണ്ടു
വാമതകൂടാതെ പാർത്ഥൻ പിന്നെയും നോക്കുമ്പോൾ
ദന്തിമുഖനാറു മുഖനന്തികേ ശാസ്താവും
ചന്തമോടെ പോററിയേറും കൂററനുമഖിടെ
തുംഗശൌൎയ്യമിയന്ന പാർഷദപുംഗവൻ നന്ദികേശൻ
ഭൃംഗിയോടഥഭൃംഗീരിടിതുടങ്ങിയുള്ള ഭൂതങ്ങൾ
ഭംഗിയോടു നിരന്നു നിൽപ്പതു മങ്ങുടനെ കാണായി
അംഗജാരിതുരഗം കിരാതനല്ലിവൻ പുനരെന്നുമംഗലാം
ഗിഭവാനിയെന്നറിയാതിവളെ ഞാനിന്നു
തുംഗരോഷവചേന ഹന്തപഴിച്ചുനേകമിതെന്നും
ഹരഹര ചെറുമറിയാതീശനോടപകാരം ചെയ്തേനെന്നും
അരിയചിന്ത പൂണ്ടഥ വിജയനുമിതി നുതികൾ തുടന്നു
അമ്പിളിയോടാറുചൂടും തമ്പുരാനേ നാഥ
അമ്പിനോടെ കാത്തുകൊൾക മാം ഭുവനനാഥ
ചെമ്പുലിത്തോലാട ശൂലം മാന്മഴു കപാലം
പാമ്പുകളെല്ലുമ്പുകൾ ധരിച്ച നിൻെറ കോലം
അന്തകാരേ സന്തതവും ചന്തമോടിന്നെൻെറ
അന്തരംഗം തന്നിൽ വിളങ്ങീടുവാനായ്നിൻെറ
ചെന്തളിരടിയിണകൾ കൈവണങ്ങീടുന്നേൻ
ഹന്ത നീയൊഴിഞ്ഞു മമ പിന്തുണയില്ലന്ന്യൻ.
കാൽത്തളിരിണചേൎത്തു മാനസേ പേൎത്തുമങ്ങു ഭജിപ്പോൻ
ഓൎത്ത കാമിതമേകിയമ്പിനോടാൎത്തിതീക്കും കൃപാലോ

ഏററമിങ്ങറിയാതെ ഞാൻ ചെയ്ത വമ്പിഴകളശേഷം
പോററി നിന്മനതാരിലായതു ചേത്തിടൊല്ല മഹേശൻ
ദുരിതവാരിധി തരണംചെയ്‌വാനിന്നൊരു നല്ലപാലംനി
(ൻെറ
ചരണത്താരിണ ശരണംപ്രാപിച്ചു ഭജനംചെയ്യുന്നോരെ
(ൻെറ
പെരിയ സങ്കടമഖിലം തീത്തിപ്പോൾ വരമരുളുവാനൊ
(ന്തേ
കരുണയെന്നിലിങ്ങുളവാകാഞ്ഞതും കരുണക്കാതലേ
(ശംഭോ

ദുഷ്ടനായ കർണ്ണനും ശകുനി മുമ്പായുള്ള
വിഷ്ടപവിരോധികളാം കൌരവസമൂഹം
ഒട്ടൊഴിയാതെ വധിച്ചു ചേരുവാൻ വിസ്മയം
ഒട്ടുമേ വൈകാതെ വരമിന്നരുളീടേണം
അഷ്ടമൂത്തിയായ നിന്നോടേററവും വിരോധം
പൊട്ടനായ ഞാൻ പലതും ചെയ്തതും പോരാഞ്ഞു
കഷ്ടമയ്യോ ലോകമാതാവായ ദേവിയേയും
ഒട്ടുമറിയാതിഹ ദുർഭാഷണങ്ങൾ ചൊന്നേൻ

പുഷ്ടപാതകനായ ഞാനറിയാതെ ചെയ്തപരാധം
വിഷ്ടപത്തിനധീശ നീ സകലം ക്ഷമിച്ചരുളേണം
ദ്വിവിധമായുള്ള ദുരിതഹാനിയും വരുവാനെന്നുടെ നാഥ
വിബുധവാഹിനീധരകനിവെന്നിലുതകണംഗൌരിനാഥ
ഹരഹര ഭവഹര മഹേശ്വര വരദപാലയ ശംഭോ
ഹരിഹരമുഖസുരവരാച്ചിതപദ കൃപാലയ ശംഭോ
ത്രിപുരശാസന ഗിരിശരാസന ഹര ഗിരീശ നമസ്തേ
നരകശാസനാശരവിഷാശന ഭവഭൂതേശ നമസ്തേ
സകലദുരിതഹരണകരുണാ വരുണവാസ നമസ്തേ
ശമനദമന മദനമദവിശമന ശിവ നമസ്തേ

ഭക്തിയോടെ പാർത്ഥനേവം ചെയ്ത സ്തുതി കേട്ട
മുക്തിദനാം ശംഭു സകലേശ്വരനുമപ്പോൾ
ഏററവും തെളിഞ്ഞു നാഥനററ കനിവോടെ
ഏററുകൂടാതങ്ങു പാരിൽ വീണഥ കിടക്കും
പാണ്ഡവനെച്ചെന്നു തൃക്കൈകൊണ്ടെഴുന്നേല്പിച്ചു
മണ്ണുമങ്ങുടനൊഴുക്കും കണ്ണുനീരും നാഥൻ
തിണ്ണമങ്ങുടൻ തുടച്ചു കൈകളാൽ തലോടി
ദണ്ഡമുള്ളതാകവേ കളഞ്ഞരുളിച്ചെയ്തു
മതിമതി ബാലമതിയിൽ സന്താപം
മതിപരാക്രമരാശേ
അതിയായുള്ള നിൻകരബലമിപ്പോള-
റിവാനിച്ചെയ്തതെല്ലാം
കരുതു മറെറാന്നും കരുതിയില്ലതി
കഠിനധൈര്യപയോധേ
കരളിൽ സന്താപമിനിയേതും വേണ്ട
സുപര് പൃഥസൂനോ
അരികളായ വൻകടൽകടപ്പാനി-
ന്നരിയ തോണിയായുള്ള
ശരമിതു പാശുപതമിന്നു തവ
പരിചോടങ്ങു തരുന്നു
വിരവിൽ വാങ്ങുക വിജയ വന്നീടും
വിജയമെങ്ങും നിനക്കു
ഹരനേവം പുനരരുളി പാർത്ഥനു
ശരവും വരവും നൽകി
ഗിരിശനാചലമകളോടൊരുമി-
ച്ചവിടെത്തന്നെ മറഞ്ഞു
അരിയ കൗതുകം പെരുകി പാർത്ഥനു-
മുടനെയങ്ങു ഗമിച്ചു.

കിരാതം കുറത്തിപ്പാട്ടു സമാപ്തം.

# ശ്രീകുരുംബയമ്മ.

## കുറത്തിപ്പാട്ട്.

ലോകനാഥേ! കൊടുങ്ങല്ലൂർ ശ്രീകുരുംബയമ്മേ!
നീ കനിഞ്ഞിയടിയങ്ങൾക്കാകുലം തീക്കേണം.
ദേവമത്ത്യഭുജംഗാദി ജിവജാലമെല്ലാം
കേവലമാശ്രയിക്കും നിൻ ചേവടി കൂപ്പുന്നേൻ.
കാലടി ചേൎന്നുള്ള നഖച്ചേലെഴും കണങ്കാൽ
ചാലവേയഞ്ചമ്പൻ തൂണീക്കാലുപോലേയല്ലോ.
പ്രേതപീഠാസനം വാഴും ഭൂതനാഥകന്യേ
സ്ഫീതമാം നിൻ തുടരണ്ടും ചേതസി ചിന്തിച്ചാൽ
കൊമ്പനാനത്തലയുള്ള തമ്പുരാന്റെ സാക്ഷാൽ
വമ്പിയന്ന മൂക്കിനൊപ്പിച്ചമ്പിൽ വണ്ണിച്ചീടാം.
പട്ടടയാടയാൽ മൂടപ്പെട്ട നിൻ നിതംബം
എട്ടു മൂത്തിയുടയോൻതേത്തട്ടതെന്നു മോക്ഷം
ആലിലയ്ക്കു സമഭാവം കോലിനാനിൻ മദ്ധ്യം
മൂലതായേ! മൂലോകത്തിന്മൂലവാസസ്ഥാനം
ഘോരദൈത്യക്കടൽമാലച്ചോര ചോലപോലെ
ചേരുമാപ്പോർമുലരണ്ടും ചാരുശൈലംപോലെ
എട്ടു തൃക്കൈകളിൽ വാളും വട്ടകയും പിന്നെ
കൊട്ടുമണി വൻപരിചത്തട്ട ചീറും സപ്പം
പുഷ്ടശൂലം ഖട്വാംഗമാ ദുഷ്ടദൈത്യശീഷം
ഇഷ്ടമോടീയെട്ടെണ്ണം നീസ്സ്പഷ്ടമേന്തിടുന്നു
താലിമാലമണിയിവ ചേലിലണിഞ്ഞാലും

ചാലെ നിന്റെ മോടി വേണ്ടുംപോലെയാകുന്നില്ല
ദാരുകന്റെ കുടൽമാല മാറു മുട്ടുംവണ്ണം
ദാരുണമായണിഞ്ഞ നിൻ ഘോരതയ്ക്കു ചേരു.
സോമബിംബോപമം പുത്തൻ താമരയ്ക്കും തുല്യം
കോമളം നിൻമുഖം ദംഷ്ട്രാഭീമമത്രേ ചിത്രം!
ചുണ്ടു തൊണ്ടിപ്പഴം ചീരത്തണ്ടുകൾക്കൊത്താലും
രണ്ടു ദംഷ്ട്രകളും ചാടിക്കൊണ്ടു കണ്ടാൽ ഘോരം
കുണ്ഡലങ്ങളാന സിംഹം ചണ്ഡമല്ലോ രണ്ടും
ഗണ്ഡമാകും കണ്ണാടിക്കും മണ്ഡനംപോൽ വീണ്ടും
സങ്കടക്കാർക്കടൻ ദുഃഖവൻകടൽ കടപ്പാൻ
കൺകട തൊട്ടഹോ നീളെ നിൻകടാക്ഷപ്പാലം
ഭക്തരേക്കേവലം ജീവന്മുക്തരാക്കും നോട്ടം
ശക്തരാം ദൈത്യരെജ്ജീവാന്മുക്തരാക്കും ചിത്രം
തെററിനില്ലുമസുരക്ക് പററിടും സംഹാരേ
നെററിമേൽക്കണ്ണാകും ചെന്തീ ചുററിടും ചിതയിൽ
ആളിയാടും പുക ചിന്നിപ്പാളിയെന്നോയെന്തോ
കാളിയമ്മേ! ചികുരഭ്രൂപാളിയായ്ക്കാണുന്നു
കേശപാശത്തിനും മേലായേന്തുമാക്കിരീടം
ശ്രീശശിലേശവുമേന്തിപ്പേശലം വിശേഷം
ദേവി നിൻ ‘പാദാദികേശ’ മീവിധമോർത്തെന്നാൽ
ആവിലം തിരുമേ ഭാഗ്യശ്രീവിലാസം കിട്ടും
അന്തമേകും വസൂരിക്കുമന്തകാരികന്യേ!
അന്തകന്റെ ‘വറണ്ടാ’കും വൻതലേത്തട്ടിക്കും
ലോകനാശം ചെയ്യുമീ മട്ടാകുമെല്ലാററിനും
‘ഏകമൂല’പ്രയോഗം നിൻശ്രീകടാക്ഷമമ്മേ!

നീ മയക്കി വിറപ്പിക്കും കോമരത്തേപ്പോലും
ഭൂമിയിൽപ്പേടിയാതാരെൻ സ്വാമിനി പൊന്നമ്മേ!
ഭീഷണവേഷമാർന്നേവം ഭീഷണി കാട്ടീട്ടും
ശേഷമുള്ളോരെ നീ പുണ്യപ്രേഷണം ചെയ്യുന്നു
ബ്രഹ്മനുടേ നാവിൽ വാഴും പെണ്മണിയും നീയേ
ചിന്മയശ്രീ വിഷ്ണുമാറത്തമ്മയാളും നീയേ
അമ്മഹാദേവാർദ്ധമാകുമമ്മ സാക്ഷാൽ നീയേ
ബ്രഹ്മതത്വക്കഴമ്പാകും ചിന്മയിയും നീയേ
സർവ്വവാക്കും പൊരുളാകും സർവ്വവുമേ നീയേ
അവ്യയമാം ചിദാനന്ദദിവ്യതത്വം നീയേ
വേദവാക്യങ്ങളേക്കൊണ്ടും വാദഭേദംകൊണ്ടും
വൈദികന്മാരറിയുന്നോരാദിമൂലം നീയേ!
ആസ്തികന്മാക്കെതിരായി നാസ്തികന്മാർപോലും
ആസ്ഥയോടെ പറഞ്ഞെത്തുന്നാസ്ഥലവും നീയേ
കണ്ട നാനാമതഭേദംകൊണ്ടനേകം മട്ടിൽ
കൊണ്ടുചെല്ലുമൊരേ സത്താം രണ്ടു വണ്ണം നീയേ
എന്തിനേറെപ്പറയുന്നു ഹന്ത സൂക്ഷ്മത്തിങ്കൽ
ചിന്ത്യവുമാച്ചിന്തിപ്പോനും ചിന്തനയും നീയേ.
പുത്രമിത്രകളത്രാദി ചിത്രമായയാലേ
ഇത്രിലോകം മയക്കുന്നതത്രയും നീയത്രേ.
നിന്നെയാരാണറിയുന്നോൻ പിന്നെയയാൾക്കെന്നും
മന്ദതയില്ലവൻ നിത്യാനന്ദപൂർണ്ണനത്രേ.

ശുഭം.

:0:

സാഹിത്യ അക്കാദമി
★ തൃശൂർ ★

കേരള സാഹിത്യ
അക്കാദമി